# ശ്രീവാല്മീകിരാമായണം

(ആരണ്യകാണ്ഡം)

VALLATHOL GRANDHALAYAM

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

## ആരണ്യകാണ്ഡം

വിവർത്തകൻ:

**വള്ളത്തോൾ**

Digitized By Kerala Sahitya Akademi

പരിഷ്കരിച്ച രണ്ടാം പതിപ്പ്                    കോപ്പി എഴുനൂററയമ്പത്

വില:   ഒരുറുപ്പിക പന്തിരണ്ടണ

ആയിരത്തി ഒരുനൂററി ഇരുപത്താറ് വൃശ്ചികം

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി

തൃശ്ശിവപേരൂർ

വള്ളത്തോൾ പ്രിൻറിംഗ് & പബ്ലിഷിംഗ് ഹൌസിൽ

അച്ചടിച്ചത്.

Digitized By Kerala Sahitya Akademi

# ആരണ്യകാണ്ഡം


| സർഗ്ഗം | | വിഷയം | ഭാഗം |
|---|---|---|---|
| ഒന്നാം | സർഗ്ഗം | ദണ്ഡകാരണ്യപ്രവേശം | 1 |
| രണ്ടാം | ,, | വിരാധദർശനം | 2 |
| മൂന്നാം | ,, | വിരാധാക്രമണം | 4 |
| നാലാം | ,, | വിരാധവധം | 6 |
| അഞ്ചാം | ,, | ശരഭംഗസമാഗമം | 8 |
| ആറാം | ,, | രാക്ഷസവധപ്രതിജ്ഞ | 11 |
| ഏഴാം | ,, | സുതീക്ഷ്ണദർശനം | 13 |
| എട്ടാം | ,, | സുതീക്ഷ്ണാശ്രമനിർഗ്ഗമനം | 15 |
| ഒമ്പതാം | ,, | സീതാവാക്യം | 16 |
| പത്താം | ,, | രാമവാക്യം | 18 |
| പതിനൊന്നാം | ,, | അഗസ്ത്യാശ്രമപ്രവേശം | 20 |
| പന്ത്രണ്ടാം | ,, | അഗസ്ത്യദർശനം | 26 |
| പതിമൂന്നാം | ,, | പഞ്ചവടിപ്രയാണം | 29 |
| പതിനാലാം | ,, | ജടായുസമാഗമം | 31 |
| പതിനഞ്ചാം | ,, | പഞ്ചവടിപ്രവേശം | 33 |
| പതിനാറാം | ,, | ഹേമന്തവർണ്ണനം | 35 |
| പതിനേഴാം | ,, | ശൂർപ്പണഖാഗമനം | 38 |
| പതിനെട്ടാം | ,, | ശൂർപ്പണഖാവിരൂപണം | 40 |
| പത്തൊമ്പതാം | ,, | ഖരസൈന്യപ്രസ്ഥാപനം | 42 |
| ഇരുപതാം | ,, | ചതുർദ്ദശരാക്ഷസവധം | 44 |
| ഇരുപത്തൊന്നാം | ,, | ഖരപ്രോത്സാഹനം | 45 |
| ഇരുപത്തിരണ്ടാം | ,, | ഖരപ്രയാണം | 47 |
| ഇരുപത്തിമൂന്നാം | ,, | ദുർന്നിമിത്തവർണ്ണനം | 49 |
| ഇരുപത്തിനാലാം | ,, | രാമന്റെ യുദ്ധസന്നാഹം | 51 |
| ഇരുപത്തഞ്ചാം | ,, | സംകുലയുദ്ധം | 53 |
| ഇരുപത്താറാം | ,, | ദൂഷണാദിവധം | 56 |
| ഇരുപത്തേഴാം | ,, | ത്രിശിരോവധം | 59 |
| ഇരുപത്തെട്ടാം | ,, | ഖരരാമയുദ്ധം | 60 |
| ഇരുപത്തൊമ്പതാം | ,, | ഖരഗദാച്ഛേദനം | 63 |
| മുപ്പതാം | ,, | ഖരവധം | 64 |
| മുപ്പത്തൊന്നാം | ,, | രാവണമാരീചസമാഗമം | 67 |
| മുപ്പത്തിരണ്ടാം | ,, | ശൂർപ്പണഖാരാവണസമാഗമം | 71 |
| മുപ്പത്തിമൂന്നാം | ,, | രാവണഗർഹണം | 72 |
| മുപ്പത്തിനാലാം | ,, | ശൂർപ്പണഖാവാക്യം | 74 |
| മുപ്പത്തഞ്ചാം | ,, | രാവണമാരീചപുനസ്സമാഗമം | 76 |
| മുപ്പത്താറാം | ,, | മാരീചസാഹായ്യപ്രാർത്ഥനം | 79 |


സാഹിത്യ ... തൃശ്ശൂർ

Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| മുപ്പത്തേഴാം | സൎഗ്ഗം | മാരീചവാക്യം | 80 |
| മുപ്പത്തെട്ടാം | ,, | രാമവിക്രമകഥനം | 82 |
| മുപ്പത്തൊമ്പതാം | ,, | രാവണോദ്യമനിഷേധം | 84 |
| നാല്പതാം | ,, | രാവണപരുഷവാക്യം | 86 |
| നാല്പത്തൊന്നാം | ,, | മാരീചപരുഷവാക്യം | 88 |
| നാല്പത്തിരണ്ടാം | ,, | മായാമൃഗാഗമനം | 89 |
| നാല്പത്തിമൂന്നാം | ,, | സ്വൎണ്ണമൃഗദൎശനം | 92 |
| നാല്പത്തിനാലാം | ,, | മാരീചവധം | 95 |
| നാല്പത്തഞ്ചാം | ,, | ലക്ഷ്മണനിൎഗ്ഗമനം | 97 |
| നാല്പത്താറാം | ,, | രാവണാഗമനം | 99 |
| നാല്പത്തേഴാം | ,, | സീതാരാവണസംവാദം | 102 |
| നാല്പത്തെട്ടാം | ,, | രാവണപ്രഖ്യാപനം | 106 |
| നാല്പത്തൊമ്പതാം | ,, | സീതാവിലാപം | 107 |
| ഐമ്പതാം | ,, | ജടായുവാക്യം | 110 |
| ഐമ്പത്തൊന്നാം | ,, | ജടായുപാതനം | 112 |
| ഐമ്പത്തിരണ്ടാം | ,, | സീതാഹരണം | 115 |
| ഐമ്പത്തിമൂന്നാം | ,, | സീതാവിലാപം | 118 |
| ഐമ്പത്തിനാലാം | ,, | രാക്ഷസപ്രേക്ഷണം | 120 |
| ഐമ്പത്തഞ്ചാം | ,, | സീതാപ്രലോഭനം | 122 |
| ഐമ്പത്താറാം | ,, | സീതയുടെ അശോകവനികാനയനം | 124 |
| ഐമ്പത്തേഴാം | ,, | രാമനിവൎത്തനം | 127 |
| ഐമ്പത്തെട്ടാം | ,, | ആശ്രമശൂന്യത്വാഗമനം | 129 |
| ഐമ്പത്തൊമ്പതാം | ,, | രാമപരുഷവചനം | 130 |
| അറുപതാം | ,, | രാമോന്മാദാവസ്ഥ | 132 |
| അറുപത്തൊന്നാം | ,, | രാമമൂൎച്ഛാവസ്ഥ | 135 |
| അറുപത്തിരണ്ടാം | ,, | രാമന്റെ അരതി | 137 |
| അറുപത്തിമൂന്നാം | ,, | രാമന്റെ താപാവസ്ഥ | 138 |
| അറുപത്തിനാലാം | ,, | സീതാഹരണ നിശ്ചയം | 141 |
| അറുപത്തഞ്ചാം | ,, | രാമാശ്വാസനം | 146 |
| അറുപത്താറാം | ,, | രാമാനുനയം | 147 |
| അറുപത്തേഴാം | ,, | പതിതജടായുദൎശനം | 149 |
| അറുപത്തെട്ടാം | ,, | ജടായുസൽഗതി | 151 |
| അറുപത്തൊമ്പതാം | ,, | കബന്ധദൎശനം | 153 |
| എഴുപതാം | ,, | കബന്ധബാഹുച്ഛേദനം | 156 |
| എഴുപത്തൊന്നാം | ,, | കബന്ധവാക്യം | 158 |
| എഴുപത്തിരണ്ടാം | ,, | കബന്ധദഹനം | 160 |
| എഴുപത്തിമൂന്നാം | ,, | കബന്ധസൽഗതി | 162 |
| എഴുപത്തിനാലാം | ,, | ശബരീദൎശനം | 164 |
| എഴുപത്തഞ്ചാം | ,, | പമ്പാഗമനം | 167 |


Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

## ആരണ്യകാണ്ഡം

### ഒന്നാം സർഗ്ഗം: ദണ്ഡകാരണ്യപ്രവേശം

—*—

വങ്കാടാം ദണ്ഡകക്കാട്ടതന്നിലുടൻപുക്ക ധൈര്യവാൻ
കണ്ടു ദുർദ്ധർഷനാം രാമൻ താപസാശ്രമമണ്ഡലം:
ദർഭയും ചീരവും ചിന്നി, ബ്രഹ്മശ്രീ നീളെയാളിയും,
വാനിൽത്തിളങ്ങും ദുർദ്ദർശസൂര്യബിംബം കണക്കെയും, 2

ശരണ്യം പ്രാണികൾക്കെല്ലാം, മുററം നന്നായടിച്ചുമേ,
മൃഗങ്ങൾ വളരെച്ചേർന്നും, ഖഗങ്ങളിടതിങ്ങിയും,
അപ്സരസ്ത്രീകളനിശമർച്ചിച്ചും നൃത്തമാടിയും,
വിസ്തീർണ്ണാഗ്നിഹോമപ്പുരകൾ മാന്തോൽസ്രുക്പാത്രദർഭകൾ 4
തണ്ണീർക്കുടം ചമത കായ്കനിയും ചേർന്നിണങ്ങിയും,
സ്വാദുകായുള്ള നൽക്കാട്ടുമാമരങ്ങൾ നിറഞ്ഞുമേ,
ബലിഹോമാർച്ചിതം, പുണ്യം, വേദഘോഷം മുഴങ്ങിയും,
തണ്ടാരണിപ്പൊയ്ക വനപ്പൂവെന്നിവ ചുഴന്നുമേ, 6

ദാന്തർ കായ്കനിയുണ്ണുവോർ ചീരകൃഷ്ണാജിനാംബരർ
സൂര്യാനലാഭരാം വൃദ്ധമുനിമാരിടതിങ്ങിയും,
നിയതാഹാരരാം പുണ്യവരർഷികൾ വിളങ്ങിയും,
ആ ബ്രഹ്മഭവനം പോലായ് ബ്രഹ്മഘോഷം മുഴങ്ങിയും, 8
ബ്രഹ്മജ്ഞരാം മഹാഭാഗബ്രാഹ്മണന്മാർ വിളങ്ങിയും;
ശ്രീമാനാം രാഘവൻ കണ്ടു താപസാശ്രമമണ്ഡലം
ചെന്നണഞ്ഞാൻ പെരുംവിൽ ഞാണഴിച്ചിട്ടു മഹാദ്യുതി.
രാമനെക്കണ്ടുടൻ ദിവ്യജ്ഞാനമുള്ളോ മഹർഷിമാർ 10

എതിരേററു സസന്തോഷം പേരാളും സീതതന്നെയും.
ഉദിക്കും ചന്ദ്രനെപ്പോലെയവനെക്കണ്ടു ധാർമ്മികർ
ലക്ഷ്മണൻതന്നെയും കണ്ടു പേരാളും സീതതന്നെയും
ആശീർവാദങ്ങളരുളിക്കൈക്കൊണ്ടിതു ദൃഢവ്രതർ. 12

Digitized By Kerala Sahitya Akademi

രാമന്റെ രൂപവടിവും ലക്ഷ്മിയും സൌകുമാര്യവും
അഴകും വിസ്മയത്തോടെ കണ്ടാരക്കാട്ടുവാഴികൾ.
ആശ്ചര്യമരുളും സീതാരാമലക്ഷ്മണരെപ്പരം
നോക്കി കണ്ണിമവെട്ടാതാ വനചാരികളേവരും. 14

എല്ലാവർക്കും ഹിതം ചെയ്യുവോനാമതിഥി രാമനെ
ഇരുത്തിനാർ മഹാഭാഗരവിടെപ്പർണ്ണശാലയിൽ.
പിന്നെ രാമന്നു സൽക്കാരം നന്നായ്ച്ചെയ്തു,ഗ്നിസന്നിഭർ
ധർമ്മിഷ്ഠരാ മഹാഭാഗർ കൊണ്ടുവന്നിതു വെള്ളവും. 16

കാട്ടുകായ്കനിപൂവോടു മഹാത്മാവിന്നു പാർപ്പിടം
ഏർപ്പെടുത്തിക്കൊടുത്തിട്ടു ധർമ്മജ്ഞർ തൊഴുതോതിനാർ:—
'ധർമ്മത്രാതാവിക്ഷ്വാകുശരണ്യൻ പുകഴ്കീർത്തി നീ
സംപൂജ്യനും മാന്യനുമാം,നൃപൻ ദണ്ഡധരൻ ഗുരു, 18

ഇന്ദ്രന്റെ കാലംശം നൃപൻ നാട്ടാരെ രാഘവ,
രക്ഷിപ്പു ലോകമാന്യനായ്, നേടുന്നു വരഭോഗവും.
നിൻനാട്ടിൽ വാഴുവോർ ഞങ്ങളും, നീ രക്ഷിച്ചരുളേണ്ടവർ:
പുരസ്ഥൻതാൻ വനസ്ഥൻതാൻ, പ്രഭു ഞങ്ങൾക്കു നീ നൃപൻ. 20

ദണ്ഡം വെച്ചോർ ജിതക്രോധർ നൃപ; ഞങ്ങൾ ജിതേന്ദ്രിയർ
രക്ഷ്യരാണിവിടെന്നെന്നും, മക്കൾ പോലെ തപോധനർ.'
ഏവം പറഞ്ഞു പൂജിച്ചാർ കാട്ടുകായ്കനി പൂക്കളും
മററു ഭക്ഷ്യങ്ങളും നല്കി, ലക്ഷ്മണൻ ചേർന്ന രാമനെ. 22
അവ്വണ്ണമഗ്നിതുല്യന്മാർ മററു താപസസിദ്ധരും
ന്യായവൃത്തർ യഥാന്യായം തർപ്പിച്ചു സ്വാമി രാമനെ.

—*—

## രണ്ടാം സർഗ്ഗം: വിരാധദർശനം.

—*—

സൽക്കാരമേററുഷസ്സിങ്കലൃഷിമാരേവരോടുമേ
യാത്ര ചൊല്ലിയരണ്യംതാനംപ്പുക്കതെച്ചി രാഘവൻ.
നാനാമൃഗഗണം തിങ്ങി,പ്പുലിചെന്നായ്ക്കളും ചേർന്നതായ്,
സരസ്സിടിഞ്ഞതായ്, വള്ളി മരം പൊന്ത ചതഞ്ഞതായ്, 2
ഖഗങ്ങളും ഝങ്കാരത്തുമായ്,ച്ചീകീടേററം ചിലപ്പതുമായ്
കണ്ടു വനാന്തരം രാമൻ, ലക്ഷ്മണൻ പിന്നടന്നവൻ.

Digitized By Kerala Sahitya Akademi

സീതയോടൊത്ത കാകുത്സ്ഥനനുജന്മാവുമാമതിൽ
കണ്ടായ്, കുന്നിൻമുടിപ്പൊക്കത്തൊരൊച്ചയായ് പരാശനൻ: 4
കൺകുഴിഞ്ഞോൻ പെരുംവായൻ വികടൻ വിഷമോദരൻ
ബീഭത്സൻ വിഷമൻ നീണ്ടോൻ വികൃതൻ ഘോരദർശനൻ
വസാസൃക്സിക്തമാമീറൻ പുലിത്തോലൊന്നുടുത്തവൻ,
വാ തുറന്ന യമൻപോലെ സർവ്വഭൂതഭയങ്കരൻ; 6
മൂന്നു സിംഹം, രണ്ടു ചെന്നായ്, പുലി നാല്, പത്തു പുള്ളിമാൻ,
വസ പാറിയ കൊമ്പോടാം ചീർത്താനത്തലയൊന്നിവ
ഇരിമ്പുശൂലേ കോർത്തിട്ടു പെരുംശബ്ദത്തോടാർത്തവൻ;
രാമലക്ഷ്മണർ വൈദേഹിയിവരെക്കണ്ടു ക്രുദ്ധനായ്, 8
കാലേ യമൻ പ്രജകളെപ്പോലെ പാഞ്ഞെത്തറാക്ഷസൻ.
കൊട്ടതായലറിബ്ഭൂമി കുലുക്കുമാതിരിസ്സവൻ
വൈദേഹിയെപ്പിടിച്ചേക്കമേറ്റിപ്പിൻവാങ്ങിയോതിനാൻ:–
‘ആയുസ്സറ്റതിനാലത്രേ, നിങ്ങൾ ചീരജടാധരർ 10
സഭാര്യന്മാർ ദണ്ഡകക്കാട്ടിൽപ്പുക്കീ വാളുവില്ലമ്പുമായ്.
തപസ്വിമാരാം നിങ്ങൾക്കു പെണ്ണുമായ് വാസമെങ്ങിനെ?
ദുഷ്ടന്മാർ കള്ളമുനികളേവർ നിങ്ങളധാർമ്മികർ?
ഞാനാകുന്ന വിരാധാഖ്യനായുധം പൂണ്ടു നിത്യവും. 12
ഋഷിമാംസം തിന്നു കൊണ്ടീദ്ദുർഗ്ഗക്കാട്ടിൽ നടക്കുവോം.
ഈ വരാരോഹയാം പെണ്ണെൻഭാര്യയായ്ബ്ഭവിച്ചിടും;
പോരിൽക്കടിസ്ഥ്യം ചെയ്യുന്ന ദുഷ്ടരാം നിങ്ങടസൃക് ഞാൻ’
കൂസാതിവണ്ണം ദുർബുദ്ധി വിരാധനുരചെയ്യവേ, 14
കരുമ്പുകൂട്ടം മൊഴി കേട്ടമ്പരപ്പാർന്ന ജാനകി
വിറച്ചുപോയ് ഭയംമൂലം, വങ്കാറ്റിൽ വാഴ പോലവേ.
അസ്സാധ്വിയെ വിരാധൻ്റെയൊക്കത്തായ്ക്കണ്ടു രാഘവൻ:–
വരളുന്ന മുഖത്തോടേ സൗമിത്രിയോടു ചൊല്ലിനാൻ:– 16
“നോക്കു സൗമ്യ: വിരാധൻ്റെയൊക്കത്തല്ലോ യശസ്വിനി,
ജനകാവനീശകന്യ,യെൻഭാര്യ, ചാരിത്രശാലിനി,
തികഞ്ഞ സൗഖ്യത്തിൽ വളർന്നൊരു രാജകുമാരിയാം!
എന്തു നമ്മെക്കുറിച്ചോർത്തിതെ,ന്തൊരിഷ്ടം വരിച്ചുതാം,
അതിപ്പൊഴു ഫലപ്പെട്ടു കൈകേയിക്കിന്നു ലക്ഷ്മണ! 18
പുത്രരാജ്യത്തിനാൽത്തൃപ്തിപ്പെടാത, ദീർഘകാംക്ഷയാൾ,
എല്ലവർക്കും പ്രിയനാമെന്നെയവൾ കാട്ടിലയച്ചയാൾ,

Digitized By Kerala Sahitya Akademi

എന്റെ മദ്ധ്യമമാതാവാം കൈകേയി കൃതാർത്ഥയായ്,
അന്യൻ വൈദേഹിയെത്തൊട്ടാലുള്ളതിലും ദുഃഖമില്ല മെ, 20
സൌമിത്രേ; താതമൃതിയിൽ, സ്വരാജ്യഹരണത്തിലും!"
കാകുത്സ്ഥനേവം കണ്ണീരും ശോകവും പൂണ്ടുരയ്ക്കവേ,
ബദ്ധസർപ്പോപമം ചീറ്റി ക്രുദ്ധനായോതി ലക്ഷ്മണൻ:—
'ഭൃത്യൻ ഞാനുള്ളപോതെന്തിന്നനുതപിക്കുന്നു രാഘവ, 22
ഇന്ദ്രാഭൻ ഭൂതനാഥൻ നീയെ,ന്തനാഥൻ കണക്കിനേ?
അരിശം കൊണ്ടു ഞാനിപ്പോ ശസ്ത്രമെയ്തു വധിക്കയാൽ
ചത്ത രക്ഷോവിരാധന്റെ രക്തമൂഴി കുടിക്കുമേ!
രാജ്യതൃഷ്ണുവാം ഭരതങ്കലെനിക്കുണ്ടായ രോഷമേ, 24
മലമേൽ വജ്രി വജ്രം പോലയപ്പൻ ഞാൻ വിരാധനിൽ.

ഇവന്റെ പടുമാറിലേക്കു മൽ—
കരമുടനാഞ്ഞുവിടും മഹാശരം
ഉയിരിനെ വിടുവിക്കു മെയ്യിൽനി—
ന്നി;—വനഥ വീഴ്ക തിരിഞ്ഞു ഭൂമിയിൽ!'

—*—

## മൂന്നാം സർഗ്ഗം: വിരാധാക്രമണം.

—*—

വീണ്ടും കാട്ടു മുഴക്കിക്കൊണ്ടുരചെയ്താൻ വിരാധനും:—
'ചോദ്യത്തിന്നുത്തരം ചൊൽവിൻ നിങ്ങളാരെ,ങ്ങു പോവതും?'
ആച്ചോദിക്കും ജ്വലദ്വക്ത്രനായ രാക്ഷസനോടുടൻ
ചൊന്നാൻ തൻകുലമൈക്ഷ്വാകമെന്നു, തേജസ്വി രാഘവൻ:— 2
സദ്വൃത്തരാം ക്ഷത്രിയന്മാരിനി, ഞങ്ങൾ വനവാസികൾ;
നിന്നെയുമറിവാനിച്ഛ:—യാർ ദണ്ഡകവിഹാരി നീ?'
സത്യവിക്രമനാം രാമനോടു ചൊന്നാൻ വിരാധനും:—
'ഓഹോ,ചൊല്ലിത്തരാം രാജൻ; കേട്ടുകൊള്ളുക രാഘവ: 4
ജവന്റെ പുത്രനത്രേ ഞാനെ;ന്റെയമ്മ ശതഹ്രദ;
ചൊൽവൂ വിരാധനെന്നെന്നെപ്പാരിലാശരരൊക്കെയും.
തപസ്സാലജനെത്തോഷിപ്പിച്ചാർജ്ജിച്ചുമിരിപ്പു ഞാൻ,
ശസ്ത്രാവധ്യത്വവും പാരിലച്ഛേദ്യാഭേദ്യഭാവവും. 6
ഇപ്പെണ്ണിനെ വെടിഞ്ഞാ,ശയെന്നിയെ, വന്നപാട്ടതാൻ
കുതിച്ചുപാഞ്ഞുപോയ്ക്കൊൾവിൻ: നിങ്ങളെക്കൊൽവതില്ല ഞാൻ.'

Digitized By Kerala Sahitya Akademi

രാമനീയുത്തരം ചൊന്നാൻ കോപാൽച്ചെഞ്ഞിയ കണ്ണുമായ്,
പാപൈഷിയാമാ വികൃതവിരാധാശരനോടുടൻ:— 8
‘ഛീ, നിൻനീചത്തരം ക്ഷുദ്ര! മൃതി തേടുകയാണു നീ;
പോരിങ്കൽ നേടുമേ; നില്ക്കു; പോകില്ലയിനിയൊട്ടു നീ.’
പിന്നെ വില്ലുകുലച്ചിട്ടു മൂർച്ചയേറും ശരങ്ങളെ
വെക്കം തൊടുത്തരക്കന്റെ നേർക്കയച്ചിതു രാഘവൻ: 10
ഞാണിട്ട വില്ലാലഞ്ഞെയ്താനേഴു പൊൻകടയമ്പുകൾ,
ഏറെയൂക്കിൽഗ്ഗരുഡനും വായുവും പോലെ പോമവ.
വിരാധാംഗം പിളർത്തിട്ടു പീലി വെച്ചവയാമവ
ചെററു ചെഞ്ചോരയും പററിത്തീ പോലെ വീണിതൂഴിയിൽ. 12
എയ്തേററു സീതയെത്താഴെ വെച്ചു ദുഷ്ടനരക്കനും
ശൂലമോങ്ങിക്കുതിച്ചേററം, ലക്ഷ്മണൻ ചേർന്ന രാമനെ.
അവനച്ചത്തിലാർത്തിന്ദ്രധ്വജം പോലുള്ള ശൂലവും
നീട്ടിശ്ശോഭിച്ചിതപ്പോൾ, വാ തുറന്ന യമനാംവിധം. 14
ഉടൻ ജ്യേഷ്ഠാനുജരവർ ദീപ്താസ്ത്രമഴ തൂകിനാർ,
കാലാന്തകയമാകാരനാം വിരാധനരക്കനിൽ.
ചിരിച്ചത്യുഗ്രനായ് മൂരിനിവർന്നാനാ നിശാചരൻ;
കൊഴിഞ്ഞു മൂരിനിവരെ,മെയ് വിട്ടാശുഗപത്രികൾ. 16
വരസമ്പാദനത്താലേ, വീർപ്പടക്കി നിശാചരൻ
വിരാധൻ ശൂലമോങ്ങിപ്പാഞ്ഞേററു രാഘവരോടുടൻ.
വാനത്തു തിയ്യു പോലാളുമശ്ശൂലമശനിപ്രഭം.
രണ്ടമ്പിനാൽ മുറിച്ചാനാ രാമൻ ശസ്ത്രധരോത്തമൻ. 18
രാമാസ്ത്രമേററററശ്ശൂലമവൻതൻ കയ്യിൽനിന്നുടൻ
വീണുപോയ്, വജ്രമേററററ മേരുവിൻ പാറപോലവേ.
അപ്പാമ്പുച്ചിക്കെന്നു പാഞ്ഞെതിർത്തവനെക്കയ്യിൽ വെട്ടിനാർ,
കാളസർപ്പാഭമാം രണ്ടു നൽവാൾ ചീളെന്നെടുത്തവർ. 20
വെട്ടേററാബ്ഭീഷണൻ കമ്പം തട്ടാത്താപ്പുരുഷേന്ദ്രരെ
കൈകളാൽ മുറുകെക്കെട്ടി, ക്കൊണ്ടുപോവാൻ തുടങ്ങിനാൻ.
അവന്റെയുള്ളറിഞ്ഞോതീ രാമൻ ലക്ഷ്മണനോടുടൻ:—
‘കൊണ്ടുപോയ്ക്കൊള്ളട്ടെയാവോളമീ വഴിക്കീ നിശാചരൻ; 22
എന്നുംവഴിക്കാം സൗമിത്രെ, കൊണ്ടുപോയ്ക്കൊള്ളട്ടെ രാക്ഷസൻ;
നിശാചരൻ പോയിടുമീ വഴിയല്ലോ നമുക്കുമേ.’

Digitized By Kerala Sahitya Akademi

അരക്കനോ, തൻബലവീൎയ്യത്താൽപ്പൊക്കിയെടുത്തുടൻ
തോളേററിനാൻ, രണ്ടു കിടാങ്ങളെപ്പോലബ്ബലിഷ്ഠരെ. 24

ആ രഘൂദ്വഹരെത്തോളിലേററിവെച്ചു നിശാചരൻ
വിരാധൻ ഘോരമലറിഗ്ഗമിച്ചാൻ കാട്ടിലേക്കുതാൻ.

കരക്കനം ചുരുളമൃഗങ്ങളും ചേ–
ൎന്നു,ച്ചാവചോത്തുംഗനഗങ്ങൾ തിങ്ങി,
നാനാവിഹംഗാവലിയാൽ വിചിത്ര–
മായോരു വങ്കാറെതിർകാടു പുക്കാൻ.

—*—

## നാലാം സൎഗ്ഗം: വിരാധവധം

—*—

രാമലക്ഷ്മണരെക്കൊണ്ടുപോവതായ്ക്കണ്ടു മൈഥിലി
ഭുജങ്ങളും പൊക്കിസ്സുഭുജ മുറയിട്ടാളുറക്കനെ:–
'ഇതാ, ഘോരാശരൻ കൊണ്ടുപോകുന്നു ലക്ഷ്മണാന്വിതം,
നെറിനേരിയലും ദാശരഥിയാം ശുചി രാമനെ! 2

എന്നെത്തിന്നും പുലി ചീപ്പി ചെന്നായും രാക്ഷസോത്തമ;
രഘുപുത്രരെ വിട്ടെന്നെക്കൊണ്ടുപോയ്ക്കൊൾക; തേ തൊഴാം!'
വൈദേഹിയുടെയീ വാക്കു കേട്ടിട്ടു രാമലക്ഷ്മണർ
വെമ്പൽക്കൊണ്ടീടിനാർ വീരരദ്ദുഷ്ടനെ വധിക്കുവാൻ. 4

അബ്ഭീമന്റെയിടംകയ്യു വെട്ടിയിട്ടിതു ലക്ഷ്മണൻ;
ബലത്താലാ നിശാടന്റെ വലത്തേക്കയ്യു രാമനും.
കൈകളററു നടുക്കം പൂണ്ടാക്കാറിന്നൊത്ത രാക്ഷസൻ
ചിക്കെന്നു വീണുപോയ് മന്നിൽ, വജ്രഭിന്നാദ്രി പോലവേ. 6

അവരോ, മുഷ്ടിയാൽക്കാലാൽ മുട്ടിനാലുമരക്കനെ
ഇടിച്ചിടിച്ചു മർദ്ദിച്ചു നിലത്തിട്ടങ്ങരക്കയായ്.
വളരെശ്ശരമെയ്തിട്ടും, വാളുകളാൽ വെട്ടിയിട്ടുമേ,
പലപാടൂഴിയിലരച്ചിട്ടും, ചത്തീല രാക്ഷസൻ! 8

മലയ്ക്കൊത്തീടുമവനെക്കൊല്ലാൻ വയ്യെന്നു കാൺകയാൽ,
ഭയത്തിലഭയം നല്കും ശ്രീമാൻ രാമനിതോതിനാൻ:–
'തപസ്സാൽപ്പുരുഷവ്യാഘ്ര, ശസ്ത്രംകൊണ്ടീയരക്കനെ
ജയിപ്പാൻ കഴിയാ പോരിൽ;–കുഴിച്ചിടുകരക്കനെ,' 10

Digitized By Kerala Sahitya Akademi

ആ രാമഭാഷണം കേട്ടു വണക്കം പൂണ്ടു രാക്ഷസൻ
വിരാധൻ പുരുഷപ്പുണ്ണ്യം കാകുത്സ്ഥനൊടിതോതിനാൻ:—
"എന്നെക്കൊന്നു നരവ്യാഘ്ര, ശക്രതുല്യബലൻ ഭവാൻ;
മൌഢ്യത്താൽ മുമ്പറിഞ്ഞീലാ, നരശ്രേഷ്ഠ ഭവാനെ ഞാൻ! 12

കൌസല്യമകനേ, നിന്നെയറിഞ്ഞേൻ താത, രാമ, ഞാൻ,
ധന്യ മൈഥിലിയേയും, സോദരം ലക്ഷ്മണനേയുമേ.
ശാപത്താൽ ഞാനൊരു കൊടുംരാക്ഷസാകൃതിപൂണ്ടുപോയ്:
ഗന്ധർവനാം തുംബുരു ഞാൻ ശപ്തനായേൻ കുബേരനാൽ. 14

പ്രസാദിപ്പിച്ചോരെന്നോടു ചൊല്ലുകയുംചെയ്തു കീർത്തിമാൻ:—
'എന്നു രാമൻ ദാശരഥി നിന്നെപ്പോരിൽ വധിക്കുമോ,
അന്നു മുൻവടിവാർന്നിട്ടു വിണ്ണിങ്കലണയും ഭവാൻ.'
എന്നായ്ക്കുബേരപ്പെരുമാളരുളിച്ചെയ്താൻ പുരാനഘ, 16

രംഭാരതൻ ഞാൻ സേവയ്ക്കു കാലേ ചെല്ലാഞ്ഞതിൽ ക്രുധാ.
നിൻപ്രസാദാൽത്തുലോം ഘോരമായ ശാപമൊഴിഞ്ഞ ഞാൻ
സ്വലോകത്തേയ്ക്കു പോകുന്നേൻ; സ്വസ്തി നിനക്കരിന്ദമ!
ഇതിൽനിന്നൊന്നരക്കാതമകലെത്താത, ധാർമ്മികൻ 18

പാർപ്പുണ്ടൃഷീന്ദ്രൻ സൂര്യാഭൻ ശരഭംഗൻ പ്രതാപവാൻ.
പോയ്ക്കാൺകവനെ വേഗം നീ: നന്മ ചെയ്കും നിനക്കവൻ;
എന്നെക്കുഴിയിലിട്ടിട്ടു സുഖമായ്പ്പോക രാഘവ.
ചത്തുപോം രാക്ഷസന്മാർക്കിതത്രേ, ധർമ്മം സനാതനം. 20

കുഴിച്ചുമൂടപ്പെടുവോർ നിത്യലോകങ്ങൾ പൂകിടും."
എന്നു കാകുത്സ്ഥനോടോതി, വിരാധൻ ശരപീഡിതൻ
വിണ്ണണഞ്ഞതിലാസ്ഥയായ് മെയ് വെടിഞ്ഞു മഹാബലൻ.
അതു കേട്ടുത്തളിർപ്പെട്ടു രാമൻലക്ഷ്മണനോടുടൻ:— 22

'ആനയ്ക്കുംവണ്ണ,മീ രൌദ്രകർമ്മരൌദ്രനിശാടനായ്
കുഴിക്കുകീക്കാട്ടിലൊരു വലുതാം കുഴി ലക്ഷ്മണ.'
സൌമിത്രിയോടേവം, കുഴി തീർക്കുകെന്നോതി, വീര്യവാൻ
ചവിട്ടിനിന്നാൻ കാകുത്സ്ഥൻ വിരാധന്റെ കഴുത്തിലായ്. 24

പാര കൈക്കൊണ്ടു കാണേറും കുഴിയൊന്നഥ ലക്ഷ്മണൻ
കുഴിച്ചാൻ, ക്രൂരനായുള്ളാ വിരാധന്നരികത്തു താൻ.
കഴുത്തു വിട്ടാ,വിപുലസ്വനനാം ശങ്കുകർണ്ണനെ
ഉരുട്ടിക്കുഴിയിൽത്തള്ളീ,ഘോരമാക്കും വിരാധനെ. 26

Digitized By Kerala Sahitya Akademi

ചെറുത്തു വെന്നാ,പ്പമമഹാവീര്യരാം
രണസ്ഥിരന്മാരഥ രാമലക്ഷ്മണർ
നടിയ്ക്കുമഘോരനിശാടനെപ്പിടി–
ച്ചുരുട്ടിയിട്ടാൻ കുഴിയിൽ,സ്സഹർഷരായ്.
നരർഷഭന്മാരവർ നാകിവൈരിതൻ
ശിരംയുധാവധ്യത കാൺകയാൽത്തദാ
നിനച്ചുറച്ചർത്ഥസമർത്ഥരൊപ്പമേ
കുഴിയ്ക്കകം കൊന്നരുളീ വിരാധനെ. 28

ബലേനതന്നെക്കൊലചെയ്യുന്നം സ്വയം
വനേചരൻ രാഘവനെന്ന വാഞ്ഛയാൽ
ഉണർത്തിയല്ലോ മൃതി, 'ശസ്ത്രമേററു ഞാൻ
മരിയ്ക്കുകില്ലെ'ന്നു, വിരാധനും സ്വയം.
തദുക്തി കേട്ടിട്ടവനെക്കുഴിയ്ക്കക–
ത്തിടുന്നതിന്നേ നിനവുററു രാമനും;
ബലേന രാമൻ കുഴിതന്നിലിട്ടിടും
നിശാടനോ, കാടൊലിയാൽ മുഴക്കിനാൻ. 30

കിളിർത്ത രോമാഞ്ചമൊടാ വിരാധനെ–
ക്കുഴിയ്ക്കകം കൊന്നഥ രാമലക്ഷ്മണർ
പ്രമോദമോന്നാരഭയം മഹാവനേ;
നിശാടനെക്കല്ലുകളിട്ടുമൂടിനാർ.
അരക്കനെക്കൊന്നു, വിദേഹപുത്രിയെ
ഗ്രഹിച്ചു,രിപ്പോന്നണിവില്ലുമൊത്തവർ
മഹാവനാന്തേ വിളയാടിനാർ മുദാ,
നമസ്ഥരാം ചന്ദ്രദിനേശർ പോലവേ. 32

—?—

## അഞ്ചാംസർഗ്ഗം: ശരഭംഗസമാഗമം.

—:—

ആഘോരബലരക്ഷസ്സാം വിരാധനെ വധിച്ചുടൻ
വനത്തിൽസ്സീതയെപ്പുല്കിയാശ്വസിപ്പിച്ചു വീര്യവാൻ
ചൊല്ലീ, തേജസ്വിയാം തമ്പി സൌമിത്രിയോടു രാഘവൻ:–
ക്ലേശമേ ദുർഗ്ഗമിക്കാടു; കാട്ടിൽപ്പാർത്തോരമല്ല നാം; 2

Digitized By Kerala Sahitya Akademi

ചെന്നുകാണുക വേഗത്തിൽശ്ശരഭംഗതപസ്വിയെ.’
ഗമിച്ചാൻ ശരഭംഗന്റെയാശ്രമത്തെയ്ക്കു രാഘവൻ.
തപസ്സാൽഭാവിതാത്മാവായ്ദ്ദേവന്നൊക്കുംപ്രഭാവവും
ചേരുമശ്ശരഭംഗന്റെ ചാരേ കണ്ടാനൊരത്ഭുതം: 4
ചാരം വിളങ്ങും വടിവാൽസ്സൂര്യവൈശ്വാനരോപമൻ,
തേർ വിട്ടിറങ്ങി,പ്പിറകേ സുരരൊന്നിച്ചു,ടക്കലായ്
കാണായിവന്നു, ഭൂസ്പർശം ചെയ്യാതെ സുരനായകൻ,
ഒളിമെയ്ക്കാപ്പണിഞ്ഞുള്ളോൻ, ദേവൻ വെൺപട്ടു ചുറ്റിയോൻ, 6
അതുമട്ടും മഹാത്മാക്കളേറെപ്പേരാദരിച്ചവൻ.
പച്ചവർണ്ണക്കുതിരകൾ പൂട്ടപ്പെട്ടുള്ളവന്റെ തേർ
അടുത്തു വാനിൽക്കാണായി, തരുണാദിത്യതുല്യമേ.
കാണായ്, വെൺകാർനിറം തങ്ങിത്തിങ്കൾബിംബത്തിനൊത്തതായ് 8
ചിത്രമാല്യങ്ങളാൽ മിന്നും ശുഭ്രമാമാതപത്രവും,
ശ്രേഷ്ഠങ്ങളായ് വിലപ്പെട്ട പൊൻപിടിച്ചാമരങ്ങളെ
കൈക്കൊണ്ടു രണ്ടംഗനമാർ തലമേൽ വീശിടുന്നതും.
ദേവഗന്ധർവ്വസിദ്ധന്മാരേറെപ്പേരൃഷിമുഖ്യരും 10
ശ്രേഷ്ഠവാക്കുകളാൽ വാഴ്ത്തുന്നുണ്ടു വാനാണ്ട ദേവനെ.
ശരഭംഗനുമായ്ശ്ശക്രൻ സംസാരിച്ചരുളീടവേ
അതിന്ദ്രനെന്നറിഞ്ഞിട്ടു സൌമിത്രിയോടു ചൊല്ലിനാൻ,
രാമൻ സൌമിത്രിയെത്തേരു ചൂണ്ടിക്കാണിച്ചുകൊണ്ടുതാൻ:— 12
“തേജസ്സും ശ്രീയുമൊത്തുള്ളൊന്നത്ഭുതം കാൺക ലക്ഷ്മണ,
ചൂടു നല്കുന്ന സൂര്യൻ പോലാകാശത്തമരും രഥം.’
മുൻകേട്ടിട്ടില്ലയോ നമ്മൾ പുരുഹൂതഹയങ്ങളെ;
അദ്ദിവ്യാശ്വങ്ങളാണാ,കാശത്തിൽ നില്പവ നിർണ്ണയം. 14
ഇതാ, നില്ക്കുന്നു തേരിന്നുചുറ്റുമായ്പ്പുരുഷർഷഭ,
ധൃതകുണ്ഡലർ വാട്ക്കാരാം നൂറു നൂറു യുവാക്കളും
പരിഘം പോലെ കൈ നീണ്ടോർ, മാർത്തട്ടേറ്റം വിരിഞ്ഞവർ,
രക്താംബരന്മാരെല്ലാരും വ്യാഘ്രമട്ടിൽദ്ദുരാസദർ; 16
എല്ലാർക്കും മാറിടത്തുണ്ടു തീക്ഷ്ണാഭം മുത്തുമാലകൾ;
വയസ്സോരിരുപത്തഞ്ചു കണ്ടാൽത്തോന്നുമുള്ള ലക്ഷ്മണ.
ഇത്രയാണു വയസ്സെന്നുകല്പമമരർക്കു പോൽ,
ഇച്ചന്തമൊക്കും പുരുഷവ്യാഘ്രരിൽക്കാണ്മതിൻവിധം! 18



Digitized By Kerala Sahitya Akademi

സീതയോടൊത്തിവിടെത്തന്നെ നില്ക്കട്ടെ ലക്ഷ്മണ;
ആരീ ശ്രീമാൻ തേരിലെന്നു വെളിവായറിയട്ടെ ഞാൻ."
'ഇങ്ങുതാൻ നിന്നുകൊൾകെ'ന്നസ്സൗമിത്രിയോടുരച്ചുടൻ
ശരഭംഗാശ്രമത്തേക്കായ് നടകൊണ്ടിതു രാഘവൻ. 20

രാമനങ്ങോട്ടു ചെന്നീടുന്നതുകണ്ടു ശചീപതി
ശരഭംഗാന്തികേ ചെന്നു രഹസ്സിലിതു ചൊല്ലിനാൻ:
'വരുന്നുണ്ടിങ്ങിതാ, രാമൻ; ഞാനായ്സ്സംസാരിയാതെ താൻ
ഭൂമിപ്പിച്ചുകൊള്ളട്ടെ;—യെന്നെയെന്നിട്ടു കണ്ടിടാം. 22

ജയി സിദ്ധാർത്ഥനിവനെക്കാണുവൻ വൈകിടാതെ ഞാൻ:
മററാർക്കുമാവാത്ത മഹാകർമ്മം ചെയ്യേണ്ടതുണ്ടിവൻ;
അക്കർമ്മം നിറവേററട്ടെ;—യെന്നെയെന്നിട്ടു കണ്ടിടാം.'
എന്നാ, മുനിയെ മാനിച്ചു യാത്രചൊല്ലിപ്പുരന്ദരൻ 24

അശ്വസംയുക്തമാം തേരിൽപ്പോയാൻ വിണ്ണിന്നരിന്ദമൻ.
ഉമ്പർകോൻ പോയതിൻശേഷം, രാമൻ സപരിവാരനായ്
അഗ്നിഹോത്രത്തിലരുളും ശരഭംഗങ്കലെത്തിനാൻ.
അവൻെറ കാൽപിടിച്ചിട്ടു രാമലക്ഷ്മണർ സീതയും 26

ഇരുന്നാരനുവാദത്തോടാസനം കിട്ടി മാനിതർ.
ഇന്ദ്രൻ വന്നതിനെപ്പററിച്ചോദിച്ചാൻ പിന്നെ രാഘവൻ;
രാമനോടറിയിച്ചാനതൊക്കവേ ശരഭംഗനും:—
"എന്നെയീ വരദൻ ബ്രഹ്മലോകമേററാൻ നിനച്ചയാം, 28
അഭാവിതാത്മാക്കപ്രാപ്യം രാമ, ഘോരതപോർജ്ജിതം.
അടുത്തുണ്ടെന്നറിഞ്ഞി,ഷ്ടാതിഥിയായീടുമങ്ങയെ
കാണാതേ ബ്രഹ്മലോകത്തു പോയീലാ ഞാൻ നരർഷഭ;
നരവ്യാഘ്ര, മഹാത്മാവായ് ധർമ്മാത്മാവാം ഭവാനുമായ്. 30

കണ്ടിട്ടു പോകുവൻ, വാനോർ മേവും സ്വർഗ്ഗത്തിലേക്കു ഞാൻ.
നേടിയിട്ടുണ്ടു ഞാൻ നിത്യസല്ലോകങ്ങളാം നരർഷഭ,
വിണ്ണിലും ബ്രഹ്മലോകത്തും; നീ കൈക്കൊൾകവയൊക്കയും."
ഇവ്വിധം ശരഭംഗർഷി ചൊന്നാനന്തരത്തു രാഘവൻ 32

പറഞ്ഞാൻ പുരുഷവ്യാഘ്രൻ സർവശാസ്ത്രവിശാരദൻ:—
'ഞാനവ വാങ്ങിക്കൊള്ളാമേ ലോകമെല്ലാം മഹാമുനേ;
എനിക്കു ചൊല്ലിത്തന്നാൽ നന്നി,ക്കാട്ടിലൊരു പാർപ്പിടം.'
ശക്രതുല്യബലൻ രാമനിപ്രകാരമുരയ്ക്കയാൽ, 34

Digitized By Kerala Sahitya Akademi

ശരഭംഗൻ മഹാപ്രാജ്ഞനരുളിച്ചെയ്തു പിന്നെയും:—
"പാർപ്പുണ്ടിക്കാനനേ രാമ, യതാത്മാവമിതദ്യുതി
സുതീക്ഷ്ണനെന്ന ധർമ്മിഷ്ഠൻ; നന്മ ചെയ്കും നിനക്കവൻ.
പോയ്ക്കാൺക, ശുചിയാം ദിക്കിൽ തപം ചെയ്യും സുതീക്ഷ്ണനെ; 36
രമ്യമാം കാട്ടിലദ്ദേഹമകമഞ്ഞുള്ള പാർപ്പിടം.
ഈ നൽപ്പുഴയൊഴുക്കിനു നേരെ പോയ്ക്കൊൾക രാഘവ;
പൂപ്പൊങ്ങുതടിയൊഴുക്കുള്ള നദി കാണാമതാതിടം.
ഇതാം വഴി നരവ്യാഘ്ര; നോക്കെന്നെ, ക്ഷണച്ചിട: 38
മെയ് താത, വെടിയുന്നേൻ ഞാൻ, വളർ പാമ്പെന്നപോലവേ."
പിന്നഗ്നിയെജ്ജ്വലിപ്പിച്ചു നെയ്‌ഹോമിച്ചു സമന്ത്രമായ്
ശരഭംഗൻ സ്വതേജസ്സാ പൂകിക്കൊണ്ടാൻ ഹുതാശനിൽ.
തീയ്യാ മഹാന്റെ രോമങ്ങളും ചുട്ടെരിച്ചിതു കേശവും 40
പഴക്കം ചെന്ന തൊലിയും രക്തമാംസവുമസ്ഥിയും;
ഭാര്യാസഹോദരോടൊപ്പം ധീരൻ രാമൻ പകച്ചുപോയ്!
ശരഭംഗനൊരഗ്നിശ്രീതടവുന്ന കുമാരനായ്
അച്ചെന്തീപ്പടലത്തിങ്കൽ നിന്നുയർന്നു വിളങ്ങിനാൻ; 42
അവൻ പെരിയ യജ്വാക്കൾക്കൃഷിമാർക്കും സുരർക്കുമേ
ചേർന്ന ലോകങ്ങൾ പിന്നിട്ടാ ബ്രഹ്മലോകം കരേറിനാൻ.

ശരിഷ്ഠ കണ്ടാൻ, ഭുവി പുണ്യവൃത്തനാ-
മൃഷിഷഭൻ സാനുഗനാം വിരിഞ്ചനെ;
വിരിഞ്ചനും, വിപ്രനെയങ്ങു കാൺകയാൽ
പ്രസന്നനായ്സ്സ്വാഗതമെന്നു ചൊല്ലിനാൻ. 44

—*—

## ആറാം സർഗ്ഗം: രാക്ഷസവധപ്രതിജ്ഞ

—*—

ശരഭംഗൻ ദിവം പുക്കശേഷം ചെന്നാരു താപസർ
ചെന്നുകണ്ടാർ ജ്വലത്തേജസ്സായ കാകുത്സ്ഥരാമനെ:
വൈഖാനസർ, ബാലഖില്യർ, സംപ്രക്ഷാളർ, മരീചിപർ,
അശ്മകുട്ടരുമേറെപ്പേർ, പത്രഭോജികളാം ധാർമ്മികർ, 2
ദന്തോലൂഖലരാ, കണ്ഠം നീരിലാഴ്ത്തീടുവോർ ചിലർ,
ഗാത്രശയ്യര, ശയ്യന്മാർ, വെറും വെളിയിൽ നില്പവർ,

Digitized By Kerala Sahitya Akademi

തണ്ണീരശിഷ്ടം മുനികൾ കാററുണ്ണുന്നവരും ചിലർ;
നിലം തൊടാതെ മേവുന്നോർ തുറന്നമന്നിൽക്കിടക്കുവോർ, 4
ദാന്തർ, ശുദ്ധോപവാസക്കാർ, ഈറൻവസ്ത്രമുടുപ്പവർ,
ജപശീലർ, തപോനിത്യർ, പഞ്ചാഗ്നിതപമുള്ളവർ,
ബ്രഹ്മശ്രീയുതരൊപ്പരം, യോഗൈകാഗ്രർ തപസ്വികൾ
ശരഭംഗാശ്രമത്തിങ്കൽച്ചെന്നു കണ്ടിതു രാമനെ. 6
ധർമ്മജ്ഞർ ധാർമ്മികപ്പൂർണ്ണം രാമനെച്ചെന്നുകണ്ടുടൻ
മഹാധർമ്മജ്ഞനോടോതി മുനിമാർ മുദമാനസർ: —
"അങ്ങിക്ഷ്വാകുകുലത്തിന്നുമിക്ഷിതിക്കും മഹാരഥ,
പ്രധാനനും നാഥനുമാണ,മരക്കിന്ദ്രനാംവിധം. 8
യശസ്സാൽ വിക്രമത്താലും മൂപ്പാരിൽ വിളികൊണ്ടവൻ;
അച്ഛങ്കൽബ്ഭക്തി,നേർ,ധർമ്മം, നിങ്കൽപ്പൂർണ്ണമിതൊക്കയും.
ധർമ്മജ്ഞനായ്ദ്ധാർമ്മികനായ് മഹാനാം തവ സന്നിധൗ
ഒന്നുണ്ടു ഞങ്ങളർത്ഥിപ്പൂ, ക്ഷമിക്കേണമിതിൽ പ്രഭോ. 10
ആറിലൊന്നു കരം വാങ്ങും; നോക്കാ മക്കളെയാംവിധം;
എന്നിരുന്നാൽ നൃപന്നേററമധർമ്മമുളവാം പ്രഭോ.
തൻപ്രാണനെയും പ്രാണേഷ്ടപുത്രന്മാരെയുമാംവിധം
നാട്ടാരെയെല്ലാം ശ്രദ്ധിച്ചു യത്നിച്ചെന്നും ഭരിക്കിലോ, 12
നേടും രാമ, പെരുത്തൊന്നു നിലനില്ക്കും യശസ്സവൻ;
ബ്രഹ്മലോകമണഞ്ഞങ്ങും മാനിക്കപ്പെട്ടവോനുമാം.
എന്തുററധർമ്മം ചെയ്യുന്നു കായ്കിഴങ്ങുണ്ടിട്ടും മുനി,
അതിൽ നാലൊന്നു, നാട്ടാരെദ്ധർമ്മാൽക്കാക്കുന്ന മന്നനാം. 14
എന്നാൽ, ബ്രാഹ്മണരേറുന്നീ വാനപ്രസ്ഥമഹാഗണം
അനാഥം രാമ, നിന്നാഥം പോലെൽപ്പൂ രാക്ഷസാർദ്ദനം:
വരൂ: നോക്കുക, വനേ ഘോരരക്കർ പലമട്ടിലും
കൊലചെയ്തിട്ട വളരെബ്ബ്രഹ്മജ്ഞമുനിമെയ്യുകൾ! 16
പമ്പാമന്ദാകിനീതീരവാസികൾക്കുമതുവിധം
ചിത്രകൂടത്തിൽ വാഴ്വോർക്കുമത്യുഗ്രമിതേററവും.
പൊറുത്തുകൂടാ ഞങ്ങൾക്കിമ്മട്ടു താപസപീഡനം
അരക്കരുഗ്രകർമ്മാക്കൾ വനേ ചെയ്യുന്ന ഭീഷണം! 18
അതിനാൽശ്ശരണം പൂകീ ശരണോചിതനങ്ങയെ;
രക്ഷിക്ക, രാമ, നീ രക്ഷോബാധയേല്ക്കുന്ന ഞങ്ങളെ!

Digitized By Kerala Sahitya Akademi

അങ്ങുന്നൊഴിഞ്ഞു മന്നിങ്കൽ വീര, മററില്ലൊരാശ്രയം;
രക്ഷിയ്ക്ക രാക്ഷസരിൽനിന്നിജ്ജനത്തെ നൃപാത്മജ!" 20

സാധുക്കളാം താപസർതൻ വാക്യമേവം കേട്ടു രാഘവൻ
ചൊന്നാനിവണ്ണം ധർമ്മാത്മാവെല്ലാത്താപസരോടുമേ:
"ചൊല്ലൊല്ലിനിപ്പടിയ്ക്കെന്നോടാ;—ജ്ഞാപ്യൻ താപസർക്കു ഞാൻ!
വെറുംതൻകാര്യമൊന്നാലേ കാട്ടു പൂകേണ്ടിവന്നു മേ; 22
നിങ്ങൾക്കീ രാക്ഷസദ്രോഹം നീക്കാനത്യുപയുക്തമായ്.
അച്ഛന്റെ ശാസനം ചെയ്വാനത്ര, കാട്ടിൽ പൂകി ഞാൻ;
നിങ്ങൾതൻ കാര്യസിദ്ധിയ്ക്കു വന്നോനായ് ഞാൻ യദൃച്ഛയാ.
അതിനാൽബ്ഭൂരിഫലമായ്ത്തീരു,മീക്കാട്ടുവാഴ്ച മേ! 24
പോരിൽക്കൊൽവാൻ നിനച്ചു ഞാൻ താപസാരിനിശാടരെ;
കാൺക സാനുജനാമെന്റെ വീര്യം മുനിതപോധനർ!"

തപോധനന്മാർക്കഭയം കൊടുത്തു,
സൌമിത്രിയോടൊത്ത,തിധർമ്മനിഷ്ഠൻ
തപോധനന്മാരൊടുമാർത്തവൃത്തൻ
സുതീക്ഷ്ണനെപ്പാർത്തെഴുന്നള്ളി വീരൻ. 26

---

## ഏഴാം സർഗ്ഗം: സുതീക്ഷ്ണദർശനം.

---

രാമൻ ഭ്രാതാവോടും സീതയോടും കൂടിപ്പരന്തപൻ
സുതീക്ഷ്ണാശ്രമഭൂവിന്നായ്പ്പോയനാ ദ്വിജർതമ്മൊടും.
കുറച്ചു വഴിപോയ്,നീരേറുന്നാറുകളും കടന്നവൻ
കണ്ടു പെരുമലങ്കാടു, വന്മേഘം പോലെയുന്നതം. 2
പിന്നീടിക്ഷ്വാകുവരരാസ്സീതയോടൊത്ത രാഘവർ
നാനാവൃക്ഷങ്ങളിടചേർന്നുള്ള കാടതു പൂകിനാർ.
പൂകായ്മരം വള്ളിയെല്ലാക്കൊണ്ടും കാട്ടുപക്കവൻ
ഒളിച്ചു വിജനേ, വല്ക്കലമാലാലംകൃതമാശ്രമം.
ചേറഴുക്കും ചിടയുമായണഞ്ഞിരിയ്ക്കും തപസ്വിയെ
രാമൻ ശരിയ്ക്കണഞ്ഞിച്ചാൻ, തപോവൃദ്ധസുതീക്ഷ്ണനെ;—
'രാമൻ ഞാൻ ഭഗവാനേ, നിൻദർശനത്തിന്നു വന്നവൻ;
കൈക്കൊള്ളുകെന്നെ ധർമ്മജ്ഞ, മഹർഷേ, സത്യവിക്രമ!' 6

Digitized By Kerala Sahitya Akademi

അദ്ദേഹം കണ്ടു ധർമ്മിഷ്ഠശ്രേഷ്ഠനാം ധീരരാമനെ
രണ്ടുകൈകൊണ്ടുമാശ്ലേഷംചെയ്തിട്ടിങ്ങിനെ ചൊല്ലിനാൻ:—
"അങ്ങയ്ക്കായ് സ്വാഗതം വീര, രാമ, ധാർമ്മികസത്തമ!
ഈയാശ്രമം നിൻവരവാലിക്കാലം നാഥനുള്ളതായ്! 8

നിന്നെത്താൻ കാത്തിരുന്നാത്ര വിപന്നറാഞ്ഞതു കീർത്തിമാൻ,
ശരീരം വീര, മന്നിങ്കൽ ത്യജിച്ചിവിടെനിന്നു ഞാൻ:
ചിത്രകൂടാഗമാൽക്കേട്ടേൻ നാടുവിട്ട ഭവാനെ ഞാൻ.
വന്നിരുന്നു ശതമഖനമ്പർകോനിങ്ങു രാഘവ: 10

വന്നുചേർന്നെന്നോടദ്ദേവൻ മഹാദേവൻ സുരശ്രേഷ്ഠൻ
ചൊന്നാൻ, ലോകങ്ങളെല്ലാമെൻസൽക്കർമ്മത്താൽ ജയിച്ചതായ്;
തപസ്വി ഞാൻ വെന്നവയാമദ്ദേവർഷിപദങ്ങളിൽ
എൻപ്രസാദാൽ സഭാര്യൻ നീ വിഹരിയ്ക്ക സലക്ഷ്മണൻ!" 12

കഷ്ടംതപസ്സുള്ളാസ്സത്യവാക്കാം മാമുനിയോടുടൻ,
ബ്രഹ്മാവൊടമ്പർകോൻ പോലെ ചൊല്ലിനാൻ രാമനാത്മവാൻ:—
"ഞാനെററവാങ്ങിക്കൊള്ളാമേ താൻതാൻ ലോകങ്ങളാം മാമുനേ;
എനിയ്ക്കു ചൊല്ലിത്തന്നാൽനന്നി,കാട്ടിലൊരു പാർപ്പിടം. 14

അങ്ങെന്തിന്നും കരുത്തുള്ളോരാ,വക്കം ഹിതമോർപ്പവൻ
എന്നോതിനാൻ ഗൌതമനാം ശരഭംഗൻ മഹാശയൻ."
ഏവം രാമൻ പറഞ്ഞാറെ, പാരിൽപ്പേർകേട്ട മാമുനി
വാക്യം ഹർഷത്തിൽ മുഴുകിച്ചൊന്നാൻ മധുരമാംവിധം:— 16

"ഈയാശ്രമംതാൻ നന്നല്ലോ; രമിയ്ക്കുകിഹ രാഘവ;
എന്നും കായ്കനിയുള്ളൊന്നു, മുനിവൃന്ദനിഷേവിതം.
എന്നാൽ, മൃഗങ്ങളാ ക്രൂരാതിയാശ്രമ വന്നു കീർത്തിമൻ,
കൂട്ടമിട്ടു നടന്നുള്ളം ചലിപ്പിച്ചു തിരിച്ചുപോം; 18

മൃഗങ്ങളെക്കൊണ്ടല്ലാതെ മററില്ലിങ്ങൊരു ദോഷവും."
ആ മുനീന്ദ്രന്റെയാ വാക്കുകേട്ട ലക്ഷ്മണപൂർവ്വജൻ
അമ്പൊത്ത വില്ലെന്നു വലിച്ചുരചെയ്തിതു ധൈര്യവാൻ:—
"എന്നാലോ, സുമഹാഭാഗ, വന്നെത്തുന്ന മൃഗങ്ങളെ 20

കൊന്നുപോം,മിടിവാളാം പോലെമിന്നും ക്ഷുരമ്പുകൊണ്ടു ഞാൻ;
അതങ്ങയ്ക്കസുഖത്തിന്നാം; കഷ്ടമെന്താന്നിതിൽപ്പരം?
ഈയാശ്രമത്തിൽ നെടുനാളം പാർപ്പാനിച്ഛിപ്പതില്ല ഞാൻ."
എന്നാ വരദനോടോതിയ്ക്കാൻ പോന്നിതു രാഘവൻ; 22

Digitized By Kerala Sahitya Akademi

അന്തിയ്ക്കുള്ളതു കഴിച്ചിട്ടു സീതാലക്ഷ്മണസംയുതൻ
അന്നസ്സുതീക്ഷ്ണന്റെ മനോജ്ഞാശ്രമത്തിങ്കൽ മേവിനാൻ.

വിശുദ്ധമാം താപസഭക്ഷ്യമന്നം
സുതീക്ഷ്ണനപ്പുരുഷപുംഗവർക്കായ്,
താൻതാൻ മഹാത്മാവതിസൽക്കരിച്ചു
സന്ധ്യയ്ക്കുശേഷം നിശയിങ്കൽ നല്കി. 24

## എട്ടാംസർഗ്ഗം: സുതീക്ഷ്ണാശ്രമനിർഗ്ഗമനം.

—*—

സുതീക്ഷ്ണനാൽസ്സൽക്കൃതനാം രാമൻ സൌമിത്രിസംയുതൻ
രാത്രിയങ്ങു കഴിച്ചിട്ടു പെട്ടുണർന്നാൻ പുലർച്ചയിൽ.
യഥാകാലമുണർന്നേററു രാഘവൻ സീതയോടും
കുളിച്ചാനുൽപ്പലമണം തിരളും കുളിർവാരിയിൽ. 2

പിന്നഗ്നിയെസ്സുരരെയും താപസാവാസമാം വനേ
കാലത്തു നന്നായ്പ്പൂജിച്ചാ മൈഥിലീരാമലക്ഷ്മണർ
ഉദിച്ചുപൊങ്ങും രവിയെദ്ദർശിച്ചു ഗതകല്മഷർ
സുതീക്ഷ്ണന്നരികെച്ചെന്നു ചൊന്നാർ ഭംഗിയിലിങ്ങിനെ:— 4

"പാർത്തല്ലോ ഭഗവൻ, ഞങ്ങളും പൂജ്യൻ നിൻ പൂജയാൽസ്സുഖം;
വിട ചോദിപ്പൂ: പോകട്ടെ; വെമ്പിക്കുന്നൂ മഹർഷിമാർ
ദണ്ഡകാടവിയിൽപ്പാർക്കും ധന്യരാമൃഷിമാരുടെ
ആശ്രമം മുഴുവൻ കാണ്മാൻ വെമ്പൽ ബാധിപ്പു ഞങ്ങളെ. 6

തന്നാലും വിട ഞങ്ങൾക്കും, ദാന്തരാം ധർമ്മനിത്യരായ്
ജ്വാലയററഗ്നി പോലുള്ളോരാമീ മുനിവരർക്കുമേ
അന്യായമായ്ജ്ജനം നേടിക്കൊണ്ട ദുഷ്പ്രഭു പോലവെ,
പൊറാത്ത വെയിലോടാദിത്യൻ ജ്വലിപ്പതിനുമുന്നമേ 8

പോകണമെന്നുണ്ടേ"ന്നോതി മുനിതൻ ചരണങ്ങളിൽ
വണങ്ങി, സൌമിത്രിയുമായ്സ്സീതയോടൊത്ത രാഘവൻ.
കാൽപിടിച്ചീടുമവരെയെഴുന്നേല്പിച്ചു മാമുനി
സ്നേഹത്താൽ മുറുകെക്കെട്ടിപ്പുണർന്നിങ്ങിനെ ചൊല്ലിനാൻ:— 10

"സുഖമാംവണ്ണം പോയാലും രാമ, സൌമിത്രിയൊത്തു നീ,
നിഴലിനൊത്തനുഗമിച്ചീടുമീസ്സീതയോടും,

Digitized By Kerala Sahitya Akademi

തപസ്സാൽബ്ഭാവിതാത്മാക്കളാം, ദണ്ഡകാരണ്യവാസികളാം,
ഇത്തപസ്വികളാം തൻ ചേലൊത്താശ്രമം വീര, കാൺക നീ. 12

ഏററം കായ്കനിയുംചേർന്നു പൂത്തുനില്ക്കുന്ന കാടുകളും,
നന്മൃഗൌഘങ്ങളും ശാന്തപക്ഷിസംഘവുമുള്ളവ,
വിരിഞ്ഞ പത്മനിരയും തെളിഞ്ഞംഭസ്സുമൊത്തതായ്
കളക്കോഴികളെമ്പാടും ചേർന്ന പൊയ്കത്തടാകവും 24

കാണാം ഭവാൻ കൺ കക്കുംമട്ടാമരുവിയാർകളും,
മയിൽക്കൂട്ടങ്ങളാം കൂകുന്ന രമണീയവനങ്ങളും.
പോയാലുണ്ണി; സൌമിത്രേ, പോയ്ക്കൊള്ളുക ഭവാനുമേ;
വന്നുകൊള്ളുന്നുമേ താത, വീണ്ടുമെന്നാശ്രമത്തിൽ നീ." 16

'എന്നാലങ്ങിനെയാമെ'ന്നു ചൊല്ലി രാമൻ സലക്ഷ്മണൻ
മഹർഷിയെ വലംവെച്ചു നടകൊൾവാനൊരുങ്ങിനാൻ.
ഉടൻ സീത വിശാലാക്ഷി നൽത്തൂണീരങ്ങളും വിൽകളും
ആ രാജപുത്രന്മാർതൻ കയ്യിൽക്കൊടുത്താരാൾ തെളിവാളുകളും. 18

നൽത്തൂണീരങ്ങളിട്ടൊച്ച വായ്ച്ച വില്ലുകളേന്തിയും,
ആശ്രമം വിട്ടു പോകാനായിറങ്ങി രാമലക്ഷ്മണർ;
മുനിയാൽ വിടനല്കപ്പെട്ടഴകേറിയ രാഘവർ
വാളുംവില്ലേന്തിപ്പുറപ്പെട്ടു, സീതയോടൊത്തു വിദ്രുതം. 20

—*—

## ഒമ്പതാം സർഗ്ഗം: സീതാവാക്യം.

—*—

സുതീക്ഷ്ണനനുജ്ഞയും വാങ്ങിപ്പുറപ്പെട്ട ശാന്തമാം
ഭർത്താവാം രാഘവനോടായ് സ്നിഗ്ദ്ധവാക്യമിതോതിനാൾ:—
"സുസൂക്ഷ്മവിധിതാൻ വേണം വൻധർമ്മമിതു നേടുവാൻ;
ഇതിങ്ങു കാമവ്യസനം വിട്ടോനേ സാധ്യമാമത്ര. 2

ഇങ്ങു കാമവശാലുണ്ടാം വ്യസനം മൂന്നുകൂട്ടമാം:
ഒന്നാമതനൃതാലാപം; രണ്ടെണ്ണമിതിൽ മീതെയാം,
പരനാരീഗമനവും വൈരം കൂടാതെ ഹിംസയും.
അനൃതം ചൊല്ലിയിട്ടില്ല; ചൊല്ലുകില്ലങ്ങു രാഘവ; 4
എങ്ങു, ധർമ്മം കെടുപ്പോന്നാം പരസ്ത്രീവാഞ്ഛയെന്നതും?
മനുജേന്ദ്ര, വന്നില്ലതുണ്ടായിട്ടില്ലൊരിക്കലും;

Digitized By Kerala Sahitya Akademi

ഏവിധം രാമ, ചിന്തയിൽപ്പോലുമില്ലിതൊരേടവും;
ഭവാൻ സ്വദാരൈകരതനെന്നെന്നും രഘുനന്ദന, 6
ധർമ്മശീലൻ സത്യസന്ധൻ താതാജ്ഞ നിറവേറ്റുവാൻ.
സത്യസന്ധ, മഹാഭാഗ, ശ്രീമാനേ, ലക്ഷ്മണാഗ്രജ,
സത്യവും ധർമ്മവും നിങ്കലെ,ല്ലാം നിങ്കലുറച്ചതാം.
വശികരാക്ക വഹിയ്ക്കാവുന്നതിതെല്ലാം മഹാഭുജ; 8
ജിതേന്ദ്രിയൻ ഭവാനെന്നുമറിവേൻ ശുഭദർശന.
മൂന്നാമതത്യതിക്രൂരം, മൌഢ്യത്താൽ വൈരമെന്നിയേ
പരരെക്കൊല്ലുകെന്നുള്ളതി;–തങ്ങളിങ്ങെത്തുമപായം:
നീ വീര! ദണ്ഡകക്കാട്ടിൽ മേവും മുനിജനങ്ങളെ 10
രക്ഷിപ്പാനേററു ചൊന്നല്ലോ യുധി രാക്ഷസനിഗ്രഹം;
ഇക്കാരണമായല്ലോ, ദണ്ഡകക്കാട്ടിലേക്കു നീ
വില്ലമ്പുമായ്ക്കൊണ്ടു പുറപ്പെട്ടതും സോദരാന്വിതൻ.
പുറപ്പെട്ട ഭവാനെക്കണ്ടുള്ളിലിണ്ടൽ വളർന്നു മേ, 12
നിൻനടപ്പോർത്തു, ഹിതവും നന്മയും ചിന്തചെയ്കയാൽ.
ദണ്ഡകയ്ക്കുള്ള ഗമനം വീര, സമ്മതമല്ല മേ,
അതിന്റെ കാരണം ചൊല്ലാം; ഞാൻ കഥിപ്പതു കേൾക്ക നീ:
ചാപബാണങ്ങൾ കൈക്കൊണ്ടോൻ സാനുജൻ കാടു പുക്ക നീ 14
ഏതുകാടനെയും കണ്ടാലമ്പയച്ചെന്നുവന്നിടാം.
ക്ഷത്രിയന്മാർക്കു കൈവില്ലു,മഗ്നിക്കു വിറകെന്നതും,
ചാരത്തിരിക്കുകിൽത്തേജോബലമേററമുയർത്തുമേ.
ഉണ്ടായിതെന്നുപോൽ പണ്ടൊരൃഷി സത്യവ്രതവോൻ ശുചി, 16
സന്തുഷ്ടപക്ഷിമൃഗമാം നൽക്കാടൊന്നിൽ മഹാഭുജ.
അവിടെയ്ക്കു തപോവിഘ്നം ചെയ്‌വാനി,ന്ദ്രൻ ശചീപതി
വാളും പൂണ്ടൊ,രു യോദ്ധാവിൻ വേഷത്തിൽപ്പുക്കിതാശ്രമം;
ആയാശ്രമത്തിലാ മൂർച്ചയേറും പെരിയ വാളിനെ 18
ന്യാസമായ് നല്കിനാൻ, പുണ്യതപം ചെയ്യുമവൻവശം.
അശ്ശസ്ത്രം വാങ്ങിയവനും ന്യാസരക്ഷണതൽപരൻ,
തൻവിശ്വസ്തത രക്ഷിച്ചുകൊണ്ടുകാട്ടിൽ നടക്കയായ്.
വല്ലേടവും കായ്കനികൾ പറിപ്പാൻ പോയിടുമ്പൊഴും 20
ആ വാൾ കൂടാതെ പോകില്ലാ, ന്യാസരക്ഷണതൽപരൻ.
എപ്പോഴുമായുധം കയ്യിൽ വെയ്ക്കുമത്താപസന്നഹോ,



Digitized By Kerala Sahitya Akademi

ക്രമാൽ തപോനിഷ്ഠ വെടിഞ്ഞതങ്ങത്രെ ബുദ്ധി ഹിംസയിൽ!
ഹിംസാരസാൽത്തേറ പിന്നത്ത, ധർമ്മാർത്ഥിതനാം മുനി 22
അസ്ത്രസംസർഗ്ഗവശാൽ നരകത്തിൽപ്പതിച്ചുപോയ്.
ഏവമൊന്നുള്ളവായ് പണ്ടു ശസ്ത്രത്തിൻചേർച്ചമൂലമായ്:
തീച്ചേർച്ച പോലവേ ശസ്ത്രച്ചേർച്ചയും ദോഷഹേതുവാൽ.
സ്നേഹാദരത്താലോർപ്പിച്ചു; പഠിപ്പിക്കുകയല്ല ഞാൻ: 24
എന്താകിലും, ധനുസ്സേന്തുമതങ്ങേക്കു ബുദ്ധി തോന്നൊലാ
നിർവ്വൈരം ദണ്ഡകയിലുള്ളരക്കരെ വധിക്കുവാൻ;
തെറ്റൊന്നു ലോകരെക്കൊൽവാൻ വീര, കാംക്ഷിപ്പതില്ല ഞാൻ.
കാര്യം, ക്ഷത്രിയവീരർക്കു വില്ലുകൊണ്ടിത്രമാത്രമേ: 26
വനങ്ങളിൽ വസിച്ചീടുമാർത്തന്മാരുടെ രക്ഷണം.
ശസ്ത്രമെങ്ങെ,ങ്ങു വിപിനം? ക്ഷാത്രമെങ്ങെ,ങ്ങുവാൻ തപം?
ഇവ തമ്മിലിണങ്ങില്ലാ; ദേശധർമ്മം ഭജിക്കു നാം.
അതിനാൽക്കെട്ടുപോം ബുദ്ധിയായ്, ശസ്ത്രമേടുകകിൽ; 28
തിരിച്ചയോധ്യയിൽച്ചെന്നിട്ടെടുക്കാം ക്ഷാത്രധർമ്മമേ.
നാടുപേക്ഷിച്ചു നിയാസഥ്യയാടുതാൻ മുനിയാകിലോ,
ശ്വശുരർക്കിരുവർക്കും മേ ശാശ്വതപ്രീതി കൈവരും.
ധർമ്മത്താലുളവാമർത്ഥം; ധർമ്മത്താലുളവാം സുഖം: 30
ധർമ്മത്താലൊക്കയും കിട്ടു;-മിപ്പാരിൻ കാതൽ ധർമ്മമാം!
അതാതു നിയമത്താൽ മെയ് ചടപ്പിച്ചു സയത്നമായ്
നേടുന്നു ധർമ്മം നിപുണർ: സുഖാൽ ലഭിയാ സുഖം.
സച്ഛാത്മാവായ്സ്സദാ സൌമ്യ, ധർമ്മം ചെയ്ക തപോവനേ; 32
ഭവതിക്കറിവുണ്ടല്ലോ നേരായ് മൂപ്പാരുമൊക്കയും.

സ്ത്രീചാപലംകൊണ്ടിതുരച്ചുപോയ് ഞാ-
നാം,ക്കാവതാം നിന്നോടു ധർമ്മമേതാൻ?
കനിഷ്ഠനോടൊത്തു നിനച്ചുറച്ചു
രുചിപ്പതേ ചെയ്യുക വൈകിടാതെ."

## പത്താം സർഗ്ഗം: രാമവാക്യം

വൈദേഹി ഭർത്തൃപ്രേമത്താലിപ്പറഞ്ഞോരു ഭാഷിതം
കേട്ടു ധർമ്മസ്ഥിതൻ രാമൻ സീതയോടോതിയുത്തരം:—

Digitized By Kerala Sahitya Akademi

"ചേരുന്ന ഹിതമാ ചൊല്ലീ ദേവി, സസ്നേഹയായ നീ
കുലം വെളിപ്പെട്ടുംമട്ടു, ധർമ്മജ്ഞേ, ജനകാത്മജേ. 2
എന്നാചൊന്നതു ചെയ്യുൻ ഞാൻ; ചൊന്നാലല്ലാ ഇതു ദേവിതാൻ:
ആർത്തശബ്ദം വരൊല്ലെന്നു, വില്ലേടുക്കുന്നു പാർത്ഥിവർ.
ശരണ്യർ ശരണംപുക്കീ സ്വയം വന്നെന്നെ മൈഥിലി,
ആർത്തരദ്ദണ്ഡകാരണ്യമുനിമാർ സംശിതവ്രതർ: 4
കാട്ടിൽക്കായ്കനി ഭക്ഷിച്ചു പാർത്തീടും ധർമ്മചാരികൾ
സ്വാസ്ഥ്യം നേടുന്നതില്ലുഗ്രകർമ്മരാക്ഷസഭീതിയാൽ;
കാലേ കാലേ വിവിധമട്ടാംവ്രതം കൊൾവോരെയാ വനേ
ഭക്ഷിപ്പൂ. നരമാംസത്താൽപ്പുലരും ഭീമരാക്ഷസർ. 6
ഭക്ഷിക്കപ്പെട്ടമാദ്ദണ്ഡകാരണ്യസ്ഥിതർ താപസർ,
'ഞങ്ങൾക്കനുഗ്രഹം നല്കേ'ന്നെന്നോടോതീ ദ്വിജോത്തമർ.
അവർതൻ വായിൽനിന്നേവം വിനീതമൊഴി കേട്ടു ഞാൻ
തൃക്കാലുകളിൽ വന്ദിച്ചിട്ടും ചെയ്യുനിതിൻവിധം:— 8
'പ്രസാദിപ്പിൻ നിങ്ങളെങ്ങളെ,നിസ്സീമതിലജ്ജയായ്;
എങ്കൽ വന്നെത്തിയല്ലോ, ഞാൻ വന്നുകാണേണ്ടുമീ ദ്വിജർ!'
'എന്തുചെയ്യേണ്ടു ഞാനെ'ന്നും ചോദിച്ചേൻ ദ്വിജസന്നിധൌ;
അവരെല്ലാരുമൊന്നായ്ച്ചേർന്നിവണ്ണമുരിയാടിനാർ:— 10
'ദണ്ഡകക്കാട്ടിൽ വളരെക്കാമരൂപരരക്കരാൽ
രാമ, ഞങ്ങളുലാമാർത്തർ; നീ രക്ഷിക്കുക ഞങ്ങളെ:
ഹോമകാലത്തിലും പർവ്വകാലത്തിലുമകല്മഷ,
വന്നലട്ടുന്നു ദുർധർഷർ, മാംസം തിന്നുന്ന രാക്ഷസർ. 12
രാക്ഷസന്മാരലട്ടുന്ന താപസന്മാർ, തപസ്വികൾ,
ശരണം തേടുവോർ ഞങ്ങൾക്കൊരുററശരണം ഭവാൻ!
തപോബലാലശരരെക്കൊൽവാൻ കഴിയുമെങ്കിലും,
ചിരാർജ്ജിതതപം ഞങ്ങൾ മടിക്കുന്നിതറുക്കുവാൻ: 14
ബഹുവിഘ്നം തപസ്സെന്നും; ചെയ്യാനും പണി രാഘവ;
അതത്രെ, ശാപമേകാത്തതരക്കന്മാരശിപ്പതിൽ.
അതിനാൽദ്ദണ്ഡകാരണ്യരാക്ഷസാർദ്ദിതർ ഞങ്ങളെ
രക്ഷിക്കു തമ്പിയോടും നീ; നാഥൻ ഞങ്ങൾക്കു നീ വനേ.' 16
ഇച്ചൊൽ കേട്ടാണു ഞാൻ, ദണ്ഡകാരണ്യത്തിലൃഷീന്ദ്രരെ
പാടേ രക്ഷിപ്പനെന്നേററു ചൊന്നതല്ലോ വിദേഹജേ!

Digitized By Kerala Sahitya Akademi

ഏററേച്ചിട്ടൃഷികളിൽശ്ശപഥം പാഴിലാക്കുവാൻ,
ജീവിയ്ക്കശ്ശക്തനല്ലാ ഞാൻ സത്യം മമ സദാ പ്രിയം. 18
വിട്ടേയ്ക്കാമുയിർ ഞാൻ സീതേ, നിന്നെസ്സൗമിത്രിയേയുമേ;
വിടാ പ്രതിജ്ഞയേററിട്ട, വിശേഷിച്ചും ദ്വിജേന്ദ്രരിൽ!
അതിനാൽച്ചെയ്യേണം ഞാൻ തീർച്ചയായ് മുനിരക്ഷണം
ചൊല്ലപ്പെടാതെയും; പിന്നെന്തേററേച്ചിട്ട മൈഥിലി? 20
മൽപ്രേമമൈത്രിയാലത്ര ചൊല്ലി നീയിതു നിർമ്മലേ;
സീതേ, തെളിഞ്ഞേൻ: ശാസിയ്ക്കാറില്ലല്ലോ നേക്കനിഷ്ടനെ.
ചേർന്നതും തക്കതാമിതു നിനക്കും നിൻകുലത്തിനും;
പ്രാണനെക്കാളുമാരോമൽ നീയെനിയ്ക്ക സധർമ്മിണി." 22

ഏവം വിദേഹേശ്വരപുത്രിയാകു-
മാരോമലാം സീതയൊടോതി രാമൻ
പോയാൻ മനോജ്ഞാശ്രമഭൂവിലെയ്ക്കായ്,-
സ്സലക്ഷ്മണൻ ധന്വി മഹാമനസ്സൻ.

---

## പതിനൊന്നാം സർഗ്ഗം: അഗസ്ത്യാശ്രമപ്രവേശം.

---

നടന്നൂ മുന്നിലായ് രാമൻ, മദ്ധ്യേ സീത സുമദ്ധ്യയാൾ;
പിന്നാലെ വില്ലും കൈക്കൊണ്ടു പിന്തുടർന്നിതു ലക്ഷ്മണൻ.
അവർ സീതയുമായ്, നാനാഗിരിത്താഴ്വര കാടുകൾ
നാനാരമ്യപ്പുഴകളും കണ്ടുകൊണ്ടെഴുന്നള്ളിനാർ, 2
ആററിൻമണൽത്തിട്ടകളിൽച്ചക്രവാകസാരസലീലയും,
തണ്ണീർപ്പക്ഷികൾ മേവുന്ന താമരപ്പൊയ്കവൃന്ദവും,
ചേണൊത്ത പുള്ളിമാൻകൂട്ടമുന്മദങ്ങൾ വിഷാണികൾ
പോത്തു, പന്നി മരം വീഴ്ത്തുമാനയെന്നിവയേയുമേ. 4
ഒന്നിച്ചൊട്ടേറെവഴി പോയ്, സൂര്യൻ ചായുന്നപോതവർ
കണ്ടെത്തി നല്ലൊരു സരസ്സൊരുയോജനവീതിയിൽ:
വെൺചെന്താമർഗണം ചേർന്ന, മാനക്കൂട്ടങ്ങൾ മേവിയും,
നീരിൽച്ചരിയ്ക്കും കാദംബഹംസസാരസർ തിങ്ങിയും. 6
വെള്ളമാകെത്തെളിഞ്ഞുള്ളാ രമ്യമാകിയ പൊയ്കയിൽ
[illegible]ക്കായി പാട്ടുകൊട്ടൊച്ച;—യെന്നാൽക്കണ്ടീലൊരാളെയും!

Digitized By Kerala Sahitya Akademi

അതിൽക്കൗതുകിയായ് രാമനാലക്ഷ്മണസമന്വിതൻ
'ധർമ്മഭൃത്താം' മുനിയോടു ചോദിപ്പാനായൊരുങ്ങിനാൻ:- 8
'ഇതേററമത്ഭുതം കേട്ടിട്ടെങ്ങൾക്കെല്ലാം മഹാമുനേ,
തോന്നി കൗതൂഹലം പാരം;-മെന്തിതോ,തുക നന്മയിൽ,
പ്രഭോ, ചൊല്ലാവതാണെ,ന്ത ഗോപ്യമല്ലെങ്കിലന്തണ'
എന്നു രാമൻ പറകയാൽ,ധർമ്മാത്മാവായ താപസൻ
സരസ്സിനുടെയുൽപത്തിയെല്ലാം ചൊൽവാനൊരുങ്ങിനാൻ:-
"ഇതു, പഞ്ചാപ്സരസ്സെന്ന തടാകം ക്ഷയവർജ്ജിതം
തപസ്സാലേ മാണ്ഡകർണ്ണിമുനി തീർത്തതു രാഘവ;
കഷ്ടം തപസ്സുചെയ്താനാ മാണ്ഡകർണ്ണി മഹാമുനി 12
വെള്ളത്തിൽ നിന്നു, കാററുണ്ടു, പതിനായിരമാണ്ടുകൾ.
അതിനാൽസ്സങ്കടപ്പെട്ടാരഗ്ന്യാദിസുരരേവരും;
തമ്മിലൊത്തൊരുമിച്ചിട്ടു ചൊല്ലിനാരവരേവരും:
'ഈ നമ്മളിലൊരാൾക്കൊക്കും സ്ഥാനം തേടുന്നതീ മുനി' 14
എന്നുള്ളിൽപ്പേടിപൂണ്ടോരാ സ്വർഗ്ഗവാസികളേവരും.
ഉടൻ തപം മുടക്കാനായ് വിട്ടാർ ദേവകളേവരും,
പിണർമിന്നൽപ്രഭ പെറ്റമപ്സരോഗ്ര്യകളൈവരെ.
അപ്സരസ്ത്രീകളവരാ മേൽകീഴ്കണ്ട മഹർഷിയെ 16
മദനൻെറ വശത്താക്കി, വാനോർതൻകാര്യമൊക്കവാൻ:
മുനിതൻ പത്നിമാരായാരപ്സരസ്ത്രീകളൈവരും;
അവർക്കിപ്പൊയ്കയിൽത്തീർത്താനദൃശ്യമൊരു മന്ദിരം.
ആ വിധം സുഖമായ്പ്പാർക്കുമപ്സരസ്ത്രീകളൈവരും. 18
രമിപ്പിപ്പൂ, തപോയോഗാൽ യുവാവായ മഹർഷിയെ.
ക്രീഡയാടുന്നവരുടെയാണീ വാദിത്രശബ്ദവും,
ഭൂഷക്കോപ്പൊലിയോടേ കേൾക്കപ്പെടും മധുരഗാനവും."
അങ്ങു ഭാവിതനാത്മാവിനുടെയീ വാക്യമതികീർത്തിമാൻ 20
ആശ്ചര്യമെന്നു കൊണ്ടാടി, ഭ്രാതാവോടൊത്തു രാഘവൻ.
ഇവണ്ണം ചൊല്ലവേ കാണായ്വന്നിതാശ്രമമണ്ഡലം,
ദർഭയും ചീരയും ചിന്നി, ബ്രഹ്മലക്ഷ്മി ചുഴന്നതായ്.
ഉടൻപുക്കൃഷികളാലെല്ലാം പൂജിക്കപ്പെട്ടു മേവിനാൻ 22
സീതാലക്ഷ്മണരോടൊത്തു രാഘവൻ പകലാവാസ്ഥവൻ.
സുഖമായ്പ്പാർത്തുപോന്നാനാ ശ്രീമദാശ്രമമണ്ഡലേ

Digitized By Kerala Sahitya Akademi

മഹർഷിമാരാൽപ്പൂജിയ്ക്കപ്പെട്ടുകൊണ്ടക്കാകുത്സ്ഥജൻ:
എല്ലാമടവക്കരികിലാ പാർത്താൻ,മുനിമാരുടെ 24
ആശ്രമങ്ങളിൽ മഹാസ്സുജ്ഞാനാണഞ്ഞതാഗ്രഹമിട്ടവൻ.
മാസം പതിമ്മൂന്നൊരിട,ത്തൊരേടമൊരു വത്സരം,
മാസം നാലൊരിടത്ത,ഞ്ചുമാറേഴും മററിടങ്ങളിൽ,
ഒരേടമൊന്നേകാൽമാസം, മുക്കാൽമാസമൊരേടമേ, 26
മൂന്നെട്ടും മാസവും പാർത്താൻ സുഖമായിട്ടു രാഘവൻ.
ഏവം ക്രമാനുസാരേണ മുന്യാശ്രമപദങ്ങളിൽ
രസിച്ചു പാർക്കവേ വന്നു കഴിഞ്ഞൂ പത്തു വത്സരം.
ചുററിസ്സഞ്ചരിച്ചു, ധർമ്മജ്ഞൻ സീതയോടൊത്തു രാഘവൻ 28
വീണ്ടും മടന്നെത്തിനാൻ ശ്രീമാൻ സുതീക്ഷ്ണനുടെയാശ്രമം;
ആയാശ്രമമണഞ്ഞിട്ടു മുനിവൃന്ദാർച്ച്യമാനനായ്
പാർത്താനവിടെയും തെല്ലുകാലം രാമനരിന്ദമൻ.
ആയാശ്രമത്തിൽപ്പാർക്കുമ്പോളൊരുനാൾ വിനയത്തോടെ 30
സുതീക്ഷ്ണർഷീന്ദ്രസവിധേ ചെന്നിരുന്നോതി രാഘവൻ:—
"ഇക്കാട്ടിലാണു, ഭഗവാനഗസ്ത്യൻ മുനിസത്തമൻ
വാഴ്വതെന്നു,നിശം കേട്ടിട്ടുണ്ടു ഞാൻ ലോകവാർത്തയിൽ.
എന്നാല,ദ്ദേശമറിവീല,ക്കാടു വലുതാകയാൽ; 32
ആ ധീമാനാം മുനീന്ദ്രൻെറ പുണ്യാശ്രമമിതെങ്ങുവാൻ?
ഇവിടുത്തെ പ്രസാദത്താൽ,സ്സീതാനുജരൊടൊത്തു ഞാൻ
അഗസ്ത്യമുനിയെച്ചെന്നു കാണാവൂ കൈവണങ്ങുവാൻ!
എന്നിച്ഛയുള്ളിൽക്കിടപ്പുണ്ടു മഹാത്മാമീ മനോരഥം: 34
താൻതാൻ പരിചരിയ്ക്കാവൂ ഞാനാ മുനിവരിഷ്ഠനെ.
എന്നു ധാർമ്മികനാം രാമൻതൻെറ ചൊൽ കേട്ടു തുഷ്ടനായ്
കഥിച്ചാൻ ദാശരഥിയോടസ്സുതീക്ഷ്ണമഹർഷിയും:—
"ഞാനും നിനച്ചേൻ സൌമിത്രിയുതനാം നിന്നോടോതുവാൻ, 36
'അഗസ്ത്യനെസ്സീതയുമായ്ച്ചെന്നുകാൺകെ'ന്നു രാഘവ,
ഭാഗ്യ,മിപ്പൊഴതിക്കാര്യം താൻതാനെന്നോടുചൊൽവു നീ!
ഉണ്ടിസ്ഥലത്തിന്നന്തരം,മെങ്ങാണഗസ്ത്യർഷീന്ദ്രനെന്നു ഞാൻ:
നാലു യോജന തെക്കോട്ടീയാശ്രമം വിട്ടു പോവുകിൽ 38
കാണാമഗസ്ത്യഭ്രാതാവിൻ ശ്രീമത്തായ മഹാശ്രമം!
ഫലപ്രചുരമാം കാട്ടിൽ,ത്തിപ്പലിത്തോപ്പിയന്നതിൽ,

Digitized By Kerala Sahitya Akademi

പൂകാസ്സുളേറിച്ചേലൊത്തു, നാനാപക്ഷി ചിലപ്പതിൽ.
അങ്ങെങ്ങു നാനാനൽത്തണ്ണാർപ്പൊയ്ക്ക, വെള്ളം തെളിഞ്ഞതായ് 40
അന്നം നീർക്കോഴിയും തിങ്ങിച്ചക്രവാകങ്ങൾ ചേർന്നതായ്.
ഒരു രാവങ്ങു പാർത്തിട്ടു രാവിലെപ്പോക രാഘവ,
കാട്ടിനത്തിന്നൊരുവശത്തൂടെ തെക്കൻവഴിയ്ക്കു താൻ;
ഒരു യോജന പോകേണ്ടും ചാലഗസ്ത്യാശ്രമസ്ഥലം. 42
അങ്ങു വൃക്ഷങ്ങൾ വളരെച്ചേർന്ന രമ്യവനാന്തരേ
ആഹ്ലാദമുണ്ടാം സീതയ്ക്കും ലക്ഷ്മണനും ഭവാനുമേ.
അഗസ്ത്യർഷീന്ദ്രനെക്കാണ്മാൻ തീരുമാനിച്ചുവെങ്കിലോ,
ഇപ്പോഴേ പോക ചാൻ തിട്ടു ചെയ്തുകൊൾക മഹാമതേ." 44
ഇതു കേട്ട്,ഷിയെത്തമ്പിയൊത്തു വന്ദിച്ചു രാഘവൻ.
പുറപ്പെട്ടാനഗസ്ത്യങ്കലേയ്ക്കു സീതാനുജാന്വിതൻ.
വഴിയ്ക്കു രമ്യമാം കാടും, കാറൊളിപ്പർവ്വതങ്ങളും,
പൊയ്ക, മഗ്ഗവശാൽച്ചേരും പുഴയും കണ്ടുകൊണ്ടവൻ, 46
സുതീക്ഷ്ണനുപദേശിച്ച വഴിയേ പോയനാകലം
ചൊന്നാൻ ലക്ഷ്മണനോടേവം പരമാഹ്ലാദയുക്തനായ്:—
"ഇക്കാണുന്നതുതാൻ നൂനം, മഹാനായ്പ്പുണ്യകർമ്മിയായ്
അഗസ്ത്യാനുജനാകുന്ന മുനിതന്നാശ്രമസ്ഥലം. 48
അപ്പടിത്തന്നെയീക്കാട്ടിൽക്കാണുന്നല്ലോ വഴിയ്ക്കു ഞാൻ,
പൂകായ് ക്കനത്തിനാൽച്ചാഞ്ഞ മരമായിരമായിരം.
പഴുത്ത തിപ്പലികൾതൻ മണമിക്കാട്ടിൽനിന്നിതാ,
കാററത്തുയർന്നു വന്നെത്തി പെട്ടെന്നെ,ങ്ങവുപിപ്പോടും. 50
അതാതിടത്തു കാണുന്നു കുന്നുകൂട്ടിയ ചുള്ളികൾ;
മാർഗ്ഗേ കാണുന്നു കൊയ്തിട്ട വൈഡൂര്യരുചി ദർഭയും.
ഇതാ, കാണപ്പെടുന്നുണ്ടു കരിംകാർത്തുമ്പുപോലവേ,
ആശ്രമത്തിങ്കലെത്തീയ്ക്കിൻപുകയും വിപിനാന്തരേ. 52
പരിശുദ്ധങ്ങളാം തീർത്ഥങ്ങളിൽ നീരാടിയന്തണർ
പുഷ്പാഞ്ജലി കഴിയ്ക്കുന്നു, താൻതാൻ നേടിയ പൂക്കളാൽ.
സുതീക്ഷ്ണനിപ്പടിയ്ക്കല്ലോ ചൊന്നതെന്നോടു സൌമ്യനേ;
ഇതഗസ്ത്യസഗർഭ്യന്റെയാശ്രമം തന്നെയാവണം. 54
മൃത്യുവെത്തരസാ രോധിച്ചു,ലകിന്റെ ഹിതത്തിനായ്
പാർക്കുവതാക്കിനാനിങ്ങു ദിക്കെ,തൽഭ്രാതാവു പുണ്യവാൻ:

Digitized By Kerala Sahitya Akademi

ഇതിങ്കലൊരുകാലത്തു വാതാപീല്വലർ സോദരർ
ഉണ്ടായിരുന്നുപോൽ, ക്രൂരരാരന്നവർ മഹാസുരർ. 56
ഇല്വലൻ ബ്രാഹ്മണാകാരം പൂണ്ടു സംസ്കൃതഭാഷിയായ്
ക്ഷണിച്ചു മന്നണന്മാരെ ശ്രാദ്ധത്തിന്നായി നിർഘൃണൻ;
എന്നിട്ടാടിൻവടിവിലാം ഭ്രാതാവെക്കറിവെച്ചവൻ
ആ ബ്രാഹ്മണരെയൂട്ടീടും, ശ്രാദ്ധകല്പപ്രകാരമേ. 58
വിപ്രർതന്നൂൺ കഴിഞ്ഞാലോ, വിളിക്കൂട്ടീടുമില്വലൻ,
'വാതാപി, വെളിയിൽപ്പോരികെ'ന്നു വമ്പിച്ചൊരൊച്ചയിൽ;
വാതാപി സോദരച്ചൊൽ കേട്ടാടിൻ മട്ടിൽക്കരഞ്ഞുടൻ
വെളിച്ചു ചാടും, ദ്വിജർതൻ മെയ് പിളർത്തു പിളർത്തുതാൻ. 60
ഇമ്മട്ടസംഖ്യം ദ്വിജരെയന്നവർ പലവട്ടമായ്
കൊന്നൊടുക്കീടിനാർ, കാമരൂപരപ്പിശിതാശികൾ.
അന്നു വാദനാരപേക്ഷിച്ചിട്ടഗസ്ത്യമുനിസത്തമൻ
ശ്രാദ്ധത്തിനെത്തിബ്ഭക്ഷിച്ചുപോലാപ്പെരിയദൈത്യനെ; 62
'വെടപ്പായെ'ന്നു, തണ്ണീരും കയ്യിൽ വീഴ്ത്തിക്കൊടുത്തുടൻ
വിളിച്ചാനില്വലൻ, 'ഭ്രാതാ വെളിക്കെ'ന്നസ്സഗർഭ്യനെ.
സഗർഭ്യനെയതിന്മട്ടാ വിപ്രഘാതി വിളിക്കവേ
ചിരിച്ചു ചൊല്ലിനാൻ, ധീമാനഗസ്ത്യമുനിസത്തമൻ:- 64
'വെളിക്കു പോരാനാളാമോ, ഞാൻ ദഹിപ്പിച്ച രാക്ഷസൻ?
ആടിൻമെയ് പൂണ്ട നിൻഭ്രാതാവന്തകങ്കലണഞ്ഞുപോയ്!'
സഹജൻ ചത്തുപോയെന്നു മുനി ചൊന്നതു കേൾക്കയാൽ,
അദ്ദേഹത്തെപ്പിടിപ്പാനായ്ത്തുനിഞ്ഞു രാക്ഷസൻ ക്രുധാ. 66
മുനിതൻനേർക്കു പാഞ്ഞതല്ലേ, തേജസ്സാളും മഹർഷിയോ,
അവനെച്ചുട്ടുപൊട്ടിച്ചാനെരിതീയ്യൊത്ത കണ്ണിനാൽ!
ആർ ചെയ്യുമോ ദുഷ്കരമിത്തൊഴിൽ വിപ്രാനുകമ്പയാൽ,
അവന്റെ സോദരന്റേതീ, സ്സുസരോവനമാശ്രമം." 68

രാമൻ സൌമിത്രിയോടേവം സംസാരിക്കുന്ന നേരമേ
അസ്തമിച്ചു ദിനാധീശൻ; സന്ധ്യാകാലമുപേതമായ്.
ശരിക്കോടവിടെസ്സന്ധ്യയുപാസിച്ചനുജാന്വിതൻ
പൂകിനാനാശ്രമമവൻ; വന്ദിച്ചാനാത്തപസ്വിയെ. 70
വേണ്ടുന്നപോലാ മുനിയാൽ സൽക്കരിക്കപ്പെട്ടു രാഘവൻ
ഫലമൂലങ്ങൾ ഭക്ഷിച്ചു പാർത്താനാ രാത്രിമാത്രമേ.

Digitized By Kerala Sahitya Akademi

ആ രാവു തീർന്നു കതിരോനുദിച്ചു വിലസീടവേ,
അഗസ്ത്യസോദരനോടു വിട ചോദിച്ചു രാഘവൻ:— 72
'ഭഗവാനേ, വണങ്ങുന്നേൻ; രാത്രി പാർത്തേൻ സുഖേന ഞാൻ;
വിട ചോദിപ്പൂ: പോകുന്നേൻ കാണ്മാൻ ത്വജ്ജ്യേഷ്ഠപാദനെ.'
'പോയ്ക്കൊൾകെ'ന്നൃഷി ചൊന്നാറേ പോയാനാരഘുനന്ദനൻ,
ചൊല്ലിക്കേട്ടമട്ടാരു വഴിക്കു,ള്ളക്കാടും കണ്ടുകൊണ്ടുതാൻ: 74
പുലാവി,രിപ്പ, ഞെട്ടാവൽ, പനച്ചി, പന, കൂവളം,
നീർക്കടമ്പും, ഞമകളും, തൊട്ടുകാര,യിലഞ്ഞിയും,
പൂത്തു, പൂത്ത തലപ്പുള്ള വള്ളി ചുററിപ്പടർന്നതായ്
കാണായ് രാമന്നതിൽ,ക്കാട്ടുമരവും പെരുതായിരം, 76
തുമ്പിക്കൊണ്ടാന മർദ്ദിച്ചും, പ്ലവംഗർ വിളയാടിയും,
മദിച്ച പക്ഷിക്കൂട്ടങ്ങൾ നൂറുനൂറൊത്തു കൂകിയും.

ചൊന്നാൻ, പിന്തുടരും പാർശ്വവർത്തിയാം വീരനോടുടൻ,
ശ്രീമാനാം ലക്ഷ്മണനോടാ, രാമൻ താമരസേക്ഷണൻ:— 78
'സ്നിഗ്ദ്ധപത്രങ്ങൾ വൃക്ഷങ്ങൾ; ശാന്തങ്ങൾ മൃഗപക്ഷികൾ;
ഒട്ടടുത്തായ്, കൃതാത്മാവാം മഹർഷിയുടെയാശ്രമം.
അഗസ്ത്യനെന്നു, തൻകർമ്മംകൊണ്ടേ പാരിൽപ്പുകഴ്ന്നവൻ
വസിക്കുമാശ്രമമതാ, കാണ്മൂ, ശ്രാന്തശ്രമാപഹം, 80
പുക പാറിയ കാടൊത്തും, മരത്തോൽനിര തൂക്കിയും,
ശാന്തം മൃഗവ്രജം ചേർന്നും, നാനാപക്ഷികൾ കൂകിയും.
ആർതൻപ്രഭാവാൽപ്പേടിച്ചു തെക്കേത്തിക്കിതു രാക്ഷസർ
നോക്കിനില്പൂ, കടക്കില്ലീ,യാശ്രമമവന്റെയാം! 82
എന്നാൾമുതൽക്കീ പാർപ്പാക്കിയിദ്ദിക്കിൽപ്പുണ്യകർമ്മവാൻ,
അന്നാൾമുതൽക്കു വൈരം വിട്ടടങ്ങീ രാത്രിചാരികൾ;
ഇത്രക്ഷമാം ദക്ഷിണദിക്കാദ്ദേഹത്തിന്റെ പേരിനാൽ
മുപ്പാരിൽ ഖ്യാതിയും നേടി, ക്രൂരരാൽദ്ദുഷ്പ്രധർഷമായ്. 48
സൂര്യമാർഗ്ഗം വിരോധിപ്പാൻ പൊങ്ങീ, വിന്ധ്യമഹാചലം;
ഇവന്റെയാജ്ഞകാത്തല്ലോ, വളർന്നീടാത്തതദ്ഗിരി!
ആജ്ജഗൽഖ്യാതകർമ്മാവാമഗസ്ത്യൻ ദീർഘജീവിതൻ
വാഴും പുണ്യാശ്രമമിതാ; വിനീതമൃഗസേവിതം; 86
വിശ്വപൂജിതനിഷ്ടൻ സദാ സംഗൃഹീതാശ്രിതൻ;
ചെന്നുകാണുകിൽ നമ്മൾക്കിദ്ദേഹം നന്മ വരുത്തിടും.



Digitized By Kerala Sahitya Akademi

ഇങ്ങാരാധിപ്പവൻ ഞാനീയഗസ്ത്യമുനിവര്യനെ;
പാർക്കുവൻ വനവാസത്തിൻബാക്കിയും സൌമ്യ, ഞാൻ പ്രഭോ. 88

ഇങ്ങു ദേവകൾ ഗന്ധർവർ സിദ്ധന്മാരൃഷിമുഖ്യരും
നിയതാഹാരരായ് നിത്യം സേവിക്കുന്നഗസ്ത്യനെ.
ജീവിക്കില്ലിങ്ങു ശഠനും, ക്രൂരനും, ചതാന്നിവാസിയും,
നൃശംസനും, നന്ദനനും;—ഉമട്ടുള്ളവനീ മുനി! 90

ഇങ്ങു ദേവകൾ യക്ഷന്മാർ നാഗങ്ങൾ പതഗങ്ങളും
നിയതാഹാരരായ് പ്പാർക്കുന്നുണ്ട്, ധർമ്മത്തെ നേടുവാൻ.
ഇങ്ങു സിദ്ധർ മഹാത്മാക്കൾ മെയ് വിട്ടു പുതുമെയ്യോടേ
സൂര്യാഭമാം വിമാനത്തിൽ വിൺ പൂക്കാർ പരമർഷിമർ. 92

ഇങ്ങു സത്തുക്കൾ പൂജിച്ചുപോരും ദേവകളേകുമേ
യക്ഷഭാവ്യ,മമരത്വം, നാനാരാജ്യമിതൊക്കെയും!
നാമാശ്രമസ്ഥലത്തെത്തി; നീ മുമ്പേ ചെല്ലു ലക്ഷ്മണ:
സീതയോടിഹ ഞാൻ വന്നതറിയിക്കു മഹർഷിയെ."

---

## പന്തിരണ്ടാം സർഗ്ഗം: അഗസ്ത്യദർശനം

---

ആശ്രമസ്ഥലമുൾപ്പുക്കു ലക്ഷ്മണൻ രാഘവാനുജൻ
അഗസ്ത്യശിഷ്യന്നരികേ ചെന്നു ചൊന്നാനിതിൻവിധം:—
'ഭൂഭൃദ്ദശരഥന്നാദ്യപുത്രനാം രാമനഗ്രജൻ
വന്നിട്ടുണ്ടൃഷിയെക്കാണ്മാൻ ഭാര്യയാം സീതതന്നോടും. 2

അദ്ദേഹത്തിന്റെയനുജനീ ഞാൻ ലക്ഷ്മണനെന്നവൻ
പ്രിയൻ ഹിതകരൻ ഭക്തൻ; കേട്ടിട്ടുണ്ടായ്വരാം ഭവാൻ.
ഞങ്ങളച്ഛന്റെയാജ്ഞയാൽക്കാട്ടു പൂക്കോർ ഭയങ്കരം.
ഭഗവദ്ദർശനേച്ഛുക്കളെല്ലാരു;—മറിയിക്കുക. 4

ആ ലക്ഷ്മണന്റെയീ വാക്കും ശ്രവിച്ചിട്ടു തപോധനൻ
ആമെന്നുരച്ചഗ്നിഗൃഹം പൂകിനാന,റിയിക്കുവാൻ.
പൂകി,ത്തപംകൊണ്ടു ദുരാധർഷനായ മുനീന്ദ്രനെ
തൊഴുകയ്യോടുണർത്തിച്ചാൻ രാമന്റെ വരവഞ്ജസാ, 6

അഗസ്ത്യശിഷ്യൻശ്രുതനാൻ, ലക്ഷ്മണൻ ചൊന്നവണ്ണമേ:—
'ഇതാ, ദശരഥൻതന്റെ പുത്രരാം രാമലക്ഷ്മണർ

Digitized By Kerala Sahitya Akademi

വന്നിട്ടുണ്ടാശ്രമത്തിങ്കൽ,ബ്ഭാര്യയാം സീതയോടും:
വന്നാർ ഭവാനെക്കാണ്മാനും സേവിപ്പാനുമരിന്ദമർ; 8
ഇതിങ്കലിനി വേണ്ടുന്നതരുളിച്ചെയ്യേണമേ.'
ആ രാമനും ലക്ഷ്മണനും സൌഭാഗ്യവതി സീതയും
വന്നിട്ടുണ്ടെന്നു ശിഷ്യങ്കൽ നിന്നു കേട്ടേവമോതിനാൻ:—
'ഭാഗ്യം, രാമൻ ചിരാലെന്നെക്കാണ്മാൻ വന്നെത്തി സാമ്പ്രതം! 10
കൊതിച്ചിരിപ്പതാണല്ലോ ഞാനുമീ വരവുള്ളിനാൽ.
ചെല്ലു, ഭാര്യാലക്ഷ്മണന്മാരൊത്തു പൂജിച്ചു രാമനെ
പൂകിയ്ക്കെന്നരികിൽ;—പ്പൂകിയ്ക്കാഞ്ഞതെന്തവനെ സ്വയം?'
ഇപ്രകാരം മഹാത്മാവാം ധർമ്മജ്ഞൻ മുനി ചൊല്ലവേ, 12
'ഓം' എന്നുരച്ചാൻ, വന്ദിച്ചു തൊഴുതുംകൊണ്ടു ശിഷ്യനും.
പോന്നു വെമ്പലൊടേ ശിഷ്യനാ ലക്ഷ്മണനോടോതിനാൻ:—
'രാമനെത്തൃഷിയെക്കാണ്മാൻ വരാം; താനകടന്നിടാം.'
ശിഷ്യനൊത്താശ്രമദ്വാരത്തെത്തിപ്പോന്നഥ ലക്ഷ്മണൻ 14
കാണിച്ചു,കാകുത്സ്ഥനെയും ജനകാത്മജയാളെയും.
അഗസ്ത്യൻ ചൊന്നതോതിക്കൊണ്ടൊതുക്കം പൂണ്ട ശിഷ്യനും
ഉൾപ്പൂകിച്ചാൻ ശരിയ്ക്കുറ്റം പൂജിച്ചപ്പൂജനീയരെ.
അമ്മട്ടുൾപ്പൂകിനാൻ രാമൻ സീതാലക്ഷ്മണസംയുതൻ 16
പ്രശാന്തമൃഗസംകീർണ്ണമുടജം കണ്ടുകൊണ്ടുതാൻ:
അവിടുന്നവിടെ ബ്രഹ്മസ്ഥാനം,മഗ്നിനികേതവും,
വിഷ്ണുസ്ഥാനം, രവിസ്ഥാനം, മഹേന്ദ്രന്റെ നികേതവും,
സോമസ്ഥാനം, ഭഗസ്ഥാനം, കുബേരന്റെ നികേതവും, 18
വിധാതൃധാതൃസ്ഥാനങ്ങളും, വായുവിന്റെ നികേതവും,
നാഗരാജംവൃതൻ സ്ഥാനം, ഗരുഡന്റെ നികേതവും,
ഗായത്രീസ്ഥാനവു,മതിൻവണ്ണം വസുനികേതവും,
കയറേന്തും മഹാത്മാവാം വരുണന്റെ നികേതവും, 20
ഷൺമുഖസ്ഥാനവും, നോക്കിക്കണ്ടാൻ ധർമ്മനികേതവും.
ഉടനേ ശിഷ്യർ ചൂഴെച്ചെന്നെതിരേററാൻ മഹർഷിയും;
കണ്ടു മുനികളാംതൻമുന്നിലദ്ദീപ്താഭനെ രാഘവൻ.
ചൊല്ലീ വീരൻ സുലക്ഷ്മീകനായ ലക്ഷ്മണനോടുടൻ:— 22
'ഇതാ, വരുന്നു ഭഗവാനഗസ്ത്യമുനി ലക്ഷ്മണ:
മേന്മകണ്ടിട്ടറിഞ്ഞേൻ ഞാനീത്തപോനിധിയെ സ്പഷ്ടം.'

Digitized By Kerala Sahitya Akademi

എന്നൊന്നഗസ്ത്യനെപ്പററിച്ചൊന്നാ രാമൻ മഹാഭുജൻ
പിടിച്ചാനെ,തിരേക്കിന്നാസ്സൂര്യ്യമേനടെ കാലുകളം. 24
വന്ദിച്ചു തൊഴുകൈ പൂണ്ടു നിന്നു രാമൻ സുധാർമ്മികൻ,
വൈദേഹിയാം സീതയോടൊത്തഥ രാമൻ സലക്ഷ്മണൻ.
പാദ്യാസനത്താൽപ്പൂജിച്ചു കൈക്കൊണ്ടാൻ മുനി രാമനെ;
കുശലപ്രശ്നവും ചെയ്തിട്ടി,രിപ്പാനെന്നുമോതിനാൻ. 26
ഹോമിച്ചഗ്നിയും കൊടുത്തിട്ടു കൃതാതിഥിസപര്യനായ്
വാനപ്രസ്ഥോചിതം ഭോജ്യം നല്കിക്കൊണ്ടാനവർക്കവൻ
പിന്നെ മുല്ലാടിരുന്നിട്ടു ധർമ്മവിത്തൃഷിപുംഗവൻ
ധർമ്മജ്ഞനാം തൊഴുതിരിക്കുന്ന രാമനോടോതിനാൻ:— 28
'ഹോമിച്ചഗ്നിയിൽ കൊടുത്തിട്ടു ചെയ്യേണമതിഥിക്രിയ;
മറിച്ചിങ്ങാചരിക്കുന്ന താപസൻ രഘുനന്ദന,
തിന്നും പരത്തിൽത്തൻമാംസം, കള്ളസ്സാക്ഷി കണക്കിനെ!
ലോകത്തിനെല്ലാം രാജാവു, ധർമ്മചാരി, മഹാരഥൻ, 30
പൂജ്യൻ, മാന്യൻ, ഭവാനി,ഷ്ടാതിഥിയായ് വന്നുചേർന്നവൻ.'
എന്നോതി രാമനെപ്പക്കായ്കനി മുമ്പായവററിനാൽ:—
യഥേഷ്ടം സൽക്കരിച്ചിട്ടു വീണ്ടുമൊന്നുരിയാടിനാൻ:—
"ഇതാ, വമ്പുള്ളീവില്ലൊന്നു, സുവർണ്ണമണിമണ്ഡിതം; 32
വൈഷ്ണവം, പുരുഷവ്യാഘ്ര, വിശ്വകർമ്മവിനിർമ്മിതം;
അമോഘം ശ്രേഷ്ഠമർക്കാഭം ബ്രഹ്മദത്തമൊരമ്പിതാ;
കത്തുന്ന തീയ്യു പോലുള്ള ക്ഷുരംപുകം നിറഞ്ഞതായ്
അമ്പൊടുങ്ങാത്തതാമിന്ദ്രൻ തന്ന രണ്ടാവനാഴിയും; 34
ഇതാ, പൊന്നുറയിട്ടൊരു പൊന്നണിക്കരവാളവും.
പോരിലീ വില്ലുകൊണ്ടല്ലോ രാമ, പണ്ടസുരേന്ദ്രരെ
വധിച്ചു വിഷ്ണു വിണ്ണോർക്കു വീണ്ടേകി ദീപ്തലക്ഷ്മിയെ.
ഈ വില്ലുമിത്തൂണികളുമമ്പും മാനദ, വാളിതും 36
വാങ്ങിക്കൊൾക ജയാർത്ഥം നീ, വജ്രം വജ്രി കണക്കിനെ."
എന്നുരച്ചു മഹാതേജസ്സാ, വരായുധമൊക്കെയും
രാമനു നല്കി,ബ്ഭഗവാനഗസ്ത്യൻ വീണ്ടുമോതിനാൻ:—

Digitized By Kerala Sahitya Akademi

## പതിമ്മൂന്നാം സർഗ്ഗം: പഞ്ചവടീപ്രയാണം.

—*—

"നന്ദിച്ചേൻ രാമ; ഭദ്രം തേ സൌമിത്രേ, തുഷ്ടനായി ഞാൻ;
വന്നല്ലോ നിങ്ങളിങ്ങെന്നെ വന്ദിപ്പാൻ സീതതന്നോടും.
വാട്ടവും ക്ഷീണവും നിങ്ങൾക്കൊട്ടില്ല വഴിയാത്രയാൽ;
വെമ്പുന്നുമുണ്ടാം, വിശ്രാന്തി കൊള്ളുവാൻ സീത ജാനകി: 2
ദുഃഖങ്ങൾക്കടിപെട്ടിട്ടില്ലാത്തോരു പൂവുടലാളിവൾ;
ഭർത്തൃസ്നേഹവശാലല്ലോ പൂകി, കേടേറിടും വനം.
ഇസ്സീതയ്ക്കിങ്ങൊരാശ്വാസമുളവാക്കുക രാമ നീ;
ദുസ്സാധമത്രേ ചെയ്തു, നിൻപിമ്പേ കാട്ടിൽ നടന്നിവൾ! 4
സ്ത്രീകൾതൻ മട്ടിതാണല്ലോ, സൃഷ്ടിതൊട്ടു രഘൂദ്വഹ;
സ്വസ്ഥകൾ പ്രണയം വെയ്ക്കും; ദുഃസ്ഥരെ കൈവെടിഞ്ഞിടും!
മിന്നലിൻ ചഞ്ചലതയുമായുധത്തിന്റെ മൂർച്ചയും
പകർത്തിട്ടുണ്ടു പെണ്ണുങ്ങൾ, ഗരുഡാനിലവേഗവും! 6
എന്നാൽ, ഭവദ്ഭാര്യയിവളിദ്ദോഷങ്ങൾ പെടാത്തവൾ,
വാഴ്ത്തേണ്ടോളാം, മുമ്പെണ്ണേണ്ടോൾ, ദേവ്യരുന്ധതി പോലവേ.
അണിയപ്പെട്ടിതിദ്ദിക്കു; പിന്നെയെന്തു, സലക്ഷ്മണൻ
ഭവാൻ സീതയുമായ് രാമ, പാർക്കാൻപോമെങ്ങരിന്ദമ?" 8
ഋഷിയേവം പറഞ്ഞാറേ, രാഘവൻ തൊഴുകയ്യുമായ്,
ജ്വലിക്കുമഗ്നി പോലുള്ള മുനിയോടോതി താഴ്മയിൽ:—
"ധന്യോസ്മ്യനുഗൃഹീതോസ്മി ഗുരുവാം മുനിപുംഗവൻ
സഭാര്യാനുജനാമെങ്കൽത്തെളിഞ്ഞല്ലോ ഗുണങ്ങളാൽ! 10
എന്നാൽ, ചൊല്ലിത്തരികെന്തോ ബഹ്വാരണ്യജലം സ്ഥലം,
ആശ്രമം തീർത്തു സുഖമായ്സ്സരസം പാർക്കുവാൻ മമ."
ആ രാമവചനം കേട്ടു ചൊന്നാൻ മാമുനി ധാർമ്മികൻ,
ഒട്ടുനേരം വിചാരിച്ചു തീരുമാനിച്ചു ബുദ്ധിമാൻ:— 12
"ദിക്കൊന്നുണ്ടിതുനിന്നുണ്ണീ, രണ്ടുയോജന ദൂരവേ,
നീർകായ്കനിമൃഗാകീർണ്ണം പഞ്ചവട്യാഹ്വയം ശുഭം;
അങ്ങു ചെന്നാശ്രമസ്ഥാനം തീർത്തു പാർക്കാം രസേന തേ,
സൌമിത്രിയൊത്തു താതാജ്ഞ നേരേ പാലിച്ചുകൊണ്ടു താൻ. 14
മുക്കാലും തീർന്നുപോയല്ലോ കാലമങ്ങയ്ക്കു രാഘവ,
പ്രതിജ്ഞയാൽദ്ദശരഥക്ഷ്മാപൻ കല്പിച്ചിരിപ്പതിൽ;

Digitized By Kerala Sahitya Akademi

തീർണ്ണപ്രതിജ്ഞനായ് നാട്ടിൽ വാഴും കാകുത്സ്ഥ, നീ സുഖം.
ധന്യൻ നിന്നച്ഛനാം ഭൂപൻ: രാമ, മൂത്ത മകൻ ഭവാൻ, 16

യയാതിയെപ്പോലവനെക്കററിയല്ലോ രഘൂദ്വഹ!
അറിഞ്ഞിരിപ്പൂ ഞാനീ നിൻവൃത്തം ദശരഥന്റെയും,
ഗാർഹസ്ഥ്യത്തിലും തപഃപ്രാപിയ്ക്കുത്താലുമൊട്ടക കല്മഷ.
നിന്നുള്ളിലുള്ള നിനവും ഞാനറിഞ്ഞേൻ തപസ്സിനാൽ; 18

അതാണു,പഞ്ചവടിയിൽപ്പോയ്പ്പാർക്കാമെന്നുരചെയ്തതും,
ഞാനൊത്തീയാശ്രമേ പാർക്കാനോർത്തീടുന്ന ഭവാനൊടായ്.
രമ്യമാണാ വനസ്ഥാനം; സീതയങ്ങു രമിയ്ക്കുമേ;
ഏറെദ്ദൂരത്തുമല്ലല്ലോ ശ്ലാഘ്യമാട്ടിക്ക രാഘവ. 20

ഗോദാവരിയ്ക്കും ചാരത്താണ,ങ്ങു സീത രമിയ്ക്കുമേ:
ഏററം കസ്തൂനിയുള്ളൊന്നു നാനാപക്ഷിഗണാവൃതം
ജനശൂന്യം മഹാബാഹോ, രമണീയം സുപാവനം.
ഭവാനുമനഘാചാരൻ, പാലിപ്പാൻ കെൽപ്പുമുള്ളവൻ; 22

അങ്ങു പാർത്തിട്ടനുഷ്ഠിയ്ക്കാം രാമ, താപസരക്ഷയും.
ഇതാ, കാണുന്ന വലിയോരിരിപ്പക്കാടു വീരനേ:
ഇതിന്റെയപ്പുറത്തൂടെ പോയാൽപ്പേരാല്ക്കലെത്തിടും;
അങ്ങുനിന്നു നിലം കേറിപ്പോയ്ച്ചെല്ലൊരചലാന്തികേ; 24

എപ്പോഴും പൂത്ത കാടൊക്കെപ്പഞ്ചവടിയങ്ങതാൻ."
എന്നഗസ്ത്യൻ കഥിച്ചാറേ, രാമൻ സൌമിത്രിസംയുതൻ
ആസ്സത്യവാക്കാമൃഷിയെപ്പൂജിച്ചു വിട വാങ്ങിനാൻ.
അവനാൽ വിട നല്കപ്പെട്ടത്തൃക്കാല്ക്കൽപ്പണിഞ്ഞവർ 26

തദാശ്രമാൽ സീതയുമായ്പ്പോയാർ പഞ്ചവടിയ്ക്കുടൻ.

ശരാസമന്തിസ്ത്രധിഭേദയങ്ങളും
ധരിച്ചു യുദ്ധാദ്ധതരാം നൃപാത്മജർ
പ്രമാദമേല്ലാതെ, മഹർഷി ചൊന്നതാം
വഴിയ്ക്കുതാൻ പഞ്ചവടിയ്ക്കു പോയിനാർ.

—*—

Digitized By Kerala Sahitya Akademi

## പതിനാലാം സൎഗ്ഗം: ജടായുസമാഗമം.

—*—

അന്നപ്പഞ്ചവടീയാത്രയ്ക്കിടയ്ക്കു രഘുനന്ദനൻ
കണ്ടെത്തീ, കൂററനായോരു ഭീമവിക്രമി ഗൃദ്ധ്രനെ.
പേരാൽമേലവനെക്കണ്ടാശങ്കാതുരരാം രാമലക്ഷ്മണർ,
പക്ഷി രാക്ഷസനെന്നോൎത്തു നീയാരെന്നരിയാടിനാർ. 2
ചൊന്നാൻ മധുരസൌമ്യച്ചൊല്ല,വൎക്കു പ്രീതി ചേൎത്തവൻ:-
'ഉണ്ണി, ഭവാന്റെയച്ഛന്റെ തോഴനെന്നറികെന്നെ നീ.'
മാനിച്ചാൻ താതസഖനെന്നറിഞ്ഞ,വനെ രാഘവൻ;
അവന്റെ കുലവും പേരും ചോദിച്ചാൻ ശ്രദ്ധവെച്ചവൻ. 4

രാമന്റെ ചോദ്യം കേട്ടിട്ടു കുലവും തന്റെ നാമവും
ചൊന്നാനവനൊടപ്പക്ഷി, സൎവ്വഭൂതോത്ഭവം മുതൽ:-
"പ്രജാപതികളാരെല്ലാം പണ്ടുണ്ടായി മഹാഭുജ,
ആദിതൊട്ടവരെച്ചൊല്ലാം; കേട്ടുകൊള്ളുക രാഘവ: 6
കൎദ്ദമൻ മുമ്പനവരിൽ, വിക്രീതാഖ്യനടുത്തവൻ,
ശേഷനും, സംശ്രയൻതാനും, വീൎയ്യവാൻ ബഹുപുത്രനും,
സ്ഥാണു, പിന്നെ മരീച്യത്രിമാരു,ജ്ജ്വലൻ ക്രതു,
പുലസ്ത്യനം,ഗിരസ്സംജ്ഞൻ, പ്രചേതഃപുലഹാഖ്യരും, 8
ദക്ഷൻ, വിവസ്വാനു,മരിഷ്ടനേമി കകുത്സ്ഥജ;
തേജസ്വിയാം കശ്യപനാണവൎക്കൊടുവിലുള്ളവൻ.
ദക്ഷപ്രജാപതിക്കുണ്ടായെന്നു കേൾപ്പുണ്ടു രാഘവ,
പുകൾപ്പെട്ടോരറുപതു പുത്രിമാരതികീൎത്തിമൻ. 10
അതിൽക്കശ്യപനാൽ വേൾക്കപ്പെട്ടാരെട്ടു സുമധ്യമാർ:
ഒന്നാമതായിട്ടദിതി, ദിതിയും, ദനു, കാളിക,
താമ്രയും, ക്രോധവശയും, മനു, പിമ്പനലാഖ്യയും
പിന്നീടക്കന്യമാരോടു ചൊന്നാൻ മോദമാ കശ്യപൻ:- 12
'മൂപ്പാർ ഭരിക്കുമെന്മട്ടാം പുത്രരെ പ്രസവിക്കുവിൻ!'
അതിൽ ശ്രദ്ധിച്ചിതദിതി, ദിതി, യദ്ദനു, കാളിക;
മററുള്ളവർ മഹാബാഹോ, ശ്രദ്ധവെച്ചില രാഘവ.
മുപ്പത്തിമൂവരദിതിക്കുണ്ടായ് വാനോരരിന്ദമ: 14
ആദിത്യവസുരുദ്രന്മാരശ്വിമാരും പരന്തപ.
ദിതി കനത്ത, ജനിപ്പിച്ചു പുകഴും ദൈത്യപുത്രരെ;

Digitized By Kerala Sahitya Akademi

പന്നുവക്കായിരുന്നു, കാടൊഴി ചെന്നിട്ടമീ മഹീ.
ദനു പെറ്റു ഹയഗ്രീവകനെയരിന്ദമ; 16
നരകൻ കാലകനിവർ കാളികയ്ക്കു പിറന്നവർ.
ക്രൗഞ്ചിയും, ഭാസിയും, ശ്യേനി, ധൃതരാഷ്ട്രി തഥാ ശുകി,
താമ്രയ്ക്കുണ്ടായ് ജഗൽഖ്യാതമാരീയഞ്ചു കുമാരിമാർ.
ക്രൗഞ്ചി മൂങ്ങകളെപ്പെറ്റു; ഭാസി പെറ്റിതു ഭാസരെ;
ശ്യേനി പെറ്റിതു നൽതേജസ്വിയലും ശ്യേനഗൃധ്രരെ.
ഹംസങ്ങളും, കളഹംസങ്ങളും, കോകങ്ങളിവരൊക്കയും,
മംഗളം തേ! മഹിളയാം ധൃതരാഷ്ട്രിക്കു ജാതരായ്;
ശുകിയോ, നതയെപ്പെറ്റു; വിനതാഖ്യ നതാത്മജ. 20
രാമ, ക്രോധവശയ്ക്കുണ്ടായ്വന്നു പെൺമക്കൾ പത്തുപേർ:
മൃഗിയും, മൃഗമന്ദാഖ്യ, ഹരി, ഭദ്രമദാഖ്യയും,
മാതംഗി,യഥ ശാർദ്ദൂലി, ശ്വേതാസുരഭിമാർകളും,
സുലക്ഷണങ്ങളൊട്ടുചേരും സുരസ, കദ്രുവും. 22
മൃഗങ്ങളെല്ലാം മൃഗിതൻ മക്കളാത്രേ നൃപോത്തമ;
ഋക്ഷങ്ങൾ മൃഗമന്ദയ്ക്കു സൃമരം ചമരങ്ങളും;
ഹരിയ്ക്കു മക്കൾ സിംഹങ്ങൾ,കരുത്തേറും പ്ലവംഗരും.
അഥ ഭദ്രമദയ്ക്കുണ്ടായ്വന്നു മകളിരാവതി; 24
അവൾതന്നുണ്ണി, ലോകേശനൈരാവതമഹാഗജം;
മാതംഗിയുടെപുത്രന്മാർ മാതംഗങ്ങൾ നരർഷഭ.
ശാർദ്ദൂലി പെറ്റു ശാർദ്ദൂലഗോലാംഗൂലകമാരരെ;
ശ്വേതയ്ക്കു ദിഗ്ദന്തികളാം പുത്രരുണ്ടായി രാഘവ. 26
സുരഭിക്കുളവായ്വന്നു രാമ, രണ്ടു കുമാരിമാർ:
ഭദ്രം തേ! രോഹിണി, പുകൾപ്പെട്ട ഗന്ധർവിയിങ്ങിനെ;
രോഹിണിക്കുളവായ് ഗോക്കൾ;ഗന്ധർവിപുത്രർ വാജികൾ;
നാഗങ്ങൾ സുരസയ്ക്കുണ്ടായ്; കദ്രുവിന്നുരഗങ്ങളും. 28
മനുവിന്നുളവായ് രാമ. പുകഴും മക്കൾ മനുഷർ:
ബ്രാഹ്മണക്ഷത്രവൈശ്യന്മാർ ശൂദ്രരേവം നരർഷഭ;
നൽക്കായ്കളുള്ള വൃക്ഷങ്ങളെല്ലാമനല പെറ്റവർ.
ശുകിതൻപൌത്രി വിനത;കദ്രുവോ, സുരസാനുജ; 30
ഭൂമിതാങ്ങും സഹസ്രാസ്യപന്നഗം, കദ്രുവിന്മകൻ.
വിനതയ്ക്കിരുപേർ പുത്രർ, ഗരുഡാരുണനാമകർ;

Digitized By Kerala Sahitya Akademi

അരുണനന്ദന പിറന്നോൻ ഞാൻ; സമ്പാതി മമ പൂർവ്വജൻ;
ജടായു ഞാനെന്നറിക, ശ്യേനീപുത്രനരിന്ദമ. 32

നിൻ പാർപ്പിടത്തിൽത്തുണയായ് നില്ക്കുവൻ, വേണമെങ്കിൽ ഞാൻ:
മൃഗരാക്ഷസർ മേവുന്നതല്ലോ ഗഹനമീ വനം;
നീ ലക്ഷ്മണനുമായ്പ്പോകെക്കാക്കുവൻ വത്സ, സീതയെ."

മുറയ്ക്കു മാനിച്ചടനജ്ജടായുവെ-
പ്പുണർന്നു മോദേന വണങ്ങി രാഘവൻ:
ശ്രവിച്ചുവല്ലോ, കഥിതം പുനഃപുന-
ർജ്ജടായുവിൻ താതസഖത്വമാത്മവാൻ. 34

സലക്ഷ്മണൻ, സീതയെയമ്പ് ബലിഷ്ഠനാം
ഖഗങ്കലേല്പിച്ചവനോടുമൊത്തവൻ
ഗമിച്ചിതപ്പഞ്ചവടിക്കു, പാവകൻ
പതംഗരെപ്പോലെ,രിപുക്കളെച്ചുടാൻ.

## പതിനഞ്ചാം സർഗ്ഗം: പഞ്ചവടീപ്രവേശം.

—*—

നാനാവ്യാളമൃഗം തിങ്ങുമപ്പഞ്ചവടി പുക്കുടൻ
ചൊന്നാൻ, ദീപ്താത്മനാം തമ്പി സൗമിത്രിയോടു രാഘവൻ:-
'മുനിചൊല്ലിയൊരുദ്ദിഷ്ടസ്ഥലത്തെത്തിക്കഴിഞ്ഞു നാം:
ഇത,പ്പഞ്ചവടീദേശം സൗമ്യ, പുഷ്പിതപാദപം. 2

കൺ നടത്തുക കാടെങ്ങും;-ദക്ഷനല്ലോ തവ പാടവം:
നമുക്കേതൊരിടത്തായാലാണിഷ്ടപ്പെടുകാശ്രമം?
രസിക്കണം മൈഥിലിയും നീയും ലക്ഷ്മണ,ഞാനുമേ;
അതിന്നൊത്തൊരിടം നോക്കു ചാരേ നീരാഴിയുള്ളതായ്. 4

ഭംഗി വേണം വനത്തിന്നു; ഭംഗിവേണം സ്ഥലത്തിനും;
ചാരത്തുണ്ടാവണം, ദർഭ പൂവും ചമത വെള്ളവും.'
രാമനീങ്ങിനെ ചൊന്നാറെ, ലക്ഷ്മണൻ തൊഴുകയ്യുമായ്
സീതയ്ക്കുമുന്നിൽവെച്ചേവം കാകുത്സ്ഥനോടു ചൊല്ലിനാൻ:- 6

'ഞാനസ്വതന്ത്രൻ കാകുത്സ്ഥ, നീ നൂറാണ്ടുകൾ വാഴ്കവേ;
തൃക്കണ്ണുകൾ രുചിച്ചേടത്തുണ്ടാക്കാനരുൾചെയ്ക മാം.'

മഹാത്മാവാം ലക്ഷ്മണന്റെയീ വാക്കാൽപ്പരിതുഷ്ടനായ്
നോക്കിക്കണ്ടുപിടിച്ചാനൊരിടം സർവ്വഗുണാന്വിതം. 8



Digitized By Kerala Sahitya Akademi

ആ രമ്യമാം സ്ഥലമെത്തീട്ടാ,ശ്രമം വിരചിപ്പവൻ,
കൈത്തൃക്കയ്യാൽപ്പിടിച്ചോതീ സൌമിത്രിയോടു രാഘവൻ:—
"നന്നീസ്ഥലം, നിരപ്പൊത്തു പൂമരങ്ങൾ ചുഴന്നതാം;
ഇങ്ങാശ്രമപദം സൌമ്യ, വേണ്ടുംപോലെ ചമയ്ക്ക നീ. 10

ശ്രമണം പൂണ്ട സൂര്യാഭത്താമരപ്പൂക്കളൊത്തിതാ,
കാണപ്പെടുന്നൂ, ചേലുറ്റൊരലർപ്പൊയ്ക ചാരവേ.
ഭാവിതാത്മാവഗസ്ത്യർഷിയരുളിച്ചെയ്തവണ്ണമേ,
രമ്യഗോദാവരിയിതാ, പൂമരങ്ങൾ ചുഴന്നതായ്, 12

അന്നം നീർക്കോഴിയും, തിങ്ങിച്ചക്രവാകം വിളങ്ങിയും,
അകന്നും തൊട്ടുമല്ലാതെ, മൃഗക്കൂട്ടം തിമിർത്തവ,
ഗുഹ വായ്ച്ചവ, രമ്യങ്ങൾ, സൌമ്യ, മയിലൊലി ചേർന്നവ,
കാണുന്നൂ തുംഗശൈലങ്ങൾ, പൂമരങ്ങൾ ചുഴന്നവ: 14

അതാതിടത്തു പൊൻവെള്ളിചെമ്പുധാതുക്കളാലിവ
ലസിപ്പൂ, ജന്നൽനേർച്ചുട്ടിച്ചേരുമാനകൾ പോലവേ;
ശോഭിപ്പിക്കുന്നിതിവയെപ്പുന, പച്ചില, മാവുകൾ,
തൊടുകാര, പയൻ, പ്ലാവു, നീർക്കടമ്പീ,ന്ത, പുന്നയും, 16

തേന്മാവ,ശോകം, മൈലെള്ളും, ചമ്പകം, കേതകങ്ങളും,
ചെടിപ്പടപ്പുപൂവള്ളിയൊത്തതാത്തരുമരങ്ങളും,
കടമ്പ,യനി, പാടീരം, കുജകം, കാര, പാതിരി,
ഞമയും, മരുതും, വന്നി, കരിങ്ങാലി, പിലാശുമേ. 18

ഇതു പുണ്യ,മിതാകൃഷ്ട,മിതു പക്ഷിമൃഗാകുലം;
ഇങ്ങാവാം പാർപ്പു നമ്മൾക്കാപ്പക്ഷിയൊന്നിച്ചു ലക്ഷ്മണ."
ഈ രാമവാക്കിനാൽ,ശ്ശത്രുവീരഹന്താവു ലക്ഷ്മണൻ
തീർത്താനൊരാശ്രമം വൈകാതഗ്രജന്നു മഹാബലൻ: 20

അങ്ങു മൺകൊണ്ടു ചുമർ വെച്ചു,വൻ തീർത്താൻ മഹാബലൻ,
വൻതൂണമേൽ നീണ്ട മുളംകഴക്കോൽകളിണക്കിയും,
വന്നിക്കൊമ്പു വിരിച്ചിട്ടു നാരാൽക്കെട്ടിമുറുക്കിയും,
അമ കാശം കുശമിലയിവയാൽത്തൂർത്തുമേഞ്ഞുമേ, 22

നിലം നിരത്തിയും, കാണേണ്ടുന്ന ഭംഗി വരുത്തിയും,
രാമന്നു പാർപ്പാൻ നല്ലോരു വലുതാം പർണ്ണശാലയെ
എന്നിട്ടു ഗോദാവരിയാമാറ്റിൽപ്പോയിക്കുളിച്ചുടൻ
പോയ്ത്താരും കന്ദകളും കൊണ്ടുവന്നാൻ ശ്രീപൂണ്ട ലക്ഷ്മണൻ. 24

Digitized By Kerala Sahitya Akademi

പിന്നെശ്ശരിയ്ക്കവൻ പുഷ്പബലിയും ശാന്തികർമ്മവും
കഴിച്ചു രാമനെക്കാണിച്ചാനാ നിർമ്മിതമാശ്രമം.
തീർത്ത സൌമ്യാശ്രമമതു പാർത്തു സീതാസമേതനായ്
തുഷ്ടി പൂണ്ടാൻ തുലോം, പർണ്ണശാലയെപ്പററി രാഘവൻ. 26

സംതുഷ്ടനായ് ലക്ഷ്മണനെപ്പരമസ്നേഹമോടുടൻ
കൈകളാൽ മുറുകെക്കെട്ടിപ്പുണർന്നിങ്ങനെ ചൊല്ലിനാൻ:—
‘തെളിഞ്ഞേൻ നിന്നാൽ; വൻവലയാണിച്ചെയ്തതു നീ പ്രഭോ;
നിനക്കിതിന്നു സമ്മാനമായിട്ടത്രേ പുണർന്നു ഞാൻ! 28

ഭാവജ്ഞൻ കൃതജ്ഞൻ നീ; നീയാം പുത്രനിരിയ്ക്കയാൽ,
ധർമ്മജ്ഞ, തീർപ്പെട്ടിട്ടില്ലെന്നച്ഛൻ ലക്ഷ്മണ, ധാർമ്മികൻ!’
ഏവം ലക്ഷ്മണനോടോതി, ശ്രീ വളർത്തുന്ന രാഘവൻ
പാർത്താൻ സുഖമൊടാക്കാസ്ഥലമാം ദിക്കിൽജ്ജിതേന്ദ്രിയൻ; 30

ധർമ്മാത്മാവാമവൻ സീതാലക്ഷ്മണന്മാരൊടൊപ്പമേ
അങ്ങു പാർത്താൻ കുറേക്കാലം, വിണ്ണിൽദ്ദേവൻ കണക്കിനെ.

## പതിനാറാം സർഗ്ഗം: ഹേമന്തവർണ്ണനം

ആ മഹാത്മാവു കാകുത്സ്ഥൻ സുഖമായങ്ങു പാർക്കവേ,
ശരത്തു തീർന്നു വന്നെത്തി മഞ്ഞുകാലം മനോരമം.
ഒരുനാളാ പുലർകാലത്തു നീരാടാനെഴുന്നള്ളിനാൻ
ചേലുററ ഗോദാവരിയാമാററിലേയ്ക്കാ രഘൂദ്വഹൻ. 2

അവൻെറ പിമ്പേ, കുടമൊന്നേന്തി സ്സീതാസമേതനായ്
നടക്കും വീര്യവാൻ ചൊന്നാൻ, താഴ്മയിൽത്തമ്പി ലക്ഷ്മണൻ:—
“ഇതാ, വന്നു ഭവാന്നിഷ്ടപ്പെട്ട കാലം പ്രിയംവദ;
ഇതിനാൽ, ബദ്ഭൂഷിതം പോലെ ഭംഗ്യാ ശോഭിപ്പൂ വത്സരം. 4

മഞ്ഞാലുലൻപോയ് ലോകം;—മൂഴി സസ്യം തഴച്ചതായ്;
അഭോഗ്യമായ്ത്തീർന്നു ജലം;—തീയ്യോ, സൌഭാഗ്യശാലിയായ്!
പിതൃദേവതകൾക്കായിപ്പുത്തരിപ്പൂജ ചെയ്തിഹ
കാലേ പുത്തരിയുണ്ണുന്നു, സജ്ജനങ്ങളകല്മഷർ. 6

പെരുകീ ഗോരസം, വായ്പു കാമം നാട്ടുപുറങ്ങളിൽ;
പടയ്ക്കായ്സ്സഞ്ചരിയ്ക്കുന്നു, ജയം തേടുന്ന മന്നവർ.

Digitized By Kerala Sahitya Akademi

സൂൎയ്യനന്തകദിക്കോട്ടു ചേൎന്നിരിപ്പതുകാരണം
വിളങ്ങാതായ് കുബേരാശ, പൊട്ടു മാഞ്ഞവധൂ പോലവേ! 8

സ്വതവേ കട്ടിമഞ്ഞുള്ളൊന്നി,പ്പോൾസ്സൂൎയ്യനകന്നതിൽ
മഞ്ഞേറി,സ്സാൎത്ഥനാമാവായിട്ടുണ്ടാം മഞ്ഞുമാമല!
ഉച്ചയ്ക്കുണ്ടൊരിളംചൂടു; നടക്കാൻ വളരെസ്സുഖം;
നന്നൎക്കൻ, തണലും നീരം നന്നല്ലി,വണ്ണമായ് പകൽ. 10

മഞ്ഞാൽസ്സൂൎയ്യനു ചൊല്ലില്ല; കാററുമേററം തണുപ്പുമേ;
അരണ്യം ശൂന്യം—മീമട്ടാം, ഹിമാൎത്തമധുനാ പകൽ.
വെളിയ്ക്കില്ലാ കിടപ്പെന്നാക്കിയ മഞ്ഞും തണുപ്പുമായ്
പാരം നീളുന്നിതധുനാ, പുഷ്യനീതങ്ങളല്ലുകൾ. 12

സൌഭാഗ്യം സൂൎയ്യനിൽച്ചേൎത്തു മഞ്ഞാൽച്ചെങ്ങിയ ചന്ദ്രമാ,
വീൎപ്പു തട്ടിയ കണ്ണാടി പോലവേ വിലസാതെയായ്.
മഞ്ഞാൽമുഷിഞ്ഞതായ്ക്കാണ്മൂ പൌൎണ്ണമാസീനിലാവുമേ,
വെയിലേററിരുണ്ട സീതയ്ക്കൊത്തേ;—ന്നാലതൊളികെട്ടതാം! 14

സ്വതവേ കുളിരേകുന്നോനി,പ്പോൾ മഞ്ഞിൻെറ ചേൎച്ചയാൽ
കാലത്തിരട്ടിക്കുളിരോടടിപ്പൂ പശ്ചിമാനിലൻ.
കോതമ്പും യവവും ചേൎന്ന വയലുകളനേകമേ
ശോഭിപ്പിതാവിയാൽ മൂടി,സ്സാരസക്രൌഞ്ചനാദികൾ. 16

അരിയുൾത്തിങ്ങമീന്തപ്പൂവൊളിക്കതിർകളാലിതാ,
തെല്ലൊന്നു ചാഞ്ഞു ശോഭിപ്പൂ പൊന്നിറം പൂണ്ട നെല്ലുകൾ.
കുളിർമഞ്ഞിൻമറവൊടേ പരക്കും കിരണങ്ങളാൽ
ചന്ദ്രനെപ്പോലിരിയ്ക്കുന്നൂ, ദൂരത്തുദിതനംശുമാൻ. 18

തോന്നാ കാലത്തു ചൂടു,ച്ചയ്ക്കല്പതിൽസ്സുഖ,മേവമായ്
ഇടത്തല്പം വെളുപ്പോടെ ശോഭിപ്പൂ വെയിലൂഴിയിൽ.
മഞ്ഞു വീണിത്തിരി നനഞ്ഞുള്ള പൈംപുൽപ്പരപ്പോടും,
ഇളവെയിലു പതിഞ്ഞുണ്ടു വിലസുന്നു വനസ്ഥലം. 20

സുഖമായിത്തെളിഞ്ഞുള്ള കുളിർതണ്ണീരു തൊട്ടുടൻ
തുമ്പിക്കൈ പിൻവലിയ്ക്കുന്നൂ, ദാഹം മൂത്ത വനദ്വിപം.
നീരിൽച്ചരിയ്ക്കുന്നവയാമീയിരിയ്ക്കുന്ന പക്ഷികൾ
ഇറങ്ങുന്നില തണ്ണീരിൽ,പ്പോരിലപ്രൌഢർ പോലവേ. 22

മഞ്ഞുനീരിരുളാപ്പെട്ടും, മഞ്ഞാമിരുളിൽ മൂടിയും,
ഉറക്കംപോലെ കാണുന്നൂ, പൂക്കളില്ലാത്ത കാടുകൾ.

Digitized By Kerala Sahitya Akademi

ആവിയാൽ നീർ മറകയാലാരവജ്ഞേയസാരസം
ശോഭിപ്പൂ, പുളിനം മഞ്ഞാൽ നനഞ്ഞ നദി സാംപ്രതം. 24
സൂര്യന്റെ കെൽപുകേടാലും, മഞ്ഞു വീഴ്കയാലുമേ,
പ്രായേണ പാറമേലുള്ള വെള്ളവും കുളിരാൽ വിഷം!
ചുങ്ങിച്ചുളിഞ്ഞു മഞ്ഞേററിട്ടല്ലിമൊട്ടു കൊഴിഞ്ഞുപോയ്
തണ്ടു ശേഷിച്ച പദ്മങ്ങൾ വിളങ്ങിപ്പീല പൊയ്കയിൽ. 26
ഈക്കാലത്തു, നരവ്യാഘ്ര,ദുഃഖമുൾക്കൊണ്ടു ധാർമ്മികൻ
നിങ്കൽബ്ഭക്ത്യാ തപം ചെയ്യുന്നല്ലോ, ഭരതൻ പുരം.
വാഴ്ചയും മേന്മയും നാനാഭോഗച്ചാർത്തും വെടിഞ്ഞവൻ
കിടക്കുന്നു കുളിർനിലത്തൊട്ടു, നോൽമ്പും തപസ്സുമായ്. 28
അവനും, നിത്യമീ നേരം വന്നാൽ, പൗരരൊടൊപ്പമേ,
പോകുന്നുണ്ടാം, സരയൂനദിയിങ്കൽക്കുളിപ്പുവാൻ.
നൽസ്സുഖത്തിൽ വളർന്നോരസ്സുകുമാരൻ സുഖോചിതൻ
എപ്രകാരം സരയുവിലിറങ്ങും പുലർവേളയിൽ! 30
വീരൻ തണ്ടാരിതൾക്കണ്ണൻ മഹാൻ ശ്യാമൻ കൃശോദരൻ
ധർമ്മജ്ഞൻ സത്യമേ ചൊൽവോൻ നാണമുള്ളോൻ ജിതേന്ദ്രിയൻ
നാനാഭോഗങ്ങൾ വിട്ടെല്ലാംകൊണ്ടുമാര്യനെയാശ്രിതൻ. 32
കീഴടക്കീടിനാൻ സ്വർഗ്ഗം നിൻതമ്പി ഭരതൻ മഹാൻ:
കാട്ടിൽമേവും ഭവാനൊപ്പം ചെയ്യുന്നല്ലോ തപസ്സവൻ!
'അച്ഛന്റെയല്ല,മ്മയുടെ മട്ടാണണക മർത്ത്യരിൽ'
എന്നീപ്പുകഴ്ന്ന ലോകോക്തി മാററിനാൻ ഭരതൻ പരം! 34
ഭർത്താവായ്ന്ന ദശരഥനി;–വൻക്ക ഭരതൻ മകൻ;
അത്ര നിഷ്ഠുരയായ്ത്തീർന്നതെന്തീയമ്മ കൈകയി!”
    ധർമ്മിഷ്ഠൻ ലക്ഷ്മണൻ സ്നേഹാലിമ്മട്ടു പറയുംവിധൌ,
ആ മാതൃനിന്ദ സഹിയാഞ്ഞരുളിച്ചെയ്തു രാഘവൻ:– 36
“മധ്യമാംബയെ നീയുണ്ണീ, പഴിക്കൊല്ലൊരുമട്ടിലും
പറകീ,ക്ഷ്വാകുപതിയാം ഭരതന്റെ ചരിത്രമേ.
കാട്ടിൽപ്പാർപ്പിന്നുറച്ചുള്ളെൻചിത്തം സുസ്ഥിരമെങ്കിലും,
ഭരതസ്നേഹതാപത്താലാടിപ്പോകുന്നു വീണ്ടുമേ. 38
ഓർക്കുന്നേൻ ഞാനവന്നുടെ മധുരപ്രിയവാക്കുകൾ,
ഹൃദ്യങ്ങള,മൃതിനൊപ്പമുൾക്കുളിർപ്പിച്ചിടുന്നവ.
എന്നു ചേരുന്നു സുമഹാത്മാവാം ഭരതനോടു ഞാൻ,
ശത്രുഘ്നനാം വീരനോടും, നീയുമൊന്നിച്ചു രാഘവ!” 40

Digitized By Kerala Sahitya Akademi

ഇത്ഥം വിലാപങ്ങളോടേ ഗോദാവരിയാററിലണഞ്ഞുടൻ
സ്നാനം കഴിച്ചാൻ കാകുത്സ്ഥൻ ഭ്രാതൃസീതാസമന്വിതൻ.
പിതൃദേവകളെത്തണ്ണീർകൊണ്ടു തൎപ്പിച്ചു പിന്നവർ
ഉദിച്ച സൂൎയ്യനെബ്ഭക്ത്യാ വാഴ്ത്തി ദേവതമാരെയും. 42

കുളിച്ചു സൌമിത്രിയൊടൊത്തു തത്ര
വിളങ്ങി സീതാന്വിതനായ രാമൻ,
നന്ദീശനും ഗൌരിയുമായ്ക്കുളിച്ചു
രുദ്രൻ മഹേശൻ ഭഗവാൻ കണക്കെ.

---

## പതിനേഴാം സൎഗ്ഗം: ശൂൎപ്പണഖാഗമനം

---

രാമൻ കുളി കഴിച്ചിട്ടു സീതാസൌമിത്രിമാരൊടേ
പോന്നാൻ നിജാശ്രമത്തിങ്കലേയ്ക്കാ ഗോദാവരീതടാൽ.
ആയാശ്രമമണഞ്ഞിട്ടു രാഘവൻ ലക്ഷ്മണാന്വിതൻ
പൂൎവ്വാഹ്നകൎമ്മങ്ങളും കഴിച്ചണഞ്ഞാൻ പൎണ്ണശാലയിൽ- 2
മേവിനാൻ സുഖമായങ്ങു മഹൎഷിജനമാനിതൻ;
ഭ്രാതാവാം ലക്ഷ്മണനുമായ് നാനാകഥകളും ചൊല്ലിനാൻ.
പൎണ്ണശാലയിലസ്സീതയൊത്തിരിക്കുന്ന രാഘവൻ
വിളങ്ങിനാൻ മഹാബാഹു, ചിത്രയൊത്തിന്ദു പോലവേ. 4
രാമനേവം കഥകളിൽ ശ്രദ്ധയുൾക്കൊണ്ടിരിക്കവേ,
വന്നുചേൎന്നു യദൃച്ഛയാ പ്രദേശത്തൊരു രാക്ഷസി:
ദശാസ്യരക്ഷോഭഗിനിയവൾ ശൂൎപ്പണഖാഖ്യയാൾ
കണ്ടണഞ്ഞീടിനാൾ ദേവതുല്യനാകിയ രാമനെ. 6
ദീപ്താനനൻ മഹാബാഹു, താമരത്താർദളേക്ഷണൻ,
ഗജവിക്രാന്തഗമനൻ, വട്ടച്ചീട വഹിച്ചവൻ,
സുകുമാരൻ, മഹാസത്വൻ, രാജലക്ഷണസംയുതൻ, 8
ഇന്ദ്രാഭനിന്ദീവരനേർവൎണ്ണൻ, കന്ദൎപ്പസുന്ദരൻ,
രാമനെക്കണ്ടു കാമത്താൽ മയങ്ങിപ്പോയി രാക്ഷസി.
ദുൎമ്മുഖി സുമുഖനെ,സ്സുമധ്യനെ മഹോദരി,
ദീൎഘാക്ഷനെ വിരൂപാക്ഷി, താമ്രകേശി സുകേശനെ, 10
സുരൂപനെ വിരൂപാങ്ഗി, ഭീമശബ്ദ സുശബ്ദനെ,
യുവാവെഗ്ഘോര കിഴവി, വക്രവാക്കൃജുഭാഷിയെ,

Digitized By Kerala Sahitya Akademi

സദ്വൃത്തനെസ്സുദുർവ്വൃത്ത, സൌമ്യനെ ക്രൂരരൂപിണി,
രാമനെപ്പാർത്തു ചോദിച്ചാൾ കാമബാധിത രാക്ഷസി:— 12
'മുനിമട്ടിൽജ്ജടയുമായ് വില്ലമ്പേന്തിസ്സഭാര്യനായ്,
എമ്മട്ടു,രക്ഷോരമ്യമീപ്രദേശത്തു വന്നു നീ?
എന്തിനാണു ഭവാൻ വന്നതുരചെയ്ക വാസ്തവം.'

ഏവം രാക്ഷസിയാം ശൂർപ്പണഖ ചോദിച്ചനേരമേ 14
ചൊല്ലാൻതുടങ്ങിനാനെല്ലാം,മാർജ്ജവത്താലരിന്ദമൻ:
ഭോഷ്ക്കോതൽ സമ്മതവുമല്ലല്ലോ രാമനൊരിക്കലും,
വിശേഷിച്ചാശ്രമപ്പാട്ടിൽ, സ്ത്രീകൾതൻ സവിധത്തിലും:—
"ഉണ്ടായിരുന്നു ഗീർവ്വാണവീര്യൻ ദശരഥൻ നൃപൻ; 16
അവന്റെ മൂത്തപുത്രൻ ഞാൻ രാമനെന്നു ജനശ്രുതൻ.
തമ്പി ലക്ഷ്മണനാണിയ്യാ,ളെന്നെപ്പിന്തുടരുന്നവൻ;
ഇവളെ,ൻഭാര്യ വൈദേഹി, സീതയെന്നു പുകഴ്ന്നവൾ.
പിതൃനൃപനിയോഗത്താലു,മ്മയും ചൊന്നതാകയാൽ, 18
ധർമ്മാർത്ഥം കാട്ടിൽ വാഴാനായ് വന്നേൻ ധർമ്മേച്ഛു ഞാനിഹ.
നിന്നെയുണ്ടറിവാൻ മോഹം: ചൊല്ലു, രാ, ആരുടെയാണു നീ?
ചാർവംഗി നീ രാക്ഷസിയാണെന്നു തോന്നുന്നതില്ല മേ.
നിമിത്തമെന്തു, നീയിങ്ങു വരുവാൻ? ചൊല്ലു വാസ്തവം.' 20
അതു കേട്ടുരചെയ്താളാ മദനാർദ്ദിത രാക്ഷസി:—
"പറയാം രാമ: കേട്ടാലും സത്യമാമെന്റെ ഭാഷിതം:
ഞാൻ, ശൂർപ്പണഖയെന്നോരു കാമരൂപിണി രാക്ഷസി,
ഒറ്റയ്ക്കീക്കാട്ടു ചുറ്റുന്നേനാർക്കും പേടി പെടുത്തുമാറാം. 22

എന്നാങ്ങള, കരുത്തേറും രാവണൻ, രാക്ഷസേശ്വരൻ,
വിശ്രവസ്സിൻമകൻ, വീരൻ;—കേട്ടിട്ടുണ്ടായ്വരാം ഭവാൻ—
സദാ കിടന്നുറങ്ങീടും ബലിഷ്ഠൻ കുംഭകർണ്ണനും;
വിഭീഷണൻ ധർമ്മപരനരക്കത്തൊഴിൽ വിട്ടവൻ, 24
ഖരദൂഷണരും ഭ്രാതാക്കന്മാർ വിശ്രുതവിക്രമർ.
അവർക്കു കീഴടങ്ങാത്തോളാം ഞാൻ രാമ, പുരുകാംക്ഷയാൽ
വന്നെത്തിനേൻ, നരശ്രേഷ്ഠ, നിന്നെക്കണവനാക്കുവാൻ.
പ്രഭാവവും, യഥാകാമം കരുത്തും, പോക്കുമുണ്ടു മേ; 26
മണാളനാക നീണാൾ മേ; സീതയാലെന്തെടുത്തിടും?
വിരൂപ വൈകൃതാകാരിയിവൾ ചേരുകയില്ല തേ.

Digitized By Kerala Sahitya Akademi

ഞാൻതാനങ്ങളെല്ലാത്ത ഭാര്യയഴകാൾ; നോക്കുകെന്നെ നീ!
ഇക്കണ്ടുവയറിച്ചേട്ടവിരൂപവികൃതത്തിയെ, 28
ഈ നിന്നനുജനോടൊപ്പം തിന്നുവൻ മാനുഷത്തിയെ;
എന്നിട്ടു ഗിരിശൃംഗങ്ങളും വിവിധങ്ങളും വനങ്ങളും
കണ്ടുകൊണ്ടു നടക്കാം തേ കാന്ത, ഞാനൊത്തു ദണ്ഡകേ.”
ഈ വാക്കു കേട്ടൊന്നു ചിരിച്ചുരചെയ്യാൻ തുടങ്ങിനാൻ 30
മദിരേക്ഷണയോടേവം, കാകുത്സ്ഥൻ വാക്യകോവിദൻ.

---

## പതിനെട്ടാം സർഗ്ഗം: ശൂർപ്പണഖാവിരൂപണം

---

കാമക്കെട്ടേക്കറ്റവളാമശ്ശൂർപ്പണഖയോടുടൻ
മയത്തിൽ സ്പഷ്ടമായ്ച്ചൊന്നാൻ പുഞ്ചിരിക്കൊണ്ടു രാഘവൻ:—
“ഭദ്രേ, ഞാൻ വേട്ടിരിപ്പോനാണോ;—മൽഭാര്യയെയിസ്സീവാം;
നിന്മട്ടുകാരാം സ്ത്രീകൾക്കോ, സപത്നീച്ചേർച്ച സങ്കടം! 2
എന്നാലെൻ സോദരനിവൻ സുശീലൻ പ്രിയദർശനൻ
ഭാര്യയില്ലാത്തവൻ ശ്രീമാൻ വീരൻ ലക്ഷ്മണനെന്നവൻ;
അപൂർവ്വി, ഭാര്യ വേണ്ടുന്നോൻ, തരുണൻ, പ്രിയദർശനൻ
നിനക്കീയഴകിന്നൊത്ത ഭർത്താവായിബ്ഭവിച്ചിടും. 4
ചേരുകീയെന്നനുജനാം കാന്തങ്കൽ വിപുലേക്ഷണേ,
സുശ്രോണി, മേരുവിൽസ്സൂര്യപ്രഭ പോലസപത്നയായ്.”
എന്നു രാമൻ പറകയാൽക്കാമമോഹിത രാക്ഷസി
ചിക്കെന്നു രാമനെ വെടിഞ്ഞാ, ലക്ഷ്മണനോടോതിനാൾ:— 6
‘അങ്ങേക്കീയഴകിന്നൊത്ത ഭാര്യ ഞാൻ വരവർണ്ണിനി;
ഞാനൊത്തങ്ങു സുഖമായ്ച്ചുറ്റാം ദണ്ഡകയൊക്കയും.’
ഏവം രാക്ഷസി ചൊന്നാറെ ചിരിച്ചുചിതമോതിനാൻ
അശ്ശൂർപ്പണഖയോടു,ക്തിദക്ഷൻ സൌമിത്രി ലക്ഷ്മണൻ:— 8
“നീ ദാസിയായ്ത്തീരുകയോ, ദാസനാമെന്റെ ഭാര്യയായ്?
ആര്യന്റെ കീഴിൽക്കഴിവാനല്ലോ ഞാൻ പദ്മവർണ്ണിനി.
സിദ്ധാർത്ഥ നീ സമൃദ്ധാർത്ഥനാര്യനു വിപുലേക്ഷണേ,
ചെറിയഭാര്യയായ്ക്കൊൾക തെളിഞ്ഞമലവർണ്ണിനി. 10
ഇക്കണ്ടുവയറിച്ചേട്ടവിരൂപവികൃതത്തിയെ,
കിഴട്ടുഭാര്യയെ വെടിഞ്ഞിവൻ നിന്നാട്ടു ചേരുമേ!

Digitized By Kerala Sahitya Akademi

ആരി മികച്ച സൌന്ദര്യം വെടിഞ്ഞു വരവർണ്ണിനി,
മർത്ത്യസ്ത്രീയിൽ മനം വെയ്ക്കും സ്വാശ്രയാണി, കഥയുള്ളവൻ?'' 12

എന്നു സൌമിത്രി ചൊന്നാറെ, നേരം പോക്കറിയാത്തയാൾ
ആ വാക്ക നേരെന്നോർത്താള്ളപ്പെരുംവയറി ഘോരയായവൾ!
ചൊന്നാൾ ദുർദ്ധർഷനാം ശത്രുതാപിയാം ഗജസന്ധയായ്,
സീതയോടുത്തുടജത്തിങ്കലിരിക്കും രാമനോടേവം:– 14

'ഇക്കണ്ടുവയറിച്ചേട്ടവിരൂപ വികൃതത്തിയെ,
കിഴട്ടമായ്യയെക്കൈക്കൊണ്ടെന്നെ മാനിപ്പതില്ല നീ.
ഇപ്പോഴീ മാനുഷസ്ത്രീയെത്തിന്മാൻ നിനുന്നിൽവെച്ചു ഞാൻ,
നിയൊത്തു സുഖമാംവണ്ണം നടപ്പനസപത്നയായ്.' 16

എന്നുരച്ചെരിതീക്കൊള്ളിക്കണ്ണി കൊച്ചുമൃഗാക്ഷിയെ
പാഞ്ഞേറാളീറയാൾ,ക്കൊള്ളിമീൻ രോഹിണിയെയാംവിധം.
കാലൻെറ കയർ പോലോടിയേററിടുമവളെ ക്രുധാ
തടുത്ത,തിബലൻ രാമൻ സൌമിത്രിയോടു ചൊല്ലിനാൻ:– 18

'വയ്യാ, കടുംദുഷ്ടരുമായ് നേരംപോക്കാരുമട്ടിലും:
കാൺക, കഷ്ടിച്ചുജീവിക്കും സീതയെസ്സൌമ്യ, ലക്ഷ്മണ!
ഈ വിരൂപയെ, മത്തേറും പെരും വയറി ചേട്ടയെ,
രാക്ഷസത്തിയെ, വൈരൂപ്യം ചേർത്തയയ്ക്ക നരർഷഭ.' 20

എന്നു കേട്ടരിശം കൊണ്ടു ലക്ഷ്മണൻ രാമസന്നിധൌ
വാളൂരിയ,വൾതൻ കാതും മൂക്കും ചെത്തി മഹാബലൻ.
കാതും മൂക്കമരിഞ്ഞപ്പോളശ്ശൂർപ്പണഖ ഭീഷണ
കാട്ടിലോട്ടോടിനാൾ വല്ലാതാർത്തു, വന്നവഴിക്കുതാൻ. 22

വിരൂപയായ്‌ച്ചോരയൊലിച്ചാ, മഹാഘോര രാക്ഷസി
പലശബ്ദത്തിലലറി, വർഷത്തിൽക്കാറു പോലവേ.
ചോര വാർന്നൊഴുകി,ക്കണ്ടാൽപ്പേടിതോന്നീടുമാറവൾ
കൈ പൊക്കിപ്പലപാടാർത്തുംകൊണ്ടു വനാടു പൂകിനാൾ. 24

ഉടൻ ജനസ്ഥാനഗനാം സഗർവനെ,
ക്ഷപാടർ ചൂഴും ഖരനാം കരാളനെ
അണഞ്ഞു പാർത്തട്ടിലലച്ചുവീണിതാ–
വിരൂപ, വാൻ വിട്ടിടിവാള പോലവേ.
6

Digitized By Kerala Sahitya Akademi

ഭയേന മൂർച്ഛിച്ചവാം പിന്നെ, രാഘവൻ
സദാരസൌമിത്രി വനത്തിൽ വന്നതും
തനിക്കു വൈരൂപ്യമണച്ചതും ഖര–
സ്വസാവു തീർത്തോതി നിണത്തിലാണ്ടവാം. 26

—*—

## പത്തൊമ്പതാം സർഗ്ഗം: ഖരസൈന്യപ്രസ്ഥാപനം

—൧—

ഏവം വിരൂപയായ്ച്ചോരയാണ്ടു വീണ സഗർഭ്യയെ
കണ്ടു, കോപത്തിനാൽ വെന്തു ചോദിച്ചു ഖരരാക്ഷസൻ:–
"എഴുന്നേല്ക്കുക; ചൊല്ലെല്ലാം; കളകാമോഹസംഭ്രമം;
വ്യക്തം ചൊല്ലു: നിനക്കേവം വൈരൂപ്യം ചെയ്തതാരവാൻ? 2

വിഷപ്പല്ലിയലും കൃഷ്ണസർപ്പം മുമ്മാ കിടക്കവേ
നേക്കംവിധം വിരൽത്തുമ്പാലാർ കുത്തുന്നു,കളിമ്പമായ്?
കാലപാശം കഴുത്തിൽച്ചേർത്ത,തൊന്നുമറിയാത്തതാർ?
നിൻനേർക്കണഞ്ഞിന്നു, കൊടുംനഞ്ഞു മോന്തിയതാരവാൻ? 4

ബലവിക്രമവാനുള്ളോരാം കാമരൂപിണി കാമഗ,
ആരാലീമട്ടിലാക്കപ്പെട്ടിങ്ങെത്തി, മൃത്യുതുല്യ നീ?
ഗന്ധർവദേവാസുരരിലും, വമ്പരാമൃഷിമാരിലും,
നിനക്കിങ്ങിനെ വൈരൂപ്യം ചെയ്ത വീര്യാഢ്യനാരവൻ? 6

എന്നിഷ്ടാനിഷ്ടം ചെയ്യോനായ്പ്പോരിൽക്കാണ്മീലൊരാളെ ഞാൻ
പാകാരിയായ്സ്സഹസ്രാക്ഷനായ ശക്രനെയെന്നിയേ.
പ്രാണനിപ്പോളെടുപ്പൻ ഞാനുയിർ പോക്കും ശരങ്ങളാൽ,
അരയന്നം ജലത്തിങ്കൽച്ചേർന്ന പാൽ നുകരുംവിധം. 8

ഞാൻ പോരിലമ്പാൽ മർമ്മങ്ങൾ പിളർത്തിക്കൊല്ലുമാറതെ
നുര ചേരുന്ന രുധിരം നുകർന്നീടേണ്ടു മേദിനി?
യുദ്ധത്തിലെന്നാൽ ഹതനാമാർതൻ ദേഹത്തിൽനിന്നുവാൻ
കൊത്തിത്തിന്നേണ്ടു മാംസമൊത്തുത്സാഹാൽച്ചേർന്നാർത്തു പക്ഷികൾ?

ആളാകാ, ദേവഗന്ധർവർ പിശാചുക്കളരക്കരും,
പോരിൽ ഞാനിട്ടിഴയ്ക്കുന്നാപ്പാപനെയിഹ കാക്കുവാൻ!
മെല്ലെന്നു ബോധം കൈക്കൊണ്ടു ചൊല്ലുകെന്നോടയാളെ നീ:
കാട്ടിൽ നിന്നെയെതിർത്തേറെ വെന്നതെമ്മാടിയാരവാൻ? 12

Digitized By Kerala Sahitya Akademi

അരിശം മൂത്ത സോദര്യനിച്ചോദിച്ചതു കേട്ടവൾ,
ഇവണ്ണമായ് ശ്ശൂർപ്പണഖ കണ്ണീരും പൂണ്ടു ചൊല്ലിനാൾ:—
"യുവാക്കളെ,ഴകേറുന്നോർ, സുകുമാരർ, മഹാബലർ,
താമരത്താർനെടുംകണ്ണർ, ചീരകൃഷ്ണാജിനാംബരർ, 14

ദാന്തർ, കായ്കനിയുണ്ണുന്നോർ, ധർമ്മചാരികൾ, താപസർ,
പുത്രർപോൽ പംക്തിരഥനും, രാമലക്ഷ്മണർ സോദരർ;
ഗന്ധർവ്വരാജതുല്യന്മാർ, ഭൂപലക്ഷണമെഴുന്നവർ;
സുരന്മാരോ നരന്മാരോ തീർച്ചയാക്കാനശക്ത ഞാൻ! 16

അവർതൻനടുവിൽത്തത്ര കാണായ്,ഒരു മെലിഞ്ഞവൾ,
മെയ്ക്കാകെപ്പൊന്നുമണിഞ്ഞോരു ചെറുപ്പക്കാരി സുന്ദരി.
അവരങ്ങിരുപേരും ചേർന്ന്,പ്പെൺകൊടി നിമിത്തമായ്,
അനാഥവേശ്യയെപ്പോലെയെന്നെയീ മട്ടിലാക്കിനാർ! 18

ആ വഞ്ചനക്കാരിയെയും, പോർത്തലച്ചൊലവറ്റെയും
കൊന്നിട്ടു, നുര ചേരുന്ന ചോര മോന്താൻ കൊതിപ്പു ഞാൻ;
ഇതെന്നുറ്റാഗ്രഹം താത; സാധിപ്പിച്ചിടണം ഭവാൻ;
അവൾക്കൊക്കുമുള്ളോരു ചോര മോന്തട്ടെ പോരിൽ ഞാൻ!" 20

എന്നായവളുരച്ചപ്പോളീ,രേഴാളെക്കരുത്തരെ
ചൊല്ലിവിട്ടാൻ ഖരൻ ക്രുദ്ധ,നന്തകാഭരരക്കരെ:—
"ശസ്ത്രവാന്മാരിരുനരർ ചീരകൃഷ്ണാജിനാംബരർ,
ഘോരമാം ദണ്ഡകക്കാട്ടിൽ വന്നിട്ടുണ്ടൊരു പെണ്ണുമായ്. 22

അവറ്റെ ദുഷ്ടയെയും കൊലചെയ്തിങ്ങു പോരുവിൻ;
കുടിയ്ക്കവേണമെൻപെങ്ങളിവൾക്കോട്ടർതൻ നിണം.
ഇപ്പെങ്ങൾക്കുള്ളൊരാവിതി,ങ്ങും പ്രിയമരക്കരേ,
തൻതേജസ്സാലെയവരെക്കൊന്നാശു നിറവേറ്റുവിൻ." 24

എന്നു കല്പിച്ചയയ്ക്കപ്പെട്ടാപ്പതിന്നാലു രാക്ഷസർ
അങ്ങോട്ടവളുമായ്പ്പോന്നാർ, കാറ്റേറ്റഭ്രങ്ങൾ പോലവേ.

നിശാടർ തീക്ഷ്ണാശുഗരെങ്കിലും, മഹാ—
സ്സുമന്ന് കാകുത്സ്ഥനെയുന്മഥിപ്പുവാൻ
കരുത്തരായീലവർ, കാട്ടിലാളിടും
മഹാഗ്നിയെദ്ദന്തികൾ പോലെയഞ്ജസാ. 26

Digitized By Kerala Sahitya Akademi

## ഇരുപതാം സൎഗ്ഗം: ചതുൎദ്ദശരാക്ഷസവധം.

—൧—

സുഘോരയാം ശൂൎപ്പണഖ രാമാശ്രമമണഞ്ഞുടൻ
അരക്കരോടുരച്ചാള,സ്ത്രീതയൊത്ത സഗൎവ്വരെ.
അവർ കണ്ടിതു, വൈദേഹീലക്ഷ്മണന്മാരൊടൊപ്പമേ
പൎണ്ണശാലയിൽ മേവുന്ന ബലവാനായ രാമനെ. 2
ശ്രീമാനാം, രാക്ഷസിയൊടൊത്തവർ വന്നതു കാൺകയാൽ
തേജസ്സാളും ലക്ഷ്മണനാം ഭ്രാതാവോടോതി രാഘവൻ:—
'കുറച്ചുനേരം സൗമിത്രേ, സീതയ്ക്കരികിൽ നില്ക്ക നീ:
കൊന്നേയ്ക്കാ,മിവരാം പോയ്ക്കൊണ്ടുവന്നോരിവരെയിങ്ങു ഞാൻ.' 4
ഇമ്മട്ടു വിദിതാത്മാവാം രാമന്റെ മൊഴി കേട്ടുടൻ
അവ്വണ്ണമെന്നു മാനിച്ചു രാമന്റെ മൊഴി ലക്ഷ്മണൻ.
ധൎമ്മിഷ്ഠനാം രാഘവനും ചെരുംപൊന്നണിവില്ലിനെ
കുലച്ചുകൊണ്ടാനെ,ന്നിട്ടാ രക്ഷസ്സുകളൊടോതിനാൻ:— 6
'ഈ ഞങ്ങൾ ദാശരഥികൾ, രാമലക്ഷ്മണർ, സോദരർ,
സീതാസമേതരായ്ദ്ദുൎഗ്ഗദണ്ഡകാടവി പുക്കവർ;
ദാന്തർ കായ്കനിയുണ്ണുന്നോർ, ധൎമ്മചാരികൾ, താപസർ
ദണ്ഡകക്കാട്ടിൽ വാഴുന്നു; നിങ്ങൾ ദ്രോഹിപ്പതെന്തിനായ്? 8
ദ്രോഹിയ്ക്കും പാപപരരാം നിങ്ങളെക്കൊലചെയ്യുവാൻ
ഋഷിമാർ ചൊല്കയാൽ വന്നതാണു ഞാൻ, വില്ലുമമ്പുമായ്.
പേടിയാതിവിടെത്തന്നെ നില്ക്കുവിൻ, പിന്തിരിയ്ക്കൊലാ;
പ്രാണൻ കിട്ടേണമിങ്ങെങ്കിൽപ്പിന്തിരിയ്ക്കും നിശാടരേ! 10
അവന്റെയാ വാക്കു കേട്ടിട്ടാ,പ്പതിന്നാലു രാക്ഷസർ
ബ്രഹ്മഘ്നർ ശൂലഹസ്തന്മാരേറെ ക്രോധിച്ചു ചൊല്ലിനാർ:-
'ചാമ്പരം ഖരനാമസ്മൽസ്വാമിയ്ക്കേററ പിണക്കയാൽ,
യുദ്ധത്തിൽ ഞങ്ങൾ മട്ടിച്ചു നീതാനിന്നുയിർ പോക്കിടും! 12
പോർത്തലയ്ക്കൽത്തനിച്ചേറെപ്പേർ ഞങ്ങളുടെ മുമ്പിലായ്
നില്പാനും മതിയാമോ നീ;—യെന്തിനിപ്പടവെട്ടുവാൻ?
വാ, ഞങ്ങൾ ചാട്ടും പരിഘശൂലപട്ടസമേററ നീ
പ്രാണനും വീൎയ്യവും പോക്കും,കയ്യിലേന്തിയ വില്ലുമേ! 14
എന്നുരച്ചതിശംകേറി,യപ്പതിന്നാലുരാക്ഷസർ
വെന്നുള്ളടാത്ത രാമന്റെ നേൎക്കാശ്ശൂലങ്ങൾ ചാട്ടിനാർ.

Digitized By Kerala Sahitya Akademi

കാകുത്സ്ഥനാപ്പതിന്നാലു ശൂലങ്ങളെയുമൊക്കവേ
അത്ര പൊന്നണിബാണങ്ങളാൽ കൊണ്ടുതന്നെ നുറുക്കിനാൻ. 16

പിന്നെയത്തേജസ്വി വ്യക്രോധാലെടുത്താനഗ്നിദീപ്തികൾ,
ചാണയ്ക്കുവെച്ചുള്ള പതിന്നാലെഴുത്താണിയമ്പുകൾ.
എടുത്തു, വില്ലാഞ്ഞുവലിച്ചു,ന്നംവെച്ചു, നിശാടരിൽ
ബാണങ്ങളെയ്താൻ, കാകുത്സ്ഥനിന്ദ്രൻ വജ്രങ്ങൾ പോലവേ; 18

തങ്കക്കെട്ടുമായ് മിന്നമെച്ചപ്പൊന്നണിയമ്പുകൾ
ഉരക്കലരക്കർതൻമാറു കീറിച്ചോരയിലാണ്ടുടൻ
വീണു, നിലത്താഴുകയുംചെയ്തിതങ്ങിടിയൊച്ചയിൽ.
മാർ പിളന്നാഴിമേൽ, വേരറ്റുള്ള വൃക്ഷങ്ങൾ പോലവർ, 20

ദേഹം ചോരയിലാറാടിച്ചത്തുവീണു വിരൂപികൾ.
അക്കൂട്ടർതൻ നിലംപൊത്തൽ കണ്ടു രാക്ഷസി വീണ്ടുമേ
പേടി പൂണ്ടീറയും മൂത്തു ഘോരശബ്ദം മുഴക്കിനാൾ.
ചിലക്കുന്നു വീണ്ടുമാർത്തുംകൊണ്ടശ്ശൂർപ്പണഖ വീണ്ടുമേ 22

ഖരന്റെയരികിൽച്ചെന്നു, ചോര തെല്ലൊന്നുണങ്ങിയോൾ
വീണ്ടുമേ ദീനയായ് വീണാൾ, പശയൊത്തിന്നൽ പോലവേ.
ആങ്ങളയ്ക്കരികെ ചീർത്ത മാലാൽ നിലവിളിയ്ക്കയും
തേങ്ങിക്കരകയുംചെയ്താൾ മെല്ലമേൽ, മുകർമങ്ങിയോൾ. 24

രണത്തിൽ വീഴിച്ചതു കണ്ടരക്കരെ,—
കുതിച്ചുപോയ് ശൂർപ്പണഖാഖ്യ വീണ്ടുമേ
നിശാടരെല്ലാം ക്ഷയിച്ചിടാതെ കൊന്നതും
ഖരസ്വസാവങ്ങറിയിച്ചിതൊക്കവേ.

---

## ഇരുപത്തൊന്നാം സർഗ്ഗം: ഖരപ്രോത്സാഹനം.

---

വീണ്ടുമേ ശൂർപ്പണഖ വീണതു കണ്ടക്ഖരൻ രുഷാ
ചോദിച്ചാൻ, നേക്കനർത്ഥത്തിന്നാസ്സന്നൊരവളോടുടൻ:—
"ഞാനിപ്പോൾശ്ശൂരരായുള്ളോരാ മൊത്തുമരക്കരെ
നിന്നിഷ്ടത്തിന്നയച്ചല്ലോ; വീണ്ടുമെന്തിനു കേഴ്വു നീ? 2

വിശ്വാസമുള്ളോർ, ക്രൂരന്മാരെ,ന്നുമെൻഹിതകാരികൾ,
കൊൽവോർ, കൊലപ്പെടാത്തോരെ,ന്നാജ്ഞ ചെയ്യാതിരുന്നിടാ-

Digitized By Kerala Sahitya Akademi

എന്തൊന്നാണിതു? കേൾക്കട്ടെ കാരണം; വീണ്ടുമെന്തു നീ
'ഹാ, നാഥ!' എന്നാർത്തു കിടന്നുരുളുന്നു, പാമ്പുപോലവേ? 4

നാഥൻ ഞാൻ വാഴ്കെ വിലപിയ്ക്കുന്നോ, നിന്നാഥ പോലെ നീ!
എണീയ്ക്കെ,ണീയ്ക്ക; പേടിയ്ക്കവേണ്ട, വല്ലായ്മ കൈവിടാം."
ഖരൻെറ സാന്ത്വവാക്യം കേട്ടു, വാശിക്കഴമ്പവൾ
കണ്ണീർ പെടും കണ്ണു തുടച്ചുസ്സോദരനോടോതിനാൾ:– 6

"ഞാനിപ്പോളിങ്ങുവന്നല്ലോ, കാതും മൂക്കും മുറിയ്ക്കയാൽ
ചെഞ്ചോരയിൽക്കുളിച്ചെ;–ന്നെയാശ്വസിപ്പിച്ചിതങ്ങയും;
ചൊന്നയയ്ക്കുകയും ചെയ്തിതപ്പതിന്നാലരക്കരെ,
രാമലക്ഷ്മണരെക്കൊൽവാനെൻപ്രിയത്തിന്നു വീര, നീ. 8

എന്നാലാ, ക്രോധമുൾക്കൊണ്ട ശൂലപട്ടസഹസ്തരെ
കൊന്നൊടുക്കി രണേ രാമൻ, മർമ്മം കീറും ശരങ്ങളാൽ.
ക്ഷണത്താലേ, കരുത്തേറുമവർ മന്നിൽപ്പതിച്ചിതും;
രാമൻെറ വൻതൊഴിലതും കണ്ടേററം പേടി തോന്നി മേ. 10

ഭയവും ദുഃഖവുമെനിയ്ക്കിയലുന്നു നിശാചര;
വീണ്ടും ശരണമാണേൻ ഞാൻ; ഭയം സർവ്വത്ര കാണ്മവൾ!
ദുഃഖമാം നക്രമുൾച്ചേർന്ന പേടിത്തിര പെരുത്തതായ്
വായ്ക്കും ശോകാബ്ധിയിൽത്താഴുമെന്നെക്കാക്കാത്തതെന്തു നീ? 12
ഇതാ, മന്നിൽക്കൊന്നുവീഴ്ത്തീ രാമൻ കൂർത്ത ശരങ്ങളാൽ,
എന്നോടുകൂടെപ്പോന്നോരാം മാംസം തിന്നുമരക്കരെ.
എങ്കലാ രാക്ഷസരിലും കനിവുണ്ടെങ്കിലാശര,
നീ പോരും രാമനോടെങ്കില, ങ്ങു തേജസ്സുമെങ്കിലോ, 14
പോക്കുക, ദണ്ഡകക്കാട്ടിലുള്ള രാക്ഷസമുള്ളിനെ!
നീയിപ്പോളെൻെറ രിപുവാം രാമനെക്കൊന്നിടായ്കിലോ,
നാണം കെട്ടവളാം ഞാൻ പ്രാണൻ പോക്കും നിൻമുമ്പിൽവെച്ചുതാൻ!
ഞാനുള്ളകൊണ്ടു കാണുന്നേൻ; നീ സേനാന്വിതനാകിലും, 16

പോരിൽ,പ്പെരിയ രാമൻെറ നേരേ നില്പാനശക്തനാം.
ശൂരനല്ലാ, ശൂരമാനി നീ വീരത്തമുറപ്പവൻ;
ആളല്ലല്ലോ ഹനിപ്പാനാ, രാമലക്ഷ്മണമർത്ത്യരെ.
നീ പോരും രാമനോടെങ്കിൽ, തേജസ്സുണ്ടെങ്കിലാശര, 18
ദണ്ഡക വാഴുമവനെക്കൊല്ക നീ കുലപാംസന
അന്തസ്സററശിരം കെട്ടിങ്ങെന്തിരിപ്പാണു നിന്നതെ?

Digitized By Kerala Sahitya Akademi

പറഞ്ഞുകൊൾക, ജനസ്ഥാനം വിട്ടു നീ ബന്ധുയുക്തനായ്:
ക്ഷിപ്രം നശിച്ചുപോമല്ലോ, രാമതേജസ്സുതട്ടി നീ। 20
തേജസ്വികളിലേറ്റമാണാ, രാമൻ ദശരഥാത്മജൻ;
അവന്റെ തമ്പിയും വീരൻ, മമ വൈരൂപ്യമേകിയോൻ."
ബഹുധാ വിലപിച്ചേവം പെരുംവയറി രാക്ഷസി
വയറ്റത്തിരുകൈകൊണ്ടും തല്ലി മാൽ മൂത്തു കേഴ്കയായ്. 22

---

## ഇരുപത്തിരണ്ടാം സർഗ്ഗം: ഖരപ്രയാണം

---

ശൂർപ്പണഖതൻ തട്ടിക്കേറ്റത്താൽ ക്രൂരനാം ഖരൻ
ചൊല്ലീ രാക്ഷസമദ്ധ്യത്തിൽ ഖരൻ ഖരതരോക്തിയെ:—
"നിൻമാനക്കേടിനാൽ ജാതമെൻ ക്രോധമിതു നിസ്തുലം
അടക്കാനെളുതല്ലേതും കടൽവെള്ളം കണക്കിനെ. 2
വീര്യാൽ ഗ്ഗണിപ്പതില്ലായുസ്സറ്റ മാനുഷരാമനെ:
തൻദുർന്നടപ്പാൽ കൊല്ലപ്പെട്ടിട്ടിന്നുയിർ കൈവിടും।
അടക്കിക്കൊൾക കണ്ണീരിതമ്പരപ്പുമൊഴിക്ക നീ:
കാലാലയമണപ്പൻ ഞാൻ, ഭ്രാതാവോടൊത്ത രാമനെ. 4
ആയുസ്സൊടുങ്ങിയതിനാൽപ്പോരിൽ വെൺമഴുവേല്ക്കയാൽ
ചത്ത രാമന്റെ ചുടുചോര നീ മോന്തുമാശരി!"
ഖരന്റെ വദനാൽ വീണ വാക്കു കേട്ടിമ്പമാർന്നവൾ
വാഴ്ത്തീ മൂർഖതയാൽ വീണ്ടും, ഭ്രാതാവാം രാക്ഷസേന്ദ്രനെ. 6
മുന്നാടവൾ ശകാരിച്ചോൻ, വീണ്ടും വാഴ്ത്തിപ്പറഞ്ഞവൻ,
സേനേശനാം ദൂഷണനോടേവം ചൊല്ലീടിനാൻ ഖരൻ:—
"പതിന്നാലായിരം പേരുണ്ടല്ലോ, മമ മനോനുഗർ,
ഘോരവേഗര,രക്കന്മാർ പോരിൽപ്പിന്തിരിയാത്തവർ, 8
കാർകൊണ്ടൽതുനർനിറം ചേരും ക്രൂരകർമ്മാക്കളും, ദാരുണർ,
ലോകഹിംസാവിനോദക്കാ,രുഗ്രതേജസ്സ,രൂർജ്ജിതർ,
ശാർദ്ദൂലദർപ്പർ ഗർവ്വിഷ്ഠ,രോജസ്വികളു, മഹാമുഖർ;
ആ രാക്ഷസർക്കൊരുക്കങ്ങളൊക്കെച്ചെയ്യിക്ക സൌമ്യ, നീ. 10
വരുത്തീടുകെനിക്കായിത്തേരും സൌമ്യ, വില്ലുകളും,
ബാണങ്ങളും ചിത്രഖഡ്ഗങ്ങളും നാനാനിശിതവേല്കളും;

Digitized By Kerala Sahitya Akademi

വമ്പുള്ള പൌലസ്ത്യരുടെ മുമ്പേ പോകുന്നുണ്ടു ഞാൻ,
തെമ്മാടിയാം രാഘവനെക്കൊൽവാനായ് രണകോവിദ" 12
എന്നുരച്ചളവന്നർക്കവർണ്ണമായ മഹാരഥം
ചിത്രാശ്വവരരെപ്പൂട്ടിയങ്ങണത്തിച്ചു ദൂഷണൻ.
മേരുശൃംഗാഭമായ് രത്നമൊപ്പൊന്നണിഞ്ഞു വിശാലമായ്,
വൈഡൂര്യമാം നുകത്തണ്ടും പൊൻചക്രങ്ങളുമുള്ളതായ്, 14
പൊന്നായ മീൻ പൂക്കാം മരം മലയും ചന്ദ്രസൂര്യരും
നക്ഷത്രനിരയും നല്ല പക്ഷിച്ചാർത്തും ചമഞ്ഞതായ്,
ധ്വജവും ഖഡ്ഗവും ചേർന്നു, കിങ്കിണീഗണശോഭിയായ്,
സദശ്വയുക്തമാമത്തേരേറിനാൻ കുപിതൻ ഖരൻ. 16
അവൻ തേരേറിയതുകണ്ടുഗ്രവിക്രമരാശരർ
അവന്റെ ചുറ്റുമായ് നിന്നാർ, കെല്പുറും ദൂഷണന്റെയും:
ആ രാക്ഷസർ പെരുംവില്ലർ, ഘോരചർമ്മായുധധ്വജർ;
എല്ലാരോടും നടക്കെന്നാൻ ധൃഷ്ടൻ തേരാണ്ടെഴും ഖരൻ. 18

ആ രാക്ഷസപ്പടയുടൻ ഘോരവർമ്മായുധധ്വജം
ജനസ്ഥാനാൽപ്പുറപ്പെട്ടിതു,ക്കിയന്നുമിരമ്പിയും:
മുദ്ഗരം പട്ടസം ശൂലം മൂർച്ചയേറും മഴുക്കളും
ഖഡ്ഗവും ചക്രവും കൈക്കൊണ്ടുജ്ജ്വലത്തോമരങ്ങളും 20
വേലും ഘോരം പരിഘവുമേറ്റം വലിയ വില്ലുകളും
ഉലക്ക, വാൾ ഗദ കൊട്ടുംവജ്രങ്ങളുമെടുത്തവർ,
പതിന്നാലായിരംപേർകളരക്കരതിഭീഷണർ
ജനസ്ഥാനാൽപ്പുറപ്പെട്ടു ഖരചിത്താനുവർത്തികൾ. 22
അരക്കർ ഭീമവിക്രാന്തരവർ മണ്ടിഗ്ഗമിക്കവേ,
ഖരന്റെ തേരും പിറകെ നടകൊണ്ടു പതുക്കവേ.
നാനാവർണ്ണങ്ങളാമപ്പൊന്നണിതുരംഗങ്ങളെ,
ഖരന്റെയുള്ളറിഞ്ഞാട്ടിത്തെളിച്ചാനഥ സാരഥി. 24
വേഗം തെളിക്കപ്പെട്ടാറെ, ശത്രുജിത്താം ഖരന്റെ തേർ
ശബ്ദംകൊണ്ടു മുഴങ്ങിച്ചു ദിഗ്വിദിക്കുകളൊക്കെയും.

അരാതിഹിംസക്കുഴറിക്കൃതാന്തമ-
ട്ടതീവ കോപിച്ചു ഖരൻ ഖരസ്വനൻ
തിടുക്കിനാൻ സൂതനെയാർത്തു, കല്ലു പെ-
യ്തിടും പെരുംകാറു ഘനത്തെയാംവിധം. 26

Digitized By Kerala Sahitya Akademi

## ഇരുപത്തിമൂന്നാം സർഗ്ഗം: ദുർന്നിമിത്തവർണ്ണനം

ആർപ്പാർന്ന സേനയിൽഘോരം ചോരവെള്ളമമംഗളം
പെയ്തു, കഴുതവർണ്ണത്തിലിടചേർന്ന പെരുമുകിൽ.
അവന്റെ തേർക്കുതിരകൾ വൻജവശീകൾ യദൃച്ഛയാ
ഇടറിപ്പോയ്, നിരപ്പൊക്കും പൂ പരത്തിയ പാതയിൽ. 2
കറുത്താറും ചുകന്നാരു പരിവേഷമുദിതമായ്
അലാതചക്രാകൃതിയിലാദിത്യന്റെ ചുറ്റുമേ.
പൊൻകാലുമായുയർന്നുള്ള കൊടിയിന്മേലണഞ്ഞുടൻ
ചുറ്റിപ്പറന്നിരുന്നാനൊരതിഘോരൻ പെരുംകഴു. 4
ജനസ്ഥാനാന്തികേ ചേർന്ന മാംസാദമൃഗപക്ഷികൾ
നാനാവികൃതശബ്ദങ്ങൾ മുഴക്കീ പരുഷസ്വനർ.
പ്രകാശമുള്ളിടത്തുഗ്രമോളിയിട്ടാർ ഭയങ്കരർ,
ആരക്തവക്ത്രമായ്ക്കുറുക്കന്മാർ മഹാസ്വനർ. 6
ചിറകറ്റദ്രികൾക്കൊപ്പം ചോരനീരും ചുമന്നുടൻ
വാനമങ്ങാകവേ മൂടി, പേടിപ്പിക്കുന്ന കാറുകൾ.
പരന്നു കേൾമയിർക്കൊള്ളിപ്പോരു ദാരുണമാമിരുൾ,
ദിക്കും വിദിക്കും വെളിവായറിയാത്തവിധത്തിലായ്. 8
അകാലേ വിലസീ സന്ധ്യ രുധിരാർദ്രനിറത്തൊടും:
ഖരന്റെ നേരെ നിന്നാർത്തു ഘോരങ്ങൾ മൃഗപക്ഷികൾ;
ഒച്ചയിട്ടു,ഭയം ചൊല്ലും കുറുകൻ കഴു ഗൃധ്രവും.
പോരിൽ നിത്യാശുഭം ചൊല്ലും ഘോരദർശനർ ജംബുകർ 10
സൈന്യത്തെപ്പാർത്തോളിയിട്ടു, തീ പാറുന്ന വായുമായ്.
കാണായ് കബന്ധമൊന്നർക്കന്നരികേ പരിഘോപമം;
വാവിലല്ലാതെ രവിയെത്തീണ്ടീ രാഹു മഹാഗ്രഹം.
കാറ്റൂക്കിലെതിരാഞ്ഞീശീ: നിറം കെട്ടിതു സൂര്യനും; 12
മിന്നാമിനുങ്ങിൻ നിറമായ് രാവെന്യേ മിന്നീ താരകൾ,
ഉണങ്ങീ പൊയ്കയിൽപ്പത്മം, പതുങ്ങീ മത്സ്യപക്ഷികൾ;
പൂകായ്കളില്ലാതവയായ്ത്തീർന്നു വൃക്ഷങ്ങളക്ഷണം.
ഉയർന്നു, കാറ്റടിക്കാതെ മേഘധൂസരമാം പൊടി; 14
ത്തെച്ചിടകളും വീചീക്കുചിയെന്നതു പേശിനാർ.
കൊള്ളിമീനുമിടിത്തീയ്യും ചാടി, കണ്ടാൽബ്ഭയങ്കരം;



Digitized By Kerala Sahitya Akademi

കലുങ്ങി, മല വങ്കാട്ട കാട്ടമൊത്തൂഴിയൊക്കവേ.
തേരാണിരുന്നിട്ടലറം ബുദ്ധിമാനാം ഖരനുമേ 16
വിറക്കൊണ്ടിതിളത്തക്കയ്യ,ടഞ്ഞൂ തീരെയൊച്ചയും;
എങ്ങോട്ടു നോക്കംപൊഴുതും കണ്ണിൽച്ചേർന്നിതു കണ്ണുനീർ;
ഇടങ്ങി തലയിൽക്കുത്തും; മടങ്ങിലന്ധതാവശാൽ!
രോമം തരിപ്പിച്ചിടുമത്ഭുതനിമിത്തങ്ങളാം കാങ്കയാൽ
ചിരിച്ചരക്കരോടെല്ലാമായിച്ചൊല്ലീടിനാൻ ഖരൻ:—
"കണ്ടാൽപ്പേടിപ്പെടുമാറുള്ളീദ്ദുർന്നിമിത്തത്തെയൊന്നുമേ,
ബലി ദുർബലനെപ്പോലെ, വീര്യാൽക്കൂസുന്നതില്ല ഞാൻ
നക്ഷത്രങ്ങളെയും വീഴ്ത്താം, കൂരമ്പാൽ വാനിൽനിന്നു ഞാൻ 20
അരിശംകൊൾകിൽ ഞാൻ മൃത്യു മൃത്യുവിനും വരുത്തീടാം!
കെല്പാൽ ഞെളിഞ്ഞ രാമനും തമ്പിയാം ലക്ഷ്മണനുമേ
ക്രൂരമ്പാൽ മൃതിയേകാതെ പിന്തിരിക്കുകയില്ല ഞാൻ.
അവർതന്നുതിരം മോന്തിത്തൃപ്തി നേടട്ടെ പെങ്ങളാം മേ; 22
പന്തികേടിവളാലല്ലോ, രാമനും ലക്ഷ്മണനുമേ!
പററിയിട്ടില്ല മുമ്പെ,ങ്ങും മമ പോരിൽപ്പരാജയം:
നിങ്ങളാക്കിതറിയാമല്ലോ; നുണചൊല്ലുകയല്ല ഞാൻ.
മത്തൈരാവതമാണ്ടുള്ളും വജ്രിയാമണ്ടർകോനെയും 24
കൊല്ലാം ചൊടിപ്പിൽ ഞാൻ, പിന്നെയെന്തക്കേടുമനുഷ്യരെ?"
ആ രാക്ഷസന്റെ വീരത്തംപറശൽ കേട്ടുപ്പെരുമ്പട
ഹർഷം നിസ്തുല്യമായ് നേടി, മൃത്യുപാശം പതിക്കയാൽ!
വന്നുചേർന്നു മഹാത്മാക്കളുടർ കാണ്മതിനായ്ത്തദാ, 26
ഋഷിമാർ ദേവഗന്ധർവർ സിദ്ധചാരണവർഗ്ഗവും;
വന്നണഞ്ഞിട്ടുചേർന്നോതി തമ്മിലപ്പുണ്യകർമ്മികൾ:—
'സ്വസ്തി ഗോബ്രാഹ്മണന്മാർക്കും, മററു ലോകഹിതക്കുമേ:
ജയിക്കു രാഘവൻ പോരിൽപ്പുലസ്ത്യജനിശാടരെ, 28
ദൈത്യമുഖ്യന്മാരെയെല്ലാമേ ചക്രിയാം വിഷ്ണു പോലവേ!'
എന്നും മററും പലവുര ചൊല്ലിക്കൊണ്ടൃഷിമുഖ്യരും
അതിങ്കൽക്കൗതുകം പൂണ്ടു വിമാനസ്ഥരമർത്ത്യരും
കണ്ടാരായുസ്സു കെട്ടുള്ള രജനീചരസേനയെ. 30
തേരിലൂടേ ജവാൽപ്പോന്നാൻ കോട്ടംപെട്ടയുമായ്ക്ഖരൻ
അരക്കനവനെക്കണ്ടു വീണ്ടും പോന്നാരരക്കരും;

Digitized By Kerala Sahitya Akademi

ശ്യേനഗാമി, പൃഥുഗ്രീവൻ, യജ്ഞശത്രു, വിഹംഗമൻ,
ദുർജ്ജയൻ, കരവീരാക്ഷൻ, പരുഷൻ, കാലകാർമ്മുകൻ, 32
മേഘമാലി മഹാമാലി, സർപ്പാസ്യൻ, രുധിരാശനൻ,
ഖരപാർശ്വസ്ഥരായ്പ്പോന്നു വീരരീപ്പന്തിരണ്ടുപേർ;
മഹാകപാലൻ, സ്ഥൂലാക്ഷൻ, പ്രമാഥി, ത്രിശിരസ്സിവർ
പിന്തുടർന്നു ദൂഷണന്റെസ്സേനാപതികൾ നാലുപേർ. 34

വല്ലാതെത്തൂര്യക്കൊട്ടരിന്ന പൊട്ടി–
ന്നുജ്ജ്വലിയാ രാക്ഷസവീരസൈന്യം
നടന്നിതാ രാജതനൂജർതൻ നേ–
ർക്കു,ചന്ദ്രനേർക്കായ് ഗ്രഹപംക്തിപോലെ.

---

## ഇരുപത്തിനാലാം സർഗ്ഗം: രാമന്റെ യുദ്ധസന്നാഹം

—*—

ഖരൻ പരുഷവിക്രാന്തനാശ്രമത്തിങ്കൽ ചെല്ലവേ,
അദ്ദുർന്നിമിത്തമേ കണ്ടു രാമൻ സോദരസംയുതൻ;
രോമാഞ്ചമുണ്ടാക്കിടുമദ്ദുർന്നിമിത്തം സുദാരുണം,
പ്രജകൾക്കഹിതം കണ്ടു ലക്ഷ്മണൻ തന്നോടോതിനാൻ:– 2
"കാൺകി,താ, ദുർന്നിമിത്തങ്ങൾ സർവ്വഭൂതവിനാശികൾ
സർവ്വരക്ഷോവധത്തിന്നായുദിച്ചിതു മഹാഭുജ:
ഇതാ, ഘോര ചൊരിഞ്ഞുഗ്രമിരമ്പിപ്പരുഷങ്ങളായ്
വാനിൽച്ചുററുന്നു, കഴുതനേർനിറംപൂണ്ട കാറുകൾ. 4
പുകയുന്നുണ്ടു, പോർ കൊണ്ടാടിടുമെൻ ബാണമൊക്കവേ;
സ്വർണ്ണം പതിച്ചതാം വില്ലും ചലിക്കുന്നുണ്ടു ലക്ഷ്മണ.
കാട്ടതെണ്ടിപ്പറവകളീങ്ങു കൂകുന്നതോർക്കിൽ
നേരിട്ടു നമ്മൾക്കു ഭയം, പ്രാണസംശയമെന്നതും! 6
ഉദ്ധവാസ്ഥരമേ കില്ലില്ലാ,ത്ത കൊങ്കമമാമടർ:
പേർത്തും പേർത്തും വിറക്കൊള്ളുമെൻകയ്യോങ്ങുന്നതുണ്ടിതാ!
നമ്മൾക്കടുത്തു ജയവും ശൂര,വൈരിക്കു തോല്വിയും:
ശ്രീയും തെളിവുമൊത്തല്ലോ കാണാകുന്നു ഭവന്മുഖം. 8
യുദ്ധത്തിനായൊരുങ്ങുന്നനേരത്താർക്കാണു ലക്ഷ്മണ,
മുഖം നിഷ്പ്രഭമാകുന്നത,വർക്കു മരണം വരും.

Digitized By Kerala Sahitya Akademi

കേൾക്കാകുന്നു,രക്ഷോവീരർക്കും വൻഘോരശബ്ദവും,
അരക്കരുഗ്രകർമ്മാക്കൾ പെരുമ്പറയടിപ്പതും. 10
ആപത്തിൻശങ്കയുണ്ടാകിലറിവുള്ളവനാം പുമാൻ
മുൻകൂട്ടിച്ചെയ്തുവെയ്ക്കേണം മറുകൈ, നന്മ കിട്ടുവാൻ.
അതിനാൽസ്സീതയെക്കൊണ്ടുംപോയ്ക്കാലും വില്ലുമമ്പുമായ്,
വൃക്ഷങ്ങൾ പൂഴലൊക്കുന്ന ദുർഗ്ഗാദ്രിഗുഹയിങ്കൽ നീ. 12
പ്രതികൂലിച്ചുനില്ക്കായ്കവേണമിച്ചൊന്നതിൽബ്ഭവാൻ:
സത്യ,മെന്നുടെ പാദത്താണെന്നി, പോയ്ക്കൊൾക, വൈകൊലാ!
കരുത്തനും ശൂരനുമാം നീ കൊല്ലുമിവരെദ്ദൃഢം;
എന്നാൽസ്സർവ്വാശരരെയും കൊല്ലുവാനാണെനിക്കുതാൻ!'' 14
എന്നു രാമൻ പറകയാൽ,സ്സീതയോടൊത്തു ലക്ഷ്മണൻ
ചാപബാണങ്ങൾ കൈക്കൊണ്ടു ദുർഗ്ഗമാം ഗുഹ പൂകിനാൻ.
ആ ലക്ഷ്മണൻ സീതയുമായ് ഗ്ഗുഹ പൂകിയനേരമേ,
'ആവൂ, കൂട്ടാക്കി'യെന്നോതിച്ചട്ടയിട്ടിതു രാഘവൻ. 16
ചെന്തീയിനോടിടയുമച്ചട്ട ചാർത്തിയ നേരമോ,
ഇരുളിൽപ്പുകയുറ്റാളും ചെന്തീ പോലായി രാഘവൻ.
പെരുതാകിയ വില്ലേന്തിശ്ശരങ്ങളുമെടുത്തവൻ
ദിക്കെങ്ങും ഞാണൊലി നിറച്ചങ്ങു നില്പായി വീര്യവാൻ. 18
അന്നേരം, ദേവഗന്ധർവ്വർ സിദ്ധചാരണരെന്നിവർ
വന്നണഞ്ഞു, മഹാത്മാക്കൾ യുദ്ധസന്ദർശനത്തിനായ്.
മഹാന്മാരൃഷിമാർ പാരിൽച്ചേരും ബ്രഹ്മർഷിമുഖ്യരും
വന്നണഞ്ഞിട്ടുചൊന്നാരി തങ്ങളിൽപ്പുണ്യകർമ്മികൾ: 20
'സ്വസ്തി ഗോബ്രാഹ്മണന്മാർക്കും, മറ്റു ലോകഹിതർക്കുമേ:
ജയിക്കു രാഘവൻ പോരിൽപ്പുലസ്ത്യജനിശാചരെ,
ദൈത്യരുദ്രന്മാരെയെല്ലാമേ ചക്രിയാം വിഷ്ണു പോലവേ!'
എന്നുരച്ചിട്ടു,ടൻ വീണ്ടും തങ്ങളിൽപ്പാർത്തുചൊല്ലിനാർ:— 22
'പതിനാലായിരം പേരുണ്ടുഗ്രകർമ്മാക്കളാശരർ;
ധർമ്മിഷ്ഠൻ രാമനൊറ്റയ്ക്കും; യുദ്ധമെങ്ങിനെയായ്വരും?'
എന്നു, രാജർഷിമാർ സിദ്ധർ സഗണന്മാർ ദേവേന്ദ്രരും
കുതുകാന്വിതരായ് നിന്നാർ വിമാനസ്ഥരമർത്ത്യരും. 24
പോർമുന്നിലൊരു തേജസ്സു പൂണ്ടു നില്ക്കുന്ന രാമനെ
കണ്ടു ഭൂതങ്ങളെല്ലാമേ പാരം പേടിച്ചരണ്ടുപോയ്.

Digitized By Kerala Sahitya Akademi

അക്ലിഷ്ടകർമ്മാവാം രാമൻതന്റെ നേരറ്റ രൂപമോ,
ക്രുദ്ധൻ പിനാകി രുദ്രന്റെ രൂപമെന്നതുപോലെയായ്! 26

ഉടൻ, പുടപുഴങ്ങുന്നൊരിരമ്പമൊടു ചുററുമ
കാണായ് രാക്ഷസർതൻ സൈന്യം, ഘോരവർമ്മായുധധ്വജം.
അവർതൻ സിംഹനാദങ്ങളും, തമ്മിൽപ്പെരുമ്പേശലും,
വില്ലിൻഞാണൊലി പൊങ്ങിടുന്നും, മേല്ലുമൽ മൈഞെളിയ്ക്കലും, 28
ഉറക്കെക്കൂക്കിവിളിയും, പെരുംപറകൾ താക്കലും—
ഈവകശ്ശബ്ദമിടചേർന്നക്കാട്ടിൽ വ്യാപിച്ചു നീളവേ.
കാട്ടിലെക്കൊലജന്തുക്കളശ്ശബ്ദംകൊണ്ടു ഭീതരായ്
നിശ്ശബ്ദമാമിടത്തെങ്ങു പാഞ്ഞാർ, പിൻനോക്കിടാതെതാൻ. 30
ചെന്നു രാമന്റെ ചാരത്തെത്തി,റിയോദ്ധാക്കൾ പ്പട
നാനായുധങ്ങളും കൈക്കൊണ്ടു, ഗംഭീരം കടൽ പോലവേ.
രാമനും ദൃഷ്ടിയെമ്പാടും നടത്തി രണകോവിദൻ
പോരിനായ് നേർത്തണയുമാക്ഖരസൈന്യത്തെ നോക്കിനാൻ. 32
കൊട്ടുംചില കലച്ചിട്ടു തൂണീരാലമ്പെടുത്തുടൻ
കടുത്തൊരരിശം പൂണ്ടാൻ സർവ്വരക്ഷോവധത്തിനായ്.
നോക്കാവല്ലാതെയായ് ക്രോധാൽ,കത്തും കല്പാഗ്നി പോലവൻ;
അത്തേജോവ്രതനെക്കണ്ടു പാഞ്ഞുപോയ് വനദേവിമാർ. 34
അരിശം പൂണ്ട രാമന്റെയാ രൂപം വിലസീ തദാ,
ദക്ഷയാഗവിഘാതോൽക്കനായ രുദ്രന്റെ പോലവേ.
പോർമുന്നിലെന്തു തേജസ്സു പൂണ്ടു നില്ക്കുന്ന രാമനെ
കണ്ടു ഭൂതങ്ങളൊട്ടുക്ക മണ്ടി പേടിച്ചരണ്ടുടൻ! 36

ചാപങ്ങളും, മെയ്ക്കാപ്പുകളു,ധ്വജങ്ങളും,
മിന്നിനിറച്ചട്ടകളെന്നിതെല്ലാം
ഇണങ്ങുമാ രാക്ഷസസേന നിന്നു,
സൂര്യോദയേ കാർമുകിൽമാല പോലെ.

---

ഇരുപത്തഞ്ചാം സർഗ്ഗം: സംകലയുദ്ധം.

---

രുഷാ വില്ലുന്നിനില്ക്കുന്ന രിപുജിത്തായ രാമനെ
കണ്ടാന,കമ്പടിക്കാരൊത്താശ്രമം പൂകിയക്ഖരൻ.
അവനെക്കണ്ടമ്പിണങ്ങും വിൽ പൊക്കിക്ഖരനിസ്വനം,
'തെളിക്ക രാമന്റെ നേർക്കെ'ന്നു സൂതനൊടോതിനാൻ. 2

Digitized By Kerala Sahitya Akademi

രാമൻ മഹാഭുജൻ താനെ വില്ലുലച്ചങ്ങു നിന്നിതോ,
തെളിച്ചാൻ സൂതനങ്ങോട്ടു ഖരാജ്ഞാപ്പൻ ഹയങ്ങളെ.
ചെന്നേല്ലുമവനെക്കണ്ടു സ്സചിവാശരരവരും
ചുഴന്നാർ ചീർത്ത ശബ്ദത്തോടലറിക്കൊണ്ടു ചുററുമേ. 4

ആ രാക്ഷസക്കു നടുവിൽത്തേരേറിയ ഖരൻ,
നക്ഷത്രനടുവിൽച്ചൊവ്വ വന്നുദിച്ചതുപോലെയായ്.
പിന്നൊരായിരമമ്പാലെ, കെല്പിൽ നേരററ രാമനെ
പരിക്കേല്പിച്ചലറിനാൻ പോരിൽപ്പുകഴെഴും ഖരൻ. 6

ഉടൻ കൊടുംവില്ലെഴുമാ വെന്നിക്കൂട്ടത്തെ രാമനിൽ
നാനാശസ്ത്രങ്ങൾ വർഷിച്ചു ചൊടിച്ചാശരരവരും:
മുൽഗരം, പട്ടസം, ശൂലം, കുന്തം, വാൾ, വെൺമഴുക്കളും
രാമനിൽച്ചാട്ടിനാർ പോരിലരിശം കൊണ്ടു രാക്ഷസർ. 8

അവർ കാർകൊണ്ടൽനേർകൊണ്ടോർ മഹൌജസ്സർ മഹാരവർ
കാകുത്സഥനോടു പാഞ്ഞേററു തേർകളാൽ,തുരഗങ്ങളാൽ,
പോരിൽക്കൊൽവാനദ്രിശൃംഗതുംഗമാതംഗരാലുമേ.
ശരവർഷം ചൊരിഞ്ഞാരാ നിശാടരഥ രാമനിൽ, 10

മഹാദ്രിമേൽപ്പയോദങ്ങൾ മഴ പെയ്യുതു പോലവേ;
ചുഴന്നിതാ രാഘവനെഘോരരാമാ നിശാചരർ.
അരക്കർ വിട്ട ശസ്ത്രങ്ങളക്കാകുത്സ്ഥൻ ശരങ്ങളാൽ
നേരേ തടുത്താൻ, വാരാശിയാററൊഴുക്കുകൾ പോലവേ. 12

മാഴ്കീലാ ഘോരശസ്ത്രങ്ങൾകൊണ്ടു മെയ് വിണ്ട രാഘവൻ,
പെരുത്തെരിയിടിത്തീകൾകൊണ്ടു മാമല പോലവേ.
സർവാംഗവും മുറിപ്പെട്ടു ചോര പററിയ രാഘവൻ,
അന്തിക്കാറുകളാൽച്ചുററപ്പെട്ട സൂര്യന്റെ മട്ടിലായ്. 14

മാഴ്കിനാർ ദേവഗന്ധർവർ, സിദ്ധന്മാരൃഷിമുഖ്യരും,
ഒരുത്തനെയസംഖ്യംപേർ ചുഴന്ന നില കാൺകയാൽ;
രാമനേററെച്ചൊടിയോടെ വിൽ വലിച്ചു വളച്ചുടൻ
തൂകീ വിശിഖബാണങ്ങൾ നൂറായായിരമായുമേ: 16

ദുർവാരങ്ങൾ,സഹ്യങ്ങൾ,കാലദണ്ഡാന്തകാരികൾ,
രാമൻ പോരിൽക്കളിച്ചെയ്തു ചൊവ്വിൽത്താൻപോകമമ്പുകൾ.
രാമൻ മാററാർപ്പടയിലാക്കളിച്ചെയ്ത ശരങ്ങളും,
രക്ഷഃപ്രാണനെയങ്ങെന്തി, കാലപാശങ്ങൾ പോലവേ. 18

Digitized By Kerala Sahitya Akademi

ആ രാക്ഷസാംഗങ്ങളാം പിളർത്തുച്ചോരയണിയമ്പുകൾ
വാനത്തു കേറിശ്ശോഭിച്ചൂ, ചെന്തീയെതിർനിറമൊത്തൊട്ടം.
ആ രാമനുടെ വട്ടിച്ച വില്ലിൽനിന്നെണ്ണമെന്നിയേ
ചാടീ, ഘോരങ്ങളായ് രക്ഷഃപ്രാണനെക്കക്കുമമ്പുകൾ. 20
അവയാൽ വില്ലുകൾ, കൊടിത്തല, ചട്ട, ശിരസ്സുകൾ,
കോപ്പണിക്കൈകൾ, തുമ്പിക്കയ്യൊളിത്തുടകളെന്നിവ
അറുത്തു രാമനടരിൽ നൂറായായിരമായ് യുധേ.
തേർക്കു പൂട്ടിയ സൂതന്മാരൊക്കും പൊന്നണിവാജികൾ, 22
പാപ്പാന്മാരൊത്ത കരികൾ, കുതിരപ്പടയാളികൾ,
കാലാളുകളിവയെക്കൊന്നു കാലന്നൂരേററിനാൻ രണേ.
മൊട്ടമ്പിനാലരിമ്പാൽത്തീക്ഷ്ണമാം തോട്ടിയമ്പിനാൽ
പിളർന്നു കൊടുതാമാർത്തസ്വരമിട്ടാർ നിശാചരർ. 24
രാമൻ മർമ്മം പിളർക്കുന്ന ക്രൂരമെയ്ത്തു വലയ്ക്കയാൽ,
തീപ്പാളിന വരൾക്കാടു പോലെ മാലാണ്ടിതപ്പട.
രാമന്റെ നേർക്കേററൂ ചില ശൂരർ ഘോരബലാന്വിതർ
ശൂലം, വെണ്മഴു, വാളെന്നീ മുഖ്യശസ്ത്രങ്ങൾ ചാട്ടിനാർ. 26
ശരങ്ങൾകൊണ്ടശ്ശസ്ത്രങ്ങൾ നീർത്തു രാമൻ മഹാഭുജൻ
കവർന്നാൻ പ്രാണനപ്പോരിൽ;—കൈക്കൂർത്തകൊണ്ടോൻ കഴുത്തുകൾ.
വീണുപോയീ ശിരസ്സററു ചട്ടയും വില്ലുമററവർ,
മന്നിങ്കൽഗ്ഗരുഡക്കാററാൽ തള്ളി വൃക്ഷങ്ങൾ പോലവേ. 28

അവരിൽച്ചത്തുശേഷിച്ച നിശാചരർ വിഷണ്ണരായ്
ഖരന്റെ നേർക്കുതാൻ പാഞ്ഞു പൊറുതിട്ടായ്ശ്ശരാർത്തിതർ.
അവരെല്ലാവരെയും കൈക്കൊണ്ടാശ്വസിപ്പിച്ചു ദൂഷണൻ
പാഞ്ഞേററൂ രാമനെ ക്രോധാൽ, കാലൻ രുദ്രനെയാംവിധം. 30
തിരിച്ചുവീണ്ടുമെല്ലാരും ദൂഷണാശ്രയനിർഭയർ
രാമനെത്തന്നെ പാഞ്ഞേററു സാലതാലശിലായുധർ,
ശൂലം മുൾത്തടി കൈക്കൊണ്ടും, വിൽ കൈക്കൊണ്ടും, മഹാബലർ:
പൊഴിച്ചാർ ശരവർഷങ്ങളടരിൽശ്ശസ്ത്രവർഷവും; 32
ദ്രുമവർഷം ശിലാവർഷമിവയും തൂകി രാക്ഷസർ.
കോൾമയിർക്കൊള്ളുമാറങ്ങായ് തുമുലാത്ഭുതമാം രണം
രാമനും രാക്ഷസന്മാരും തമ്മിൽ വീണ്ടും സുദാരുണം;
അവർ വീണ്ടും ചൊടിച്ചെങ്ങും ചുഴന്നേററിതു രാമനെ. 34

Digitized By Kerala Sahitya Akademi

ആ രക്ഷസ്സുകളയച്ചക്കുറ്റിയും കുന്തമൊക്കെയും
ദിക്കും പ്രദിക്കുമെല്ലാമേ മൂടിനിന്നതു കാൺകയാൽ
ഘോരമായൊന്നലറിയിട്ടു,നല്പബലനാമവൻ
തൊടുത്താനാശരർക്കായിഗ്ഗാന്ധർവാസ്ത്രം പുരുപ്രഭം: 36
വട്ടച്ച വില്ലിൽനിന്നിപ്പോൾച്ചാടീ വളരെയമ്പുകൾ;
പാഞ്ഞ ബാണങ്ങളാൽപ്പത്തുദിക്കുമാകെ മറഞ്ഞുപോയ്!
കരാളബാണങ്ങളെടുപ്പതുമാഞ്ഞു വലിപ്പതും
ശരങ്ങളെയ്യതും കണ്ടീലാശ്ശരാർത്തിതരാശരർ 38
ബാണക്കൂരിരുളാൽസ്സംച്ഛന്നമൊത്ത വാനം മറഞ്ഞുപോയ്;
അമ്പ് ബാണങ്ങൾ വമിക്കുന്നോൻ പോലെ നില്പായി രാമനും!
ഒപ്പം വീഴുവരാലൊ,പ്പം കൊല്ലപ്പെട്ടവരാലുമേ,
ഒപ്പം വീണവരാലും പാരതിമാത്രം നിറഞ്ഞുപോയ്. 40
മുറിഞ്ഞും, വാടിയും, വീണും, പിളന്നും, വീണ്ടു,മററുമേ,
കാണായി രാക്ഷസരതാതീദമായിരമായിരം.
തലപ്പാവൊത്ത തല, തോൾവളയിട്ടുള്ള കൈകളും,
മുറിഞ്ഞ നാനാരൂപാലങ്കാരങ്ങൾ, ഉടച്ചട്ടകൾ, 42
പലപാടു മുറിപ്പെട്ട ഹയഭേന്ദ്രർ, തേരുകൾ,
ആലവട്ടങ്ങൾ, കുട, വെൺചാമരം, വിവിധധ്വജം,
രാമന്റെ ബാണമേററററ ചിത്രമാം ശൂലപട്ടസം,
മുറിഞ്ഞ വാളു, കുന്തങ്ങൾ, ചതഞ്ഞ പരശ്വങ്ങളും, 44
പൊടിഞ്ഞ ചാററ, പലപാടേററ ചിത്രശരങ്ങളും
ചിന്നി,ച്ചിതറി പെട്ടെന്നൊന്നായിത്തീർന്നിതടർക്കളം!

---

## ഇരുപത്താറാം സർഗ്ഗം: ദൂഷണാദിവധം

---

നിജസൈന്യത്തെ നിഹനിപ്പതു കണ്ടിട്ടു ദൂഷണൻ
ചൊല്ലിവിട്ടാൻ മഹാബാഹു, ഭീമവേഗാപ്രധൃഷ്യരായ്
പോരിൽപ്പിന്തിരിയാത്തോരാമയ്യായിരമരക്കരെ.
അവർ വാൾ പട്ടസം ശൂലമമ്പും കല്ലും മരങ്ങളും. 2
ചൊരിഞ്ഞാർ ധാര മുറിയാതെ,ബ്ബാണം രാഘവന്റെമേൽ.
പ്രാണനെപ്പോക്കുമാ വൃക്ഷപാഷാണപ്പെരുമാരിയെ

Digitized By Kerala Sahitya Akademi

നെയ്തൊററാൻ ധാർമ്മികൻ രാമൻ ക്രൂരത്ത ബാണഗണങ്ങളാൽ.
ആ മാരി, കണ്ണടച്ചേററ കാള പോലെററനിന്നുടൻ
പൂണ്ടാൻ രാമൻ പെരുംക്രോധം, സർവ്വരക്ഷോവധത്തിനായ്;
ക്രോധം പൂണ്ടിട്ടു, തേജസ്സാലുജ്ജ്വലിക്കുംവിധത്തിലായ്
ശരങ്ങൾ തൂകിനാനെങ്ങും ദൂഷണാശ്രിതസേനയിൽ.
അതിൽച്ചൊടിച്ചു സേനേശൻ ദൂഷണൻ ശത്രുദൂഷണൻ 6

ഇടിത്തീയെതിർബാണങ്ങൾ തൂകിനാൻ രാഘവന്റെമേൽ.
അവന്റെ വൻവില്ലു പൊടിച്ചറുത്താൻ യുധി രാഘവൻ
കത്തിയമ്പൊന്നിനാൽ വീരൻ, നാലാൽ നാലു ഹയത്തെയും.
അശ്വങ്ങളെക്ഷുരമ്പാൽക്കൊന്നു,ർദ്ധചന്ദ്രസ്സമൊന്നിനാൽ 8

കൊയ്താൻ സൂതന്റെ തല; മൂന്നെയ്താനാ രാക്ഷസോരസി.
വില്ലററു, തേർ പോയ,ശ്വങ്ങൾ ചത്തു, സാരഥി ചത്തവൻ
ഏന്തി കുന്നിൻമുടിയ്ക്കൊത്ത പരിഘം രോമഹർഷണം.
പൊൻപോളയാൽക്കെട്ടിയതാ,യമ്പർപ്പടയുടച്ചതായ്, 10

ക്ഷത്രിമ്പാണിയെമ്പാടും തറച്ച,രിവസാർദ്രമായ്,
തൊട്ടാൽ വജ്രാശനിയ്ക്കൊത്തു,വൈരിഗോപുരഭേദിയായ്,
പെരുതാം പാമ്പിനൊത്തുള്ളാപ്പരിഘം പൂണ്ടു സംഗരേ
പാഞ്ഞേററു രാമനെ ക്രൂരകർമ്മാവാം ദൂഷണാശരൻ. 12

ആപ്പാഞ്ഞെത്തല്ലും ദൂഷണന്റായണി ചാർത്തിയ കൈകളെ
മുറിച്ചാനൊപ്പമേ, രണ്ടു വിശിഖംകൊണ്ടു രാഘവൻ.
പോർമുന്നിൽക്കൈമുറികയാൽപ്പിടമം വിട്ടു വീണുപോയ്
അവന്റെ കൂററൻപരിഘം, മുന്നിലിന്ദ്രധ്വജോപമം; 14

അദ്ദൂഷണനുമക്കൈകൾ ചിന്നി മന്നിങ്കൽ വീണുപോയ്,
കൊമ്പു രണ്ടും തകർന്നോരു കരീന്ദ്രൻ പോലെ, ധൈര്യ്യവാൻ.
പോരിലദ്ദൂഷണൻ കൊല്ലപ്പെട്ടു വീണതു കാൺകയാൽ,
നന്നു നന്നെന്നു കൊണ്ടാടീ ഭൂതമൊട്ടുക്ക രാമനെ. 16

അനന്തരമരിശം കൊണ്ടു പടത്തലവർ മൂന്നുപേർ,
മൃത്യുപാശക്കുടുക്കാണ്ടോരൊപ്പം, പാഞ്ഞേററു രാമനെ:
മഹാകപാലൻ സ്ഥൂലാക്ഷൻ, കരുത്തനാം പ്രമാഥിയും.
മഹാകപാലൻ രക്ഷസ്സു വലുതാം ശൂലമോങ്ങിയും, 18



Digitized By Kerala Sahitya Akademi

സ്ഥൂലാക്ഷൻ പട്ടസം പൂണ്ടും, പ്രമാഥി മഴുവേന്തിയും
പാഞ്ഞെത്തില്ലവരെ കണ്ടാശു കൂർത്തുമൂർത്ത ശരങ്ങളാൽ
വരും വിരുന്നുകാരെപ്പോലേററു പൂജിച്ചു രാഘവൻ!
മഹാകപാലന്റെ തലയറുത്താൻ നൽശ്ശരങ്ങളാൽ; 20

അസംഖ്യബാണനിരയാൽ പ്രമഥിച്ചാൻ പ്രമാഥിയെ;
കൂരമ്പിനാൽ നിറച്ചാനാ സ്ഥൂലാക്ഷന്റെയക്ഷികൾ;
കൊമ്പൊക്കും മാമരം പോലെ, ചത്തു വീണിതവൻ ഭുവി.
രോഷാലയ്യായിരം പേരെദ്ദൂഷണാനുഗരെ ക്ഷണാൽ 22

അയ്യായിരം കണകളാലന്തകാലയമേററിനാൻ.
ദൂഷണൻ കൂട്ടുകാരൊത്തു കൊല്ലപ്പെട്ടിതു കാണ്കയാൽ
ചൊല്ലിവിട്ടാൻ ഖരൻ ക്രോധാൽക്കെല്പെഴും പടനായരെ;—
‘ദൂഷണൻ കൊലയേററല്ലോ യുദ്ധത്തിൽക്കൂട്ടുകാരുമായ്’; 24

പെരുംപടയൊടൊത്തങ്കംവെട്ടി രാമകമർത്ത്യനെ
നാനായുധങ്ങളാൽക്കാച്ചിനെല്ലാരുംകൂടി രാക്ഷസർ!’
എന്നോതി രാമനെത്തന്നേ പാഞ്ഞേററു ക്രുദ്ധനാം ഖരൻ.
ശ്യേനഗാമി, പൃഥുഗ്രീവൻ, യജ്ഞശത്രു, വിഹംഗമൻ, 26

ദുർജ്ജയൻ, കരവീരാക്ഷൻ, പരുഷൻ, കാലകാർമ്മുകൻ,
മേഘമാലി, മഹാമാലി, സർപ്പാസ്യൻ, രുധിരാശനൻ
ഇപ്പന്തിരണ്ടുപേർ വീരർ സേനാധ്യക്ഷർ സസൈന്യരായ്
നല്ലമ്പുതൂകിയുംകൊണ്ടു പാഞ്ഞണഞ്ഞിതു രാമനെ. 28

ഉടൻ, പൊൻവജ്രകമണിഞ്ഞുള്ള തീവ്രനർശരങ്ങളാൽ
ആബ്ബാംകലിയുള്ള സൈന്യത്തെയെയ്താൻ, തേജസ്സു വായ്ച്ചവൻ.
ആപ്പൊൻകെട്ടിയ ബാണങ്ങൾ പുകഞ്ഞഗ്നികൾപോലെയായ്,
വൃക്ഷങ്ങളിലിടിത്തീകൾ പോലെ വീണിതരക്കരിൽ. 30

തോട്ടിയമ്പൊരുനൂറുകൊണ്ടു നൂറാരക്കരെയും രണേ,
ആയിരംകൊണ്ടായിരംപേരെയുമെയ്തിതു രാഘവൻ.
അവയാൽച്ചട്ടമെക്കാപ്പു പൊട്ടി വില്ലററു, വീണുപോയ്,
ചോര പാരം പുരണ്ടുഴിത്തട്ടിൽ വീണു നിശാചരർ. 32

മുടി ചിന്നി നിണം ചാടിയവർ പോരിങ്കൽ വീഴ്കയാൽ
ഭൂവെല്ലാം, ദർഭകൾ വിരിച്ചോരു വൻവേദി പോലെയായ്.
ക്ഷണാലാശരർ കൊല്ലപ്പെട്ട,തിഭീഷണമാം വനം,
മാംസരക്തം ചളിക്കൂട്ടി, നരകത്തിന്റെ മട്ടിലായ്! 34

Digitized By Kerala Sahitya Akademi

പതിന്നാലായിരംപേരെഗ്ഘോരം ചെയ്യുമരക്കരെ
ഹനിച്ചു രാമനൊററയ്ക്കു, മനുഷ്യൻ, മന്നിൽ നില്പവൻ!
ആകെയപ്പടയിൽബ്ബാക്കിയുള്ള തേരാളിയാം ഖരൻ,
ത്രിശിരസ്സെന്ന രക്ഷസ്സു,മഹിതാത്മർദ്ദി രാമനും: 36
മററുംക്കരുത്തേറിയ ദുസ്സഹഘോരനിശാടരെ
ഒട്ടഒ ലക്ഷ്മണാഗ്രജൻ കൊന്നാനല്ലോ രണാഞ്ചലേ.
    രണത്തിലഘോരബലത്തെ രാഘവൻ
    മഹാബലൻ കൊന്നതു കണ്ടതാലുടൻ
    ഖരൻ പെരുംതേരൊടെതിർത്തു രാമനെ,—
    ഗൃഹീതവജ്രൻ വലവൈരി പോലവേ. 38

---

## ഇരുപത്തേഴാം സർഗ്ഗം: ത്രിശിരോവധം

—*—

രാമന്റെ നേർക്കു പോകുന്ന ഖരനെച്ചെന്നണഞ്ഞുടൻ
സേനേശൻ ത്രിശിരസ്സെന്ന രക്ഷസ്സിങ്ങിനെ ചൊല്ലിനാൻ:—
‘എന്നെച്ചൊല്ലിവിട്ടു വീര; കൈയൊഴിയ്ക്കുക സാഹസം;
പോരിൽ വീഴിച്ചതായ്ക്കാൺക വൻകയ്യുടയ രാമനെ. 2
നേരായ് പ്രതിജ്ഞചെയ്യുന്നേൻ, തൊട്ടുഞാനായുധത്തെയും:
കൊൽവാൻ ഞാൻ, രാക്ഷസർക്കെല്ലാം കൊല്ലേണ്ടോനായ രാമനെ!
ഞാൻ കൊല്ലുമിവനെപ്പോരിലീ, വൻ പടയിലെന്നെയോ;
യുദ്ധോത്സാഹം വെടിഞ്ഞ,ല്പനേരം മധ്യസ്ഥനാക നീ! 4
രാമന്റെ ചാകൽത്തോഷിച്ചു ജനസ്ഥാനത്തു പോം ഭവാൻ;
അല്ലെങ്കിൽ ഞാൻ ചാവുകയാൽ, രാമനായ്പ്പോരിനേററിടും.’
ഖരനെക്കനിയിച്ചിട്ടു, ചാവാനായ് ത്രിശിരസ്സവൻ,
ചെല്ലു, പോർചെയ്യുകെ’ന്നാജ്ഞ നേടിച്ചെന്നേററു രാമനെ. 6
വിളങ്ങുമശ്വയുതമാം തേരിനാൽ ത്രിശിരസ്സുടൻ
പാഞ്ഞേററു രാമനെപ്പോരിൽ, ത്രികൂടമല പോലവേ.
ശരധാരകൾ വൻകൊണ്ടൽപോലെ വർഷിച്ചുകൊണ്ടവൻ
നനഞ്ഞ ചെണ്ടയ്ക്കൊത്തീടാമൊരു ശബ്ദം മുഴക്കിനാൻ. 8
അരക്കൻ ത്രിശിരസ്സെത്തുന്നതു കണ്ടിട്ടു രാഘവൻ
വില്ലുമായിട്ടെതിർത്തേററു കൂരമ്പുകൾ പൊഴിയ്ക്കയായ്,

Digitized By Kerala Sahitya Akademi

അതീവ ബലവാന്മാരാം രാമനും ത്രിശിരസ്സുമായ്.
നടന്നൂ തുമുലം വമ്പന്മാർ, സിംഹകുഞ്ജരരീതിയിൽ. 10
ത്രിശിരസ്സഥ നെറ്റിയ്ക്കു മൂന്നു ബാണങ്ങളെയ്കയാൽ
പൊറാഞ്ഞു രുഷ്ടനായ് രാമൻ ചൊടിച്ചിങ്ങിനെ ചൊല്ലിനാൻ:—
'അമ്പോ, വിക്രാന്തിപടുവാമരക്കന്റെയിബ്ബലം:
ഇവന്റെയമ്പാൽ,പ്പൂവാൽപ്പോലെന്റെ നെറ്റി മുറിഞ്ഞുപോയ്! 12
ഏറ്റുകൊൾക,ന്റെയും വില്ലിൻനിന്നു വിട്ട ശരങ്ങളെ.'
ഏവം ചൊന്നച്ചുരച്ചീ,രേഴുരഗാഭശരങ്ങളെ
ത്രിശിരസ്സിന്റെ നെഞ്ഞത്തെയ്ക്കാഞ്ഞുവിട്ടിതു രുഷ്ടനായ്.
എന്നിട്ടവന്റെ വമ്പാർച്ചിൽ പായും നാലു ഹയങ്ങളെ, 14
മൊട്ടൊഴിഞ്ഞുള്ള നാലമ്പുകൊണ്ടു തേജസ്വി വീഴ്ത്തിനാൻ;
തേർ തെളിപ്പോനെയെട്ടമ്പുംകൊണ്ടു തേർത്തട്ടിൽ വീഴ്ത്തിനാൻ;
അവന്റെ ഉംഗധ്വജവും മുറിച്ചു രാമനമ്പിനാൽ.
പില്ലൊടം,ച്ചത്ത തേർ വിട്ടു ചാടുമാ യാതുധാനനെ 16
പിളർത്തി നെഞ്ചിലായ് രാമനമ്പാൽ; നിശ്ചേഷ്ടനായവൻ.
ഉടൻ ചൊടിച്ചമേയാത്മാവാ രക്ഷസ്സിൻ ശിരസ്സുകൾ
വീഴ്ത്തിനാൻ രാമനു,ഗ്രക്കരം മൂന്നു കൂരമ്പുകൊണ്ടുതാൻ.
രാമബാണങ്ങളേറ്റിട്ടു ചോര ചാർത്തിച്ചു ഭൂമിയിൽ
വീണുപോയ്, തന്റെ തലകൾ മുൻവീണതാമാ നിശാടനും. 18
ചത്തുശേഷിച്ച ഖരസംസേവകാസുരർ ഭഗ്നരായ്
നില്ലാതെ പാഞ്ഞാർ, നരിയെപ്പേടിച്ചേണങ്ങൾ പോലവേ
പാഞ്ഞുപോമവരെക്കണ്ടു താൻതാൻ നിർത്തി രുഷാ ഖരൻ 20
രാമനെത്തന്നെ പാഞ്ഞേറ്റം, രാഹു ചന്ദ്രനെയാംവിധം.

---

## ഇരുപത്തെട്ടാം സർഗ്ഗം: ഖരരാമയുദ്ധം.

—?—

ദൂഷണനും ത്രിശിരസ്സും പോരിൽക്കൊല പിണഞ്ഞതും
രാമവിക്രമവും കണ്ടുൾപ്പേടി തോന്നി ഖരന്നുമ.
ത്രിശിരോദൂഷണരൊടൊത്തസഹ്യഖരസേനയെ
ഒറ്റയ്ക്കു രാമൻ കൊലചെയ്തതു കണ്ടു മഹാബലൻ, 2
മുക്കാലും ചത്ത പട പാർത്തുള്ളിടിഞ്ഞ ഖരാസുരൻ
നേരിട്ടണഞ്ഞാൻ, നമുചി ശക്രനെപ്പോലെ രാമനെ.

Digitized By Kerala Sahitya Akademi

വില്ലു കെല്പിൽ വലിച്ചെയ്താൻ ഖരൻ രാമൻെറ നേർക്കടൻ,
നിണമുണ്ണുമിരിമ്പമ്പിൻനിര തുരച്ചരാരാഗാപമം. 4
പയററാൽപ്പലവട്ടം ഞാണലച്ചെയ്തിൻ തരങ്ങളെ
കാണിച്ചുംകൊണ്ടു തേരോല ചുററിനാൻ നടരിൽക്ഖരൻ.
അതു കണ്ടു ശരൌഘത്താലാ, വൻതേരാളി രാമനും
നിറച്ചാൻ വലുതാം വില്ലും, ദിക്കപ്രദിക്കകളൊക്കയും; 6
പൊരി പാറുന്ന തീപ്പോലുളം പൊറാവല്ലാസ്ത്രങ്ങളാൽ
ഇടത്തൂർത്തനവൻ വാനം, മഴയാൽ മുകിൽ പോലവേ. .
എമ്പാടും ഖരരാമന്മാരെയ്ത തീക്ഷ്ണാസ്ത്രങ്ങളാൽ
ചുറവുമുള്ളാ നഭസ്സു,മ്പു തിങ്ങിത്തച്ചന്നിടത്തൂർന്നുപോയ്! 8
ശരൌഘത്താൽ മറകയാൽ വിളങ്ങാതായിഭാസ്കരൻ,
രണ്ടാളും തങ്ങളിൽക്കൊൽവാൻ വാശി പൂണ്ടടരാടവേ.
ഖരൻ മൊട്ടമ്പി,രിമ്പമ്പു, തീക്ഷ്ണമാം തോട്ടിയമ്പിവ,
കാരക്കോല്ക്കറം കരീന്ദ്രങ്കൽപ്പോലെമേല്പിച്ചു രാമനിൽ. 10
തേരിങ്കൽ വില്ലും കൈക്കൊണ്ടു നില്ലുമാ യാതുധാനനെ,
പാശിയാം യമനെപ്പോലെ കണ്ടാർ ഭൂതങ്ങളൊക്കയും.
അപ്പോഴാ,സൈന്യത്തെയൊട്ടുക്ക കൊന്നോനായ്പ്പൌരുഷസ്ഥനായ്
സന്തോഷാഢ്യനാം രാഘവനെ ക്ലാന്തനെന്നോർത്തുപോയ് ഖരൻ. 12
സിംഹവിക്രാന്തസഞ്ചാരിയാകുമസ്സിംഹഗർവ്വരനെ,
സിംഹം മുയലിനെപ്പോലെ കണ്ടാൻ ക്രൂസാതെ രാഘവൻ.
സൂര്യസന്നിഭമായുള്ള വലുതാം തേരമായ്ക്കഖരൻ
ചെന്നേററു രാമനെപ്പോരില,ഗ്നിയെപ്പാററ പോലവേ. 14
പിമ്പപ്പെരിയ രാമൻെറയമ്പിണങ്ങിയ വില്ലിനെ
പിടിപ്പാട്ടിൽ മുറിച്ചിട്ടാൻ, കൈവേഗം കാട്ടിടും ഖരൻ.
വീണ്ടുമിന്ദ്രാശനിയ്യൊത്തു മിന്നുമഴമ്പു വേറെയും
കൈക്കൊണ്ടു ചട്ടമേലായിട്ടെയ്താനാ,ക്രൂദ്ധനാം ഖരൻ. 16
ഖരനാണ്ഞെത്തല്ല നന്മൊട്ട ചേരുമമ്പുകളെല്ലയാൽ,
സൂര്യതേജസ്സപി രാമൻെറയച്ചട്ട ഭുവി വീണുപോയ്.
പിന്നെയോരായിരമമ്പാലേ കെല്പിൽ നേരററ രാമനെ
പരിക്കേല്പിച്ചലറിനാൻ, പോരിൽപ്പട്ടരവം ഖരൻ. 18
സർവ്വാംഗമമ്പുകറം തറഞ്ഞതിശം ചോരയിൽ രാഘവൻ-
വിളങ്ങി, പുകയററാളും തീപോലേ രാമനാഹവേ.

Digitized By Kerala Sahitya Akademi

മാററാൻെറ കഥ തീൎപ്പാനായം, രാമനരിസൂദനൻ
മററൊരുച്ചണ്ഡരവമാം വൻവില്ലു കലൎയററിനാൻ: 20
ഋഷിവൎയ്യൻ കൊടുത്തീട്ടുണ്ടല്ലൊ പെരിയ വൈഷ്ണവം,
അപ്പള്ളിവില്ലു കൈക്കൊണ്ടു ഖരങ്കൽപ്പാഞ്ഞുകേറിനാൻ;
എന്നിട്ടു, മൊട്ടഴിഞ്ഞുള്ള പൊൻകടസ്സായകങ്ങളാൽ
നുറുക്കീ, ക്രുദ്ധനാം രാമൻ ഖരൻെറ കൊടി സംഗരേ. 22

പലപാടായ്ത്തെറിച്ചിട്ടും, ച്ചന്തമറിയ പൊൻകൊടി,
ദേവാജ്ഞയാൽസ്സംഭ്രമിച്ചെന്നു തോന്നുമാറുഴി പുക്കുപായ്!
ആ രാമനെച്ചൊടിപ്പിക്കുംതോറും നാലമ്പിനാൽ ഖരൻ,
കാരക്കോലാൽഗ്ഗജത്തെപ്പോലെയ്താൻ, മൎമ്മജ്ഞനാഹവേ. 24

ഖരൻെറ വില്ലിൽനിന്നെത്തും ശരം വളരെയേല്ക്കയാൽ
ചെന്നിണം വാൎന്നടൽ നനഞ്ഞേറെ ക്രോധിച്ചു രാമനും.
മികച്ച വില്ലെടുത്തീട്ടാ വില്ലാളിശ്രേഷ്ഠനാഹവേ
വിട്ടാൻ മികച്ച വില്ലാളിമാനാ,റാമേഘശരങ്ങളെ: 26
തലയ്ക്കേററാനൊരമ്പാലേ, രണ്ടെണ്ണംകൊണ്ടു കൈകളിൽ,
മാറിൽച്ചുരിക തട്ടിച്ചാനൎദ്ധചന്ദ്രങ്ങളാം മൂന്നിനാൽ.
പില്പാടിരിമ്പമ്പു, പതിമ്മൂന്നെണ്ണം സൂൎയ്യസന്നിഭം
ചൊടിച്ചെടുത്താൻ തേജസ്വി, യക്കനെ വധിക്കുവാൻ: 28
ഒന്നാൽത്തേരിൽ നുകം, തത്ര നാലാൽ നാലുംഹയങ്ങളെ,
ആറാമത്തതിനാൽ പോരിൽക്ഖരസാരഥിതൻതല,
മൂന്നാൽ നുകത്തണ്ടൂൎജ്ജസ്വി, രണ്ടാൽ പ്രബലനച്ചുകോൽ,
പന്തിരണ്ടാം ശരത്താലമ്പിനോടും ഖരചാപവും. 30

മുറിച്ചു വജ്രതുല്യത്താൽ, പ്പുഞ്ചിരിക്കൊണ്ടു രാഘവൻ
പതിമ്മൂന്നാമതാൽക്കീറി ഖരനെസ്സുരരാട്സമൻ.
വില്ലററു, തേരററു, ഹയങ്ങളും ചത്തു, സാരഥി ചത്തതിൽ,
ഗദ കൈക്കൊണ്ടുടൻ ചാടി നിലത്തു നിലവായ് ഖരൻ. 32

തേരാളിമാൎക്കഗ്രിമനായ രാമ-
നച്ചെയ്ത്തദ്ദേവമഹൎഷിമാരും,
വിമാനമാണ്ടൊത്തൊരുമിച്ചു വന്നോർ
പുകഴ്ത്തിനാർ, കൈതൊഴുതാത്തഹൎഷം.

---

Digitized By Kerala Sahitya Akademi

## ഇരുപത്തൊമ്പതാം സർഗ്ഗം: ഖരഗദാച്ഛേദനം

— * —

തേർ വിട്ടു ഗദ കൈക്കൊണ്ടു നില്ക്കുന്ന ഖരനാം ഭടൻ,
മന്ദം വിടാതെ പരുഷം ചൊന്നാൻ തേജസ്വി രാഘവൻ:—
"തേരാനയശ്വം നിറയും വമ്പിച്ച പടകൊണ്ടു നീ
ചെയ്തുപോന്നു, ജഗത്തെല്ലാം വെറുത്ത കൊടുതാം തൊഴിൽ. 2
ഭൂതങ്ങളെ നടുങ്ങിച്ചു പാപം ചെയ്യുന്ന ഘാതുകൻ,
മൂപ്പാർക്കുമീശ്വരൻതാനൊന്നാലും ജീവിച്ചിരുന്നിടാ.
ലോകേ വിരുദ്ധമാം കർമ്മം ചെയ്യും തീക്ഷ്ണനാം രാക്ഷസ,
ദ്രോഹിയ്ക്കുമവരും, വന്ന ദുഷ്ടസർപ്പത്തെയാംവിധം. 4
ലോഭാൽ, കാമാൽ, ചെയ്തു പാപമോരായ്കിൽ, ഭ്രഷ്ടനായവൻ,
ആലിപ്പഴം തിന്നരണ പോലതിൻഫലമേല്ക്കുമേ!
ദണ്ഡകാടവിയിൽപ്പാർക്കും ധർമ്മിഷ്ഠമുനിവര്യരെ
വധിച്ചിട്ടെന്തൊരു ഫലം നേടുമാവോ നിശാട, നീ! 6
ലോകഗർഹിതരാം ക്രൂരർ പാപകർമ്മക്കളേറെനാൾ
ഐശ്വര്യം പൂണ്ടു വാഴാ, വേർ തേഞ്ഞ വൃക്ഷങ്ങൾ പോലവേ.
തീർച്ചയായ് നേടുമേ പ്രാണി പാപത്തിൻ ഘോരമാം ഫലം,
കാലം വന്നാലൃതുവിലെപ്പൂവിനെത്തരു പോലവേ. 8
പാരാതെ കൈവരും പാരിൽപ്പാപം ചെയ്താലതിൻഫലം,
വിഷം കലർന്ന ചോറുണ്ടാലെന്നവണ്ണം നിശാചര!
പാരഴൽപ്പെടുമാറുഗ്രപാപം ചെയ്യുന്ന ദുഷ്ടരെ
കൊൽവാനായ് ത്തമ്പുരാൻ കല്പിച്ചയച്ചോനാണരക്ക, ഞാൻ. 10
ഇന്നു നിന്മെയ്യിൽ ഞാനെയ്തുവിട്ട പൊന്നണിയമ്പുകൾ
പിളർത്തുള്ളിൽപ്പൂകുമല്ലോ, പുററിൽപ്പാമ്പുകൾ പോലവേ.
ദണ്ഡകക്കാട്ടിൽ നീ തിന്ന ധർമ്മചാരികളേവരേം,
പോകുമിന്നവർതൻ പിമ്പ, സസൈന്യം യുധി ചത്തു നീ. 12
ഇന്നസ്ത്രഹതനാം നിന്നെക്കാണട്ടെ നരകത്തിലായ്.,
വിമാനസ്ഥരൃഷിശ്രേഷ്ഠന്മാർ, നീ മുമ്പു കൊലചെയ്തവർ!
വിട്ടുകൊൾകിഷ്ടപോലസ്ത്രം; വേല ചെയ്ക കുലാധമ;
ഇന്നു നിൻ തല വീഴിപ്പൻ, പനംതേങ്ങകണക്കിനെ." 14

എന്നു രാമൻ പറഞ്ഞാറേ, ചൊടിച്ചു ചുടുകണ്ണുമായ്
ചിരിച്ചുകൊണ്ടു മറുവാക്കോതീ, ക്രോധാന്ധനാം ഖരൻ:—

Digitized By Kerala Sahitya Akademi

"സാദ്ധ്യരാക്ഷസരെക്കൊന്നു പോരിൽദ്ദശരഥാത്മജ,
താൻതന്നെ, ശ്ലാഘ്യനല്ലാത്ത തന്നെ ശ്ലാഘിപ്പതെന്തു നീ? 16
കെല്പും വിക്രമവും ചേർന്ന നരപുംഗവരേവരോ,
തൻതേജസ്സാൽ മദം പൂണ്ടു ചൊല്ലുകില്ലവരൊന്നുമേ.
പാരില്യ,ഹങ്കാരമില്ലാത്ത തുച്ഛക്ഷത്രിയനീചര
വ്യഥാവിൽ മേനിപറയും രാമ, നീ പറയുംവിധം! 18
വംശത്തെ വെളിവാക്കുന്ന വീരനാമെവനാഹവേ
മൃത്യുകാലത്തു സന്ദർഭം വിട്ടു തന്നെപ്പുകഴ്ത്തിടും?
എല്ലാമട്ടുമിളപ്പത്തെക്കാട്ടീ നിൻമേനിവാക്കതാൻ,
ഉമിത്തീയിൽത്തിളപ്പിച്ച പിച്ചളപ്പൊന്നു പോലവേ! 20
കാണുന്നീലേ ഗദയെടുത്തീട്ടു നിന്നിടുമെന്നെ നീ,
ധാതു തിങ്ങിയൊരു ക്ഷ്മാഭൃൽക്കൂടാധരത്തെക്കണക്കിനേ?
പോരുമേ ഗദയേന്തും ഞാൻ പോരിൽ നിന്നുയിർ പോക്കുവാൻ,
മൂന്നുലോകത്തിനും പാശം പൂണ്ട കാലൻ കണക്കിനെ. 22
നിന്നോടു ചൊൽവാൻ പലതുണ്ടെ,ന്നാലും ചൊൽവതില്ല ഞാൻ:
സൂര്യൻ മറഞ്ഞുപോമല്ലോ; യുദ്ധമെന്നാൽ മുടങ്ങിടും.
പതിനാലായിരംപേരെക്കൊന്നല്ലോ നീയരക്കരെ;
ഇതാ, തുടപ്പനവർതൻ കണ്ണീർ ഞാൻ നിൻവധത്തിനാൽ." 24
എന്നുരച്ചതിരോഷം പൂണ്ടുത്തമാംഗദമുഗ്രമ
രാമന്റെ നേർക്കു,ല്ക്കമിടിത്തീ പോലെ ചാട്ടിനാൻ ഖരൻ.
ഖരനാലെറിയപ്പെട്ടു ദീപ്തമാമപ്പെരുംഗദ
തരുഗുല്മങ്ങളും നീറാക്കി,യവൻതൻ നേർക്കു ചെല്ലുമായ്;
മൃത്യുപാശം കണക്കാളിക്കത്തിയെത്തീടുമഗ്ഗദ
രാമൻ വാനത്തുവെച്ചമ്പാൽപ്പലപാടായ് നുറുക്കിനാൻ.
അമ്പാൽ മുറിഞ്ഞു ചിതറി വീണിതഗ്ഗദയൂഴിയിൽ,
മന്ത്രൗഷധബലാൽ വീഴ്ത്തപ്പെട്ട പെൺപാമ്പു പോലവേ. 28

— * —

## മുപ്പതാം സർഗ്ഗം: ഖരവധം.

— * —

അമ്പാലഗ്ഗദ ഖണ്ഡിച്ചു രാഘവൻ ധർമ്മവത്സലൻ
ഉഴന്ന ഖരനോടേവം ചിരിച്ചുംകൊണ്ടു ചൊല്ലിനാൻ:—
"ഇതാ, കാട്ടീ, നിനക്കാകെയുള്ള കെല്പാശരാധമ;
ശക്തിയെന്നിൽത്തുലോം താണോൻ മേനിചൊല്ലുന്നു പാഴിൽ നീ, 2

Digitized By Kerala Sahitya Akademi

ഇതാ, കനകളൻ്റപ്പാരം മുറിഞ്ഞുഴിയിലാണ്ടുപോയ്,
വിശ്വാസമൂട്ടയുംമാറ, വാക്കുററംചേൻനിൻ ഗള!
നീ ചൊല്ലിയല്ലോ, 'മൃതാമരക്കരുടെ കണ്ണുനീർ
തുടെയ്ക്കുന്നുണ്ട ഞാനെ'ന്നായ്;പ്പാഴിപ്പി നിൻപുലമ്പലും! 4
ക്ഷുദ്രനായ്പ്പാഴ്നടപ്പാന്ന നീചരക്ഷസ്സുതന്നുടെ
ഉയിർ ഞാൻ കൈക്കലാക്കുന്നൻ, ഗരുഡൻ സുധ പോലവേ.
എൻെറ ബാണങ്ങളാൽക്കണ്ണുമററ മൈ വീണ്ട നിന്നുടെ
നുരയും പൊള്ളയും ചേൻ നിണമിന്നൂഴി മോന്തിടും! 6
അഴന്ന കൈകകളും വെച്ചു സൎവ്വാംഗം പൊടി പൂശി നീ,
ഉല്ലാഭംഗനായപ്പോലെ ഭൂമിയെപ്പുണ്ടുറങ്ങിടും!
നീചാക്ഷസ്സു നീ നീണ്ട നിദ്ര പൂണ്ടുകിടക്കയാൽ,
അശരണൎക്ക ശരണമാകുമിദ്ദണ്ഡകാവനം; 8
നിൻജനസ്ഥാനമെന്നമ്പാൽ നഷ്ടമാംമൂലമാശര,
പേടി കൂടാതെ കാട്ടെങ്ങും സഞ്ചരിച്ചിടും താപസീകരം.
പാഞ്ഞുപോമിന്നു ബന്ധുക്കളെം ചത്ത രാക്ഷസനാരിമാർ,
കണ്ണീർ വാൎന്നഴലാണ്ടുള്ളയംകരികളുറംബ്ബമയാൽ. 10
ഇന്നല്ലലിൻസ്വാദറിയുമാത്തരംകെട്ട പതിമാർ
തുല്യവംശജമാരീ,മട്ടുള്ള നീ പതിയാകയാൽ!
നൃശംസ, നീച,ക്ഷുദ്രാത്മൻ, നിതും ബ്രാഹ്മണകണ്ടകം,
നിന്നെപ്പേടിച്ചുകൊണ്ടല്ലോ ഹവ്യം ഹോമിപ്പു താപസർ" 12
ഇവണ്ണം പുന പൂണ്ടാത്മാ രാഘവനെയാഹവേ
ശകാരിച്ചാൻ കുപിതനായ്, ഖരൻ ഖരതരസ്വരൻ:—
"തീച്ചയായും കുറമ്പൻ നീ, ഭയത്തിൽക്കൂടി നിൎഭയൻ;
വാച്യാവാച്യങ്ങളറിവീല,ന്തകന്നുപെട്ട നീ: 14
കാലപാശത്തിനാൽക്കെട്ടു പെട്ട വേളയിലാളുകൾ
കാൎയ്യാകാൎയ്യങ്ങളറിയാ, ഷഡിന്ദ്രിയവിപത്തിയാൽ!"
ഇവണ്ണം രാമനോടോതിപ്പുരികങ്ങൾ വളച്ചവൻ
യുദ്ധത്തിലായുധത്തിന്നായ്ച്ചുററും നോക്കിടുംവിധൌ, 16
പെരിയൊരു മരം കണ്ടാനരികത്തു നിശാചരൻ;
പറിച്ചെടുത്താനതവൻ ചുണ്ടമത്തു കടിച്ചുടൻ.
അതെടുത്തിട്ടു കൈകൊണ്ടും പൊക്കിയാത്തു മഹാബലൻ
രാമൻെറ നേക്കെറിഞ്ഞാൻ, 'നീ ചത്തുപോയെ'ന്നുമോതിനാൻ. 18



Digitized By Kerala Sahitya Akademi

നേക്കെത്തുമതിഷ്ഠത്താലതേജസ്വി രാമനും
ഖരനെപ്പടയിൽക്കൊൽവാനൊരുഗ്രക്രോധമേന്തിനാൻ.
ചൊടിച്ച വേത്ത കാകുത്സ്ഥൻ കടക്കണ്ണിൽത്തുടുപ്പുമായ്
പോരിലായിരമമ്പെയ്തു കീറിനാൻ ഖരനെപ്പരം. 20
അവനമ്പിൻമുറിവിൽനിന്നേററം നറു ചെടും നിണം
വാർന്നു, പ്രസ്രവണക്കുന്നിൽനിന്നു നീർച്ചോല പോലവേ.
രാമൻ പോരിൽക്കണകളാൽ വലച്ച ഖരനഞ്ജസാ
രക്തഗന്ധാൽ മദം പൂണ്ടു പാഞ്ഞോററാനവനോടുതാൻ. 22
അവൻ നിണത്തിൽ മുഴുകിച്ചണയാതോടിയെത്തവേ,
രണ്ടുമൂന്നടി പിന്മാറി കൃതാസ്ത്രൻ ദ്രുതവിക്രമൻ.
എന്നിട്ടു പോരിൽ ഖരനെക്കൊല്‌വാൻ കൈക്കൊണ്ടു രാഘവൻ,
മററൊരു ബ്രഹ്മദണ്ഡം പോലുള്ള തീക്ഷ്ണമാമൊരാശുഗം: 24
അതു, ധീമാനമരർകോൻ മഘവാവു കൊടുത്തതാം;
തൊടുത്താനതു ധർമ്മാത്മാവെ;–യ്താൻ ഖരനു നേക്കവൻ.
രാമൻ വില്ലു വലിച്ചെയ്തുവിട്ട വമ്പേറമസ്ത്രം
ഖരൻെറ മാറിൽച്ചെന്നേററിതി,ടിമുഴക്കരവത്തോടും. 26
ശരത്തീയാലെരിഞ്ഞുംകൊണ്ടൂഴിമേൽ വീണുപോയ് ഖരൻ,
ശ്വേതാരണ്യത്തിൽ മുക്കണ്ണനെരിച്ച യമനാംവിധം.
വജ്രാൽ വൃത്രൻ കണക്കി,ന്ദ്രാശനിയാൽ വലനാംവിധം,
കടൽനാക്കാൽ നമുചി പോല,ക്ഖരൻ ചത്തുവീണുപോയ്. 28

ഉടൻ രാജർഷിമാരെല്ലാം വന്നുചേന്നൃഷിമുഖ്യരും
സാമോദരായിക്കൊണ്ടാടി രാമനോടിതു ചൊല്ലിനാർ:—
ഇതിനല്ലോ, മഹാതേജസ്സമ്പൎകോൻ പാകശാസനൻ
ശരഭംഗാശ്രമം പൂണ്ടും വന്നണഞ്ഞു പുരന്ദരൻ; 36
നിന്നെസ്സൂത്രത്തിലൃഷിമാരീട്ടിക്കിൽക്കൊണ്ടുവന്നതും,
ഈയുഗ്രപാപരാം യാതുധാനരെക്കൊല്‌വതിന്നുതാൻ.
ഞങ്ങൾതൻ കാര്യമതിതാ, ചെയ്തു ദാശരഥേ, ഭവാൻ;
ദണ്ഡകത്തിൽ മുനീന്ദ്രർക്ക ധർമ്മം ചെയ്യാമിനിസ്സുഖം!' 32
അന്നേരം ചാരണന്മാരോടൊത്തു വന്നെത്തി വാനവർ
പെരുമ്പറകളും കൊട്ടിപ്പൂമ്പൂവർഷത്തെ നീളവേ
രാമൻെറമേൽച്ചൊരിഞ്ഞാരതിമ്പമാർന്നുള്ളത്തോടും.
'മൂന്നുനാഴികകൊണ്ടല്ലോ, രാമൻ കൂർത്തശരങ്ങളാൽ, 34

Digitized By Kerala Sahitya Akademi

പതിന്നാലായിരംപേരെ ഘോരം ചെയ്തമരക്കരെ
കൊലപ്പെടുത്തീ വമ്പാരിൽഖരദൂഷണമുഖ്യരെ;
അമ്പമ്പോ, വിദിതാത്മാവാം രാമന്റെ വലുതാം തൊഴിൽ!
വിസ്മമമ്പോ, മിടുക്കമ്പോ, കാണ്മു വിഷ്ണുവിനൊപ്പമേ!' 36

എന്നോതി വന്നവഴിയേ പോയാരസ്സുരരവരും.
അപ്പൊഴേ സീതയോടൊത്തു വീരനാകിയ ലക്ഷ്മണൻ
ഗിരിദുർഗ്ഗം വിട്ടു പോന്നു പുക്കാൻ സുഖമൊടാശ്രമം.
മഹർഷിമാർ പുകഴ്ത്തുന്ന വീരൻ വിജയി രാമനും 38

ആശ്രമം പൂകി മാനിക്കപ്പെട്ടു ലക്ഷ്മണനാലുടൻ.
മാററാരെക്കൊന്നൃഷീന്ദ്രർക്ക സൌഖ്യം നല്കിയ നാഥനെ
കണ്ടു മൈഥിലി ഹർഷിച്ചാൾ; മുറുകെത്തഴുകീടിനാൾ.
രക്ഷോഗണത്തെ നിഹനിച്ചതു കണ്ടതിമോദയായ്: 40

രാമന്നാമയമില്ലായ്ക കണ്ടും തോഷിച്ചു ജാനകി,
മഹർഷിമാർ മോദമൊടാദരിക്കുമാ
നിശാചരാമർദ്ദിയെയങ്ങു വീണ്ടുമേ
പുണർന്നു ഹർഷാന്വിതയായിമേവിനാൾ,
ശശാങ്കശോഭാനനയായ ജാനകി.

## മുപ്പത്തൊന്നാം സർഗ്ഗം: രാവണമാരീചസമാഗമം

— * —

വെമ്പലോടജ്ജനസ്ഥാനം വിട്ടു പോയിട്ടകമ്പനൻ
ചിക്കെന്നു ലങ്കയിൽച്ചെന്നു രാവണൻതന്നോടോതിനാൻ:—
'തമ്പുരാനേ, ജനസ്ഥാനേ കൊന്നു പെരുതരക്കരെ;
കൊന്നു ഖരനെയും പോരിലേ;—ഒരുമട്ടിങ്ങുപോന്നു ഞാൻ!' 2

എന്നു കേട്ടു ദശഗ്രീവൻ ചൊടിച്ചു ചുടുകണ്ണുമായ്,
ദൃഷ്ടിയാൽച്ചുട്ടെരിപ്പാൻ പോലകമ്പനനോടോതിനാൻ:—
"ആരെൻചാരുജനസ്ഥാനം മുടിച്ചു, ചത്തടങ്ങുവാൻ?
ആർക്കോ, ഈലോകത്തുമിടം കിട്ടുകില്ലെന്നു വന്നുപോയ്? 4

എനിക്കനിഷ്ടം ചെയ്തിട്ടു സുഖം നേടാൻ കഴിഞ്ഞിടാ
മഹേന്ദ്രനും, കുബേരനും, യമനും, വിഷ്ണുവിനുമേ!
കാലനും കാലനത്രേ ഞാൻ;—അഗ്നിയെയുമെരിച്ചിടും;
മൃത്യുവിനും മൃതി ചെയ്തീടുവാൻ ശക്തനാണു ഞാൻ! 6

Digitized By Kerala Sahitya Akademi

തേജസ്സാൽച്ചുട്ടെരിച്ചീടും, ഞാൻ സൂര്യാഗ്നികളെയും രുഷാ;
കാററിൻെറയുഗ്രതരസാ മാററാനും ശക്തനാണു ഞാൻ;"
ആക്രോശിച്ച ദശഗ്രീവനോടായ് തൊഴുതകമ്പനൻ;
പേടിച്ചവ്യക്തമാം വാക്കാലഭയത്തെയിരക്കയായ്. 8
അരക്കർകോൻ ദശഗ്രീവനവന്നഭയമേകിനാൻ;
തരം വിശ്വാസമാണ്ടോനീ വ്യക്തമായിട്ടകമ്പനൻ:—
'പുത്രൻ ദശരഥന്നുണ്ട്, സിംഹസംഹനനൻ യുവാ
രാമാഭിധൻ വൃഷസ്കന്ധൻ ശ്രീമാൻ കൈ നീണ്ടുരുണ്ടവൻ; 10
ആ വീരനത്രേ, പേരാളും നിസ്തുല്യബലവിക്രമൻ
നശിപ്പിച്ചു ജനസ്ഥാനം ഖരദൂഷണർതമ്മെയും.'
അകമ്പനൻെറ മൊഴി കേട്ട്, രക്ഷഃപ്രഭു രാവണൻ,
ക്രൂരനാം പാമ്പിനെപ്പോലെ ചീററിയിങ്ങിനെ ചൊല്ലിനാൻ:— 12
'ആ രാമനിന്ദ്രനോടൊത്തോ, വാനോരോടൊക്കെയൊപ്പമോ
വന്നണഞ്ഞു ജനസ്ഥാനത്തു?—രച്ചാലുമകമ്പന.'
രാവണൻതൻെറയീച്ചോദ്യം കേട്ടു വീണ്ടുമകമ്പനൻ
കഥിച്ചാനാം, മഹാത്മാവിൻ പരാക്രമബലങ്ങളെ:— 14
'രാമനെന്നാം മഹാതേജസ്സ്വി,ല്ലാ വില്ലാളിമഗ്രഗൻ,
ദിവ്യാസ്ത്രഗുണസമ്പന്നൻ, പോരിൽദ്ദേവേന്ദ്രസന്നിഭൻ;
അവന്നു ചേരാ ബലവാൻ, രക്താക്ഷൻ, ദുന്ദുഭിസ്വനൻ,
കനിഷ്ഠനാം ലക്ഷ്മണനെന്നവനിന്ദുസമാനനൻ. 16
ഇവനൊന്നിച്ചു വാഴുന്നു, തീയ്യുമായ് കാററു പോലവൻ!
ശ്രീമാനപ്പെരുമാളത്രേ, ജനസ്ഥാനത്തെ വീഴ്ത്തിനാൻ;
വമ്പുള്ള വാനവന്മാരില്ലാ;—ലോചിയ്ക്കേണ്ടതില്ലതിൽ.
രാമനാണെയ്തയ്ത്ത പൊന്നെട്ടും ചിറകും ചേരുമമ്പുകൾ 18
പഞ്ചാനനപ്പാമ്പുകളായ് ത്തിന്നുതീർത്തിതരക്കരെ.
ഏതേതുവഴിയേ പോയോ പേടിച്ചിരുകി രാക്ഷസർ,
അതാതുവഴിയിൽക്കണ്ടു രാമനെത്തന്നെ മുന്നിലായ്!
ഇതമട്ടനഘ, പാഴാക്കി നിൻജനസ്ഥാനമായവൻ.' 20
അകമ്പനൻെറ വചനം കേട്ടു രാവണനോതിനാൻ:—
'രാമലക്ഷ്മണരെക്കൊൽവാൻ ജനസ്ഥാനത്തു പോകുവൻ.'
ഇവണ്ണമരുളിച്ചെയ്താപ്പോളിതുചൊന്നാനകമ്പനൻ:—
"ശ്രവിയ്ക്കുക തുലച്ചാവിക്കോളുക രാമൻെറ ബലപൗരുഷം:— 22

Digitized By Kerala Sahitya Akademi

അസാദ്ധ്യൻ, ക്രുദ്ധനാം രാമൻ, വിക്രമത്താലുരുപ്രഥൻ.
പാരം നിറഞ്ഞ പുഴയ്ക്കൊക്കെ നിത്യം ശരങ്ങളാൽ;
ഉതിർക്കും, ഗ്രഹനക്ഷത്രതാരങ്ങളൊട്ടു വാനവും;
മുങ്ങിപ്പോംമൂഴിയെപ്പൊക്കും ശ്രീമാൻ രാമനവൻ ദൃഢം; 24
മുക്കും ലോകങ്ങളെ വിട്ടു, കടൽക്കരെ പിളർത്തിവൻ;
തടുത്തുനിർത്തും, കടൽതന്റകം കാററും ശരങ്ങളാൽ!
മുടിച്ചു വീണ്ടും സൃഷ്ടിപ്പാൻ പോരുമിപ്പുരുഷർഷഭൻ
ലോകത്തെപ്രജകളെയും, വിക്രമത്താലുരുപ്രഥൻ! 26
രാമനെപ്പോരിൽ വെൽവാൻ വയ്യിവിടെയ്ക്കു ദശാനന,
രക്ഷസ്സത്തിയ്ക്കും, സ്വർഗ്ഗത്തെപ്പാപികൾക്കെന്ന പോലവേ.
വധ്യനല്ലവനെന്നോർപ്പിൻ സർവ്വദേവാസുരർക്കുമേ!
ഇതവന്റെ വധോപായം, കേട്ടുകൊൾകേകാഗ്രനായ്ബ്ഭവാൻ: 18
തദ്ഭാര്യ, പാരിൽമുഖ്യയാം, സീതയെന്ന സുമധ്യയാം,:
, ശ്യാമയാം, സുവിഭക്താംഗി, സ്ത്രീരത്നം, രത്നഭൂഷയാം;
ദേവകാമിനി, ഗന്ധർവ്വി,യപ്സരസ്സ,സുരത്തിയും
അവർക്കൊക്കുന്ന പെണ്ണല്ലാ; മനുഷ്യാംഗനയെന്തിനി? 30

തദ്ഭാര്യയെക്കക്കുക, വങ്കാട്ടിലിട്ടുവലച്ചു നീ;
ആക്കാമി രാമനവളാസ്സ്ലിഞ്ഞാലുയിർ കൈവിടും."
കൊള്ളാമിച്ചൊന്നതെന്നോർത്താൻ രാവണൻ രാക്ഷസാധിപൻ;
ആലോചിച്ചു മഹാബാഹുവകമ്പനനൊടോതിനാൻ:— 32
'ആട്ടെ, കാലത്തു തനിയേ പോകുവൻ സൂതനൊത്തു ഞാൻ;
സീതയെക്കൊണ്ടുവരുവൻ ഹർഷിച്ചീ വൻപുരിയ്ക്കു ഞാൻ.'
ഏവം ചൊല്ലിപ്പുറപ്പെട്ടു രാവണൻ ദിക്കശേഷവും
സൂര്യശ്രീകോവർകഴുതത്തേരാൽ മിന്നിച്ചുകൊണ്ടുടൻ. 34

രാക്ഷസേന്ദ്രൻ യാത്രാരോഹം പുക്ക മഹാരഥം
തെളിയ്ക്കപ്പെട്ടു ശോഭിച്ചു, കാറിന്മേൽത്തിങ്കളാം പോലവേ.
അവൻ മാരീചാശ്രമം പുക്കണഞ്ഞാൻ താടകേയനെ;
മാരീചൻ ദിവ്യഭോജ്യത്താൽസ്സൽക്കരിച്ചു മന്നനെ. 36
പാദ്യാസനങ്ങളെക്കൊണ്ടു താൻതാൻ പൂജിച്ചതിന്നുമേൽ
ചൊന്നാൻ മാരീചനവ്യാജാർത്ഥവത്തായ വാക്കിനെ:—
'നൽക്ഷേമമല്ലീ രാജാവേ, ലോകങ്ങൾക്കാശരേശ്വര?
ശങ്കയുണ്ട,റിവീലാ ഞാൻ, നീ ചെട്ടെന്നിങ്ങു വന്നതിൽ.' 38

Digitized By Kerala Sahitya Akademi

മാരീചനേവം ചൊന്നാറെ, ഭൂരിതേജസ്സു രാവണൻ
അവനോടൊന്നിതിൻവണ്ണം ചൊന്നാൻ ചൊൽവിരുതുള്ളവൻ:-
'കൊന്നാനെന്നതിർകാപ്പോനെത്താത, രാമനയത്നവാൻ;
അവധ്യമജ്ജനസ്ഥാനമഖിലം പോരിൽ വീഴ്ത്തിനാൻ; 40
അതിനാൽത്തുണ നീ ചെയ്ക തദ്ഭാര്യാഹരണത്തിൽ മേ.'
രാക്ഷസേന്ദ്രന്റെ വചനം കേട്ടു മാരീചനോതിനാൻ;
"ആരാണാസ്സീതയെച്ചൊന്നതു,മിത്രൻ മിത്രരൂപവാൻ?
ഭവാൻ നിന്ദിയ്ക്കയാലാർക്കു നീരസം രാക്ഷസർഷഭ? 42
'സീതയെക്കൊണ്ടുവരികിങ്ങെ'ന്നാർ ചൊല്ലുന്നു? ചൊല്ലു നീ?
രാക്ഷസാവലിതൻ മേന്മ പോക്കാൻ നോക്കുന്നതാരവൻ?
ആരോ പറഞ്ഞിളക്കുന്നതങ്ങയെ;-ശ്ശത്രുതാനവൻ;
നിന്നാൽപ്പാമ്പിൻവിഷപ്പല്ലു പറിപ്പിപ്പാൻ നിനയ്ക്കയാം!
അക്കർമ്മത്താൽക്കുമാർഗ്ഗത്തെ നിന്നോടോതിയതാരവൻ?
രാജൻ, സുഖിച്ചുറങ്ങും നിൻ തലയ്ക്കാരാണടിച്ചതും?

വിശ്രുതവംശോന്നതമായ തുമ്പി
തേജോമദം, നൽബ്ഭുജമായ കൊമ്പും
ഇണങ്ങുമാ രാഘവഗന്ധഹസ്തി
നോക്കാവതോ രാവണ, പോരിലിപ്പോൾ? 46

രണാന്തരില്ലാകിയ വാലുയർന്നോൻ,
ബാണാംഗപൂർണ്ണൻ, ശിതഖഡ്ഗദംഷ്ട്രൻ,
ഹതോഗ്രരക്ഷോമൃഗനാം നൃസിംഹൻ
കിടന്നുറങ്ങുമ്പോളുണർത്തൊലാ നീ!

വില്ലായ നക്രം, ഭുജവേഗമാം ചെ-
റുമ്പാം തിരച്ചാർത്തടരാമൊഴുക്കം
പെടുന്ന രാമോഗ്രമഹാബിലത്തിൽ-
ച്ചാടുന്നതൊക്കില്ല നിശാചരർക്കോനേ! 48

ചെമ്മേ പ്രസാദിയ്ക്കുക,രക്കർക്കോനേ:
ലങ്കേശ, ലങ്കയ്ക്കു തിരിയ്ക്കു തുഷ്ട്യാ;
രമിയ്ക്കു തൻപത്നിയിലന്വഹം നീ;
രാമൻ രമിച്ചോട്ടെ വനേ സഭാര്യൻ." 44

മാരീചനേവം ചൊന്നാറേ, തല പത്തുള്ള രാവണൻ
ലങ്കാപുരിയ്ക്കു തിരിയേ പോന്നാൻ, പുക്കാൻ മഹാഗൃഹം. 50

Digitized By Kerala Sahitya Akademi

## മുപ്പത്തിരണ്ടാം സർഗ്ഗം: ശൂർപ്പണഖാരാവണസമാഗമം

—*—

ഘോരകർമ്മാക്കളാമീരേഴായിരം പോരരക്കരെ,
ത്രിശിരോദൂഷണഖരന്മാരെയും, രാമനേകനായ്
കൊലപ്പെടുത്തിയതു കണ്ടു ശൂർപ്പണഖ വീണ്ടുമ
ഉച്ചസ്വരത്തിൽ മുറയിട്ടിട്ടിടിനാൾ, കാറു പോലവേ. 2

മററാർക്കും ചെയ്യവയ്യാത്ത രാമന്റെ തൊഴിൽ കണ്ടവൾ
പാരം പേടിച്ചു ചെന്നെത്തി, രാവണൻ കാത്ത ലങ്കയിൽ.
അവൾ കണ്ടു, വിമാനാഗ്രേ തേജസ്സാളുന്ന രാവണൻ
സാമാത്യനായ്‌വാഴ്വതു, വാനോരൊത്തിന്ദ്രനാംവിധം: 4

സൂര്യനൊക്കും കനകസിംഹാസനത്തിലിരിപ്പവൻ,
പൊൻവേദിയിങ്കൽത്തുന്നൊജ്ജ്വലാളുമഗ്നി കണക്കിനെ,
ദേവഗന്ധർവ്വഭൂതങ്ങൾക്കുദാരർഷിഗണത്തിനും
അജയ്യൻ, യുധി ശൂരൻ, വാ തുറന്ന യമനാംവിധം, 6

ദേവാസുരപ്പോരുകളിൽ വജ്രാശനികൃതവ്രണൻ,
ഐരാവതക്കൊമ്പുരസി മാറത്തു വടുവുള്ളവൻ,
ഐന്നാങ്കൈ പത്തുതല വിരിമാറിവയൊത്തവൻ,
വീരൻ, വിശിഷ്ടവിഭവൻ, രാജലക്ഷണശോഭിതൻ, 8

സ്നിഗ്ദ്ധവൈഡൂര്യസങ്കാശൻ, തങ്കപ്പണ്ടങ്ങൾ ചാർത്തിയോൻ,
നൽക്കൈക്ക വെൺപല്ലുമുടയോൻ, ദ്രീഘലുൻ മഹാനനൻ,
നൂറുവട്ടം സുരപ്പോരിൽ വിഷ്ണുചക്രനിപാതവും
മികച്ച പോരുകളിൽ മററസ്ത്രഘാതവുമേററവൻ, 10

ദേഹത്തിൽദ്ദേവശസ്ത്രങ്ങളൊക്കയും വന്നടിച്ചവൻ,
ക്ഷിപ്രകാരി, കലക്കാവല്ലാത്താഴികൾ കലക്കുവോൻ,
വങ്കുന്നെടുത്തെറിയുവോൻ, ദേവന്മാരെപ്പൊതുക്കുവോൻ,
ധർമ്മങ്ങൾ വേരറുക്കുന്നോൻ, പരസ്ത്രീജനലമ്പടൻ,
ദിവ്യാസ്ത്രമെല്ലാമെയ്യുന്നോനെന്നും യാഗം മുടക്കുവോൻ;
ഇവനമ്പേ ഭോഗവതിയിൽച്ചെന്നു വാസുകിതന്നെയും
വെന്നു, കേറിക്കവർന്നാല്ലോ, തക്ഷകപ്രിയഭാര്യയെ;
കൈലാസഗിരിയിൽച്ചെന്നു യക്ഷനാഥനെ വെന്നിവൻ 14

തദ്വിമാനം കവർന്നല്ലോ, കാമഗം പുഷ്പകാഹ്വയം;
ദിവ്യം ചൈത്രരഥക്കാവു, പൊയ്ക, നന്ദനമാം വനം,

Digitized By Kerala Sahitya Akademi

ദേവോദ്യാനങ്ങളും ക്രീഡാലയങ്ങളും വിധ്വംസനിവൻ;
സൂര്യചന്ദ്രർ മഹാഭാഗർ പരന്തപരെതിർക്കവെ 16
തടുക്കും കൈകളാലത്രെ, ഗിരിശൃംഗാഭനാമിവൻ;
പണ്ടീരയ്യായിരംവർഷം വൻകാട്ടിൽ തപമേറ്റിവൻ
ബ്രഹ്മാവിനെ തലകളാലല്ലോ പൂജിച്ച ധൈര്യവാൻ:
സുരാസുരമഹോരഗഗന്ധർവ്വപിശാചവിഹഗങ്ങളാൽ 18
മൃത്യുഭീയില്ലിവന്നല്ലോ, മർത്ത്യനാലെന്നിയെ യുധി;
യാഗംതോറും ഹവിസ്സുകളുള്ളിൽ ദ്വിജർ സമന്ത്രമായ്
പിഴിഞ്ഞുവെച്ച നൽസ്സോമം മുടിക്കും ബലവാനിവൻ;
ആപ്തയജ്ഞഹരൻ, ക്രൂരൻ, ബ്രഹ്മഘ്നൻ, ദുഷ്ടചേഷ്ടിതൻ, 20
കർക്കശൻ, കനിവില്ലാത്തോൻ, പ്രജകൾക്കഹിതോദ്യതൻ,
ഭൂതത്തെയെല്ലാം കേഴിപ്പോൻ, പാരിന്നെല്ലാം ഭയങ്കരൻ,
ശൂരൻ, ബലിഷ്ഠൻ, ഭ്രാതാവെയവൾ കണ്ടിതു രാക്ഷസി.
ദിവ്യവസ്ത്രാഭരണനായ് ദിവ്യമാല്യോപശോഭിയായ് 22
ആസനത്തിലിരിപ്പോനായുഗ്രകാലാന്തകാഭനായ്
പൌലസ്ത്യാനന്ദകരനായ് ധന്യനായ് ശത്രുഘാതിയായ്
സചിവാവൃതനായുള്ള രാവണാശരനാഥനെ
ചെന്നണഞ്ഞുരചെയ്താളമ്പ് ഭയവിഹ്വല രാക്ഷസി. 24

വിശാലദീപ്താക്ഷനവനു കാട്ടിനി-
ന്നരച്ച തത്സോദരി ഘോരഭാഷിതം,
തദാ മഹാത്മാവു വിരൂപയാക്കിയോരം,
ഭയാന്ധയായ്, നിർഭയമേ ചരിപ്പവൾ.

---

## മുപ്പത്തിമൂന്നാം സർഗ്ഗം: രാവണഗർഹണം.

—?—

ശോകാർത്തയാം ശൂർപ്പണഖ മന്ത്രിമദ്ധ്യേ ചൊടിച്ചുടൻ
രൂക്ഷം ജഗദ്രാവണനാം രാവണനോടോതിനാൾ:—
"പ്രമത്തൻ, സർവ്വദാ തോന്നുംപോലെ കാമം ഭുജിപ്പവൻ,
അറിയേണ്ടും കടുഭയം പിണഞ്ഞതറിവീല നീ. 2
ഗ്രാമ്യഭോഗരതൻ ലുബ്ധൻ തോന്നിവാസി മഹീശനെ
മാനിക്കയില്ല, ചുടലത്തീയിനെപ്പോലെ നാട്ടുകാർ.
താൻതാൻ കാര്യങ്ങളെക്കാലേ ചെയ്തുവെയ്ക്കാത്ത മന്നവൻ,
അക്കാര്യങ്ങളൊടു രാജ്യത്തോടും കൂടി മുടിഞ്ഞുപോം! 4

Digitized By Kerala Sahitya Akademi

ദ്ദർശൻ ചാരരഹിതനസ്വാധീനൻ നരേന്ദ്രനെ,
ആററിൻചേററാനകം കണക്കാരാൽ വെടിയുമാളുകൾ.
രാജ്യം രക്ഷിച്ചുകൊള്ളാത്തോരസ്വാധീനനരാധിപൻ
സമൃദ്ധിയാൽ പ്രകാശിക്കാ, കടലിൽഗ്ഗിരി പോലവേ. 6
യത്നിക്കും ദേവഗന്ധർവ്വദൈത്യരായ് കലഹിച്ചവൻ,
ചപലൻ, ചാരഹീനൻ നീയെന്തരചനായിടും?
കുട്ടിയെപ്പോലെയുള്ളോൻ നീ ബുദ്ധി കെട്ടവനാശര,
അറിയേണ്ടുന്നതറിവീലെ;-ന്തരചനായിടും? 8
ചാരനും ധനസമ്പത്തും നയവും ജയദത്തമ,
തൻകീഴിലില്ലാത്ത നൃപൻ സാധാരണജനോപമൻ।
രാജാക്കാം ചാരനെക്കൊണ്ടു ദൂരത്തെക്കാര്യമൊക്കെയും
കാണുന്നിതു;-തിനാൽച്ചൊൽവൂ; നൃപന്മാർ കാഴ്ച നീണ്ടവർ. 10
ഞാനോർപ്പൂ, ചാരഹീനൻ നീ ക്ഷുദ്രാമാത്യർ ചുഴന്നവൻ:
അറിയുന്നില്ലയല്ലോ, തൻജനസ്ഥാനവധം ഭവാൻ!
പതിന്നാലായിരംപേരെ ക്രൂരം ചെയ്യുമരക്കരെ
കൊന്നല്ലോ തനിയേ രാമൻ, ഖരദൂഷണർതമ്മെയും. 12
ഋഷികൾക്കഭയം നല്കി; ക്ഷേമവും ചെയ്തു ദണ്ഡകേ;
ആക്രമിച്ചു ജനസ്ഥാനം, രാമനക്ലിഷ്ടചേഷ്ടിതൻ.
നീയോ, ലുബ്ധൻ പരാധീനൻ പ്രമത്തനിഹ രാവണ;
അറിയുന്നില്ലയല്ലോ, തൻനാട്ടിന്നേററ വിപത്തു നീ। 14
ക്രൗര്യം, കുറച്ചുതാൻ നല്കൽ, ഗർവ്വ്, ശാഠ്യം, പ്രമാദവും
ചേന്ന ഭൂപനെയാപത്തിൽസ്സഹായിക്കില്ലൊരുത്തനും.
തള്ളിച്ച, മെല്ല, കൈക്കൊൾകതേക്കാനല്ലാത്ത, ശുണ്ഠിയും
ചേന്ന ഭൂപനെയാപത്തിൽ ദ്രോഹിക്കും സ്വജനങ്ങളും. 16
കാര്യം നടത്തിടാനുള്ളോൻ, ഭയത്തിൽപ്പെടിയാത്തവൻ,
പെട്ടെന്നു രാജ്യം പോയിട്ടു ദീനനായ്പ്പുല്ലു പോലെയാം!
ഉണക്കമുട്ടി, മൺകട്ട, പൂഴിയും വേണ്ടിവന്നിടാം;
കാര്യമുണ്ടാകാ, സ്ഥാനഭ്രഷ്ടരായ നരേന്ദ്രരാൽ! 18
വിഴപ്പുതുണിയെപ്പോലെ, പഴംപൂമാല പോലെയും
പാഴാമല്ലോ ചടവായാലും, രാജ്യഭ്രംശം പിണഞ്ഞവൻ.
ഏതു രാജാവപ്രമത്തൻ സർവ്വജ്ഞൻ വിജിതേന്ദ്രിയൻ
കൃതജ്ഞൻ ധർമ്മനിരതൻ, നീണാൾ വാണിടുമായവൻ. 20

കണ്ണാലുറങ്ങുകിലുമാർ നയനക്കണ്ണാലുണർന്നവൻ,
വ്യക്തക്രോധപ്രസാദൻ നേതാ, നൃപൻ ജനപൂജ്യനാം.
നീയോ, രാവണ, ദുർബുദ്ധിയിഗ്ഗുണങ്ങളകന്നവൻ:
ചാരരെക്കൊണ്ടറിഞ്ഞീലന്നല്ലോ രക്ഷോമഹാവധം! 22

പരാവമാനത്തോടു, ദേശകാലമ-
ട്ടറിഞ്ഞിടാതെ, വിഷയപ്രസക്തനായ്,
ഗുണാഗുണാലോചന വിട്ടെഴുന്ന നീ
വിപത്തിലാഴ്കുമിഹ, നാടടഞ്ഞുടൻ!"
സ്വദോഷമീമട്ടവൾ ചൊന്നതൊക്കെയും
മനീഷയാൽക്കണ്ടു നിശാചരേശ്വരൻ,
ധനം കരുത്തും ബലവും പെടുന്നവൻ,
ചിരം വിചാരങ്ങളിലാണ്ടു രാവണൻ. 24

—*—

## മുപ്പത്തിനാലാം സർഗ്ഗം: ശൂർപ്പണഖാവാക്യം.

—*—

സരോഷയായ് ശൂർപ്പണഖ പരുഷം പറയുംവിധൌ
ചൊടിച്ചു മന്ത്രിമധ്യത്തിൽവെച്ചു ചോദിച്ചു രാവണൻ:—
'രാമനാരെ,ന്തുവിധം വീര്യം, രൂപമെന്തെ,ന്തു വിക്രമം?
എന്തിന്നാണത്രയും ദുർഗ്ഗം ദണ്ഡകക്കാടു പൂക്കതും? 2
ശസ്ത്രമെന്താണു രാമന്നു:—കൊന്നല്ലോ യാതുധാനരെ:
കൊന്നല്ലോ ദൂഷണഖരത്രിശിരസ്സരെയുമാഹവേ!
ചൊല്ലു ചാർവ്വംഗി: വൈരൂപ്യം നിന്നു ചേർത്തതുമാരവാൻ?'
അരക്കർക്കോന്റെ ചോദ്യം കേട്ടു,ഭൃശം ക്രുദ്ധ രാക്ഷസി
രാമനെപ്പററിയങ്ങുള്ളവണ്ണം ചൊൽവാൻതുടങ്ങിനാൾ:— 4
"കൈ നീണ്ടവൻ, നെടുംകണ്ണൻ, ചീരകൃഷ്ണാജിനാംബരൻ,
കാമനൊത്തഴകം ചേർന്നോൻ, രാമൻ ദശരഥാത്മജൻ.
മഴവില്ലൊത്ത പൊൻപോലെയണിവില്ലു വലിച്ചവൻ
മഹാവിഷാഹിമട്ടാളമിരിമ്പമ്പുകളെയ്തിടും. 6
കരാളബാണങ്ങളെടുപ്പതു,മമ്പുകളെയ്പതും
തീരെ കണ്ടീല ഞാൻ, യുദ്ധേ രാമൻ വില്ലു വലിപ്പതും;
ബാണങ്ങളാൽ പെയ്തപ്പടയെക്കൊല്ലപ്പെട്ടതു കണ്ടതുള്ള ഞാൻ,
ഇന്ദ്രനാലിപ്പഴം പെയ്തു നൽസ്സസ്യം പോക്കിടുംപടി!; 8

Digitized By Kerala Sahitya Akademi

ഘോരമൂർത്തികളുമീരേഴായിരം ഘോരരക്ഷരെ
ക്ഷുരമ്പിൻനിരയാൽക്കൊന്നു, തനിയേ മന്നിൽ നിന്നവൻ,
മൂന്നുനാഴികകൊണ്ടങ്ങു ഖരദൂഷണർതമ്മെയും!
ഋഷികൾക്കഭയം നല്കി; ക്ഷേമവും ചെയ്തു ദണ്ഡകേ; 10
ആർത്തിചേർത്തൊരുമട്ടെന്നെമാത്രം വിട്ടു മഹാശയൻ,
പരം പെൺകൊല ശങ്കിച്ചു വിദിതാത്മാവു രാഘവൻ!
ഇവന്റെ തമ്പിയും വീരൻ, ഗുണത്താൽത്തുല്യവിക്രമൻ,
സ്നിഗ്ധൻ, ഭക്തൻ, പെരുംതേജസ്സുള്ളോൻ, ലക്ഷ്മണനെന്നവൻ;
പൊറാത്തോൻ, ദുർജ്ജയൻ, ജിഷ്ണു, വിക്രാന്തൻ, ബലി, ബുദ്ധിമാൻ,
രാമനെന്നും വലംകയ്യും പുറംപ്രാണനുമാണവൻ!
രാമന്നൊരു വിശാലാക്ഷി രാകേന്ദുമുഖിയാമലം
ധർമ്മപത്നി സദാസ്സാഴും ഭർത്തൃപ്രിയഹിതൈഷിണി: 14
നൽക്കുന്തൽമൂക്കുതുട നന്മെയ്യും പൂണ്ടാ യശസ്വിനി,
അക്കാട്ടിൻദേവതയ്ക്കൊപ്പം,മന്യശ്രീ പോലെ മിന്നുവോൾ;
നല്ലോൾ, തങ്കനിറം പൂണ്ടോൾ. നഖം പൊങ്ങിത്തുടുത്തവൾ,
സീതയെന്നവൾ സുശ്രോണി, വൈദേഹി, കൃശമദ്ധ്യയാൾ. 16
ദേവി, കിന്നരി, ഗന്ധർവി, യക്ഷിയെന്നീയിനത്തിലും
ഇതു സുന്ദരിയാം സ്ത്രീയെ മുൻകണ്ടിട്ടില്ല പാരിൽ ഞാൻ!
ആർക്കുള്ള ഭാര്യയാം സീത, ഹർഷിച്ചാരെപ്പുണർന്നിടും,
പാരിലൊക്കയുമിന്ദ്രനും മേലെയായ്‌വാഴുമായവൻ! 18
അസ്സുശീല, വപുശ്ലാഘ്യ, പാരിൽ നേരററ സുന്ദരി
ചേരുന്ന ഭാര്യയാമങ്ങേ;–അവൾക്കു മണാളനും!
ബൃഹജ്ജഘനയാം പീനതുംഗസ്തനി സുവക്ത്രയെ
നിൻഭാര്യയാക്കുവാനായ് ഞാൻ കൊണ്ടുപോരാൻ മുതിർന്നതിൽ 20
വൈരൂപ്യമേകിനാൻ, ക്രൂരൻ ലക്ഷ്മണൻ മേ മഹാഭുജ!
ആ വാർപൂന്തിങ്കൾമുഖിയാം സീതയെക്കാൺകിലിപ്പോഴേ
മന്മഥന്റെ ശരങ്ങൾക്കു വശനായ്പ്പോകുമേ ഭവാൻ!
അവളെബ്‌ഭാര്യയാക്കീടാനങ്ങുണ്ടിച്ഛയെങ്കിലോ 22
വെക്കമിങ്ങു വലത്തേക്കാൽ പൊക്കിക്കൊൾക, ജയത്തിനായ്!
പ്രിയമാ രാക്ഷസന്മാർക്കും ചെയ്ക നീ രാക്ഷസേശ്വര,
ആശ്രമേ വാഴുമദ്ദുഷ്ടരാമന്റെ നിധനത്തിനാൽ.
ക്ഷുരമ്പാലവനെക്കൊല്ലു, വീരലക്ഷ്മണനേയുമേ; 24

Digitized By Kerala Sahitya Akademi

എന്നാൽബ്ഭേജിയ്ക്കും സുഖമായ്, മണാളൻ ചത്ത സീതയെ!
ഭചിച്ചിതങ്ങളെന്റെൻവാക്കിതെങ്കിലോ, രാക്ഷസേശ്വര,
ശങ്ക കൂടാതെ ചെയ്താലും, ഞാൻ പറഞ്ഞതു രാവണ.
തൻകൊല്ലാൻതിങ്ങബലയെബ്ബലത്താലേ ഹരിയ്ക്ക നീ 26
ഭാര്യയാക്കാൻ നിശാടേശ, ചാരുസർവ്വാംഗി സീതയെ.
കടന്നു രാമൻ ഖരദൂഷണാദുരാ-
കമജ്ജനസ്ഥാനഗരാമരക്കരെ
ശരിയ്ക്കുപോമമ്പുകൾകൊണ്ടു കൊന്നതി-
ങ്ങറിഞ്ഞു, കാര്യത്തെ നിനച്ചുറയ്ക്ക നീ."

---

## മുപ്പത്തഞ്ചാം സർഗ്ഗം: രാവണമാരീചപുനസ്സമാഗമം

---

രോമാഞ്ചകരമാം ശൂർപ്പണഖതൻ മൊഴി കേൾക്കയാൽ
കാര്യം ധരിച്ചു,കംപുക്കാൻ, മന്ത്രിമാരെപ്പിരിച്ചവൻ.
പിമ്പ കാര്യം നിരൂപിച്ചു വഴിപോലൊന്നുറച്ചവൻ,
ഗുണദോഷങ്ങൾതന്നേററക്കുറവാകെ നിനച്ചതിൽ 2
ഇച്ഛിന്നുമ ചെയ്യുന്നമെന്നകമമ തീർപ്പു കൊൾകയാൽ
നിശ്ചലാശയനായ്ച്ചെന്നാൻ, രമ്യവാഹനശാലയിൽ.
ആ വാഹശാലയിൽച്ചെന്നിട്ടാ,രും കാണാതരക്കർകോൻ
സൂതനോടരുളിച്ചെയ്തു, 'തേരു പൂട്ടീടുകെ'ന്നുതാൻ. 4
അതു കേട്ടു ഞൊടിയ്ക്കുള്ളിൽ, സൂതൻ ത്വരിതവിക്രമൻ
അവിടെയ്ക്കു രുചിച്ചുള്ള പള്ളിത്തേർ പൂട്ടിനിർത്തിനാൻ.
പിശാചാസ്യ ക്കഴുതകൾ പൊന്നണിഞ്ഞവ ചേർന്നതായ്
രത്നഭൂഷിതമാം കാമചാരിപ്പൊന്തേരിലേറിട്ടവൻ, 3
കാർ പോലിരമ്പിടുമതിലൂടെയദ്ധ്വാനദാനുജൻ,
ശ്രീമാനാം രാക്ഷസാധിശൻ, പോന്നാനാഴിയ്ക്കു നേരെയായ്.
വെണ്കൊററക്കടവെൺചാമരങ്ങളൊത്ത ദശാനനൻ,
സ്നിഗ്ദ്ധവൈഡൂര്യസങ്കാശൻ തങ്കപ്പണ്ടങ്ങൾ ചാർത്തിയോൻ, 8
ഐനാങ്കൈ പത്തുതല നൽക്കാപ്പുകളുമുള്ളവൻ,
ത്രിദശാരി, മുനീന്ദ്രഘ്നൻ, ദശശൃംഗാദ്രിയോടു സമൻ,
യഥേഷ്ടമേ പോം തേരേറിശ്ശോഭിച്ചു രാക്ഷസേശ്വരൻ,
വാനിൽവെള്ളിലുമായ് മിന്നൽച്ചാർത്തൊത്ത മുകിൽ പോലവേ. 10

Digitized By Kerala Sahitya Akademi

ആ വിദ്വാനു കാണായി മലചേർന്ന കടൽപ്പുറം:
നാനാപൂകായ്മരമൊരായിരമായിരമുള്ളതായ്;
ചുററും നൽക്കുളിർനീരൊത്ത തണ്ടാർപ്പൊയ്കകൾ ചേർന്നതായ്:
വേദിയുക്തങ്ങളാം വിസ്തീർണ്ണാശ്രമങ്ങൾ ചുഴന്നതായ്; 12

കദളീത്താപ്പ്, തുവര, തെങ്ങെന്നിവ നിറഞ്ഞതായ്:
ചയറം, പച്ചില, പന, പൂമരങ്ങൾ ചുഴന്നതായ്;
നാഗകിന്നരഗന്ധർവ്വയക്ഷരായിരമായിരം,
വൈഖാനസാജമാഷന്മാർ, ബാലഖില്യർ, മരീചിപർ, 14

തുലോം യതാഹാരർ മുനിശ്രേഷ്ഠരും മേവിടുന്നതായ്;
കാമജേതാക്കളാം സിദ്ധചാരണന്മാർ വസിപ്പതായ്;
ദിവ്യസ്രഗ്ഭൂഷമാർ ദിവ്യാംഗികളായിരമായിരം
ക്രീഡാരതിത്തോതറിയുമപ്സരസ്ത്രീകൾ ചേർന്നതായ്; 16

ശ്രീ പൂണ്ട ദാനവസ്ത്രീകൾ വാഴ്വതായ്; ശ്രീ ചുഴന്നതായ്;
സുരാസുരന്മാരമൃതാശനരും സഞ്ചരിപ്പതായ്;
ക്രൗഞ്ചം നീർക്കോഴിയന്നങ്ങൾ തിങ്ങി, സ്സാരസനാദിയായ്;
വൈഡൂര്യക്കല്ലുകളാൽ കാന്തം, സ്നിഗ്ദ്ധം സാഗരമെന്മയാൽ. 18

കാമഗങ്ങൾ, വിശാലങ്ങൾ, ദിവ്യമാല്യോപശോഭികൾ,
ലോകം തപസ്സാൽ വെന്നോർതൻ വെൺവിമാനങ്ങൾ നീളവേ
കൊട്ടും പാട്ടും മുഴങ്ങീടുന്നവ നേർക്കണ്ണെയും വിധൌ,
കണ്ടു പൌലസ്ത്യജൻ ഗന്ധർവ്വാപ്സരസ്ത്രീജനത്തെയും. 20

കടസ്ഥൽപ്പശയായ്ക്കായമുണ്ടാം ചെടികൾ, ചന്ദനം,
കണ്ടാനി, തുകൾതൻ ഘ്രാണസുഖസൌമ്യവനങ്ങളും.
തക്കോലവും നല്ല മണം പൂണ്ട ജാതിസ്സയെന്നതും
നിറഞ്ഞ തോട്ടങ്ങൾ, മികച്ചകിലിൻകാനനങ്ങളും, 22

തമാലത്തിന്റെ പുഷ്പങ്ങൾ, മുളകിന്റെ ചെടപ്പുകൾ,
തീരത്തിങ്കലുണങ്ങുന്ന മുക്താമണിഗണങ്ങളും,
മുഴുവൻ വെള്ളിയും പൊന്നുമായ പാറപ്പുറങ്ങളും, 24

ചോലലറിടും ചോലകളും, തെളിവാലും ഹ്രദങ്ങളും
കണ്ടാൻ, പൊന്മണിമാരാലേ വിലസും നഗരങ്ങളും,
ധനധാന്യസമൃദ്ധങ്ങൾ, സ്ത്രീരത്നം നിറഞ്ഞവ.
കാണായ്, നീളെ നിരപ്പൊത്തു കോമളക്കാററടിപ്പതായ് 16

Digitized By Kerala Sahitya Akademi

സ്നിഗ്ദ്ധമായ് വീണ്ടലത്തോടു തുല്യമാമക്കടൽപ്പുറം.
പേരാലൊന്നങ്ങവൻ കണ്ടു, മേഘാഭമൃഷിസംവൃതം:
അതിൻകൊമ്പുകളെമ്പാടും നൂറുയോജനനീണ്ടതാം;
താർക്ഷ്യനാനയെയും കൂറ്റനാമാമയെയുമെടുത്തുടൻ 28
തിൻകഴിപ്പാനതിൻകൊമ്പതത്തല്ലോ ചെന്നു മഹാബലൻ;
ഇല തിങ്ങുമതിൻകൊമ്പക്ഷണത്തിലൊടിഞ്ഞുപോയ്,
കരുത്തേറും ഖഗപ്പുണ്ണാം ഗരുഡന്റെ കനത്തിനാൽ;
താഴെ വൈഖാനസന്മാർ ബാലഖില്യർ മരീചിപർ 30
മാഷർ ധൂമ്രരുമൊന്നിച്ചു വാണിരുന്നു മഹർഷിമാർ;
അവരെക്കാക്കുവാൻ, നൂറുകാതം നീണ്ടുള്ള കൊമ്പതും
അക്കംഭിക്കുഞ്ഞങ്ങളെയുമൊററക്കാൽകൊണ്ടെടുത്തുതാൻ
പറന്നുപോയിട്ടതീററ തിന്നു, താർക്ഷ്യൻ സുധാർമ്മികൻ 32
നിഷാദഗ്രാമമക്കൊമ്പാൽ മുടിച്ചു പതഗോത്തമൻ;
മഹർഷിമാരെ മോചിപ്പിച്ചെത്രയും തുഷ്ടി തേടിനാൻ;
അത്തുഷ്ടിയാലിരട്ടിച്ച വിക്രമത്തോടുമൊത്തവൻ
പീയൂഷം കൊണ്ടുപോരാനായ് ബുദ്ധി വെച്ചിതു ബുദ്ധിമാൻ; 34
ഇരിമ്പുവല പൊട്ടിച്ചു, മണിപ്പുര പിളർത്തവൻ,
അതിൽസ്സൂക്ഷിച്ച സുധയെക്കവർന്നാനിന്ദ്രമന്ദിരാൽ;
മഹർഷിവൃതമായ്ത്താർക്ഷ്യനടയാളം ചമച്ചതാം
സുഭദ്രമെന്നുള്ളാപ്പേരാലത്തു കണ്ടു പുലസ്ത്യജൻ. 26
ആ നദീശസമുദ്രത്തിൻ മറുതീരമണഞ്ഞവൻ
കണ്ടാനാശ്രമമേകാന്തേ, രമ്യപുണ്യവനാന്തരേ.
അങ്ങു കാണായി, മാൻതോലും മരത്തോലും ധരിച്ചവൻ,
ജടാന്വിതൻ, യതാഹാരനായ മാരീചരാക്ഷസൻ. 38
ആ മാരീചാശരൻ ചാരെ ചെന്ന രാവണരാജനെ
സമ്മാനഷഡ്ഭാഗ്യത്താൽസ്സൽക്കരിച്ചാൻ യഥാവിധി.
ഭോജ്യപേയങ്ങളാൽത്താൻ താനവനെസ്സൽക്കരിച്ചുടൻ,
മാരീചനർത്ഥവത്തായ വാക്യമൊന്നുരിയാടിനാൻ:— 40
'നൽക്ഷേമമല്ലീ രാജാവേ, രാക്ഷസേശ്വര, ലങ്കയിൽ?
എന്തിനായ് വീണ്ടുമേ പോന്നതിങ്ങത്രേവം ഭവാൻ ദ്രുതം?'
മാരീചനേവം ചോദിക്കുമ്പോൾ ശ്രീമതജ്ഞസ്സു രാവണൻ
അവനോടൊന്നിതിൻവണ്ണം ചൊന്നാൻ ചൊൽവിരുതുള്ളവൻ:— 42

—?—

Digitized By Kerala Sahitya Akademi

## മുപ്പത്താറാം സർഗ്ഗം: മാരീചസാഹായ്യപ്രാർത്ഥനം:

"മാരീച, കേട്ടുകൊണ്ടാലും താത, മാമകഭാഷിതം;
വിവശൻ ഞാൻ; വിവശനാമെനിക്കുറാശ്രയം ഭവാൻ
അറിവില്ലേ തവ? ജനസ്ഥാനത്തെന്നനുജൻ ഖരൻ,
മഹാഭുജൻ ദൂഷണനും,എൻപെങ്ങൾ ശൂർപ്പണഖാഖ്യയും, 2
മഹാതേജസ്സു മാംസാദൻ ത്രിശിരസ്സാമരക്കനും,
മറ്റും പെരുത്തുപേർ ശൂരരെയ്ത്തുകാരാം നിശാചരർ
പാർപ്പാക്കിയല്ലോ സ്ഥിരമായെൻറെ ചൊല്പാലെ രാക്ഷസർ;
വൻകാട്ടിൽ ധർമ്മപരരാം മുനിമാരെയലട്ടുവോർ, 4
പതിന്നാലായിരംപേർകളിഷ്ടംകൈ ചെയ്യുമാശരർ,
ഖരൻറയിഷ്ടമെന്തെന്നേ നോക്കുവോർ, ശൂരരെയ്ത്തുകാർ;
ജനസ്ഥാനനിവാസന്മാരവരിപ്പോൾ മഹാബലർ
പടയ്ക്കു രാമനോടേറ്റു; പടസന്നാഹയുക്തരായ് 6
നാനാശസ്ത്രങ്ങളും പൂണ്ടു, ഖരൻമുമ്പായ രാക്ഷസർ.
ആ രാമനോ, പോർത്തലയ്ക്കിലരിശം കൊണ്ടു കേവലം
കയർത്താനുമുരയ്ക്കാതെ വില്ലമ്പാൽപ്പെരുമാറിനാൻ.
പതിന്നാലായിരം തീവ്രതേജസ്സാമരക്കരെ 8
കൂരമ്പിൻനിരയാൽക്കൊന്നു, മനുഷ്യൻ മന്നിൽ നിന്നുതാൻ;
കൊന്നു ഖരനെയും പോരിൽ, വീഴ്ത്തി ദൂഷണനെയുമേ;
ത്രിശിരസ്സിനെയും കൊന്നു ഭയം തീർത്തു ദണ്ഡക!
ചൊടിച്ചച്ഛൻ ഭാര്യയോടും വെടിഞ്ഞോൻ, ചാക്കടുത്തവൻ 10
അസ്സൈന്യത്തെ നശിപ്പിച്ചോനാ, രാമൻ ക്ഷത്രിയാധമൻ!
ക്രൂരൻ, തീക്ഷ്ണൻ, ഖലൻ, ലുബ്ധൻ, ദുശ്ശീലന,ജിതേന്ദ്രിയൻ,
ധർമ്മം വിട്ടിട്ടധർമ്മിഷ്ഠൻ, ദേഹികൾക്കഹിതോദ്യതൻ
വെറുതേ, കാട്ടിൽവെച്ചിട്ടു, ബലംമാത്രമെടുത്തവൻ 12
കാതും മൂക്കുമരിഞ്ഞെൻപെങ്ങൾക്കു വൈരൂപ്യമേകിനാൻ!
തദ്ഭാര്യയെജ്ജനസ്ഥാനാൽ, ദേവസ്ത്രീയ്ക്കൊത്ത സീതയെ
പിടിച്ചുകൊണ്ടുപോരാം ഞാനാ;-തിൽ മേ തുണചെയ്ക നീ.
നീ തുണച്ചരികെ നിന്നാൽ, ഭ്രാതാക്കന്മാരുമൊത്തു ഞാൻ 14
എല്ലാദ്ദേവകളേപ്പോലും കൂസില്ലല്ലോ മഹാബല!
അതിനാൽച്ചെയ്ക തുണ മേ; പോന്നോനല്ലോ നിശാട, നീ;

Digitized By Kerala Sahitya Akademi

വീര്യം, പോർ, തള്ളലിവയിലില്ലല്ലോ നിൻകിടയ്ക്കാരാരും,
ഉപായജ്ഞൻ, മഹാൻ, ശൂരൻ, സർവ്വമായാവിശാരദൻ, 16
അതിന്നായിട്ടു വന്നേൻ ഞാൻ നിന്നടുക്കൽ നിശാചര:
കേൾക്കുക; തുണപ്പാൻ ചെയ്യേണ്ടതിന്നതെന്നു ചൊല്ലിടാം:
വെള്ളിപ്പുള്ളികളുള്ളോരു പൊന്മാനായിച്ചമഞ്ഞു നീ
രാമന്റെയാശ്രമത്തിങ്കൽച്ചരിയ്ക്കുക, സീത കാൺകവേ: 18
കില്ലില്ല, മാനെ പൂർണ്ണനാം നിന്നെക്കണ്ടിട്ടു മൈഥിലി,
പിടിയ്ക്കുകെന്നു ഭർത്താവോടോതും, ലക്ഷ്മണനോടുമേ.
അവർ പോയാൽ തനിച്ചാകും സീതയെത്തടവെന്നിയേ
ഹരിയ്ക്കുവൻ, ചന്ദ്രികയെ രാഹു പോലെ സുഖേന ഞാൻ; 20
എന്നിട്ടു സുഖമായ്, ഭാര്യ പോയഴൽപ്പെട്ട രാമനെ
ഉപദ്രവിപ്പൻ ക്ലേശാതെ കൃതാർത്ഥമതിയായി ഞാൻ."

രാമന്റെ കഥ കേട്ടപ്പോൾ വായ വററിവരണ്ടുപോയ്,
മഹാത്മാവായ മാരീചനൊ,ന്നു പേടി പിടിച്ചയാൾ;
വരണ്ട ചുണ്ടു നക്കിക്കൊണ്ടി,മ വെട്ടാത്ത കണ്ണുമായ്,
ചത്തവൻ പോലവശനായ് നോക്കിനാൻ ദശകണ്ഠനെ.

മഹാവനേ രാമപരാക്രമജ്ഞ-
നവൻ ഭയപ്പെട്ടഴലാണ്ടു കൂപ്പി
പറഞ്ഞിതാ രാവണനോട,വന്നു
ഹിതം, തനിയ്ക്കും ഹിതമായ തത്ത്വം. 24

---

## മുപ്പത്തേഴാം സർഗ്ഗം: മാരീചവാക്യം.

---

രാക്ഷസേന്ദ്രന്റെയച്ചൊല്ലു കേട്ടു, ചൊൽവിരുതുള്ളവൻ
മാരീചൻ മതിമാനോതി രാക്ഷസേശനൊടുത്തരം:—
"ധാരാളമുണ്ടാം രാജാവേ, സദാ പ്രിയമുരപ്പവർ;
അപ്രിയം പഥ്യമോതുന്നോൻ, കേൾക്കുന്നോനും ചുരുക്കമാം! 2
അറിയുന്നില്ല നൂനം നീ ചപലൻ, ചാരവർജ്ജിതൻ,
വരുണേന്ദ്രാഭനാം വീര്യഗുണവായ്പുള്ള രാമനെ!
നന്നു ചേരില്ലയോ കുഞ്ഞേ, രാക്ഷസർക്കൊക്കെയൂഴിയിൽ!
പാരരാക്ഷസമാക്കില്ലയല്ലീ, രാമനമർഷവാൻ! 4
നിൻപ്രാണഹാനിയ്ക്കുണ്ടായോളല്ലല്ലീ, ജനകാത്മജ!
ആപത്തെനിയ്ക്കുള്ളാകയുമില്ലല്ലീ, സീതമൂലമായ്!

Digitized By Kerala Sahitya Akademi

തോന്നിവാസി, തരംകെട്ട നീ മേലാളായിരിക്കയാൽ,
നീയൊത്തു മുടിയില്ലല്ലീ, ലങ്കാപുരി സരാക്ഷസം! 6

നിയന്ത്രാത്മാവുഷ്ട, ദുശ്ശീലം, ദുർമ്മന്ത്രം, തോന്നിവാസവും
ചേർന്ന മന്നൻ കെടുക്കും, താൻ, തന്നാളുകാർ, നാടിവറ്റിനെ.
അച്ഛൻ വെടിഞ്ഞോനല്ല,സ്സുനീതിയല്ലോരമട്ടിലും,
ലുബ്ധനല്ല,ല്ല ദുശ്ശീലൻ, ക്ഷത്രാധമനുമല്ലവൻ; 8

അധർമ്മഗുണവാനല്ലാ കൌസല്യാനന്ദവർദ്ധനൻ,
തീക്ഷ്ണനല്ലേതുമേ ഹിംസ ചെയ്യുവോനല്ല പാർത്ഥിവം.
കൈകേയിയാൽ വഞ്ചിതനാമച്ഛനെക്കണ്ടു ധാർമ്മികൻ,
സത്യവാക്കാക്കുവനെന്നു പോന്നാൻ കളഞ്ഞത, വനത്തിനായ്; 10

കൈകേയിക്കും ദശരഥനച്ഛനും പ്രീതി ചെയ്‌വവാൻ
നാടും ഭോഗങ്ങളും വിട്ടു ദണ്ഡകാട്ടു പൂകിനാൻ.
ക്രൂരനല്ലി, ശ്രീയങ്ങാമെ കീഴ്പ്പെട്ടോനല്ല രാഘവൻ
മൂഢനല്ലേം;–തൊഴാ കളഞ്ഞത, ദോഷ്യം തെററായ കേട്ടതിയും! 12

രാമൻ മെയ്പ്പൂണ്ടതാം ധർമ്മം, നല്ലോൻ സത്യപരാക്രമൻ,
ലോകത്തിനെല്ലാമരചൻ, വാസവനാകിനോൻ കണക്കിനെ.
എമ്മട്ടവന്റെ തൻതേജോരക്ഷിതയാവിന സീതയെ
കവരാനോർപ്പു നീയ,ർക്കനാവിൻ പ്രഭയെയാംവിധം? 14

ശരാർച്ചിസ്സൊത്തു വാളുവില്ലാം വിറകും പൂണ്ടധൃഷ്യനായ്
പോരിലാളിന രാമാഗ്നിതന്നിൽച്ചാടായ്കതാൻ നീ!
എരിവിൽവായ് തുറന്നോനായ്ശ്ശരാർച്ചിസ്സായമർഷിയായ്
വില്ലാം കയ്യേറ്റുമതേന്നായ് വൈരിസൈന്യപ്രഹാരിയായ് 16

വീരനാം രാമയമനാടണ്ണി, തെല്ലുമട്ടുക്കാലാ,
നാടും സുഖവുമാത്മപ്രാണനും കൈവെടിഞ്ഞു നീ!
ആ വിദേഹജയുള്ളാന്റെ തേജസ്സിന്നില്ലൊരറ്റവും;
രാമവിൽ കാക്കുമവളെക്കവരാൻ പോര നീ വനേ. 18

സിംഹോരസ്സാകുമാ മർത്ത്യസിംഹത്തിന്നാ വധൂടിയാൾ
പ്രാണനെക്കാൾ പ്രിയപ്പെട്ട ഭാര്യ, നിത്യാനുഗാമിനി;
തീണ്ടപ്പെടാവുന്നോളല്ലീ, യോജസ്വിയുടെയാമലാൾ,
കത്തും തീയിൻ ജ്വാലപോലെ, വൈദേഹി, തന്മധ്യമാൾ. 20



Digitized By Kerala Sahitya Akademi

എന്തിന്ന നിഷ്ഫലം ചെയ്യുന്നു രാക്ഷസേശ്വര!
നിന്നെപ്പോരിലവൻ കൊല്ലുകിലന്നോളം, നിന്റെ ജീവിതം!
ജീവിതം, സുഖവും, തീരെദ്ദുർല്ലഭം നാടുമേറെനാൾ
ഭുജിപ്പാൻ മോഹമുണ്ടെങ്കിൽച്ചെയ്യൊല്ലാതൊന്നു രാമനിൽ! 22
വിഭീഷണാദ്യരാമെല്ലാ ധർമ്മവിന്മന്ത്രിമാരുമായ്
ആലോചനകഴിച്ചിട്ടു, താൻ താൻ തീർപ്പു വരുത്തിയും,
ഗുണദോഷങ്ങളാത്തന്നേറ്റക്കുറവൊക്കെ നോക്കിയും
തന്റെയും രാഘവന്റെയും ബലം ധീരായ് ഗ്രഹിച്ചുമേ, 24
ഹിതാഹിതമുറച്ചിട്ടു തക്കത ചെയ്തുകൊള്ളുക നീ.

നിനപ്പു ഞാൻ, കോസലരാജപുത്രനോ-
ടടർക്കൊരുങ്ങുന്നതു തക്കതല്ലതു;
സയുക്തികം തക്കൊരു വാക്കിതുത്തമം
ശ്രവിച്ചു, വീണ്ടും രജനീചരേശ്വര:

— * —

## മുപ്പത്തെട്ടാം സർഗ്ഗം: രാമവിക്രമകഥനം.

— * —

ഒരു കാലത്തു വീര്യാലിദ്ധരയിൽസ്സഞ്ചരിച്ച ഞാൻ,
ഓരായിരം കുംഭികൾതൻ കെല്പുള്ളോൻ, പർവ്വതോപമൻ,
കരിംകാറിൻകിടയൊത്തോൻ, തങ്കക്കുണ്ഡലമിട്ടവൻ,
ലോകത്തിന്നു ഭയം ചേർപ്പോൻ, കിരീടി, പരിഘായുധൻ 2
ഋഷിമാംസങ്ങളും തിന്നു നടന്നേൻ ദണ്ഡകാവനേ.
അന്നെന്നിൽപ്പേടിയാൽ, വിശ്വാമിത്രമാമുനി ധാർമ്മികൻ,
താൻതന്നെ പോയ്ദ്ദശരഥക്ഷ്മാപനോടിതു ചൊല്ലിനാൻ:-
'ഇന്നെന്നെ രാമൻ സൂക്ഷിച്ചുകാക്കട്ടെ യജ്ഞവേളയിൽ: 4
മാരീചനാൽ ഘോരഭയമുണ്ടെനിക്കു നരേശ്വര'
ഇതു കേട്ടിട്ടു, ധർമ്മാത്മാവാകും ദശരഥൻ നൃപൻ
മാന്യമാമുനിയാം വിശ്വാമിത്രനോടോതിയുത്തരം:-
'ഈരെട്ടുവയസ്സാകാത്ത ക്ടാവീ, രാമനകൃതായുധൻ; 6
എന്നാലെന്റെ മഹാസൈന്യമെന്നോടൊന്നിച്ചു പോന്നിടും;
ചതുരംഗപ്പടയുമായ് ഞാൻതന്നെ വന്നു മാമുനേ,
കൊന്നുകൊള്ളാം, ത്വദിച്ഛയ്ക്കൊത്ത,രിയാകുമരക്കരെ.'
ഈ വാക്കു കേട്ടു മുനിയും രാജാവോടിതു ചൊല്ലിനാൻ:- 8

Digitized By Kerala Sahitya Akademi

പോരാ രാമനൊഴിഞ്ഞ നൃബലമാം രാക്ഷസന്നിഹ.
യുദ്ധങ്ങളിൽ ദേവകളെപ്പോലും പാലിച്ചവൻ ഭവാൻ;
മുപ്പാരിലും പുകഴ്ന്നുള്ളൊന്നല്ലോ നിൻതൊഴിലൂഴിപ.
എന്നാലിവിടെ സിദ്ധൃതേ പെരുംപടയരന്ദരം; 10

കുഞ്ഞായാലും തപോധത്തിന്നാലാം തേജസ്വിയാമിവൻ.
രാമനെക്കൊണ്ടുപോകുന്നേൻ; നന്മയശ്ശൂരിന്ദ്രരേ!'
എന്നോതി, യാ രാജപുത്രനെക്കൊണ്ടു, തിളുഷ്ടനായ്
പോന്നാൻ തന്നാശ്രമത്തെക്കു, വിശ്വാമിത്രൻ തപോധനൻ. 12

ദണ്ഡകക്കാട്ടിലായാഗം ദീക്ഷിച്ച മുനിതന്നരികെ
ചാരെ നിന്നാൻ, വിചിത്രം വില്ലൊലിക്കൊള്ളിച്ചു രാമനും.
ശ്രീമാൻ, പ്രായം തികഞ്ഞിട്ടില്ലാത്തോൻ, പദ്മദളേക്ഷണൻ,
കുടുമ, വില്ലു, പൊന്മാലയിവയൊത്തൊറ്റമുണ്ടുമായ്, 14

ദണ്ഡകക്കാടു ശോഭിപ്പിച്ചാളും നിജമഹസ്സിനാൽ
കാണായ് രാമനി,ളന്തിങ്കൾ വന്നുദിച്ചതു പോലവേ.
പിന്നെ ഞാൻ കൊണ്ടൽ പോലുള്ളോൻ, തങ്കക്കുണ്ഡലമിട്ടവൻ,
വരം ലഭിച്ചോൻ, ബലവാൻ, ഗർവാൽച്ചെന്നേൻ തദാശ്രമം 16

അവനാൽ ദൃഷ്ടനായ്, പെട്ടെന്നായുധം പൂണ്ടണഞ്ഞ ഞാൻ;
എന്നെക്കണ്ടമ്പരക്കാതെ, വില്ലിൽ ഞാണേറ്റിനാനവൻ.
മോഹാലി,വൻ കിടാവെന്നു, രാമനെഗ്ഗണിയാതെ ഞാൻ
വിശ്വാമിത്രന്റെയാ വേദി പാഞ്ഞണഞ്ഞിതു സത്വരം. 18

എയ്താനുടൻ കൂടലരെക്കൊൽവതാം കൂരമ്പവൻ;
അതേററു ചെന്നുവീണേൻ ഞാൻ ശതയോജനസിന്ധുവിൽ!
കൊല്ലേണ്ടയെന്നോർത്തന്നെന്നെ, രക്ഷിച്ചു വീര്യവാൻ;
രാമാസ്ത്രക്കാററിനാൽ ദൂരെത്തെറിച്ചേൻ ചേഷ്ട വിട്ടു ഞാൻ. 20

കണ്ടോരം കടൽവെള്ളത്തിലന്നവൻ വീഴ്ത്തിവിട്ട ഞാൻ
ചിരമുണർന്നിട്ടു തിരിച്ചെത്തിനേൻ വത്സ, ലങ്കയിൽ.
എന്നെയന്നിവിധംവിട്ടാനെ,ന്തുണക്കാരെ വീഴ്ത്തിനാൻ,
പൈതല,സ്ത്രം പയററാത്ത രാമനായാസമെന്നിയേ! 22

അതിനാൽ ഞാൻ തടുക്കുന്നേൻ: രാമനായ് കലഹിക്കിൽ നീ
ഘോരമായുള്ളാപത്തിൽപ്പെട്ടുപോമാശു രാവണ!
ക്രീഡാരതിരസം പൂണ്ടു സമാജോത്സവനിരതരായ്
മേവുന്ന രാക്ഷസർക്കും നീ താപാനർത്ഥം വരുത്തിടും; 24

Digitized By Kerala Sahitya Akademi

ഹർമ്മ്യപ്രാസാദനിബിഡം, നാനാരത്നവിഭൂഷിതം
ലങ്കാപുരം ഭവാൻ കാണും, സീതാമൂലം മുടിഞ്ഞതായ്।
പാപിസംസർഗ്ഗദോഷത്താൽ, പാപം ചെയ്യാത്ത ശുദ്ധരും,
സർപ്പഹ്രദത്തിൽ മീൻ പോലെ, യന്യപാപാൽ നശിച്ചുപോം; 26

ദിവ്യമാം ചന്ദനം പൂശി ദ്ദിവ്യമെയ്ക്കോപ്പു ചാർത്തിയും
വാണ രാക്ഷസരെക്കാണും, നിൻദോഷാൽപ്പുള്ളുവീണതായ്।
ഭാര്യ പോയും ഭാര്യയൊത്തും ദിക്കെങ്ങും പാഞ്ഞിടുന്നതായ്
കാണും നീ, ചത്തുശേഷിച്ച ഗതികെട്ടുള്ളരക്കരെ. 28

എമ്പാടുമമ്പിൻനിര ചെന്ന്,ഗ്നിജ്വാല ചുഴന്നതായ്,
വീടാകെ വെന്തതായിട്ടു കാണും നീ ലങ്ക നിർണ്ണയം!
പരസ്ത്രീസ്പർശനത്തെക്കാളില്ല മാപാപമൊന്നുമേ;
ഉണ്ടല്ലോ ഭാര്യമാർ ഭൂപ, ഭവാന്നായിരമായിരം: 30

തൻപത്നീരതനായ്ക്കൊൾക: തൻകുലം കാക്കകാശര:
മാനവും ഭൂതിയും നാടും പ്രിയജീവിതവും പ്രഭോ,
ചേലൊത്ത ദാരങ്ങളെയും മിത്രങ്ങളെയുമേറെനാൾ
ഭുജിപ്പാൻ മോഹമുണ്ടെങ്കിൽ, ച്ചെയ്യൊല്ലാ തെറ്റു രാമനിൽ!

നലം പെട്ട ഞാൻ പെരികെത്തടുക്കിലും,
കടന്നു വൈദേഹിയെയാക്രമിക്കിൽ നീ
ബലം ക്ഷയിച്ചന്തകവീടു പൂകുമേ,
സബാന്ധവൻ രാമശരാത്തജീവനായ്.

— * —

## മുപ്പത്തൊമ്പതാം സർഗ്ഗം: രാവണോദ്യമനിഷേധം

— * —

ഏവമന്നൊരുമട്ടെന്നെ വിട്ടയച്ചാനവൻ രണേ;
കേട്ടാലു,മ്പൊഴുണ്ടായതുമൊന്നി,ടയ്ക്കു തടയാതെ നീ:
ആവിധം ചെയ്തതിൽ മടുക്കാതെ ഞാൻ മൃഗമെയ്യൊടും,
രണ്ടുപരാശരന്മാരൊത്തൊരുമ്പുക്കേൻ ദണ്ഡകാവനം. 2

ക്രൂരനായ് നാവെരിഞ്ഞേറ്റം കൊല്ലാടേ കൂർത്തകൊമ്പുമായ്
മാംസാശിയാം വൻമൃഗമായ് ച്ചുറ്റിനേൻ ദണ്ഡകാവനേ.
ഹോമശാലകളിൽ, തീർത്ഥചൈത്യവൃക്ഷഗണത്തിലും
നടന്നേൻ ഞാൻ മുനികളെത്തിണ്ടിക്കൊണ്ടതിഘോരനായ്. 4

Digitized By Kerala Sahitya Akademi

ധർമ്മം ചെയ്യും മുനികളെക്കൊന്നു ഞാൻ ദണ്ഡകാവനേ
കുടിച്ചു താപസർതൻ ചോര, തിന്നുകൊണ്ടിറച്ചിയും.
ഋഷിമാംസാശിയായ്, ക്രൂരൻ, വനവാസിക്കു ഭയങ്കരൻ,
ചോരകൊണ്ടു മദിച്ചവൻ നടകൊൾകെ ധർമ്മഘാതി ഞാൻ 6
ചെന്നണഞ്ഞേൻ, തപസ്സോടേ ധർമ്മം ചെയ്യുന്ന രാമനെ,
മാന്യ സീതയെയും വൻതേരാളി ലക്ഷ്മണനെയുമേ.
തപസ്സും നിയതാഹാരനായ്സ്സർവ്വഭൂതഹിതൈഷിയായ്,
കാട്ടിൽ മേവും പ്രബലനാം രാമനോടു കയർത്തു ഞാൻ: 8
തപസ്വിയീവനെന്നോർത്തു, നിനച്ചപ്പോൾ കയർത്തു ഞാൻ
പാഞ്ഞെത്തീടിനേൻ ക്രുദ്ധനായ്, കൊമ്പു കൂർത്തോരു മൃഗമായ ഞാൻ,
ആലോചിയാതെ കൊൽവാനായ്, ശ്ശരാഘാതമാർത്തു ഞാൻ.
അട്ടഹാസമാ, വില്ലു ബലാൽ വലിചെയ്തീടിനാനുടൻ 10
മൂന്നു ക്രൂരമ്പു, വൈരിഘ്നം, ഗരുഡാനിലസന്നിഭം.
ശരിയ്ക്കൂർത്ത നിണംതേടും വജ്രാഭങ്ങളമ്പുകൾ
ഒട്ടൊന്നിച്ചുവന്നെത്തീ, മെയ്ട്ടൊഴിഞ്ഞവ മൂന്നുമേ.
രാമവീര്യമറിഞ്ഞോൻ പണ്ടപായം കണ്ട ഞാൻ ശഠൻ 12
കുതിച്ചുപാഞ്ഞൊഴിഞ്ഞു;–ആ രണ്ടു രാക്ഷസർ ചത്തുപോയ്!
രാമാസ്ത്രം വിട്ടൊഴിഞ്ഞിങ്ങു പണിപ്പെട്ടുയിർ നേടി ഞാൻ
സന്ന്യസിച്ചു തപം കൊണ്ടേനുള്ളടക്കി യഥോചിതം.
കാണ്മേൻ വൃക്ഷത്തിൽ, വൃക്ഷത്തിൽ മാൻമരത്തോലുടുപ്പുമായ് 14
വില്ലേന്തും രാമനെ, പ്പാശം പൂണ്ട കാലനെയാം വിധം!
ഭയാൽ നൂറായിരം രാമന്മാരെ ഞാൻ കാണ്മു രാവണ;
ഇക്കാടഖിലവും രാമമയമായ്ത്തോന്നിടുന്നു മേ!
രാമനെത്തന്നെ കാണുന്നേൻ വിജനേ രാക്ഷസാധിപ; 16
സ്വപ്നേ ഞാൻ രാമനെക്കണ്ടു പേടിച്ചോർപ്പു വെളിവെന്നിയേ!
രേഫം മുൻചേർന്ന നാമങ്ങൾ—രഥരത്നങ്ങൾ—പോലുമേ,
രാമസന്ത്രസ്തനാമെന്നെപ്പേടിപ്പിക്കുന്നു രാവണ!
അവന്റെ ശേഷി കണ്ടോൻ ഞാൻ;–വഴനാടടർ വയ്യ തേ: 18
ബലിയെയോ നമുചിയെത്താനോ കൊല്ലും രഘൂദ്വഹൻ!
പോർ ചെയ്ക രാമനായ്പ്പോരിൽ; ക്ഷമയോ കൊൾക രാക്ഷസ;
രാമന്റെ കഥയെ മിണ്ടൊല്ല;–എന്നെക്കാണേണമെങ്കിൽ നീ!
ലോകത്തിൽ വളരെ ശ്ലിഷ്ടർ ധർമ്മശീലർ സുചേഷ്ടിതർ 20

Digitized By Kerala Sahitya Akademi

കൂട്ടത്തോടെ നശിച്ചിട്ടുണ്ട്, നൃപന്മാരുടെ തെറ്റിനാൽ.
അതിനാൽ നിന്റെ തെറ്റാലേ നശിക്കും ഞാൻ നിശാചര;
ചെയ്തുകൊൾകാകുവതു നീ; നിന്നെപ്പിന്തുടരില്ല ഞാൻ!
രാമൻ മഹാമഹസ്സത്രേ, മഹാസാഹസൻ, മഹാബലൻ: 22

കാലനായ്ത്തീരുകില്ലല്ലീ, രാക്ഷസപ്പരിഷയ്ക്കവൻ!
മുമ്പു ശൂർപ്പണഖാമൂലം, രാമനക്ലിഷ്ടചേഷ്ടിതൻ
ജനസ്ഥാനേ തരംകെട്ട ഖരനെക്കൊന്നുവെങ്കിലോ,
യഥാർത്ഥമായ്ച്ചൊൽക ഭവാൻ, രാമനെന്തുണ്ടു തെറ്റിതിൽ? 24

ഇവണ്ണമായ്ബ്ബന്ധുഹിതം നിനച്ചു ഞാൻ
കഥിച്ചുകൊള്ളുന്നതു കേട്ടിടായ്കിലോ,
മരിച്ചുപോമിന്നടരിൽസ്സബാന്ധവൻ,
ശരിക്കുപോം രാമശരങ്ങളേറ്റു നീ!"

---

## നാല്പതാം സർഗ്ഗം: രാവണപരുഷവാക്യം

---

മാരീചൻ ചൊന്ന ശരിയാം തക്ക വാക്യത്തെ രാവണൻ
കൈക്കൊണ്ടീലൗഷധം ചാവാൻ പോകുന്നോനെന്നപോലവേ.
ആ പത്ഥ്യഹിതമോതുന്ന മാരീചനൊടരക്കർകോൻ,
അരുതാത്തുള്ള പരുഷം പറഞ്ഞാൻ കാലചോദിതൻ:— 2

"മാരീച, തക്കമട്ടല്ലാതെന്നോടിച്ചൊൽവതൊക്കെയും
പാഴിൽത്താനാം, വർമണ്ണിങ്കൽ വിതയ്ക്കും വിത്തു പോലവേ.
പാപി, മൂർഖൻ, വിശേഷിച്ചും മാനുഷൻ രാമനൊത്തു ഞാൻ
പോരിന്നിറങ്ങുമാറാകാൻ നിൻവാക്കിന്നെളുതായ്വരാ. 4

വേഴ്ചക്കാരമ്മയച്ഛന്മാരെയും നാടും വെടിഞ്ഞവൻ
പൊട്ടപ്പെൺചൊല്ലു കേട്ടല്ലോ, നടന്നു കാട്ടിലേക്കുടൻ!
എന്നാലക്ഖരഹന്താവിൻ പ്രാണാതിപ്രിയ സീതയെ
തീർച്ചയായ്ക്കൈക്കലാക്കണമെനിക്കു, തവ ചേർച്ചയാൽ! 6

ഇപ്പടിക്കാണു മാരീച, മന്മനസ്സിലെ നിശ്ചയം;
പിന്തിരിപ്പിക്കുവാൻ പറ്റാ സേന്ദ്രദേവാസുരർക്കുമേ!
തിന്മതാൻ, നന്മതാൻ, ചോദിച്ചെങ്കിലേ ചൊല്ലവേണ്ടു നീ
അപായം താനുപായം താനി, കാര്യം നിശ്ചയിച്ചതിൽ. 8

Digitized By Kerala Sahitya Akademi

ചോദിച്ചാൽ, തമ്പുരാനോടു കൈകൂപ്പിയുരചെയ്യണം,
തനിക്കഭ്യുദയം നോക്കും സചിവൻ കഥയുള്ളവൻ.
നല്ലോരു ഹിതമാം വാക്യം, മയത്തിലനുകൂലമായ്,
ബഹുമാനത്തോടുംകൂടി വേണം നൃപനോടോതുവാൻ. 10

തള്ളിപ്പറയാതെ മാരീച, വല്ലതും ഹിതമോതിയാൽ,
ആ മാനിയാത്ത വചനം കൊണ്ടാടാ മാന്യനാം നൃപൻ.
അഞ്ചു രൂപം ധരിക്കുന്നുണ്ടോ,ജസ്സേറിയ മന്നവർ
അഗ്നീന്ദ്രചന്ദ്രരുടെയും വരുണന്റെ യമന്റെയും: 12

ചൂടും, വിക്രമവും, സൌമ്യഭാവം, തെളിവു, ദണ്ഡവും
ധരിക്കുന്നു മഹാത്മാക്കൾ മന്നവന്മാർ നിശാചര;
അതുകൊണ്ടെപ്പൊഴുതിലും മാന്യർ പൂജ്യർ മഹീശ്വരർ.
നീയോ, ധർമ്മമറിഞ്ഞീടാതജ്ഞാനം പൂണ്ടു കേവലം 14

പരുഷം ചൊല്ലുവാൻ നില്പൂ, വന്ന നമ്മോടു ദുഷ്ടനാൽ!
നന്മതിന്മകൾ ചോദിച്ചീലിങ്ങു വേണ്ടതുമാശര;
ഇത്രയ്ക്കു ചൊല്ലിയുമല്ല ഞാൻ നിന്നോടിന്നതിവിക്രമ:
പോന്നീ വലുതായുള്ള കാര്യത്തിൽത്തുണചെയ്യണം. 16

കേൾക്കുക, തുണപ്പാൻ ചെയ്യേണ്ടതിന്നതെന്നുരചെയ്തിടാം:
വെള്ളിപ്പുള്ളികളുള്ളോരു പൊന്മാനായിച്ചമഞ്ഞു നീ
രാമന്റെയാശ്രമത്തിങ്കൽച്ചരിയ്ക്കുക, സീത കാൺകവേ;
വൈദേഹിയെ ഭ്രമിപ്പിച്ചിട്ടി,ഷ്ടംപോലെ ഗമിച്ചിടാം. 18

കള്ളപ്പൊന്മൃഗമാം നിന്നെക്കണ്ടാൽസ്സീത സവിസ്മയം,
ഇതിനെക്കൊണ്ടുവരികെന്നാശു രാമനോടോതിടും;
കാകുത്സ്ഥൻ വിട്ടുപോന്നാലോ, ദൂരെപ്പോന്നുച്ചരിക്ക നീ,
'ഹാ, സീതേ! ലക്ഷ്മണാ!' എന്നു, രാമൻ ചൊല്ലുംപ്രകാരമേ. 20

അതു കേട്ടുള്ളഴന്നോനായ്,സ്സീതയും ചൊന്നയയ്ക്കയാൽ
രാമനെപ്പിന്തുടർന്നീടും, സ്നേഹാൽ സൌമിത്രിതാനുമേ.
കാകുത്സ്ഥനും ലക്ഷ്മണനും വിട്ടുപോയാൽസ്സുഖേന ഞാൻ
കൊണ്ടുപോരുവനാ,ശ്ശക്രൻ ശചിയെപ്പോലെ, സീതയെ. 22

ഏവമിത്തൊഴിൽചെയ്തി,ഷ്ടംപോലെ പോയ്ക്കൊൾക രാക്ഷസ;
രാജ്യം പകുതി തരുന്നുണ്ടാം മാരീച, തവ സുവ്രത!
സൌമ്യ, പോകുക നന്മാർഗ്ഗ,മീക്കാര്യം നിറവേറുവാൻ;
നിൻപിമ്പേ പോന്നുകൊള്ളാം ഞാൻ തേരേറിദ്ദണ്ഡകാവനേ. 24

Digitized By Kerala Sahitya Akademi

പോരെന്നിയേ രാമനെ വഞ്ചിച്ചു സീതയെ നേടി ഞാൻ,
നീയൊത്തു കാൎയ്യം സാധിച്ചു ലങ്കയ്ക്കായി മടങ്ങുവാൻ·
ചെയ്യാതിരുന്നാൽ മാരീച, കൊല്ലും ഞാൻ നിന്നെയിപ്പൊഴേ!
വയ്യെന്നാകിലുമിക്കാൎയ്യം നീ ചെയ്യേണമഴിയു ബലാൽ; 26
രാജാവിന്നെതിരായ് നിന്നാലൊരുനാളും സുഖം വരാ.

ജീവിച്ചിടാം നീയെന്നോടണഞ്ഞാ–
ലെ;–ന്നോടിടഞ്ഞാൽ മൃതി തീൎച്ചയിപ്പോഴേ;
ഇതൊത്തവണ്ണം മതിയാൽ നിനച്ചി–
ട്ടിതിങ്കൽ നീ തക്കതു ചെയ്തുകൊൾക."

— * —

## നാല്പത്തൊന്നാം സൎഗ്ഗം : മാരീചപരുഷവാക്യം.

— * —

രാജാഹ്വമമീ പ്രതികൂലാജ്ഞ കേട്ടു നിശാചരൻ
ചൊന്നാനരക്കർക്കരചനോടു, മാരീചൻ പരുഷോക്തിയെ:–
"ഏതു പാതകിയാണോതിത്തന്നതിപ്പണി രാക്ഷസ,
മക്കളും മന്ത്രിമാർ നാടുമൊത്തു നീയറുതിപ്പെടാൻ? 2
കൊണ്ടാടുന്നില്ലേതു പാപി, നീ സുഖിപ്പതിൽ മന്നവ?
മൃത്യുദ്വാരമിതാരോതിത്തന്നാനൊരടവിൽത്തവ?
തീൎച്ചയായ്, നിൻറെ ശത്രുക്കൾ വീൎയ്യം താഴ്ന്ന നിശാചര
കൊതിക്കുന്നു, ബലിഷ്ഠൻറെ നേൎക്കലാൽ നീ നശിക്കുവാൻ! 4
ആരോതിത്തന്നിതിതു തേ ക്ഷുദ്രൻ, വേണ്ടാത്തതോതുവാൻ,
സ്വയംകൃതത്താൽ നിൻ നാശം കൊതിക്കുന്നാൻ നിശാചര?
ദുൎമ്മാൎഗ്ഗം കേറിടും നിന്നെയാരും നിൎത്താതിരിക്കയാൽ
കൊല്ലേണ്ടും നിൻസചിവരെക്കൊല്ലുന്നീലതു രാവണ! 6
കാപഥം പുക്ക താന്തോന്നിമന്നനെശ്ശിക്ഷിച്ചു മന്ത്രിമാർ
സൎവ്വഥാ നിൎത്തണം; നിൎത്തുന്നില്ല നിൎത്തേണ്ടുമങ്ങയെ.
ധൎമ്മാൎത്ഥകാമങ്ങളും യശസ്സിവയെല്ലാം ജയോത്തമ,
സ്വാമിതൻ നന്മയാലത്രേ നേടൂ രാക്ഷസ, മന്ത്രിമാർ; 8
മറിച്ചായാലതെല്ലാമേ പാഴായ്പ്പോകുന്നു രാവണ!
അനൎത്ഥം സ്വാമിദോഷത്താൽപ്പാരം മററുള്ളവൎക്കുമേ.
ധൎമ്മത്തിന്നാശ്രയം മന്നൻ, ജയത്തിന്നും ജയോത്തമ;
അക്കാരണമെപ്പൊഴുതിലും രക്ഷിക്കേണം നരേന്ദ്രരെ. 10

Digitized By Kerala Sahitya Akademi

രാജ്യം രക്ഷിയ്ക്കുവാൻ പാറാ തീക്ഷ്ണശീലനാം രാക്ഷസ,
പ്രതികൂലനാം, അജിതേന്ദ്രിയനും, രജനീചര.
തീക്ഷ്ണമന്ത്രാമാത്യന്മാരവരൊത്തു മുടിഞ്ഞുപോം,
വിഷമേ വിഡ്ഢിസൂതൻ ചെന്നോട്ടുമശ്വങ്ങൾ പോലവേ. 12
ലോകത്തിൽ വളരെശ്ശിഷ്ടർ ധർമ്മശീലർ സുചേഷ്ടിതർ
കൂട്ടത്തോടെ നശിച്ചിട്ടുണ്ട്, അന്യന്മാരുടെ തെററിനാൽ.
തീക്ഷ്ണനാമഹിതൻ സ്വാമി കാക്കും പ്രജകൾ രാവണ,
വൃദ്ധിപ്പെടാ, കുറുനരി കാക്കുമാട്ടുകൾ പോലവേ! 14
തീരുമന്ന,മരക്കന്മാർ തീരുമൊട്ടുക്ക രാവണ:
ക്രൂരൻ ദുർബ്ബുദ്ധി നീയല്ലോ രാജാവജിതേന്ദ്രിയൻ!
കാകതാലീയമായത്രേ, പാറീ ഘോരമിതാണു മേ;
നീതാൻ ശോച്യൻ: നശിച്ചീടുമല്ലോ പടയൊടൊത്തു നീ 16
എന്നെക്കൊന്നുടനേ രാമൻ നിന്നെയും കൊലചെയ്തിടും;
കൃതാർത്ഥനായ് ഞാൻ: മാററാന്റെ കൈകൊണ്ടല്ലോ മരിയ്ക്കൽ മേ!
രാമനെക്കാൺകയാൽത്തന്നെ ചത്തു ഞാനെന്നറിയ്ക്ക നീ;
വൈദേഹിയെക്കവർന്നാലോ, നീയും ചത്തു സബാന്ധവം! 18
ആശ്രമത്തിലെന്നോടൊന്നിച്ച സീതയെക്കൊണ്ടുപോകിൽ
നീയില്ല; ഞാനുമില്ലല്ലോ; ലങ്കയില്ല;—ല്ലരക്കരും!
ഹിതം നിനച്ചിപ്പടി ഞാൻ തടുത്തുര-
ച്ചതേ സഹിപ്പീല ഭവാൻ നിശാചര;
സുഹൃജ്ജനം ചൊന്ന ഹിതം ഗ്രഹിച്ചിടാ
ഉഢം ഗതായുസ്സുകൾ, ചാകടുത്തവർ." 20

— * —

## നാല്പത്തിരണ്ടാം സർഗ്ഗം: മായാമൃഗാഗമനം

— * —

എന്നരുത്താതി മാരീചനാ രാവണനോടാർത്തനായ്
ചൊന്നാൻ, 'പോവുക നാ'മെന്നു, രാക്ഷസശാസനഭീതിയാൽ:—
'എന്നെക്കൊൽവാൻ ശസ്ത്രമാണ്ടി, ചാപംവില്ലമ്പേന്തിയെന്നവൻ
വീണ്ടുമെൻനേർക്ക് കണ്ടിട്ടാൽത്തീർന്നിതെന്നുടെ ജീവിതം! 2
രാമനോടെതിരിട്ടിട്ടു ജീവനോടെ മടങ്ങിടാ;
യമദണ്ഡാഹതരങ്ങു സമനായ് നില്ക്കയാണിവൻ!



Digitized By Kerala Sahitya Akademi

എന്തെന്നു ചെയ്യാമെന്നുള്ളതാ,മേവം ഭാഷിപ്പാൻ നിങ്ങൾ മേ?
ഇതാ, ഞാൻ പോകയായ് കാണ്ക; നന്മ ഭവിച്ചിടട്ടു രാക്ഷസ!' 4

ഈ വാക്കാലുരം കള്ളിത്തോന്നായ്ത്തീർന്നിതാ രാവണൻ തുലോം;
ചേർത്തു കെട്ടിപ്പുണർന്നിട്ടു ചൊല്ലുകയും ചെയ്തിതിങ്ങിനെ:—
'മാനശീലനായിച്ചേർന്നതെന്റെയിഷ്ടത്തിനൊത്തതായ്;
ഇപ്പോഴോ മാരീചനത്രെ നീ; മുമ്പുതാൻ മറ്റു രാക്ഷസൻ! 6

കേറിക്കൊൾകെന്നൊടൊത്തിപ്പോൾ, രത്നമേറും പതിച്ചതായ്
പിശാചാസ്യക്കഴുതകൾ പൂട്ടപ്പെട്ടുള്ള തേരിതിൽ.
വൈദേഹിയെ ഭ്രമിപ്പിച്ചിട്ടിഷ്ടംപോലെ ഗമിച്ചിടാം;
കൊണ്ടുപോരുവനൊറ്റയ്ക്കാമജ്ജാനകിയെ ഞാൻ ബലാൽ' 8

പിന്നെ രാവണമാരീചർ വിമാനമെതിർതേരതിൽ
കേറി,യായാശ്രമസ്ഥാനം വിട്ടു പോന്നാർ ജവത്തോടേ.
ആയവർക്കണ്ടു കാണായി പട്ടണങ്ങൾ വനങ്ങളും
ശൈലങ്ങളും നദികളും രാഷ്ട്രങ്ങൾ നഗരങ്ങളും. 10

ക്രമേണ ദണ്ഡകാരണ്യം പുക്കു രാമന്റെയാശ്രമം
കണ്ടു, മാരീചനോടൊത്ത രാവണൻ രാക്ഷസാധിപൻ.
ഉടനപ്പൊന്നണിത്തേരിൽനിന്നിറങ്ങിയരക്കർകോൻ
മാരീചനെക്കൈക്കു പിടിച്ചിവണ്ണമുരിയാടിനാൻ:— 12

'ഇതാ, രാമാശ്രമം കാണ്മൂ വാഴത്തോട്ടം ചുഴന്നതായ്;
നടത്തിക്കൊൾക, നാം വന്ന കാര്യം ചിക്കെന്നു തോഴരേ!'
അരക്കർകോന്റെ ചൊൽ കേട്ടു മാരീചാസുരനപ്പൊഴേ
മാനായ് രാമാശ്രമദ്വാരസ്ഥാനേ മേഞ്ഞു നടകയായ്. 14

കണ്ടാലാശ്ചര്യമുണ്ടാകും വണ്ണമെല്ലാമേന്തിനാനവൻ:
നീലക്കല്ലൊത്ത കൊമ്പുകൾ, സിതാസിതമാം മുഖാഗ്രവും,
ഇന്ദ്രനീലോല്പലക്കാതു, ചൊടമ്പായ്ത്താമരപ്പൂലാനനം,
ചെറ്റുയർന്ന കഴുത്തി,ന്ദ്രനീലത്തിന്നെതിർ ചുണ്ടുകൾ, 16

മുല്ലപ്പൂ തിങ്കൾ വജ്രങ്ങൾക്കെതിരായ് വിലസും വയർ,
ഇരിപ്പപ്പൂവൊളിപ്പാർശ്വം, നീർത്താരല്ലിക്കൊത്ത നിറം,
വൈഡൂര്യനേർഖുരം, കൊച്ചുജംഘ, നൽസ്സന്ധിബന്ധവും,
മുകളിൽക്കൊള്ളുമിന്ദ്രവില്ലിന്റെയൊളിമിന്നുന്ന വാലുമായ്, 18

സ്നിഗ്ദ്ധമൃദു[illegible]റൻ നാനാരത്നപ്പുള്ളി ചുഴന്നവൻ
ക്ഷണാലൊരത്യുത്തമമാം മാനായ്ത്തീർന്നാൻ നിശാചരൻ,

Digitized By Kerala Sahitya Akademi

വനവും രമ്യമാ രാമാശ്രമവും മിന്നീടുംപടി.
വൈദേഹിയെ ഭ്രമിപ്പിപ്പാൻ, നാനാവൎണ്ണവിചിത്രമായ് 20
കാണേണ്ടതായ് മന്ദം കഷ്ടം വച്ചിവാണു നിശാചരൻ
അങ്ങിളംപുല്ലുമെത്താനെന്നും മേഞ്ഞുനടക്കയായ്.
വെള്ളിപ്പുള്ളികളാൽച്ചിത്രശ്രീ പൂണ്ടോ പ്രിയദൎശനൻ
വൃക്ഷങ്ങൾതൻ തളിരുകൾ തിന്നുകൊണ്ടു ചുററിനാൻ. 22
കദളീതോപ്പിലും പിന്നെക്കൎണ്ണികാരവനത്തിലും
സീത കാണുമിടത്തും പോയ് മെല്ലെച്ചെന്നാനതാതിടം.
പദ്മപത്രപ്പുറമൊത്തും മിന്നിനാനാ മഹാമൃഗം;
രാമാശ്രമത്തിന്നരികേ നടന്നാൻ സുഖമാംവിധം; 24
വീണ്ടും പോയും പിന്തിരിച്ചും സഞ്ചരിച്ചിതു നാമൃഗം.
കുറച്ചുനേരം വെളിവായ്പ്പിന്നെയും പിന്തിരിച്ചിടും;
കളിയാടിക്കൊണ്ടു വീണ്ടും ചിലഭാഗത്തു നിന്നിടും;
ആശ്രമത്തിൻ പടിക്കൽപ്പോയ് മാൻകൂട്ടത്തിലണഞ്ഞിടും; 26
പിന്നാലെ മാൻകൂട്ടവുമായ്പിന്നെയും പിന്തിരിച്ചിടും;
സീത കണ്ടെത്തുവാൻവേണ്ടി മായായിത്തീർന്ന രാക്ഷസൻ
നാനാതരത്തിലും വട്ടംവെച്ചു ചുററിനടക്കയായ്.
അതിനെക്കണ്ടു മററുള്ള കാട്ടുമാനുകളൊക്കെയും 28
ചെന്നൊന്നു നാററിനോക്കി,പ്പേർത്തോടിനാർ പത്തുദിക്കിനും.
മൃഗമല്ലനാ രാക്ഷസനാം, കാട്ടിലുള്ളാ മൃഗങ്ങളെ
തിന്നാതെ തൊട്ടുതാൻ നിന്നാൻ, സ്വഭാവത്തെ മറയ്ക്കുവാൻ.
അത്തനേരത്തവിടെ നിന്നു, ദീൎഘാക്ഷി മൈഥിലി 30
മരങ്ങൾതന്നിടയിലെത്തിറങ്ങി, പൂ പറിക്കുവാൻ.
കൎണ്ണികാരമശോകം മാവിവ പൂക്കെ സ്വപത്രയാം,
പുഷ്പങ്ങൾ നുള്ളിയുംകൊണ്ടു നടന്നാൾ മദിരാക്ഷിയാൾ
അപ്പോഴാ, മുത്തുമണികളണിഞ്ഞ മണിമാനിനെ 32
കണ്ടെത്തി, കാട്ടിൽ മരുവേണ്ടോളല്ലാത്ത വരനാരിയാൾ.
വെള്ളിയൊത്തുസമം രോമമുള്ളൊരതിനെ നോക്കിനാൾ
സുസ്നേഹം, ചാരുദന്തോഷ്ഠി, വിസ്മയാൽക്കൺ വിരിഞ്ഞവൾ.
ആ മായാമൃഗവും രാമരാമയെപ്പാൎത്തുകൊണ്ടുതാൻ, 34
വീണ്ടുമക്കാട് മിന്നിച്ചുംമട്ടും ചുററി വിചിത്രമായ്.
ആ മുമ്പു കണ്ടിട്ടില്ലാത്ത വിചിത്രമണിമാനിനെ
കണ്ടിട്ടത്യന്തമാശ്ചൎയ്യപ്പെട്ടു ജനകപുത്രിയാൾ.

— * —

Digitized By Kerala Sahitya Akademi

## നാല്പത്തിമൂന്നാം സർഗ്ഗം: സ്വർണ്ണമൃഗദർശനം

— * —

പാർശ്വദേശത്തിൽപ്പൊൻവെള്ളിവർണ്ണം മിന്നുന്ന മാനിനെ,
പൂ പറിയ്ക്കുന്നനേരത്തു കണ്ടു സുശ്രോണിയാളവൾ
ഹർഷിച്ചുറക്കെ,ച്ചാർവംഗി ശുദ്ധപ്പൊൻനിറമൊത്തവൾ
വിളിച്ചാൾ പതിയെ,ശ്ശസ്ത്രം പൂണ്ട ലക്ഷ്മണനേയുമേ, 2
വൈദേഹിയാൽ വിളിയ്ക്കപ്പെട്ടപ്പോഴാ രാമലക്ഷ്മണർ,
അങ്ങോട്ടു നോക്കവേ കണ്ടാർ മാനിനെപ്പുരുഷർഷഭർ.
അതിനെക്കണ്ടു ശങ്കിച്ചു രാമനോടോതി ലക്ഷ്മണൻ:—
'ആ മാരീചാസുരൻതാനാണീ,മാനെന്നോർത്തിടുന്നു ഞാൻ; 4
കൊന്നിട്ടുണ്ടക്കാമരൂപൻ പാപി വേഷപ്പകർച്ചയാൽ,
കാട്ടിൽ പ്രഹൃഷ്ടരായ് വേട്ടയാടും മന്നോരെ മന്നവ!
ആ മായാവിയെടുത്തുള്ളൊന്നീ, മായാമൃഗവിഗ്രഹം
ശോഭമാനം നരവ്യാഘ്ര, ഗന്ധർവപുരസന്നിഭം. 6
ഈവിധം രത്നമയമാം മാനുണ്ടാവില്ല രാഘവ,
ഭൂമിയിൽബ്ഭൂമിതൻനാഥ; മായയാണിതു നിശ്ചയം!'
എന്നോതിടും രാഘവനെത്തടഞ്ഞമലഹാസിനി
ഹർഷിച്ചു ചൊല്ലിനാൾ സീത, തോലി കണ്ടു മയങ്ങിയോൾ:— 8
"ആര്യപുത്ര, മനക്കാമ്പിച്ചാരുമാൻ കവരുന്നു മേ;
കൊണ്ടുവന്നീടുകീതിനെ, കളിയാടാൻ മഹാഭുജ.
ഈയസ്മദാശ്രമേ ഭൂരിമൃഗങ്ങൾ ശുഭരൂപികൾ
മേയുമാറുണ്ടിനംചേർന്നു: സൃമരം ചമരങ്ങളും; 10
പുള്ളിമാനും, പ്ലവഗരാ,മൃക്ഷങ്ങളും കിന്നരങ്ങളും
മേയാറുണ്ടു സുരൂപങ്ങൾ മനോജ്ഞങ്ങൾ മഹാഭുജ.
മുൻകണ്ടിട്ടില്ലിതിന്നൊത്തതായുള്ളൊരു മൃഗത്തെ ഞാൻ;
വർണ്ണാൽ ശ്രീയാലടക്കത്താൽ ശ്രേഷ്ഠം മാനിതു മന്നവ! 12
രത്നപ്പുള്ളി നിറഞ്ഞുള്ള മെയ്യിൽപ്പലനിറത്തൊടും
കാടാകവേ വിളങ്ങിച്ചു ശോഭിപ്പൂ, ശശി പോലവേ.
അയ്യാ, നിറപ്പകിട്ട,യ്യാ ശോഭ, ശോഭനശബ്ദവും!
ചിത്രാംഗമാശ്ചര്യമൃഗമെന്മനം കട്ടെടുപ്പിതേ! 14
ഈ മൃഗം, ജീവനോടേ നിൻപിടിയിൽക്കിട്ടുമെങ്കിലോ,
ആശ്ചര്യകരമാമിപ്പോൾ; മേലിലും വിസ്മയം തരും;

Digitized By Kerala Sahitya Akademi

വനവാസം കഴിഞ്ഞിട്ടു നാട്ടിൽപ്പോക്കും നമുക്കിനി
അന്തഃപുരത്തിൽ മോടിക്കുള്ളൊന്നായും തീരുമീ മൃഗം. 16
ഭരതന്നാര്യപുത്രന്നും ശ്വശ്രുക്കൾക്കുമെനിക്കുമേ
തീർച്ചയായ് ശ്രേഷ്ഠമാം മാനിതാശ്ചര്യമരുളും പ്രഭോ!
നന്താൻ ജീവനോടങ്ങു പിടികിട്ടില്ലയെങ്കിലും,
തോലെനിക്കു നരവ്യാഘ്ര, സന്തോഷകരമായ്വരും. 18
ശരിക്കു കൊല്ലപ്പെട്ടോരജ്ജന്തുവിൻ കാഞ്ചനത്തോലി
വിരിച്ചിളംപുല്ലലകമേലിരിപ്പാൻ കൊതിപ്പൂ ഞാൻ.
തോന്നിവാസമിതത്യുഗ്രം, പെണ്ണുങ്ങൾക്കൊത്തതല്ലതാൻ;
എന്നാലജ്ജന്തുവിൻ മെയ് കണ്ടാശ്ചര്യപ്പെട്ടുപോയി ഞാൻ! 20

അതിന്റെ തങ്കരോമങ്ങൾ, നീലക്കല്ലായ കൊമ്പുകൾ,
ബാലാർക്കതുല്യനിറവും, നക്ഷത്രപഥകാന്തിയും
തോന്നിച്ചിതന്നു രാമന്നുമകതാരിലൊരദ്ഭുതം.
അച്ചിത്രമാനിനെക്കണ്ടും, സീതാവാക്കിതു കേട്ടുമേ, 22
ആ രൂപത്തിൽ ഭ്രമത്താലും, സീതാപ്രേരണമൂലവും,
ഹർഷിച്ച രാമൻ ഭ്രാതാവാം സൗമിത്രിയോടു ചൊല്ലിനാൻ:—
"നോക്കൂ, ലക്ഷ്മണ, സീതയ്ക്കീ മാനിന്മേലുള്ളൊരാഗ്രഹം:
ഇത്ര മെയ്വടിവൊത്തൊരു മാനുണ്ടാകില്ല സാമ്പ്രതം! 24
ഇല്ല നന്ദനമാം തോപ്പിലി,ല്ല ചൈത്രരഥത്തിലും
മാനിതിന്മട്ടു സൗമിത്രേ; പിന്നെയുണ്ടോ ധരിത്രിയിൽ?
നേരെയായും വിലങ്ങായും വിളങ്ങും രോമരാജികൾ
കാണുന്നു, പൊൻപുള്ളികളാൽച്ചിത്രങ്ങൾ മൃഗമെയ്യിതിൽ. 26
കാൺകി,വൻ കോട്ടുവാ കൊൾകെ,ച്ചെന്തീജ്വാലയ്ക്കു തുല്യമായ്
വായിൽനിന്നു പുറത്താം നാവം,ബ്ദാൽ മിന്നൽ പോലവേ.
ശംഖമുത്തൊത്ത വായമം നീലക്കൽച്ചഷകാസ്യവും
ചേരുമീസ്സുന്ദരമൃഗമാർക്കുള്ളിൽക്കൊതി ചേർത്തിടാ? 28
നാനാരത്നങ്ങളിയലുമിദ്ദിവ്യസ്വർണ്ണമാനിനെ
കണ്ടാൽ പ്രഭോ, കരൾക്കാമ്പിലാർക്കു തോന്നില്ല വിസ്മയം?
മാംസത്തിന്നും, വിനോദത്തിന്നായും, വില്ലാൽ മൃഗങ്ങളെ
സൗമിത്രേ, ഭൂപർ കൊല്ലാറുണ്ടല്ലോ വങ്കാട്ടിൽ വേട്ടയിൽ. 30
വങ്കാട്ടിലുദ്യമംകൊണ്ടു സമ്പാദിപ്പു ധനത്തെയും:
സ്വർണ്ണരത്നങ്ങളല്ലോ നാനാധാതുഗണങ്ങളിൽ.

Digitized By Kerala Sahitya Akademi

സാരം, നരക്കു സമ്പത്തു കൂട്ടമധനമൊക്കെയും,
ചിത്തേ ചിന്തിച്ചതെല്ലാമേ ശുക്രനാംമട്ടു ലക്ഷ്മണ. 32
അർത്ഥി നിസ്തർക്കമെന്നർത്ഥത്തിന്നിറങ്ങുന്നു ലക്ഷ്മണ,
അർത്ഥമെന്നു ചൊല്ലുന്നിത,ർത്ഥശാസ്ത്രജ്ഞരർത്ഥ്യതം.
ഈ രത്നവാനിൻ മികവേറുന്ന പൊന്തോലിലങ്ങിനെ
എന്നോടൊന്നിച്ചിരിക്കേണം വൈദേഹി ശുഭമധ്യയാൾ! 34
ചിത്രചെങ്കരിമാൻതോലും കുറിഞ്ചോട്ടുതോലുമേ
പളുപ്പുകൊണ്ടിതിന്നൊക്കില്ലെന്നത്രേ തോന്നിടുന്നു മേ.
ഈ ശ്രീമത്തായ മൃഗവും, ദിവ്യം വാനിൽ നടപ്പതും,
ഈ രണ്ടുമൃഗമേ ശ്രേഷ്ഠം: താരാമൃഗമിളാമൃഗം! 36
രാക്ഷസൻതൻമായയിതെന്നല്ലോ നീ ചൊൽവു ലക്ഷ്മണ;
അവ്വണ്ണമാണെന്നാലോ, ഞാനിവനെക്കൊലചെയ്യണം:
നൃശംസനാമീ മാരീചൻ വിവേകരഹിതാശയൻ
മുന്നം ദ്രോഹിച്ചിരുന്നല്ലോ, കാട്ടിൽത്തെണ്ടി മുനീന്ദ്രരെ; 38
മുതിർന്നു കൊന്നിട്ടുണ്ടല്ലോ വേട്ടയിൽപ്പല ഭൂപരെ,
മികച്ച വില്ലരെയിവന,തിനാൽ വധ്യമീ മൃഗം.
ഇവിടെപ്പണ്ടു വാതാപി ചെന്നാറു മുനിവിപ്രരെ
വയറാമ്പുക്കു കൊല്ലും, തൻഗർഭം ഭേദിച്ചിറങ്ങുംവിധം. 40
ഒരുനാളിലവൻ, തേജസ്സുള്ളഗസ്ത്യമുനീന്ദ്രനെ
ചിരാലണഞ്ഞാൻ ദുരയാ:-ലവിടെപ്പിരയായിനാൻ:
ചാത്തമുണ്ടിട്ടു ഭഗവാൻ വാതാപിയൊടു ചൊല്ലിനാൻ,
ആ മെല്ലെഴുല്പ്പാൻ മുതിരുമവനെപ്പാർത്തു സസ്മിതം:— 42
'മന്നിലെസ്സദ്വിജന്മാരെ വാതാപേ, കൂസൽ വിട്ടു നീ
തൻകരുത്താൽ വലച്ചല്ലോ; തദ്ബലം നീ ദഹിച്ചുപോയ്!'
വാതാപിയെപ്പോലെയല്ലാ, രക്ഷസ്സിങ്ങിതെ ലക്ഷ്മണ,
എന്നെട്ടു വശിയാം നിത്യധർമ്മിഷ്ഠനെയെതിർക്കിൽ? 44
അഗസ്ത്യനല്ലാ വാതാപി പോലെന്നാൽ ഹതനാമിവൻ.
ഒരുങ്ങിനില്ക്ക നീയിങ്ങു; കാത്തുരക്ഷിക്ക സീതയെ:
നമ്മൾതൻകാര്യമിവൾതൻപക്കലല്ലോ രഘൂദ്വഹ.
വധിപ്പനീ മാനിനെ ഞാന,ല്ലെന്നാകിൽപ്പിടിക്കുവൻ; 46
പോകുന്നേനാശു സൗമിത്രേ, മാനിനെക്കൊണ്ടുപോരുവാൻ.
ഞാനുള്ളു, ലക്ഷ്മണ, സീതയ്ക്കു മാംസത്തിലാവുമാഗ്രഹം;

Digitized By Kerala Sahitya Akademi

തോലിൻെറ മേന്മയാലിപ്പോളതാമല്ലോ മാനിനിപ്പെരുമേ!
രക്ഷിച്ചുനില്ക്കണം സീതാരക്ഷക്കായാശ്രമത്തിൽ നീ. 48
ഒരൊററയമ്പിനാലേ ഞാൻ കൊല്ലുവൻ പുള്ളിമാനിനെ;
കൊന്നിതിൻ തോലുമിലും കൊണ്ടുവരാം ചിരക്കനെ ലക്ഷ്മണ.

ഉലോകം സമർത്ഥൻ ബലശാലി ബുദ്ധിമാൻ
ജടായുവാം പക്ഷിയുണ്ടോർത്തു ലക്ഷ്മണ,
അടിയ്ക്കടിയ്ക്കെന്തിലുമാത്തശങ്കനായ്—
ശ്രമിച്ചു രക്ഷിച്ചിഹ നില്ക്ക സീതയെ" 50

—.—

## നാല്പത്തിനാലാം സർഗ്ഗം: മാരീചവധം.

—*—

ഏവമത്തമ്പിയെച്ചൊല്ലിയേല്പിച്ചു രഘുനന്ദനൻ
തേജസ്വി പൊൻപിടിപ്പള്ളിവാളു കെട്ടിമുറുക്കിനാൻ.
പിന്നെ, മൂവളവുള്ളാത്തമുഷ്ടയാം വില്ലെടുത്തവൻ
രണ്ടാവനാഴിയും കെട്ടിപ്പോയ്ക്കൊണ്ടാനുഗ്രവിക്രമൻ. 2
നേരിട്ടു ചെല്ലുമാ രാജവരനെക്കണ്ടു വഞ്ചകൻ
പേടിച്ചൊളിച്ചാൻ; കാണാകുമാറായാനഥ വീണ്ടുമേ.
വാളും മുറുക്കി വില്ലേന്തിപ്പാഞ്ഞാൻ മാനിൻെറ നേർക്കവൻ;
കണ്ടാനഴകിനാൽ മിന്നുംപോലുള്ളതിനെ മുന്നിലായ്. 4
വങ്കാട്ടിൽ വില്ലുമേന്തിപ്പായുന്നതല്ലുംനെപ്പാർത്തു പാർത്തുടൻ
അമ്പു കൊള്ളാതകന്നാൻ മാൻ ചിലപ്പോൾ രാക്കാതിയേററിനാൻ;
ശങ്കിതൻപോലകലുന്നാകാശമെത്തുള്ളു ചാടിനാൻ;
കാണപ്പെട്ടാൻ ചിലേടത്തു; കാട്ടിൽ കാണാതെയായിനാൻ, 6
കാർത്തുണ്ടു ചുഴലും രാകാശരച്ചന്ദ്രൻ കണക്കിനെ;
കാണപ്പെട്ടും മറഞ്ഞും പേർത്താകർഷിച്ചിതു രാമനെ,
മാനാം മാരീചനായാശ്രമത്തിൽനിന്നതിദൂരമ 8
ക്രോധം പൂണ്ടാൻ, വിവശനായ് മയങ്ങിയ രാഘവൻ;
തളർന്നിരുന്നാൻ തണലിൽപ്പച്ചപ്പുല്പരപ്പിലായ്;
ഏവം ഭ്രാന്തുപിടിപ്പിച്ചാനുദ്ദ്രഹത്തെ മൃഗാസുരൻ.
കാട്ടുമാൻകൂട്ടത്തോടൊപ്പം കാണപ്പെട്ടിതു ചാരവേ; 10
പിടിപ്പാൻ നോക്കുമവനെക്കണ്ടുടൻ വീണ്ടുമോടിനാൻ;
തൽക്ഷണംതന്നെ പേടിച്ചു ചെന്നൊളിച്ചിതു വീണ്ടുമേ.

Digitized By Kerala Sahitya Akademi

വീണ്ടും മരക്കാട്ടിൽനിന്നു ദൂരെ വെളിയിൽവന്നതായ്
കണ്ടു, തേജസ്വിയാം രാമൻ തദ്വധത്തിന്നൊരുങ്ങിനാൻ: 12
വലിച്ചെടുത്താൻ ശരമൊന്നരിശം പൂണ്ട രാഘവൻ;
സൂര്യരശ്മിക്കു ശരിയായ്ജ്ജ്വലിപ്പോന്നരിമർദ്ദനൻ
പടുവില്ലിൽത്തൊടുത്താഞ്ഞുവലിച്ചു ബലവത്തരൻ
ചീറുന്ന പാമ്പിനെപ്പോലുള്ളസ്ത്രം ബ്രഹ്മവിനിർമ്മിതം 14
കല്പിച്ചയച്ചാനാ, മാനിൻനേർക്ക സന്ദീപ്തമുജ്ജ്വലം.
മാനായ്ച്ചമഞ്ഞ മാരീചനുടെ ദേഹം പിളർത്തുടൻ
മാറും പിളർത്തു വജ്രത്തിന്നൊക്കും ശ്രേഷ്ഠമാം ശരം.
മെല്ലൊട്ടു പനയോളം പൊങ്ങി വീണാൻ ബാണാർത്തനാമവൻ 16
ഘോരശബ്ദത്തോടൊത്തുംകൊണ്ടല്പായുസ്സായ് ധരിത്രിയിൽ.
ചാകുമ്പോളോർത്താൻ മാരീചൻ, 'എമ്മട്ടീയാളൊട്ടയച്ചിടും
സീത ലക്ഷ്മണനെ? ശ്ശൂന്യകക്ഷമെമ്മട്ടു രാവണൻ?'
ഉടൻ കാലോചിതം കണ്ടൊരൊച്ചയിട്ടീടിനാനവൻ, 18
'ഹാ, സീതേ! ലക്ഷ്മണാ!' എന്നു രാഘവന്റേതിനൊപ്പമേ.
കിടയില്ലാക്കണയന്നു മർമ്മത്തെയീത്തറച്ചയാൽ
ആ മാനിൻമെയ്യുപേക്ഷിച്ചു തന്റെ രാക്ഷസരൂപമേ
ധരിച്ചാനപ്പെരുങ്ങാറൻ മാരീചൻ, ഉയിർ പോംവിധൌ: 20
ചിത്രതോൾവളയിട്ടോനായ് സ്വർണ്ണാഭരണയുക്തനായ്
പൊന്മാലിയും ദംഷ്ട്രിയുമായ്ത്തീർന്നാനമ്പേററ രാക്ഷസൻ.

അംഗങ്ങളിൽച്ചോരയൊലിച്ചുഗ്രാകാരനാശരൻ
പാർത്തട്ടിൽ വീണു പിടയുന്നതു കണ്ടിട്ടു രാഘവൻ 22
ലക്ഷ്മണോക്തം സ്മരിച്ചുംകൊണ്ടുള്ളിൽച്ചിന്തിച്ചു സീതയെ:—
'മാരീചമായതാണിതെന്നു, മുൻകൂട്ടി ലക്ഷ്മണൻ
ചൊന്നതെത്തിയിഹ: മാരീചനാണു, ഞാനീ വധിച്ചവൻ.
ഹാ, സീതേ! ലക്ഷ്മണാ! എന്നു കേണാർത്തല്ലോ മഹാസ്വനം 24
ചത്തു രക്ഷസ്സിവൻ; കേട്ടാൽസ്സീതയെന്തോരുമട്ടിലാം?
മഹാഭുജൻ ലക്ഷ്മണനുമെന്തവസ്ഥയിലായിടും?'
എന്നു ചിന്തിച്ചു ധർമ്മിഷ്ഠൻ രാമൻ കോൾമയിർ പൂണ്ടുപോയ്;
ബാധിച്ചു രാമനെയത്ര ദുഃഖജം തീവ്രമാം ഭയം. 26
മാനാമരക്കനെക്കൊന്നിട്ടവൻതന്നൊച്ച കേൾക്കയാൽ
വെമ്പലോടെ ജനസ്ഥാനത്തേക്കു പോന്നിതു രാഘവൻ,
ഒന്നുപൃഷതത്തെയും കൊന്നു മാംസമെടുത്തതാൻ.

— * —

Digitized By Kerala Sahitya Akademi

## നാല്പത്തഞ്ചാം സർഗ്ഗം: ലക്ഷ്മണനിർഗ്ഗമനം.

— o —

ഭർത്തൃസ്വരം പോലത്തീനസ്വരം കേട്ടിട്ടു കാനനേ
സീത ലക്ഷ്മണനോടോതി:—“ചെല്ലൂ, നോക്കീടു രാമനെ.
സ്വസ്ഥാനത്തമരുന്നീലാ മനസ്സും മമ ജീവനും:
അത്യാർത്തനായ് നിലവിളിക്കുന്നതല്ലോ ശ്രവിച്ചു ഞാൻ! 2

രക്ഷിക്കണം നീ വിപിനേ മുറയിട്ടീടുമേട്ടനെ!
ക്ഷണത്തിൽപ്പാഞ്ഞണയുകാശ്രയം തേടുമേട്ടനെ,
സിംഹങ്ങൾക്ക വൃഷം പോലെ രാക്ഷസർക്ക വശസ്ഥനെ.”
എന്നാലീ വാക്കിനാൽപ്പോന്നീലേട്ടൻതന്നാജ്ഞയോർത്തവൻ; 4

അതിൽച്ചൊടിച്ചവനോടായ്ച്ചൊന്നാൾ ജനകനന്ദിനി:—
‘സൌമിത്രേ, മിത്രരൂപൻ നീ, യേട്ടന്നു രിപുതുല്യനാം:
തേടിപ്പോകുന്നതില്ലല്ലോ നീയിദ്ദശയിലേട്ടനെ!
രാമൻ നശിപ്പാനിച്ഛിപ്പൂ നീയെന്നെച്ചൊല്ലി ലക്ഷ്മണ! 6

ആവാം, രാമന്റെ പിൻചെല്ലാത്തതെ,ന്നൽക്കെതിരെക്കണ്ടുതാൻ!
ഞാനോർപ്പൂ, മാൽ നിനക്കിഷ്ടമേട്ടനിൽ സ്നേഹമില്ല തേ;
അതാണ, ക്കാന്തിമാനെക്കാണാഞ്ഞതനങ്ങാതെ നില്പതും!
ആർത്തലമിങ്ങു വന്നു നീ, യദ്ദേഹം പ്രാണസംശയം 8

പ്രാപിച്ചപോതിങ്ങമരുമെന്നെക്കൊണ്ടെന്തു കാര്യമാം?”
എന്നു വൈദേഹി കണ്ണീരും മാലും പൂണ്ടുരചെയ്കവേ,
മാൻപേട പോലെ പേടിച്ച സീതയോടോതി ലക്ഷ്മണൻ:—
“ഉരഗാസുരഗന്ധർവ്വസുരമർത്ത്യാശരർക്കുമേ 10

വെല്വാനാവില്ല വൈദേഹി, നിൻ ഭർത്താവിനെ നിർണ്ണയം!
ദേവി, ദേവകളിൽ, പ്പക്ഷിഗന്ധർവ്വരിൽ, മനുഷ്യരിൽ,
പിശാചരാക്ഷസന്മാരിൽ, മൃഗകിന്നരജാതിയിൽ,
ഘോരരാം ദാനവരിലുമുണ്ടാവില്ലൊരുവൻ ശുഭേ, 12

പോരിലിന്ദ്രനു സമനാം രാമനോടേറ്റാടുവാൻ.
രാമൻ പോരിലവധ്യൻ; നീയിവണ്ണമുരിയാടൊലാ:
ആളല്ലാ രാമനില്ലാതീക്കാട്ടിൽ നിന്നെ വിടാനിവൻ.
അദ്ദേഹത്തിൻ ബലം നിർത്താൻ പോരാ ബലിബലങ്ങളും, 14



Digitized By Kerala Sahitya Akademi

ഇന്ദ്രാമരാപേതമൊത്തമെട്ട മൃണാലകങ്ങളും।
നിന്മനസ്സാശ്വസിക്കട്ടെ, സന്താപമിതു കൈവിട്ടു;
ക്ഷിപ്രം വന്നെത്തുമേ, നല്ല മാനിനെക്കൊന്ന നിൻപ്രിയൻ.
അവൻെറയൊച്ചയല്ലാ,തോ മായയാലിട്ടതാം ധ്വനം; 16
അതാ രക്ഷസ്സുതൻമായ, ഗന്ധർവനഗരോപമം.
മഹാനാം രാമനെൻപക്കൽത്തന്നേല്പിച്ചവളാണു നീ;
ഞാനാളല്ലിങ്ങു വൈദേഹി, നിന്നെ സ്ഥാനത്താക്കി, കൈവിടാൻ.
വൈരവും നമ്മളോടുണ്ടീ രാക്ഷസന്മാർക്കു മൈഥിലി, 18
ഖരനെക്കൊല്ലയാൽദ്ദേവി, ജനസ്ഥാനം മുടിച്ചതിൽ.
ഹിംസാലോലരരക്കന്മാർ വങ്കാട്ടിൽപ്പലമട്ടിലും
ശബ്ദജാലം കൂട്ടും വൈദേഹി; ചിന്ത കൊള്ളേണ്ടതില്ല നീ.''
ഇത്തരം ലക്ഷ്മണൻ ചൊല്ലെ ക്രുദ്ധയായ്ച്ചെങ്കണ്ണചുകന്നവൾ 20
നേരേറ്റും ലക്ഷ്മണനോടു പരുഷച്ചൊല്ലു ചൊല്ലിനാൾ:-
''അനാര്യ, കനിവറ്റോനേ, നൃശംസ, കുലപാംസന,
നൂനം, രാമൻെറ വലുതാമഴലാത്രേ തവ പ്രിയം;
അതാണു, രാമന്നഴൽ കണ്ടിട്ടെല്ലാം ചൊൽവതിങ്ങു നീ। 22
സമാഗ്രഹം നടക്കും നിന്മട്ടാം ക്രൂരർ വൈരികളിൽ
പാപമുണ്ടാവതാശ്ചര്യമായുള്ളൊന്നല്ല ലക്ഷ്മണ.
ഏകനാം രാമനൊട്ടുഷ്ടനേകൻ പിന്തുടരുന്നു നീ
കാട്ടിലെന്നുലമായ്‌ഗൂഢം, ഭരതൻതന്നയയ്ക്കയാൽ। 24
സാധിക്കില്ലതു സൌമിത്രേ, നിനക്കാ ഭരതന്നുമേ:
എന്മട്ടിന്ദീവരശ്യാമനംബുജാക്ഷൻ മണാളനിൽ,
ചെന്നിരുന്നിട്ടു, കാമിക്കും ക്ഷുദ്രരാരുള്ളൊരാളെ ഞാൻ?
നിന്മുമ്പിൽവെച്ചു സൌമിത്രേ, പോക്കും ഞാൻ പ്രാണനെദ്ധ്രുവം; 26
രാമനാനന്ദം ക്ഷണനേരം ചാലുമിരിക്കില്ലൂഴിയിങ്കൽ ഞാൻ।''
എന്നു കോൾമയിർ കൊള്ളിക്കും പരുഷം സീത ചൊല്ലയാൽ,
കൈകൂപ്പിസ്സീതയോടോതി ലക്ഷ്മണൻ വിജിതേന്ദ്രിയൻ:-
''ഞാനാളല്ലുത്തരം ചൊൽവാനെ, നിക്കീശ്വരിയാണു നീ; 28
ചേരാത്ത വാക്കൊരാശ്ചര്യമല്ലാ സ്ത്രീകളിൽ മൈഥിലി.
സ്വഭാവമിതു പെണ്ണുങ്ങൾക്കുലകിൽക്കാണ്മതിവിധം:
ഛിദ്രിപ്പിപ്പോർ ധർമ്മമറ്റോർ സ്ത്രീകളസ്ഥിരതീക്ഷ്ണമാർ।
സഹിക്കവയ്യിത്തരമാം വാക്ക സീതേ, വിദേഹജേ; 30

Digitized By Kerala Sahitya Akademi

ഇതെന്റെ ചെവി രണ്ടിന്നും തപ്തനാരാചസന്നിഭം।
കേൾക്കട്ടെയെൻ സാക്ഷികളായ് കാട്ടുവാഴികളേവരും,
ന്യായം ഞാൻ ചൊന്നതിന്നന്യായപരുഷമാമിതം!
ആയമായ്, നശിക്കുകില്ലേ നീ! സ്വഭാവദുഷ്ടകൾ നാരിമാർ: 32

എവം ശങ്കിക്കയാണല്ലോ, ഭ്രാതൃവാക്യസ്ഥനെന്നെ നീ!
പോകുന്നേൻ രാഘവാപാന്തേ; സ്വസ്ത്യസ്തു വിപുലാക്ഷി തേ!
നിന്നെസ്സുമുഖി, കാക്കട്ടെ വനദേവികളേവരും!
ഘോരങ്ങളാം നിമിത്തങ്ങളുണ്ടു തോന്നിട്ടിടുന്നു മേ; 34

കാണുമോ, രാമനോടൊത്തു തിരിച്ചുവന്ന നിന്നെ ഞാൻ!"
ഈവിധം ലക്ഷ്മണൻ ചൊല്ലെ, കരഞ്ഞുംകൊണ്ടു ജാനകി
കടുത്തൊരുത്തരം ചൊന്നാൾ, കണ്ണുനീരിൽക്കുളിച്ചുടൻ:—
"രാമൻ പിരിഞ്ഞാൽസ്സൗമിത്രേ, ഗോദാവരിയിലാഴുവൻ; 36

തൂങ്ങിച്ചാകുവനല്ലെങ്കിൽ; വിഷമേ മൈ ത്യജിക്കുവൻ;
കുടിക്കുവൻ കടുവിഷം; ചെന്തീയിൽച്ചെന്നുചാടുവൻ:
രാമനല്ലാതൊരുവനെക്കാലുകൊണ്ടും തൊടില്ല ഞാൻ!"
എന്നു ലക്ഷ്മണനെഗ്ഗർഹിച്ചല്ലലിൽപ്പെട്ട മൈഥിലി 38

മാഴ്കിക്കരഞ്ഞി,രുകൈകൊണ്ടും വയററത്തടിച്ചീടിനാൾ.

സൗമിത്രി ദുഃഖമേറ്റം പാർത്തുകണ്ടും–
മാലാർന്നു കേഴും വിപുലാക്ഷിയാളെ
സമാശ്വസിപ്പിച്ചീല; സീതയൊന്നു–
മബ്ഭർത്തൃസോദര്യനോടോതിയില്ല.
അഥാഭിവാദ്യക്രിയയാചരിച്ചു, തെ–
ല്ലുടനു കൈകൂപ്പി നമിച്ചു സീതയെ
തിരിഞ്ഞുനോക്കിപ്പലവട്ടമാത്മവാൻ
രാമാന്തികത്തേക്കു ഗമിച്ചു ലക്ഷ്മണൻ. 40

— * —

## നാല്പത്താറാം സർഗ്ഗം: രാവണാഗമനം

— * —

അവളാലവൻ പരുഷച്ചൊല്ലാൽച്ചൊടിച്ചാ രാഘവാനുജൻ
മനസ്സന്യേ പുറപ്പെട്ടാൻ രാമനെത്തേടിയഞ്ജസാ.
കാത്തുനിന്ന ദശഗ്രീവനക്കിത്തക്കം ലഭിക്കയാൽ
ചിരക്കണ്ണ സീതതൻനേർക്കു ചെന്നാൻ, സന്ന്യാസിരൂപനായ്; 2

Digitized By Kerala Sahitya Akademi

ശിഖ, ഛത്രം, മെതിയടി, മിന്നുസക്കാവിയുണ്ടുമായ്,
നൽക്കമണ്ഡലുവും ദണ്ഡുമിടംചുമലിൽ വെച്ചവൻ
സന്യാസിവടിവിൽച്ചെന്നാൻ സീതാപാർശ്വത്തിലേക്കുടൻ.
ഭ്രാതാക്കളെ വിട്ടൊരവളെയണഞ്ഞാൻ കാട്ടിലൂർജ്ജിതൻ, 4
സൂര്യനും ചന്ദ്രനും വിട്ട സന്ധ്യയെ ധ്വാന്തമാംവിധം.
പിന്നെപ്പാർത്താൻ പുകഴ്പ്പെട്ട പെൺതയ്യാം രാമപത്നിയെ,
അചന്ദ്രയാം രോഹിണിയെച്ചൊവ്വ പോലതിദാരുണൻ.
ജനസ്ഥാനദ്രുമങ്ങളെ, ന്നീവ്വിധമുഗ്രചരിത്രനെ 6
കണ്ടിട്ടനക്കമില്ലാതായ്; വീശാതായീ സമീരനും;
തുടുത്ത കണ്ണുമായ് നോക്കുമവനെക്കണ്ടു പേടിയാൽ
മെല്ലെപ്പോവുകയായ്, നീർക്കൂത്തേറും ഗോദാവരീ നദി!
രാമനിൽത്തക്കമോരാഞ്ഞ, ത്തക്കത്തിൽദ്ദശകന്ധരൻ 8
വൈദേഹിക്കരികത്തെത്തി, രാവണൻ ഭിക്ഷുരൂപവാൻ.
ഭദ്രൻ ശിഷ്ടന്റെ വേഷത്തിൽ, ച്ചിത്രയെശ്ശനി പോലവേ
ചെന്നണഞ്ഞാൻ, കണവനെപ്പറ്റി മാഴ്കുന്ന സീതയെ.
അപ്പാപി പുണ്യവേഷത്താൽ, പ്പുൽ മൂടുംകിണർ പോലെയായ് 10
നോക്കിനിന്നാൻ, പുകഴ്പ്പെട്ട രാമവല്ലഭ സീതയെ:
പല്ലു ചുണ്ടൊളിമിന്നുന്നോളം, നല്ലാളും, വാർതിങ്കൾനേർമുഖി,
കണ്ണീരുമഴലും പൂണ്ടു പർണ്ണശാലയിൽ മേവുവോൾ,
മഞ്ഞപ്പൂമ്പട്ടുടുത്തോളാം, കഞ്ജപത്രാക്ഷി സീതയെ 12
കുറെക്കൂടിസ്സമീപിച്ചാന, ദ്ദുർമ്മതി നിശാചരൻ.
വേദഘോഷം മുഴക്കിക്കൊണ്ടു, നംഗശരപീഡിതൻ
വിജനേ വിനയം പൂണ്ടു ചൊല്ലിനാൻ രാക്ഷസാധിപൻ;
നളിനം വിട്ട ലക്ഷ്മിക്കൊത്തു, ലകിൽ ശ്രേഷ്ഠനാരിയായ് 14
വിളങ്ങുമസ്സുന്ദരിയെശ്ലാഘിച്ചാനങ്ങു രാവണൻ:—
"ആർ നീ പൊന്നിറമാണ്ടോളേ, മഞ്ഞപ്പൂമ്പട്ടുടുത്തവൾ,
നൽത്താമരമാലയും ചാർത്തിപ്പത്മിനിപോലിരിപ്പവൾ?
ഹ്രീയോ, ശ്രീയോ, ലക്ഷ്മിയോ, നീ കീർത്തിയോ, സുഭൂതിയോ, 16
അപ്സരസ്സോ, വരാരോഹേ, സ്വതന്ത്രരതി തന്നെയോ?
നൽത്തുമ്പോടൊത്തൊപ്പമായ് ശുഭ്രസ്നിഗ്ദ്ധങ്ങൾ തവ പല്ലുകൾ;
കണ്ണോ, മണി കറുത്തേറം ചുകന്നു വിപുലാമലം;
പീനം വിശാലം ജഘനം; തുമ്പിക്കൈക്കൊത്തിരാം തുട; 18

Digitized By Kerala Sahitya Akademi

ഇതാ, വട്ടൻ, വട്ടംചേർന്നിടതിങ്ങി, ത്തുളുമ്പിയും,
പീനോന്നതാഗ്രമായ്, സ്നിഗ്ധം, പനംതേങ്ങക്കൊത്തുള്ളതായ്,
നല്ല രത്നങ്ങളും ചാർത്തിപ്പുലർന്നു ശോഭിപ്പൂ നിൻകുചം.
ചാരുസ്മിതേ, ചാരുദതി, ചാരുനേത്രേ, വിലാസിനി, 20
ഹരിപ്പൂ, നദി നീർക്കൊണ്ടാൽക്കരെ പോലെ, മനം പ്രിയേ,
അര കയ്യിലൊതുങ്ങുന്നാം പീനസ്തനി സുകേശി നീ
ദേവി, കിന്നരി, ഗന്ധർവി, യക്ഷിയെന്നിവർതന്നെയും
ഞാനീ നിലയ്ക്കു മുൻകണ്ടിട്ടില്ല, മാനുഷിയേയുമേ! 22
ലോകോത്തരം നിനക്കാം പ്രായവും സൌകുമാര്യവും
ഇക്കൊടുംകാട്ടിലെപ്പാർപ്പുമുന്മാദമേകുന്നു മേ.
തിരിയേപ്പോക; ഭദ്രം തേ; നീയിങ്ങു നിവസിക്കൊലാ;
ഇതു, ഘോരം കാമരൂപരരക്കരമരുന്നിടം; 24
മേടപ്പുറങ്ങളും രമ്യങ്ങളും, നഗരോപവനങ്ങളും,
സുഗന്ധികളാം സൌധങ്ങളും വേണം തേ പെരുമാറുവാൻ.
നിന്നോടുചേരുന്ന നീലാക്ഷി, മാല്യവും ഗന്ധമാദിയും
മേന്മപ്പെട്ടുള്ള ഭർത്താവുമെന്നോർത്തു കാണ്മു ഞാൻ ശുഭേ! 26
ആരാണു, രുദ്രസ്ത്രീയോ നീ, മരുൽസ്ത്രീയോ വരാനനേ,
വസുസ്ത്രീയോ വരാരോഹേ? തോന്നുന്നു ദേവിയെന്നു മേ!
വരാറില്ലിങ്ങു ഗന്ധർവർ കിന്നരന്മാരമർത്ത്യരും;
അരക്കർതൻ പാർപ്പിടമിതു;-എന്തിവിടെ വന്നു നീ? 28
ഇങ്ങുണ്ട്, ഋക്ഷം, ചെറുനരി, സിംഹം, നരി, കരടിയും,
കഴു, വൻനരി, ചെന്നായും; നിനക്കു ഭയമില്ലയോ?
നീർചുരന്നൊക്കെ വാഴുന്ന ഘോരരായ ഗജങ്ങളെ
പേടിപ്പീല, പെരുംകാട്ടിൽത്തനിച്ചാം നീ വരാനെന്തിന്? 30
നീയാരാ, രുടെയാണെ, ങ്ങുനിന്നാണെ, ന്തിനു ശോഭനേ,
ചരിപ്പൂ തനിയേ രക്ഷോവൃതമാം ഘോരദണ്ഡകേ'';
എന്നു വൈദേഹിയെ ശ്ലാഘിച്ചാനാദുഷ്ടബുദ്ധി രാവണൻ,
    ആവിധം വിപ്രവേഷത്തിൽ വന്നണഞ്ഞ ദശാസ്യനെ 32
കണ്ടിട്ടതിഥിസൽക്കാരമെല്ലാം ചെയ്തിതു മൈഥിലി:
ഒന്നാമതാസനം ചാരെ വെച്ചു, പാദ്യം കൊടുത്തുടൻ.
ഉണ്ണിയെന്നായ്ച്ചൊന്നാളു, സ്സൌമ്യദർശനനോടവൾ.
    കുസുംഭവും പാത്രവുമന്തികത്തുള്ള–
    സ്വരൂപമാർന്നുള്ളവനെ കണ്ടു താപസിയാളു

Digitized By Kerala Sahitya Akademi

അപായമുക്താകമാരാജനാഥനെ
ക്ഷണിച്ചുകൊണ്ടാൾ മൈഥിലിയക്കണക്കിനെ:— 34
'ഇതാ, ദ്വിജേന്ദ്ര! ആസനമിങ്ങിരുന്നിടാം;—
മിതാ, ജലം, കാൽ കഴുകാനെടുത്തിടാം;
'ഇതാ, ഭവാനായിഹ ശേഖരിച്ചതാം
മികച്ച വന്യം, വഴിപോലെ ഭുജിച്ചിടാം.'
ഇതാ ക്ഷണിയ്ക്കപ്പെട്ടമാശരേശ്വരൻ,
തികച്ചു ചൊല്ലും നൃപപത്നി സീതയെ
നിരീക്ഷണം ചെയ്തവളെബ്ബലാൽ ഹരി-
ച്ചതിനുറച്ചു ഹൃദി, തൻവധത്തിനായ്. 36
മൃഗത്തിനായ്പ്പോയ മനോജ്ഞവേഷനാം
സലക്ഷ്മണൻ കാന്തനെയങ്ങു കാക്കുവാനവൾ
ഹരിൽപ്പരം കാടതു കണ്ടു, നോക്കിട—
ന്നൊളി;—ല്ലതാൻ ലക്ഷ്മണനൊത്ത രാമനെ

—*—

## നാല്പത്തേഴാം സർഗ്ഗം: സീതാരാവണസംവാദം.

— ഠ —

ഹരിപ്പാൻ മതിയം ഭിക്ഷുരൂപി രാവണനാവിധം
ചോദിച്ചനന്തരം വൈദേഹി ചൊന്നാൾ, തൻവാർത്ത സുന്ദരി;
'ഇവൻ വിപ്രാതിഥി; കഥിയ്ക്കായ്കിലെന്നെശ്ശപിച്ചിടും'
എന്നോർത്തനന്തരം ചിന്തിച്ചു ചൊല്ലിനാൾ സീതയിങ്ങിനെ:— 2
'മഹാത്മാവാം വിദേഹേശജനകന്റെ കുമാരി ഞാൻ
സീതയെന്നവൾ, ഭദ്രം തേ, രാമഭാര്യ മഹാമതേ.
ഈരാറുവർഷമിക്ഷ്വാകുപുരിയിങ്കൽ വസിച്ചു ഞാൻ
ഭുജിച്ചേൻ മർത്ത്യഭോഗങ്ങൾ സർവ്വകാമസമൃദ്ധിയിൽ 4
പതിമ്മൂന്നാമതാമാണ്ടിലതാ ചെയ്താൻ നൃപൻ പ്രഭു
രാമന്റെയഭിഷേകാർത്ഥം രാജമന്ത്രിസമേതനായ്.
ആ രാഘവാഭിഷേകത്തിന്നൊരുക്കങ്ങൾ നടക്കവേ,
എൻശ്വശ്രു കൈകേയി വരം ഭർത്താവിനോടിരക്കയായ്: 6
ധർമ്മത്താലെൻശ്വശുരനെക്കീഴനച്ചിട്ടു കൈകയി
എൻപതിയ്ക്കു കലെപ്പോക്കും ഭരതന്നഭിഷേകവും—
യാചിച്ചാൾ സത്യപരനാം ഭർത്താവായ നൃപന്നിൽ.
ഞാനിന്നുണ്ണില്ല, റങ്ങില്ല, ചെയ്യില്ല ജലപാനവും; 8

Digitized By Kerala Sahitya Akademi

ജനന്നൻമരണമായ്'; രാമനഭിഷേകം നടത്തുകിൽ!'
എന്നാലും കൈകേയിയോടാ ശ്വശുരൻ മമ മാനദൻ
യാചിച്ചു വേണ്ടുവോളത്താൽ;–ക്കേട്ടതില്ലവൾ യാചനം;
എൻഭർത്താവിരുപത്തഞ്ചാം വയസ്സായോൻ മഹാദ്യുതി; 10
അന്നെനിക്കു ഞാൻ ജനിച്ചിട്ടാ, വർഷങ്ങൾ പതിനെട്ടുമായ്.
രാമനെന്നുലകിൽ ഖ്യാതൻ, സുശീലൻ, സത്യവാൻ, ശുചി,
വിശാലാക്ഷൻ, മഹാബാഹു, സർവ്വഭൂതഹിതോദ്യതൻ,
എന്നാലച്ഛൻ ദശരഥൻ തേജസ്വി മദനാതുരൻ 12
രാമാഭിഷേകം ചെയ്തീലാ, കൈകേയീപ്രിയകാംക്ഷയാൽ.
അഭിഷേകത്തിനച്ഛന്റെയരികേ ചെന്നനേരമേ
എൻഭർത്താവാം രാമനോടിതോതീ കൈകേയി ധീരമായ്:–
'നിന്നച്ഛനങ്ങളിച്ചെയ്യുമതോതാം ഞാൻ, കേൾക്ക രാഘവ: 14
ഈയകണ്ടകമാം രാജ്യം ഭരതനു കൊടുക്കണം;
നീയോ, കാട്ടിൽ വസിക്കണമഞ്ചുമൊമ്പതുമാണ്ടുകൾ;
പ്രവ്രജിക്കുക കാകുൽസ്ഥ; മോചിപ്പിക്കതാ–ക്കച്ഛനിൽ.'
അക്കൈകേയിയോടാ,വാമെന്നോതിയുള്ളസാതെ രാമനും, 16
അവളച്ചൊന്നതേ ചെയ്താനെൻഭർത്താവു ദൃഢവ്രതൻ.
സത്യമേ ചൊല്ലൂ, ഭോഷ്കോതാ; നല്ലതേ ചെയ്യൂ, വാങ്ങീടാ;
ഇതാണന്തണ, രാമന്റെ മികവേറും ദൃഢവ്രതം.
വൈമാത്രേയൻ തദനുജൻ വീരൻ ലക്ഷ്മണനെന്നവൻ 18
രാമനു തുണ പോരിങ്കൽ ശത്രുഘാതി, നരർഷഭൻ;
ആ ലക്ഷ്മണാഖ്യനനുജൻ ധർമ്മചാരി ദൃഢവ്രതൻ
പ്രവ്രജിച്ചോരെന്നോടൊത്തു പിന്തുടർന്നിതു വില്ലുമായ്.
മുനിമട്ടിൽജ്ജടയുമായെന്നോടൊത്തനുജാന്വിതൻ 20
ദണ്ഡകക്കാട്ടിൽ വന്നെത്തി, ധർമ്മനിത്യൻ ജിതേന്ദ്രിയൻ,
കൈകേയിമൂലം നാടു വിട്ടു പോന്നോരു ഞങ്ങൾ മൂവരും
ബലത്താൽ ദുർഗ്ഗമം കാട്ടിൽ നടക്കുന്നു ദ്വിജോത്തമ.
അല്പനേരം ശ്രമം തീർക്ക,പാർക്കാമിവിടെയെങ്കിൽ നീ; 22
വേണ്ടോളം വന്യവും കൊണ്ടുവന്നെത്തും മമ വല്ലഭൻ.
ഭവാന്റെ ഗോത്രവും പേരും കുലവും ചൊല്ക സത്യമായ്;
ഒറ്റയ്ക്കു ദണ്ഡകക്കാട്ടിലെന്തേ വിപ്ര, നടപ്പതും?"
　　രാമന്റെ പത്നിയാം സീതയേവം ചൊല്ലേ, മഹാബലൻ 24

Digitized By Kerala Sahitya Akademi

തീവ്രമാമുത്തരം ചൊന്നാൻ, രാവണൻ രാക്ഷസാധിപൻ:—
"ആർ നടുങ്ങിച്ചുവോ ദേവാസുരമർത്ത്യജഗത്തിനെ
ഞാനാം രാവണനാകുന്നു സീതേ, രക്ഷോഗണേശ്വരൻ.
പൊൻവർണ്ണയായ് പട്ടുടുത്ത നിന്നെക്കണ്ടതുകൊണ്ടു ഞാൻ 26
രതി ചേരാതെയായ് സ്വന്തം ഭാര്യമാരിലനിന്ദിതേ!
അങ്ങിങ്ങു നിന്നാഹൃതമാരൊട്ടല്ല മാനിനികൾ മേ;
അവർക്കൊക്കെ, ഭദ്രം തേ, മേലാളാം റാണിയാക നീ!
സമുദ്രത്തിൻ നടുവിൽ മേ ലങ്കയെന്ന മഹാപുരി 28
കടലാൽച്ചൂഴപ്പെട്ടു നിന്നീടുന്നു മലമ്മേൽ;
എന്നോടൊത്തവിടെസ്സീതേ, വിഹരിക്കാം വനങ്ങളിൽ;
എന്നാലീ വനവാസത്തെയിനി, കാംക്ഷിക്കയില്ല നീ.
അയ്യായിരം പേർ, പണ്ടങ്ങളെല്ലാം ചാർത്തിയ ദാസിമാർ 30
സീതേ, പരിചരിച്ചീടും, നീയെൻഗൃഹിണിയാവുകിൽ!"

ഇവ്വിധം രാവണൻ ചൊന്നപ്പോഴോ, ചാർവംഗി ജാനകി
ചൊടിച്ചാ രാത്രിചരനെഗ്ഗണിക്കാതോതിയുത്തരം:—
"മഹാദ്രിപോലപ്രകമ്പ്യൻ, മണാളൻ, മഘവോപമൻ, 32
മഹാബ്ധിപോലെയക്ഷോഭ്യൻ—രാമന്നടിമയാണു ഞാൻ!
സർവ്വലക്ഷണസമ്പന്നൻ, ന്യഗ്രോധപരിമണ്ഡലൻ,
സത്യസന്ധൻ, മഹാഭാഗൻ—രാമന്നടിമയാണു ഞാൻ!
മഹാഭുജൻ, മഹോരസ്കൻ, നടയിൽസ്സിംഹവിക്രമൻ, 34
നൃസിംഹൻ, സിംഹസദൃശൻ—രാമന്നടിമയാണു ഞാൻ!
രാകേന്ദുവദനൻ, രാമൻ, രാജപുത്രൻ, ജിതേന്ദ്രിയൻ,
മഹാകീർത്തി, മഹാത്മാവു—രാമന്നടിമയാണു ഞാൻ.
നീയോ, കുറുക്കൻ, കാമിപ്പൂ ഞാനാം ദുർല്ലഭസിംഹിയെ; 36
തൊടാവുന്നവളല്ലർക്കപ്രഭ പോലെ നിനക്കു ഞാൻ!
പെരുമരം വളരെക്കാണുന്നുണ്ടാവു,മിടിവേററ നീ:
കാമിപ്പുവല്ലോ, കാകുത്സ്ഥപ്രിയഭാര്യയെ രാവണ!
പൈ പൂണ്ട മൃഗജിത്താം ചെല്ലേറും കേസരിതന്റെയും 38
പാമ്പിന്റെയും വായിൽനിന്നു പൽ പറിപ്പാൻ നിനപ്പു നീ;
വൻമന്ദരാദ്രി കൈകൊണ്ടു കൊണ്ടുചാടാൻ നിനപ്പു നീ:
കാളക്കൂടം കുടിച്ചത്തലൊന്നു പോകാൻ നിനപ്പു നീ:
കൺ സൂചിയാൽത്തുടയ്ക്കുന്നു, നാക്കാൽ നക്കുന്നു കത്തിയെ; 40

Digitized By Kerala Sahitya Akademi

നേടാനിച്ഛിപ്പുവല്ലോ നീ രാഘവപ്രിയഭാര്യയെ!
കഴുത്തിലെന്തു കൽ കെട്ടിക്കടൽ നീന്താൻ നിനപ്പു നീ;
ചന്ദ്രാർക്കരെക്കയ്യിണയാൽപ്പിടിപ്പാനും നിനപ്പു നീ;
തീണ്ടാനിച്ഛിപ്പുവല്ലോ നീ രാമൻതൻ പ്രിയഭാര്യയെ! 42

കത്തും തീ കണ്ടു വസ്ത്രത്തിൽക്കൊണ്ടുപോകാൻ നിനപ്പു നീ;
കക്കാനിച്ഛിപ്പുവല്ലോ നീ സാധ്വിയാം രാമഭാര്യയെ!
ഇരിമ്പുമുനശൂലത്തിന്മേൽ നടപ്പാൻ നിനപ്പു നീ;
നേടാനിച്ഛിപ്പുവല്ലോ നീ രാമൻതൻ ചേർന്ന ഭാര്യയെ! 44

മൃഗേന്ദ്രനും ഫേരുവുമെന്ന ഭേദവും,
സമുദ്രനീർത്തോടുകളെന്ന ഭേദവും,
സുമദ്യവും കാടിയുമെന്ന ഭേദവും
കിടപ്പു, കാകുത്സ്ഥനുമിബ്ഭവാനുമായ്!
തനിച്ച പൊന്നീയവുമെന്ന ഭേദവും,
പടീരനീർ പങ്കവുമെന്ന ഭേദവും,
മദാനയും പൂച്ചയുമെന്ന ഭേദവും,
കിടപ്പു, രാജാത്മജനും ഭവാനുമായ്! 46

സുപർണ്ണനും കാകനുമെന്ന ഭേദവും,
മയൂരനീർക്കാക്കകളെന്ന ഭേദവും
മരാളവും ഗൃധ്രവുമെന്ന ഭേദവും
കിടപ്പു, രാജാത്മജനും ഭവാനുമായ്!
ആ രാമനിന്ദ്രപ്രതിമപ്രഭാവൻ
വില്ലമ്പുകൈക്കൊണ്ടുവന്നിങ്ങിരിക്കെ;
ഹരിച്ചിലും ഞാൻ ദഹിയാ നിനക്കു,
ഈച്ചനെ കടന്നിച്ച ഭുജിച്ചപോലെ!" 48

ഇയന്നമാ രാക്ഷസനോടു തെല്ലും
ഭീസംഭ്രമച്ചാക്കറയറ്റ തന്വി
വളർന്ന പൂമൈവിറയാൽ വിലങ്ങി,
കാറ്റേറ്റുലഞ്ഞീടിന വാഴ പോലായ്.
അസ്സീതതൻ മൈവിറ പാർത്തുകണ്ടി-
ട്ടു, രാവണൻ മൃത്യുസമപ്രഭാവൻ
കുലം, ബലം, പേർ, തനതാം മിടുക്കും
ശരിക്കുരച്ചാൻ, ഭയമേറ്റുവാനായ്. 50



— * —

Digitized By Kerala Sahitya Akademi

## നാല്പത്തെട്ടാം സർഗ്ഗം: രാവണപ്രഖ്യാപനം

— ഠ —

സീതയേവം പറയവേ, ക്രോധാൽപ്പരുഷമിംവിധം,
നെററിമേൽ ഭ്രുകുടി തൊട്ടുത്തരം ചൊല്ലി രാവണൻ:-
"ഞാൻ കുബേരന്റെ സാപത്നസോദരൻ, വരവർണ്ണിനി,
രാവണാഖ്യൻ, ശുഭം തേസ്തു: ദശഗ്രീവൻ, പ്രതാപവാൻ. 2
എന്നെപ്പേടിച്ചു പായുന്നു ദേവഗന്ധർവപക്ഷികൾ
പിശാചോരഗരും നിത്യം, യമനെജ്ജീവർ പോലവേ.
ഞാൻ സംഗതിവശാൽ വൈമാത്രേയവിത്തേശദേവനെ
പോരിൽ നേരിട്ടു തോല്പിച്ചേൻ ചൊടിച്ചു പൊരുതിബ്ബലാൽ; 4
എന്നെപ്പേടിച്ചു, സമ്പന്നമായ തൻപുരി വിട്ടു പോയ്
കൈലാസമാം മാമലയിൽപ്പാർക്കയാം നരവാഹനൻ
അസ്സുവിമാനമെന്റേതായ് കാമഗം പുഷ്പകാഹ്വയം
വീര്യാൽത്താനാർജ്ജിതം ഭദ്രേ; പോകാറുണ്ടതിൽ ഞാൻ ദിവി! 6
ക്രുദ്ധനാമെന്നുടെ മുഖം കണ്ടാൽത്തന്നെ വിദേഹജേ,
പേടിച്ചോടുമങ്ങിപ്പോൾ വാസവാദികളാം വാനവർ!
ഞാനിരിക്കുന്നിടത്തെല്ലാം ശങ്കിച്ചേ കാററടിച്ചിടൂ;
ഭയത്താൽശ്ശീതകരനായ്ത്തീരും തീവ്രാംശു സൂര്യനും! 8
മരത്തിൻ പത്രമിളകാ, പുഴവെള്ളമനങ്ങിടാ,
ഇരുന്നീടുമിടത്തും ഞാൻ നടന്നീടുമിടത്തുമേ!
കടലിന്നപ്പുറത്തെന്റെ ലങ്കയെന്നുള്ള നൽപ്പുരി,
ഘോരാശരാഢ്യ, ശക്രന്റെയമരാവതി പോലവേ: 10
രമ്യയപ്പുരി ശോഭിപ്പൂ തെളിവെണ്മതിൽ ചുററിയും,
പൊന്മതിൽക്കെട്ടു വൈഡൂര്യതോരണങ്ങളിണങ്ങിയും,
തേരാനയശ്വവും തിങ്ങി, തൂര്യവാദം മുഴങ്ങിയും,
എന്നും കായ്ക്കുന്ന വൃക്ഷങ്ങൾ ചേർന്ന തോപ്പുകളൊത്തുമേ. 12
എന്നോടൊത്തവിടെപ്പാർത്താൽസ്സീതേ, രാജകുമാരി, നീ
ഓർമ്മിക്കാതാകുമന്നസ്സുഗാത്രി, മനുഷ്യമടവാർകളെ!
ദിവ്യമാനുഷഭോഗങ്ങൾ ഭുജിച്ചു വരവർണ്ണിനി,
നീയോർമ്മിക്കാതെയാമല്പായുസ്സാം മാനുഷാധമനെ! 14
രാജ്യമാരോമലുണ്ണിക്കു നല്കി ദശരഥൻ നൃപൻ
പുറത്താട്ടിയയച്ചുവല്ലോ, കെല്പില്ലാത്തീ മൂത്തപുത്രനെ;

Digitized By Kerala Sahitya Akademi

അമ്മട്ടു രാജ്യഭ്രംശം പെട്ടുള്ളിടിഞ്ഞ തപസ്വിയായ്
പാവമാം രാമനാലെന്തു കാട്ടും പ്രിയായതേക്ഷണേ! 16

സർവ്വാശാരശനായ്, ക്രമാൽത്താൻ ദാനിലെത്തി പ്രയാനമായ്,
മാരബാണങ്ങളേറ്റോരു ദാഹമെന്നെ നീ നിരസിക്കൊല്ലാ!
നീയെന്നെ നിരസിച്ചെന്നാൽ പിൻ ഭീരു, പശ്ചാത്തപിച്ചുപോം,
പുരൂരവസ്സിനെക്കാലാൽത്തട്ടിയുർവ്വശി പോലവേ! 18

പോരിലെൻവിരലിന്നൊക്കില്ലാ രാമനൊരു മനുഷ്യൻ;
നിൻഭാഗ്യാൽ വന്നണഞ്ഞോനിൽപ്പന്റിലും വരവേൽക്കിനി!"
ഇതു കേട്ടരിശം കൊണ്ടു മിഴി ചെമന്ന മൈഥിലി
അരക്കർകോനോടേകാന്തേ പരുഷച്ചൊല്ലു ചൊല്ലിനാൾ:— 20

"ഭൂതങ്ങളെല്ലാം കുമ്പിട്ട ദേവനാകും കുബേരനെ
ഭ്രാതാവെന്നോതിയിട്ടെന്തേ തിന്മ ചെയ്യാൻ തുനിപ്പു നീ?
തീരുമന്നരക്കന്മാർ തീരെയൊട്ടുക്ക രാവണ!
ക്രൂരൻ ദുർബ്ബുദ്ധി നീയല്ലോ, രാജാവജിതേന്ദ്രിയൻ! 22

ശക്രന്റെ ഭാര്യ ശചിയെക്കട്ടു ജീവിച്ചിരുന്നിടാം;
രാമന്റെ ഭാര്യയാമെന്നെക്കട്ടാലോ, തീർന്നു ജീവിതം;

ജീവിച്ചുവെന്നാം ചിര,മിന്ദ്രഹസ്താ-
ലതുല്യഭാസ്സാം ശചിയെക്കവർന്നോൻ;
എന്നിട്ടിലുള്ളോളെയരക്ക, തൊട്ടാൽ-
ച്ചാകാതെ പോകില്ല,മൃതുണ്ടെങ്കിലും നീ!" 24

— ം —

## നാല്പത്തൊമ്പതാം സർഗ്ഗം: സീതാവിലാപം

സീതതൻ വചനം കേട്ടു, ദശഗ്രീവൻ പ്രതാപവാൻ
കൈകൊണ്ടു കൈ തിരുമ്മി, തൻമെയ്യുറ്റം വലുതാക്കിനാൻ
വൈദേഹിയോടവൻ വീണ്ടും ചൊന്നാനതിലുമേറെയായ്:—
'ഭ്രാന്തത്തിയാം നീ കേട്ടിട്ടില്ലെന്നാ,മെൻ വീര്യവിക്രമം: 2

എടുത്തുപൊക്കാം, വാനിൽപ്പായ്‌നിന്നു ഞാനൂഴി കൈകളാൽ;
കുടിച്ചുതീർക്കാം കടലും; കൊല്ലാം പോരിട്ടു മൃത്യുവെ;
പിളർത്താം പാതലം; നീർത്താം ക്ഷുരമ്പാൽക്കതിരോനെ ഞാൻ.
കാമഗൻ, പതി, കാമാത്മാവെന്നെ ഭ്രാന്തത്തി, കാങ്ക്ക നീ!' 4

Digitized By Kerala Sahitya Akademi

എന്നേവം ചൊല്ലീടുമവന്ന,ഗ്നിസ്പൃഷ്ടപ്രഭങ്ങളായ്,
ചുവന്നു മഞ്ഞച്ചു കോപത്താൽച്ചെന്നിറം പൂണ്ടു കണ്ണുകൾ.
പെട്ടെന്നാസ്സൗമ്യമാം ഭിക്ഷുരൂപം കൈവിട്ടു രാവണൻ,
തൻഗാത്രം മൃത്യുഗാത്രാഭം ധരിച്ചാൻ ധനദാനുജൻ: 6
ഉടനെ കണ്ണുമായ് ശ്രീമാൻ തങ്കപ്പൊന്നണിപ്പൂണിഞ്ഞവൻ
പെരുതായരിശം കൊണ്ടു കരിംകാറിനു തുല്യനായ്
ഒന്നാമതൈക പരുഷരൂപം പൂണ്ടു നിന്നാൻ നിശാചരൻ.
അമ്പാർഭിക്ഷുവേഷം കൈവിട്ടു വലുപ്പം വെച്ച മെയ്യുമായ് 8

സ്വന്തം രൂപമെടുത്തിട്ടാ രാവണൻ രാക്ഷസാധിപൻ
ക്രോധത്താൽക്കൺചുകപ്പാർന്നു ഇടുവസ്ത്രമുടുത്തവൻ
മേഘപ്രഭൻ പെൺമണിയാം സീതയെപ്പാർത്തു നില്ക്കയായ്.
കുന്തൽത്തല കറുത്താളായ് സൂര്യൻതൻപ്രഭ പോലെയായ് 10
വസ്ത്രാലങ്കാരവതിയാം സീതയോടോതി രാവണൻ:-
"മൂന്നുപാരിലും വിഖ്യാതപ്പെട്ടോൻ ഭർത്താവാകേണമെങ്കിലോ,
സുശ്രോണി, ചെന്നൊരാശ്രയിക്കുകൽ; ഞാൻ നിനക്കൊത്ത വല്ലഭൻ!
ചേർന്നു വാഴ്കങ്ങൾ നീ നിന്നാൾ: ശ്ലാഘ്യകാന്തൻ നിനക്ക ഞാൻ; 12

നിനക്കനിഷ്ടമൊന്നും ഭദ്രേ, ചെയ്യുകയില്ല ഞാൻ.
ത്യജിക്കൂ മർത്ത്യനിൽ സ്നേഹം; സ്നേഹമെന്റെ പേരിൽ ചെയ്ക നീ:
രാജ്യം പോയ് പാഴിലായ്ത്തീർന്നോരല്പായുസ്സായ രാമനിൽ
രാഗമെന്തുഗുണം കണ്ടാണ, ജ്ഞേ, പണ്ഡിതമാനിനി? 14
പെൺചൊല്ലുമൂലം, ബന്ധുക്കളെയൊത്ത നാടു വെടിഞ്ഞവൻ
വ്യാളങ്ങളേറെ വാഴും കാട്ടിലല്ലോ മേവുന്നു, ദുർമ്മതി!
എന്നിത്ഥം ചൊല്ലി, മിഷ്ടാഹ വൈദേഹിയോടുരച്ചുടൻ
മത്തനായത്തിരിഞ്ഞ്ഞി കാമാന്ധൻ രാവണാശരൻ, 16

ബുധൻ രോഹിണിയെപ്പോലെ സതിയെപ്പിടികൂടിനാൻ:
ഇടംകയ്യാൽസ്സരോജാക്ഷി സീതയെക്കുന്തലിങ്കലും,
വലംകയ്യാലിരുതുടകളുമായ്പ്പിടികൂടിനാൻ.
വൻകയ്യോടൊത്ത കൂർത്തദന്താനനാമാക്കൊന്നായ യമാഭനെ 18

കണ്ടു പേടിച്ചുപണ്ടോടി വനദേവതമാരുടൻ.
കാണായ്, മായാമയം ദിവ്യം ഖരയുക്തം ഖരസ്വനം
ദശാനനന്റെ പൊൻചക്രം ചേരും പെരിയ തേരതും.
ഉറക്കെപ്പരുഷം ചൊല്ലിപ്പേടിപ്പിച്ചുകൊണ്ടു പിന്നവൻ 20

Digitized By Kerala Sahitya Akademi

ഉക്കത്തെടുത്തു വൈദേഹിയാളുമൊത്തതിൽ കേറിനാൻ.
അവൻ പിടിക്കയാൽ സ്സീത വിളിച്ചാർത്താൾ പുകഴ്ന്നവനം,
'രാമാ!' എന്നാർത്തയായ്, കാട്ടിലകലെപ്പോയ രാമനെ.
അകാമയവളം സർപ്പപ്പിടപോലുഴലുംവിധം, 22
എടുത്തു പൊങ്ങിക്കൊണ്ടാനക്കാമമാൽ പൂണ്ട രാവണൻ.
വാനിലൂടെ നിശാടേന്ദ്രൻ കൊണ്ടുപോമവളുന്മത്തയായ്
ആർത്തകണ്ഠം ഉലഞ്ഞും, ഭ്രാന്തു മുത്തും പെട്ടവൾ പോലവേ:–
“ഹാ, ലക്ഷ്മണ, മഹാബാഹോ, ഗുരുചിത്തപ്രസാദക, 24
കാണ്മീല, രാക്ഷസൻ ചോരൻ കൊണ്ടുപോയിടുമെന്നെ നീ!
ജീവനും സുഖവും സമ്പത്തും ധർമ്മത്തിന്നായ് വെടിഞ്ഞ നീ,
അധർമ്മത്താൽ കൊണ്ടുപോമെന്നെക്കാണ്മീലെന്നോ രഘൂദ്വഹ!
ദുഷ്ടന്മാരെയടക്കുന്നോനാണല്ലോ നീ പരന്തപ; 26
ശാസിച്ചീടാത്തതെന്തി,ത്ര പാപിയാം ദശാസ്യനെ?
പെട്ടെന്നു കാണായിവരാ ദുഷ്ടൻ്റെ തൊഴിലിൻ ഫലം;
ചേരണം കാലവൃദ്ധിയിൽ,സ്സസ്യപാകത്തിനാംവിധം.
കാലത്താൽബ്ബുദ്ധി കെട്ടിട്ടീക്കർമ്മം ചെയ്തുകാരണം 28
ഉയിർ പോക്കുന്ന ഘോരാപത്തേല്ക്കും രാമങ്കൽനിന്നു നീ!
അയ്യോ, കൃതാർത്ഥയാകിപ്പോൾക്കൂറ്റുകാരൊത്തു കൈകയി,
ധൃതധർമ്മചാരിവിൻ ധർമ്മപത്നി ഞാൻ ഹൃതയാകയാൽ!
വിളിക്കുന്നേൻ, ജനസ്ഥാനേ പൂത്ത കൊന്നമരങ്ങളെ; 30
രാമനോടങ്ങു ചൊൽവിൻ: “കട്ടു സീതയെ രാവണൻ!’
വന്ദിപ്പൻ ശൃംഗവാനായ് പൂവേന്തും പ്രസ്രവണാദ്രിയെ;
രാമനോടങ്ങു ചൊല്ലു:–‘കട്ടു സീതയെ രാവണൻ!’
നമിപ്പൻ, ഹംസനീർക്കോഴി തിങ്ങും ഗോദാവരിയെ ഞാൻ; 32
രാമനോടങ്ങു ചൊല്ലു: ‘കട്ടു സീതയെ രാവണൻ!’
ഈ നാനാവൃക്ഷമാം കാട്ടിലുള്ള ദേവതമാരെയും
ഞാൻ വണങ്ങുന്നു: ഭർത്താവോടോതുകെന്നെക്കവർന്നതായ്.
എന്തെല്ലാമിങ്ങു പാർപ്പുണ്ട്,ജന്തുക്കളെയുമൊക്കെയും 34
ശരണംപുക്കിടുന്നേൻ ഞാൻ മൃഗപക്ഷിഗണത്തെയും:
കാന്തനു ജീവാധികയാം പ്രിയയെ കട്ടിടുന്നതായ്
ചൊല്ലുവിൻ, ‘രാവണൻ കട്ടു സാധുസീതയെ’യെന്നവൻ!
അറിഞ്ഞാലും, മഹാബാഹു ബലവാൻ വിണ്ണിലാകിലും, 36

Digitized By Kerala Sahitya Akademi

പെറുന്നതെന്നെക്കൊണ്ടുപോയ, ന്തൻ കൊണ്ടുപോകിലും!”
അഴലേന്തിക്കരയുന്നമട്ടിൽ വിലപിച്ചീടുമായവൾ
ഗൃദ്ധ്രത്തെ മാമരത്തിന്മേൽ കണ്ടു, കണ്ണുനീർ വീണവൾ
അവനെക്കണ്ടു സുശ്രോണി, രാവണന്നടിപെട്ടവൾ 38
മുറയിട്ടാൾ ഭയാക്രാന്ത, മാലാൽ വാക്കിടറും വിധം:—
“കാണുകാര്യജടായുസ്സേ, പാവം അനാഥപോലെ ഞാൻ
കൊണ്ടുപോകപ്പെടുവതിപ്പാപിയാം രാക്ഷസേന്ദ്രനാൽ!
നിൽക്കാവുന്നവനല്ലങ്ങു ക്രൂരനീ നിശാചരൻ, 40
ബലിഷ്ഠൻ, വിജയം കൊള്ളുവോൻ, ദുരാത്മാവായുധാന്വിതൻ!
അതുകൊണ്ടു ജടായുസ്സേ, രാമനോടു യഥാർത്ഥമായ്
ചൊല്ലുകെന്നെക്കട്ടതിവ, നെല്ലാം ലക്ഷ്മണനോടുമേ.”

— ❋ —

## ഐമ്പതാം സർഗ്ഗം: ജടായുവാക്യം

— ❋ —

ജടായു കൺമയക്കത്തിലപ്പൊഴുമ്പം കേട്ടതാരവം
നോക്കവേ, രാവണനെയും കണ്ടു വൈദേഹിയെയും.
ഉടനേ, ഗിരിശൃംഗാഭൻ കൊക്കു കൂർത്ത ഖഗോത്തമൻ
ശ്രീമാൻ വിടപിമേൽനിന്നു ശുഭമാം മൊഴി ചൊല്ലിനാൻ:-
“ദശാസ്യ, നിത്യധർമ്മത്തിൽ നില്പോൻ, സത്യസംശ്രയൻ,
ജടായുരാഖ്യനാം ഗൃദ്ധ്രപ്രവരൻ ഞാൻ, മഹാബലൻ.
ലോകത്തിനെല്ലാം രാജാവു, മഹേന്ദ്രവരുണോപമൻ,
ലോകങ്ങൾക്കു ഹിതം ചെയ്വോൻ, രാമൻ ദശരഥാത്മജൻ; 4
ആ ലോകനാഥന്റെ ധർമ്മപത്നി, പുകഴ്ന്നവൾ
സീതയെന്ന വരാരോഹ, കക്കാൻ നീയിങ്ങു നോക്കുവോ.
ധർമ്മസ്ഥൻ ഭൂപനാവുന്നോൻ തൊടുമന്യന്റെ ഭാര്യയെ?
രാജപത്നി വിശേഷിച്ചും രക്ഷ്യയല്ലോ മഹാബല 6
പരസ്ത്രീയെത്തൊടാനുള്ള കെട്ടമാനം ത്യജിക്ക നീ:
പരൻ നിന്ദിച്ചീടും കാര്യം ചെയ്യൊല്ലാ ബുദ്ധിയുള്ളവൻ;
അന്യഭാര്യയെയും സ്വന്തംപോലെ രക്ഷിക്കണം ബുധൻ.
ശാസ്ത്രങ്ങളിൽ വിധിക്കാത്തുള്ളർത്ഥകാമങ്ങളും ധർമ്മവും 8
നല്ല രാജാക്കളിച്ഛിക്കാറില്ല പൗലസ്ത്യനന്ദന.
ധർമ്മവും കാമവും രാജാവർത്ഥവും മുഖ്യമാസവും:

Digitized By Kerala Sahitya Akademi

രാജാവിനാൽ നടക്കേണ്ടു, ധർമ്മവും നന്മതിന്മയും.
പാപാത്മാവും ചപലനുമായ നീ രാക്ഷസേശ്വര, 10
എങ്ങനെ നേടിയൈശ്വര്യം, വിമാനം പാപി പോലവേ?
ആവുന്നതല്ലോ, തന്നെന്റെ ശീലം മായ് മുഴുപ്പഞ്ഞിടാൻ;
ഹിതോപദേശം ദുഷ്ടന്റെ മനസ്സിൽപ്പതിയാ ചിരം
നാട്ടിലോ, വീട്ടിലോ, താൻ നിന്നുള്ളജ്ഞപ്രസ്സി ധാർമ്മികൻ 12
പിഴ ചെയ്യുന്നതില്ലേ;—ഇട്ടു വന്നു പിഴ ചെയ്യുന്നു?
മുന്നം ശൂർപ്പണഖാമൂലം, രാമനക്ലിഷ്ടചേഷ്ടിതൻ
ജനസ്ഥാനേ തരംകെട്ട ഖരനെക്കൊന്നുവെങ്കിലോ,
യഥാർത്ഥമായ്ച്ചൊല്ലു കേവലൻ രാമനെന്നുണ്ടു തെറ്റിതിൽ? 14
കൊണ്ടുപോവുകയല്ലോ നീ ലോകേശന്റെ ഭാര്യയെ?
വിട്ടുകിസ്സീതയെ ക്ഷിപ്രം: തീയ്യാം ചെടിയ കണ്ണിനാൽ
നിന്നെച്ചുടൊല്ല, ശക്രന്റെ വജ്രം വൃത്രനെയാംവിധം!
വിഷപ്പാമ്പിനെ വസ്ത്രത്തിൽക്കെട്ടിയിട്ടറിവില നീ; 16
കഴുത്തിൽ വീണ കാലന്റെ കയറും കാണ്മതില്ല നീ!
ക്ഷീണിപ്പിയ്ക്കാത്ത ചുമടു വേണം സൌമ്യ, ചുമക്കുവാൻ;
രോഗം വരുത്താതെ ദഹിയ്ക്കുന്ന ചോറുവേണമുണ്ണുവാൻ.
എന്തു ചെയ്താൽ വരാ ധർമ്മം യശസ്സും ഭുവി കീർത്തിയും, 18
ദേഹം വാട്ടുകയുംചെയ്യു,മേവനത്തൊഴിൽ ചെയ്തിടും?
വയസ്സെനിയ്ക്കറുപതിനായിരം ചെന്നു രാവണ,
അച്ഛൻമുത്തച്ഛൻതൻനാടു വെടിയാതെ രക്ഷിച്ചുകൊണ്ടു ഞാൻ;
ഞാൻ വൃദ്ധൻ; നീ യുവാ, വമ്പിൽത്തേർചട്ടകളുള്ളവൻ: 20
എന്നാലും സീതയെക്കൊണ്ടു സുഖമായ്പ്പോകയില്ല നീ!
ആളാകില്ല ഹരിപ്പാൻ നീ, ഞാൻ കാൺകെസ്സീതയെ ബ്ബലാൽ,
തർക്കയുക്തികളാൽ നിത്യവേദശ്രുതിയെയാംവിധം!
പോർ ചെയ്ക ശൂരനാണെങ്കിൽ; നില്ക്ക തെല്ലിട രാവണ; 22
ചത്തു മണ്ണിൽക്കിടപ്പാകും നീ, മുന്നു ഖരനാംവിധം!
ദൈത്യദാനവരെപ്പോരിലാർ പെരുത്തു കൊന്നവോ,
നിന്നെയാൽ ചുറമാനാമൻ വൈകാതെ യുധി കൊന്നിടും!
ഞാനെന്തു ചെയ്യാനാളാവും? ദൂരെപ്പോയി നൃപാത്മജർ; 24
നീയ, ചിക്കന്നൊളിച്ചു നീ ചപലൻ പേടിയാൽ ദ്രുതം;
ഞാനിരിയ്ക്കുംവിധേ, കൊണ്ടുപോകാ നിശ്ശീസ്സുശീലയെ,

Digitized By Kerala Sahitya Akademi

രാമന്റെയോമനപത്നി താമരക്കണ്ണി സീതയെ
തീർച്ചയായുയിർ കൈവിട്ടും പ്രിയം ചെയ്യുന്നതാണ ഞാൻ, 26
ആ മഹാത്മായ രാമന്നുമേവം ദശരഥന്നുമേ!
നില്ല, നില്ല ദശഗ്രീവ; കാണ്ക തെല്ലിട രാവണ;
പോർചെയ്യുന്നുണ്ടു യഥാശക്തി നിശാട, ഞാൻ.
നിന്നെ വീഴ്ത്തും, ഞെട്ടിൽനിന്നു കായ് പോലെ, തേരിൽനിന്നു ഞാൻ!"

—*—

## ഐമ്പത്തൊന്നാം സർഗ്ഗം: ജടായുപാതനം

—o—

എന്നായ്ജ്ജടായു ന്യായത്തിൽച്ചൊന്നനേരം രാവണനുടൻ
ക്രോധത്തിൽക്കണ്ണിണയും ചെത്തി പോലായിതാകവേ.
കോപത്താൽ കൺചുകപ്പാർന്നു തപ്തകുണ്ഡലമിട്ടവൻ,
പൊറാഞ്ഞു പക്ഷിശ്രേഷ്ഠനെപ്പാഞ്ഞെത്തിനാനരക്കർകോൻ. 2

പോർ നടന്നൂ മുഴുത്താ വങ്കാട്ടിലവർതങ്ങളിൽ,
വാനിൽക്കാറ്റു പറപ്പിച്ച രണ്ടു കാർതങ്ങളിലാംവിധം.
അത്യത്ഭുതമാം വണ്ണം പൊരുതീ ഗൃധ്രരാക്ഷസർ,
ചിറകൊക്കുന്നിതമഹാ മാല്യവന്മല പോലവേ. 4

മുട്ടമ്പിരിമ്പമ്പു തല കൂർത്തതാം തോട്ടിയമ്പിവ
വർഷിച്ചാനതിഘോരങ്ങളാം, ഗൃധ്രേന്ദ്രങ്കൽ മഹാബലൻ.
രാവണൻ മേല്ക്കുമേലെയ്ത ബാണങ്ങളവ സംഗരേ
ഏറ്റുകൊണ്ടാൻ, ജടായുസ്സാം ഗൃധ്രൻ പത്രരഥേശ്വരൻ. 6

അവന്റെ മെയ്യിന്മേ,ക്കൂർത്ത നഖമാകുന്ന കാല്കളാൽ
മുറിപ്പെടുത്തി പലപാടും, ഖഗസത്തമൻ ഖഗോത്തമൻ.
ചൊടിച്ചഥ ദശഗ്രീവനെടുത്താൻ പത്തു സായകം,
യമദണ്ഡോപമം, ഘോര,മെതിരാളെയരയ്ക്കുവാൻ; 8

ആടത്തച്ചുകൂർപ്പിച്ച ശിലീമുഖഘോരശരങ്ങളെ
നേരെ വലിച്ചെയ്തു പിളർത്തുന്നിഗ്ഗൃധ്രനെ വീഴ്ത്തുവാൻ
അവനോ, രാക്ഷസരഥത്തിൽക്കണ്ണീരാലുന്ന സീതയെ
കണ്ട,ശ്ശരങ്ങളെള്ളോളം,തത്തണത്താനരക്കനെ; 20

എന്നിട്ടവന്റെ മുമ്പൊത്ത തനി മുത്തണിവില്ലിനെ
കാല്കളാൽക്കൊണ്ടൊടിച്ചിട്ടു തേജസ്സേറും ഖഗേശ്വരൻ

Digitized By Kerala Sahitya Akademi

ഉടൻ മറെറാരു വില്ലേന്തിയരിശംമൂത്ത രാവണൻ
നൂറുമായിരവും ചിതം ചൊരിഞ്ഞാൻ വിശിഖങ്ങളെ. 12
അവൻെറ ബാണമെമ്പാടും ചുഴന്ന പതഗേശ്വരൻ,
കൂട്ടിലുറപ്പുള്ളൊരു ഖഗം പോലെ പോരിൽ വിളങ്ങിനാൻ.
പക്ഷങ്ങളാലബ്ബാണൌഘം പറപ്പിച്ചുകളഞ്ഞവൻ
കാലുകളെക്കൊണ്ടു വലുതാം വില്ലൊടിച്ചാൻ മഹാദ്യുതി; 14
രാവണൻെറയെരിഞ്ഞുള്ളം തീയ്യു പോലുള്ള ചട്ടയും
വീഴ്ത്തിനാൻ ചിറകിൻകാററാൽ, വീര്യവാനാം ഖഗേശ്വരൻ;
അവൻെറ പൊഞ്ചട്ടയണിച്ച പിശാചാസ്യഖരങ്ങളും
ഹതരായ് ബലിയാൽപ്പോരിൽ ത്രിവൃത്തുളതിവേഗികൾ; 16
അവൻ നല്ല നകത്രയങ്ങോടുടച്ചാനനലോജ്ജ്വലം,
കല്ലും പൊന്നുമണിഞ്ഞുള്ള വൻതേർ കാമഗമുത്തമം;
മുഴുതിങ്കൾക്കുശരിയാം കുടയും, ചാമരങ്ങളും,
പിടിയ്ക്കും രാക്ഷസന്മാരോടൊന്നിച്ചു ക്ഷണാലെ വീഴ്ത്തിനാൻ; 18
ഉഴക്കിട്ടു വീണ്ടുമേ, ശ്രീമാൻ പക്ഷിരാജൻ മഹാബലൻ
അവൻെറ സൂതൻെറ പെരുംതലയും കൊയ്തു കൊക്കിനാൽ,
വില്ലററു, തേരററു, ശ്വാക്കൾ ചത്തു, സാരഥി ചത്തവൻ,
മന്നിൽ വീണു, മൈഥിലിയെയൊക്കത്തായ് വെച്ചു രാവണൻ. 20
രാവണൻ തേരുടഞ്ഞിട്ടു ഭുവിൽ വീണതു കാൺകയാൽ,
നന്നു നന്നെന്നു കൊണ്ടാടി ഭൂതങ്ങൾ വിഹഗേശനെ.
എന്നാലപ്പക്ഷിവര്യൻെറ വാർദ്ധക്യക്ലാന്തി കാൺകയാൽ
ഹർഷിച്ചു പൊങ്ങിനാൻ വീണ്ടും സീതയെക്കൊണ്ടു രാവണൻ. 22
ഹർഷിച്ചവൻ ജാനകിയെയൊക്കത്തേന്തി ഗമിയ്ക്കവേ,
തേജസ്വി മേല്പോട്ടു പറന്നേററണഞ്ഞദ്ദശാസ്യനെ
തടുത്തു ഗൃധ്രപ്പെരുമാറാം ജടായുസ്സുരിയാടിനാൻ:—
"വജ്രോഗ്രബാണനാം രാമൻതൻെറ ഭാര്യയെ രാവണ, 24
നീയല്ലബുദ്ധേ, കക്കുന്നതരക്ഷക്കെടുതിയ്ക്കുതാൻ!
ബന്ധുമന്ത്രിസുഹൃത്സൈന്യപരിവാരങ്ങളൊത്തിതാ,
നഞ്ഞെടുത്തു കുടിപ്പൂ നീ, തൃഷിതൻ നീർ കണക്കിനെ!
കഥയില്ലാഞ്ഞു കർമ്മത്തിൻഫലം നോക്കറിയാത്തവർ 26
ചിക്കെന്നുതാൻ നശിച്ചീടും, നീ നശിയ്ക്കും പ്രകാരമേ!
കൃതാന്തപാശബദ്ധൻ നീയെങ്ങു പോയ് വിട്ടൊഴിഞ്ഞിടും,



Digitized By Kerala Sahitya Akademi

കൊൽവാനിര പിടിപ്പിച്ച ചൂണ്ട കൊത്തിയ മീൻപടി?
നിന്റെയീയാശ്രമം തീണ്ടൽ പൊറുത്തീടില്ലൊരിക്കലും 28
രാഘവന്മാർ ദുരാധർഷർ കാകുത്സ്ഥരായി രാവണ!
ലോകഗർഹിതമാം കർമ്മം ചെയ്യൊല്ലാ ഭീരുവായ നീ:
ചോരർ പോകും വഴിയിതു, വീരർ കൈക്കൊൾവതല്ലതാൻ!
പോർ ചെയ്ക ശൂരനാണെങ്കിൽ; നില്ക്ക തെല്ലിട രാവണ; 30
ചത്തു മണ്ണിൽക്കിടപ്പാം നീ, ഖരനാം തമ്പിപോലവേ!
മൃത്യുകാലത്തു പുരുഷനെന്തു കർമ്മം തുടങ്ങുമോ,
തൻവിനാശത്തിനാം, ഹീനകർമ്മമത്രേ തുടർന്നു നീ!
പാപം വന്നിടച്ചേരുന്ന കർമ്മമാരാചരിച്ചിടും,
ലോകേശനായ് സ്വയംഭൂവാം ഭഗവാൻതന്നെയാകിലും?"

ഇവണ്ണം നല്ല വാക്കോതിയജ്ജടായുസ്സു വീര്യവാൻ
അദ്ദശഗ്രീവരക്ഷസ്സിൻ പുറത്തേക്കൊട്ടു ചാടിനാൻ:
പിടിച്ചവനെയെമ്പാടും മാന്തി കൂർത്ത നഖങ്ങളാൽ, 34
പുറത്തു കയറിപ്പാപ്പാൻ ദുഷ്ടനാഗത്തെയാംവിധം;
കൊക്കാലവന്റെ പുറത്തൂന്നി മാന്തിക്കൊണ്ടാൻ നഖങ്ങളാൽ;
പറിച്ചെടുത്താൻ മുടിയും നഖപക്ഷമുഖായുധൻ.
ഗൃധ്രേശനാവിധം പേർത്തും പേർത്തും കഷ്ടപ്പെടുത്തവേ, 36
കോപാൽച്ചുണ്ടു വിറച്ചക്കിൽപ്പിന്തിരിഞ്ഞിതു രാവണൻ.
വൈദേഹിയെയിടത്തേതാമൊക്കത്തായ് വെച്ച രാവണൻ
കൈത്തലത്താൽ ദ്രുതം തച്ചാൻ ക്രോധം മൂത്തു ജടായുവെ
ജടായുവവനെച്ചുറ്റിക്കൊക്കുകൊണ്ടു ഖഗോത്തമൻ 38
അവന്റെ പത്തിടംകയ്യുമറുത്താനരിമർദ്ദനൻ.
കൈകളറ്റാനിൽനിന്നപ്പോൾത്താനുദിച്ചിതു കയ്യുകൾ,
പുറ്റിൽനിന്നു വിഷജ്വാല മുറ്റും സർപ്പങ്ങൾ പോലവേ;
ക്രോധാൽ സീതയെ വിട്ടിട്ടു ദശാസ്യനഥ രാവണൻ 40
മുഷ്ടിപാദങ്ങളാലിട്ടു മർദ്ദിച്ചാൻ ഗൃധ്രരാജനെ.
കുറച്ചുസമയംകൂടി നടന്നു പടയങ്ങിനെ,
നിസ്തുല്യവീര്യരാം രക്ഷോനാഥപക്ഷീന്ദ്രർതങ്ങളിൽ.

രാമനുവേണ്ടി യത്നിക്കുമവന്റെയിരുപാർശ്വവും 42
ചിറകും കാലുകളും വെട്ടി വാൾ വലിച്ചൂരി രാവണൻ.
അരക്കൻ ഘോരകർമ്മാവു ചിറകാശു മുറിക്കയാൽ,

Digitized By Kerala Sahitya Akademi

ആയുസ്സൊടുങ്ങീയഗ്ഗൃധ്രൻ ഹതനായ്ത്തീർന്നിതൂഴിയിൽ.
ചോരയും വാർന്നു ഭുവി വീണതു കണ്ടജ്ജടായുവെ 44
മാലാർന്നു പാഞ്ഞണഞ്ഞാശു തൻബന്ധുവെപ്പോലെ മൈഥിലി.

കാർകൊണ്ടൽമെയ്യോടു വെള്ളത്ത മാറൊ-
ത്താ വീഴ്ചമേവുന്ന ജടായുതന്നെ
കണ്ടീടിനാൾ കെട്ടൊരു കാട്ടുതീയിൻ
കിടക്കും ലങ്കാപതി പാർത്തലത്തിൽ.
അതിൻവിധം രാവണവേഗമർദ്ദനം-
നിമിത്തമായ് ക്ഷോണിയിൽ വീണ പക്ഷിയെ
പുണർന്നു വീണ്ടും കരയാൻ തുടങ്ങിനാൾ,
ശശിപ്രകാശാനന സീത ജാനകി. 46

— * —

## ഐമ്പത്തിരണ്ടാം സർഗ്ഗം: സീതാഹരണം.

— * —

ആയുസ്സൊടുങ്ങീയഗ്ഗൃധ്രൻ പാരിൽ വീണു കിടപ്പതായ്
കണ്ടു, രാമാശ്രമത്തിന്നൊട്ടടുത്തേടമരക്കർകോൻ.
മതിനേർമുഖിയാളാകുമവളാ, ഗൃധ്രരാജനെ
രാവണൻ കൊന്നതായ്ക്കണ്ടു വിലപിച്ചാൾ വിഷണ്ണയായ്; 2
ബലിഷ്ഠൻ രാവണൻ കൊന്ന ഗൃധ്രനെത്തഴുകിത്തുലോം
വിലപിച്ചാളഴൽപ്പെട്ടു, ചന്ദ്രനേർമുഖി ജാനകി:-
"ലക്ഷണജ്ഞാനവും, സ്വപ്നം, പക്ഷിശബ്ദാവബോധവും
നരർക്കു സുഖദുഃഖത്തിൽക്കാണാകുന്നു നിമിത്തമായ്. 4
രാമ, നീയറിവീലെന്നോ വലുതാം തൻ വിപത്തിനെ?
നിന്നെപ്പറ്റത്തണയുന്നുണ്ടാ,മെനിക്കായ് മൃഗപക്ഷികൾ.
ഇതാ, മാപാപിയാൽക്കൊല്ലപ്പെട്ടു മന്നിൽക്കിടക്കയായ്,
എന്നെ രക്ഷിക്കുവാൻ വന്ന പക്ഷി, യെൻ ഭാഗ്യഹാനിയാൽ! 6
കാകുത്സ്ഥ; കാക്കുകിങ്ങെന്നെ ലക്ഷ്മണ! എന്നു പെൺമണി
ചീർത്ത ഭീതും വിളിച്ചാർത്താൾ, കേൾപ്പോർക്കരികിലാംവിധം;

ചതഞ്ഞ മാല്യമെയ്ക്കോപ്പോർത്തനാഥയുടെ മട്ടിലായ്
വിലപിക്കും മൈഥിലിയെപ്പാഞ്ഞെത്തി രാക്ഷസാധിപൻ, 8
ലത പോലെ പിടഞ്ഞോരാ, ളോരാമരം കെട്ടിപ്പിടിക്കവേ,
വിട്ടു, വിട്ടു, എന്നവളോടുരച്ചുംകൊണ്ടു രാവണൻ,
രാമ, രാമേതി കാട്ടിൽക്കരയുമാം രാമവിയുക്തയെ,
മരിപ്പാൻവേണ്ടി മുടിമേൽപ്പിടികൂടി യമോപമൻ. 10

Digitized By Kerala Sahitya Akademi

വൈദേഹിയാക്രമിയ്ക്കപ്പെട്ടപ്പോളഖിലമൊക്കെയും
മട്ടു മാറിയിരുൾച്ചാർത്തിലാണ്ടുപോയ് സചരാചരം;
അണ്ടു വീശാതെയായ് കാറ്റു; നിറം കെട്ടിതു സൂര്യനും!
തീണ്ടപ്പെട്ട വശംകെട്ട സീതയെ ദിവ്യദൃഷ്ടിയാൽ 12
കണ്ടു, 'സാധിച്ചുപോയ് കാര്യ'മെന്നാൻ ശ്രീമാൻ പിതാമഹൻ.
സീതയെത്തീണ്ടിയതു കണ്ടും, മുനിശ്രേഷ്ഠരൊക്കവേ
മോദവും ഖേദവും പൂണ്ടാർ, ദണ്ഡകാരണ്യവാസികൾ,
രാവണന്നു യദൃച്ഛയ്ക്കു നാശം നേരിട്ടതോർക്കയാൽ. 14

ആ രാക്ഷസേശ്വരൻ, 'രാമ, രാമ, ലക്ഷ്മണ!' എന്നുമായ്
കേണീടുമവളെക്കൊണ്ടു വാനമാണ്ടിതു രാവണൻ.
തങ്കക്കോപ്പിൻനിറം പൂണ്ടോൾ മഞ്ഞപ്പട്ടുടുത്തവൾ
വിളങ്ങീ മന്നവമകൾ, തിളങ്ങും മിന്നൽ പോലവേ. 16
അവൾതൻ പാറിയുലയും മഞ്ഞപ്പട്ടാലെ രാവണൻ
ഏറ്റം തിളങ്ങിവിലസീ, തീയ്യാളും മല പോലവേ.
കല്യാണിമണിയാം സീതതങ്കൽനിന്നു സുഗന്ധികൾ,
ചെന്നിറത്താമരയിതളുകളുതിർന്നു രാവണന്റെമേൽ, 18
വാനത്തു പാറിയവൾതൻ പൊന്നിറപ്പട്ടുതുകിൽ
മിന്നീ, വെയിലന്തിരാഗാൽച്ചെമ്പിച്ച മുകിൽ പോലവേ.
രാവണാങ്കത്തിൽ വാനത്താ, സ്സുന്ദരമവൾതൻമുഖം
രാമാഭാവാൽ തെളിഞ്ഞീലാ, തണ്ടില്ലാത്തലർപ്പടി; 20
കാർമേഘമണ്ഡപ്പിളർപ്പിലാവിർഭവിയ്ക്കും തിങ്കൾ പോലെയായ്,
നൽനെറ്റിനൽക്കുന്തളമൊത്ത, ബ്ജഗർഭാഭമക്ഷതം,
ശുഭ്രമായ്ത്തിളങ്ങുന്ന വെൺപല്ലുകളണിഞ്ഞതായ്,
സ്വച്ഛമാമവൾതൻ വക്ത്രമാകാശേ രാവണാങ്കഗം; 22
കരഞ്ഞു കണ്ണീരൊഴുകി, ച്ചന്ദ്രൻ പോലക്ഷിസൌഖ്യദം,
നന്മൂക്കു നൽച്ചെഞ്ചുണ്ടുള്ളൊന്നാം, കാശേ കനകപ്രഭം;
അരക്കനാൽ വിറക്കൊണ്ടാശ്രുഭമാമവൾതൻമുഖം
രാമാഭാവാൽ വിളങ്ങീലാ പകൽച്ചന്ദ്രൻ കണക്കിനെ! 24

സുവർണ്ണവർണ്ണയാസ്സീത മെയ്യിരുണ്ട ദശാസ്യനിൽ
കാണായീ, നീലക്കൽ ചേർന്ന പൊന്നരഞ്ഞാണു പോലവേ.
ആപ്പദ്മഗൌരി ഹേമാഭ സീത രാക്ഷസരാജനിൽ,
കാറിന്മേൽ മിന്നലാംവണ്ണം കാണായി, പൊന്നണിഞ്ഞവൾ. 26

Digitized By Kerala Sahitya Akademi

മരത്തളിർനിറം പൂണ്ടോരാ മെയ്യിരുണ്ട ദശാസ്യനെ
മിന്നിച്ചു സീത, കരിയെത്തങ്കത്തുടൽ പോലവേ.
അസ്സീതയുടെ മെയ്ക്കോപ്പിൻ കിലുക്കത്താലരക്കർകോൻ
വിളങ്ങീ, മിന്നലിടികൾ ചേർന്ന കാർമുകിൽ പോലവേ. 28
കൊണ്ടുപോകപ്പെടും സീതതൻറെ കുന്തളത്തിൽനിന്നഹോ,
കൊഴിഞ്ഞ പൂക്കൾതൻ മാരി പൊഴിഞ്ഞു മന്നിൽ നീളവേ;
നീളെത്തെറിച്ചപ്പൂമാരി രാവണൻറെ ജവത്തിനാൽ
ദശകന്ധരനിൽത്തന്നെ ചെന്നണഞ്ഞിതു വീണ്ടുമേ; 30
ധനാധിപാവരജനിൽച്ചെന്നണഞ്ഞിതു പൂമഴ
മേരുമാമലമേൽ സ്വച്ഛനക്ഷത്രനിര പോലവേ.
സീതതൻ കാലിൽനിന്നൂർന്നു വീണു മഞ്ജുസ്വനത്തൊടും,
രത്നം പതിച്ചോരു തള, വട്ടമിന്നൽ കണക്കിനേ. 32

വാനത്തു കൊള്ളിമീൻ പോലെയൊളിമിന്നിയ സീതയെ
കൊണ്ടുപോയിട്ടിനാൻ, വനമാണ്ടു വൈശ്രവണാനുജൻ.
അവൾതൻ തീനിറം താവുമാ മെയ്ക്കോപ്പുകളൂഴിയിൽ
കിലുങ്ങി വീണു ഗഗനാൽ, ക്ഷീണതാരങ്ങൾ പോലവേ. 34
ആ വിദേഹജതൻ കൊങ്കത്തട്ടിൽനിന്നൂർന്നുവീഴവേ
വിളങ്ങി ഹാരം ചന്ദ്രാഭം, ച്യുതയാം ഗംഗ പോലവേ.
മുകൾക്കാറ്റേറ്റ വൃക്ഷങ്ങൾ നാനാവിഹഗശാലികൾ
തലയാട്ടി, ഭയം വേണ്ടെന്നോതിയോ എന്നു തോന്നിടും! 36
യാദോമത്സ്യങ്ങൾ ചൂളി ശ്രീയറ്റ തണ്ടലർവാപികൾ
മൂർച്ഛിച്ച തോഴിയെപ്പോലെ സീതയെപ്പാർത്തു മാഴ്കിനാർ!
നീളെനിന്നും വന്നു സിംഹശാർദ്ദൂലമൃഗപക്ഷികൾ
സീതയ്ക്കു പിമ്പേ നിഴലിന്നൊക്ക പാഞ്ഞാർ സരോഷരായ്! 38
ചോലക്കണ്ണീർ മുഖത്താണ്ടും ശൃംഗക്കൈകളുയർത്തിയും
മുറയിട്ടോ ഗിരികളസ്സീതയെക്കൊണ്ടുപോംവിധൗ!
സീതയെക്കൊണ്ടുപോകുന്നതീക്ഷിച്ചു, ഭഗവാൻ രവി
ദീനനായി നിറംകെട്ടു ബിംബം വിളറി മേവിനാൻ! 40
‘ധർമ്മമില്ലെ,വിടെസ്സത്യം? കനിവില്ലി,ല്ലൊരാർജ്ജവം:
രാവണൻ കട്ടിടുന്നല്ലോ രാമൻതൻ ഭാര്യ സീതയെ!’
എന്നു ഭൂതങ്ങളെല്ലാരും ചെന്നൊത്തു വിലപിച്ചുമായ്!
പേടി പൂണ്ടു മുഖം വാടി,ബ്ഭാഷ്പാംബുകലുഷാക്ഷിയാൽ 42
മെല്ലോട്ടു നോക്കി നോക്കിത്താൻ കരഞ്ഞു മാൻകിടാവുകൾ!

Digitized By Kerala Sahitya Akademi

വനദേവതമാർക്കംഗമൊട്ടുക്കേററം വിറച്ചുപോയ്,
സീതയങ്ങിട്ടു വന്നാലാണ്ടാർത്തുകേഴുന്നു കാൺകയാൽ!
രാമ! ലക്ഷ്മണ! എന്നോമൽസ്വരത്തോടാർത്തുകേണവൾ 44
നോക്കീടിനാൾ പലവുരു മന്നിടത്തെങ്ങും മൈഥിലി.
വാർകുന്തൽ ചിന്നിപ്പൊട്ടാകെ മാഞ്ഞൊരത്ത്യുഡ്ചിതയെ
തൻവിനാശത്തിനായിട്ടു കൊണ്ടുപോയാൻ ദശാനനൻ.

അതിൻവിധം ബന്ധുപവിപ്രയുക്തയാം-
സ്സുദന്തശുഭ്രസ്മിതയായ മൈഥിലി
ദുഃഖം നിറംകെട്ടി, ഹാ രാമലക്ഷ്മണേ-
ക്ഷണം ലഭിക്കാഞ്ഞു, ഭയത്തിലാണ്ടുപോയ്. 46

— * —

ഐമ്പത്തിമൂന്നാം സർഗ്ഗം: സീതാവിലാപം.

— * —

വാനത്തോസ്ഥ്രമവനെക്കണ്ടു മൈഥിലി ജാനകി
മാലാണ്ടേററം വിറക്കൊണ്ടാൾ, വൻഭയത്തിൽപ്പതിച്ചവൾ:
കേണും ചൊടിച്ചും കൺചെഞ്ചി, ദീനയായ്ക്കണ്ണുകൊണ്ടവൾ
ഘോരാക്ഷനാം രാക്ഷസനോടുരച്ചാൾ കൊണ്ടുപോകവേ:- 2
"നാണമില്ലേ നിനക്കേവം ചെയ്യുവാൻ നീച, രാവണ:
എന്നെക്കട്ടോടിടുന്നല്ലോ, വേർപാടാപ്പെട്ടു തവ്വിൽ നീ!
ദുരാശ, പേടിത്തൊണ്ടൻ നീതാനാവാം, കള്ളമാനിനാൽ,
കാന്തനായകലത്താക്കിവിട്ടതെന്റെ മണാളനെ! 4
എന്നെയാക്കാൻ തുനിഞ്ഞാറേ, വീഴിച്ചീതിവനേയുമേ;
വൃദ്ധനീഗ്ഗൃദ്ധ്രരാജാവെൻ ശ്വശുരന്നു സുഹൃത്തമൻ.
നിൻവീര്യം കേമമായത്ര കാണുന്നു രാക്ഷസാധമ;
പേർ പറഞ്ഞമർ ചെയ്തിട്ടാണല്ലോ നേടിയതെന്നെ നീ! 6
ഇത്രയും തീയതേ ചെയ്തിട്ടെന്തേ ലജ്ജിച്ചിടാത്തൂ നീ;
വിജനേ നീച, മോഷ്ടിക്കൽ മററൊരുത്തന്റെ പെണ്ണിനെ!
ശൂരനെന്നു നടിക്കും നീ ചെയ്തതെ, ഞങ്ങളാളകം,
അതിഘോരമധർമ്മിഷ്ഠം ചീത്തയെന്നേ കഥിച്ചിടൂ. 8
മോശം, നീയപ്പൊഴേ ചൊന്ന ബലവും നിന്റെ ശൌര്യവും!
ഏവം കുലം കെടുക്കും നിൻ നടപ്പും പാരിൽ മോശമേ!
ഞാനിലക്കേടു സാധിക്കും? കുതിച്ചോടുകയല്ലി നീ;
നില്ലൊട്ടുനേരം;-മെന്നാലോ ജീവനോടെ മടങ്ങിടാ! 10

Digitized By Kerala Sahitya Akademi

ആ രാജപുത്രർ കണ്ടെത്തിപ്പോയാൽ, നീ കാണിനേരവും
ജീവിച്ചിരിപ്പാനാളാകാ, സൈന്യസംയുതനാകിലും!
അവർതന്നമ്പു കൊള്ളാൻ നീയാളാകില്ലൊരുമട്ടിലും,
കാട്ടിൽക്കത്തിപ്പിടിച്ചോരു തീ കൊള്ളാൻ പക്ഷിപോലവേ! 12
നന്നായ് സാഹിതമോർത്തെന്നെക്കൈവിട്ടാൽ നന്നു രാവണ:
എന്നെത്തീണ്ടിയതിൽ ക്രോധാൽത്തമ്പിയൊത്തെന്റെ വല്ലഭൻ
മുടിക്കുവാൻ മുതിർന്നീടു,മെന്നെ നീ വിട്ടിടായ്കിലോ!
എന്നെയെന്തു വിചാരിച്ചും ബലാൽക്കക്കാനൊരുങ്ങി നീ, 14
ആ വിചാരം നിറക്കില്ല നിച്ച, പാഴായ്ച്ചമഞ്ഞിടും!
ദേവസന്നിഭനായുള്ളാക്കാന്തനെ കണ്ടിടാതെ ഞാൻ,
ശത്രുവിൻകയ്യിലാപ്പെട്ടു നീണാൾ ജീവിച്ചിരുന്നിടാ!
നൂനം, തൻ നന്മയോ പഥ്യംതാനോ ചിന്തിപ്പതില്ല നീ; 16
നേരെമറിച്ചേ ചെയ്യുള്ളൂ മൃത്യുകാലത്തിലാളുകൾ:
പഥ്യം രുചിപ്പതില്ലല്ലോ, ചാകാൻ പോകുമ്പോളാർക്കുമേ!
കഴുത്തിൽ കാലപാശത്താൽ ബദ്ധനായ്ക്കാണ്മു നിന്നെ ഞാൻ:
പേടിക്കേണ്ടുമതിൽപ്പേടിപ്പീലല്ലോ നീ ദശാനന; 18
കാണുന്നുണ്ടായിരിക്കും നീ ചാലേ പൊന്നിന്മരങ്ങളെ;
ചോര തള്ളിയൊലിക്കുന്ന ഘോരവൈതരണിപ്പുഴ,
കൊടുതാമസിപത്രക്കാടിവ നീ കാണ്മു രാവണ!
ചുട്ട പൊൻപൂക്കളും ചേർന്നു,ൽക്കൃഷ്ടവൈഡൂര്യപത്രമായ്, 20
ഇരിമ്പുമുള്ളൊത്ത കടംപൂള്ള കന്നാസ്സരും തവ!
അനിഷ്ടമാം മഹാന്നേവമറപ്പില്ലാതെ ചെയ്ത നീ
നീണാളിരിപ്പാനാളാകാ, നഞ്ചു തിന്നോൻ കണക്കിനെ!
ദുർവാരകാലപാശക്കെട്ടേറ്റ നീയിനി രാവണ, 22
എവിടെപ്പോയ്സ്സുഖം നേടും, മഹാനാമെന്മണാളനാൽ?
കണ്ണിമയ്ക്കുന്ന നേരത്താൽ, വങ്കാട്ടിൽത്തമ്പിയെന്നിയേ
ആർ കൊന്നുവോ പതിന്നാലായിരം പേരെയരക്കരെ,
ആ വീരൻ ബലി സർവ്വാസ്ത്രപടു രാഘവനെങ്ങിനെ 24
ക്ഷമിപ്പാൽ, പ്രിയയെക്കട്ട നിന്നെക്കൊല്ലാതിരുന്നിടും?''
എന്നും മറ്റും പരുഷമായ് വിലപിച്ചാൾ സുദീനമായ്,
ഭയശോകാകുലിതയാം രാവണാങ്കഗ മൈഥിലി.

Digitized By Kerala Sahitya Akademi

വിലാപപൂർവ്വം പലതേവമല്ലലാൽ-
പ്പുലമ്പുമത്യാതുരയാം കുമാരിയെ
ഹരിച്ചിതപ്പാപി,വിറച്ച മെയ്യുമായ്,-
പ്പിടഞ്ഞിടും ക്ഷോണിവരാത്മജാതയെ. 26

—o—

## ഐമ്പത്തിനാലാം സർഗ്ഗം: രാക്ഷസപ്രേഷണം.

—*—

രക്ഷയ്ക്കാരാളെക്കാണാതെ കൊണ്ടുപോകപ്പെട്ടുംവിധൌ,
കണ്ടെത്തി സീതയൊരു കുന്നിന്മേലഞ്ചു കപീന്ദ്രരെ.
അക്കൂട്ടർതൻ നടുവിലേയ്ക്കിട്ടാൾ നൽഭൂഷണങ്ങളും,
പൊന്നിറപ്പുഴുന്തൽപ്പട്ടാമുത്തരീയവുമായവൾ: 2
'ചൊന്നെങ്കിലോ രാമനോടെ'ന്നായതാക്ഷി നിതംബിനി
അഴിച്ച പണ്ടങ്ങളാം പൊതിഞ്ഞെറിഞ്ഞാൾ വസ്ത്രമങ്ങവൾ;
എന്നാലറിഞ്ഞീലച്ചെയ്ത്തുരക്ഷോഭത്താൽദ്ദശാനനൻ.
ആവിധം മുറയിട്ടീടുമാ വിശാലാക്ഷി സീതയെ- 4
നോക്കീ കണ്ണിമവെട്ടാതെ, പിംഗാക്ഷർ കപിപുംഗവർ.
അവനോ, പമ്പ പിന്നിട്ടു ലങ്കാപുരിയിലേയ്ക്കുതാൻ
നടകൊണ്ടാൻ, കരയുമസ്സീതയെക്കൊണ്ടരക്കർകോൻ.
തൻമൃത്യുവാമവളെക്കൊണ്ടുപോയാൻ ഹർഷിച്ചു രാവണൻ 6
ഒക്കത്തു, തീക്ഷ്ണദംഷ്ട്രോഗ്രവിഷവ്യാളിയെയാംവിധം!
കാടും പുഴകളും മാടും പൊയ്കയും വാനിലൂടവേ
കടന്നു പോയാൻ ചിക്കെന്നു, വിൽ വിട്ടോരമ്പു പോലവൻ
തിമിനക്രൌഘനിലയം വരുണാലയമക്ഷയം 8
പുഴകൾക്കൊക്കെയാധാരം പോയ്ക്കടന്നാൻ സമുദ്രവും.
സംഭ്രമത്താലല നിലച്ചു,ഹിമീൻകളൊളിച്ചതായ്
ചമഞ്ഞു, സീതയെക്കൊണ്ടുപോകുമ്പോൾ, വരുണാലയം!
വാനിൽനിന്ന,ന്നേരത്തു സംസാരിച്ചിതു ചാരണർ; 10
ഇതിൽത്തീർന്നു ദശഗ്രീവനെന്നതേ ചൊല്ലീ സിദ്ധരും.
പിടഞ്ഞിടും മൈഥിലിയെ—മെയ്യാണ്ട നിജമൃത്യുവെ—
യൊക്കത്തെടുത്തുതാൻ ലങ്കാപുരി പൂകിതു രാവണൻ.
സുവിഭക്തമഹാമാർഗ്ഗം ലങ്കാപുരമണഞ്ഞവൻ 12
മതിൽക്കെട്ടിൽജ്ജനം തിങ്ങും തന്നന്തഃപുരമേറിനാൻ;
അത്ര വെച്ചാൻ, മയൻ മായാമങ്കയെപ്പോലെ, രാവണൻ

Digitized By Kerala Sahitya Akademi

മാലും മയക്കവും പൂകാലുമക്കയൽക്കണ്ണി സീതയെ.
പിന്നെദ്ദശാസ്യൻ വല്ലാത്ത പിശാചികളോടോതിനാൻ:— 14

'ആണോ പെണ്ണോ കണ്ടിടൊല്ലിസ്സീതയെസ്സമ്മതം വിനാ.
ഇവൾക്കു പൊന്നുരുളകളും വസനാഭരണങ്ങളും
വേണ്ടതൊക്കെയുമപ്പപ്പോൾ കൊടുക്കേണം മദിച്ഛയാ.
അനിഷ്ടമായിട്ടൊരുവാക്കറിഞ്ഞോ, അറിയാതെയോ 16

ഏവരും വൈദേഹിയോടോതു,മവർക്കില്ലയിരിക്കൊതി!'
ആ രാക്ഷസികളോടേവം ചൊന്നാ,ജ്ജസ്വിയരക്കർകോൻ
അകത്തുനിന്നുപോന്നി,ന്നി വേണ്ടതെന്തെന്ന ചിന്തയിൽ
കണ്ടാൻ മാംസാശരാമെട്ടു വീര്യമേറുമരക്കരെ, 18

അവരെക്കണ്ടു വീര്യാഢ്യൻ വരമോഹിതനാമവൻ
ബലവും വീര്യവും ശ്ലാഘിച്ചവരോടിദ്ദു ചൊല്ലിനാൻ:—
"നാനാശസ്ത്രങ്ങൾ കൈക്കൊണ്ടു വൈകാതെ ഗമിപ്പുവിൻ
ഖരൻ മുൻവാണ ഹതമാം ജനസ്ഥാനത്തിലശ്ശടൻ. 20

അരക്കർ ചത്തൊഴിഞ്ഞോരു ജനസ്ഥാനത്തു പാർക്കുവിൻ,
പൌരുഷക്കെല്പെടുത്തിട്ടു തരിമ്പും ഭയമെന്നിയേ.
ജനസ്ഥാനത്തു നിർത്തപ്പെട്ടിരുന്ന പെരുസ്സേനയെ
സദൂഷണഖരം പോരിൽക്കൊന്നല്ലോ രാമനമ്പിനാൽ. 22

അതിൽപ്പൊറുത്തിട്ടുരിശം ധൈര്യത്തിന്മീതെ നില്പൂ മേ;
രാമന്റെപേരിലുണ്ടായിട്ടുണ്ടേറ്റം ഘോരവൈരവും.
ആ വൈരം ശത്രുവിനൊത്തു വീട്ടാൻ ഭാവിക്കയാണു ഞാൻ;
ശത്രുവെപ്പടയിൽക്കൊല്ലാതുറക്കം വരികില്ല മേ. 24

ഖരദൂഷണരെക്കൊന്ന രാമനെക്കൊന്നു സാമ്പ്രതം,
ധനം ലഭിച്ചിട്ടധനൻ പോലെ, നേടാവു ഞാൻ സുഖം।
ജനസ്ഥാനത്തു പാർപ്പാക്കി നിങ്ങൾ കാകുത്സ്ഥവാർത്തയെ
ഉടനോട്ടെത്തിച്ചു തരണം, ചെയ്വതെന്തെന്നു സൂക്ഷ്മമായ്. 26

ശ്രദ്ധ വെച്ചു നടക്കേണം രാത്രിചാരികളേവരും;
സദാ യത്നിക്കയും വേണം രാമനെക്കൊലചെയ്യുവാൻ.
നിങ്ങൾതൻ കെല്പറിഞ്ഞോൻ ഞാൻ, പോർത്തലക്കൽപ്പലപ്പൊഴും;
അതിനാൽത്താൻ ജനസ്ഥാനേ നിയോഗിച്ചതു നിങ്ങളെ." 28



Digitized By Kerala Sahitya Akademi

പ്രിയം മഹാർത്ഥം മൊഴി കേട്ടു രാവണ-
നുടൻ പണിഞ്ഞാശരരെട്ടുപേർകളും
സമേതരായ് ലങ്ക വെടിഞ്ഞ, ദൃശ്യരാം
വിധം ജനസ്ഥാനവഴിയ്ക്കിറങ്ങിനാർ.
ദശാനനൻ സീതയെയങ്ങു കണ്ടതി-
പ്രഹൃഷ്ടനായ് മൈഥിലിയെ ഗ്രഹിച്ചവൻ
അനല്പമായ് രാമനിൽ വൈരവും വഹി-
ച്ചൊരിമ്പമാർന്നാൻ വെളിവറ്റ രാക്ഷസൻ. 30

— o —

## ഐമ്പത്തഞ്ചാം സർഗ്ഗം: സീതാപ്രലോഭനം:

—*—

ബലിഷ്ഠരെട്ടുപേർ ഘോരാശരരെച്ചൊല്ലിവിട്ടവൻ,
കൃതാർത്ഥനായ് താനെന്നോർത്തു രാവണൻ ബുദ്ധികെട്ടിനാൽ.
വൈദേഹിയെ വിചാരിച്ചു കാമബാണങ്ങളേറ്റവൻ
പൂകിനാൻ സീതയെക്കാണ്മാൻ സത്വരം രമ്യമാം ഗൃഹം. 2

ആ മന്ദിരമകംപുക്കാ രാവണൻ രാക്ഷസാധിപൻ
രാക്ഷസീനടുവിൽക്കണ്ടാനേറ്റം മാലാണ്ട സീതയെ:
ആർത്തയായ് കണ്ണുനീർ വാർത്തു, ചീർത്ത മാലിന്നധീനയായ്,
വൻകാറ്റേറ്റിട്ടു കടലിൽ മുങ്ങിപ്പോം തോണി പോലെയായ്, 4

മാൻകൂട്ടം വിട്ടുപോയ് നായ്ക്കൾ ചൂഴും മാൻപേട പോലെയായ്,
മുഖം ചായ്ച്ചമരും സീതയ്ക്കടുത്തെത്തി നിശാചരൻ
മാലാൽ വലഞ്ഞവശയാമവൾക്കാ രാക്ഷസേശ്വരൻ
കാട്ടിക്കൊടുത്തിതു ബലാൽ, ഗൃഹം ദേവഗൃഹോപമം: 6

മേട മാളികയും തിങ്ങി, സ്ത്രീസഹസ്രങ്ങൾ വാഴ്‌വതായ്,
നാനാപക്ഷിഗണം ചേർന്ന, നാനാരത്നങ്ങളുള്ളതായ്,
വജ്രവൈഡൂര്യചിത്രങ്ങളുള്ളാ കണ്ണും ഹരിപ്പവ
നല്ലൊമ്പുതങ്കസ്ഫടികവെള്ളിത്തൂണുകൾ ചേർന്നതായ്, 8

ദിവ്യഭേരീരവം പൊങ്ങി, തങ്കപ്പൊന്തോരണാന്വിതം.
അവളെക്കൊണ്ടു, പൊന്നാകുമപ്പടക്കോണി കേറിനാൻ:
കൊമ്പുവെള്ളികളാൽ തീർത്ത കമ്രവാതായനങ്ങളും,
പൊൻജനാല ചുഴന്നങ്ങുണ്ടല്ലോ പ്രാസാദപങ്ക്തിയും. 10

Digitized By Kerala Sahitya Akademi

നീളെക്ഷ്മാമയമിട്ടുള്ള രത്നചിത്രസ്ഥലങ്ങളും
വൈദേഹിയാളെക്കാണിച്ചു തൻഗൃഹത്തിൽ ദ്ദശാനനൻ.
പുറവും നാനാമരം ചേർന്ന തണ്ണീർപ്പൊയ്കകളേയുമ
കാട്ടിക്കൊടുത്താനാഴലിൽപ്പെട്ട സീതയ്ക്കു രാവണൻ. 12

സീതയ്ക്കാ ശ്രേഷ്ഠമാം ഗേഹമെല്ലാം കാട്ടിക്കൊടുത്തവൻ
ചൊല്ലീടിനാൻ, ജാനകിയെ മോഹിപ്പിയ്ക്കാൻ ദുരാശയൻ:—
"മുപ്പത്തിരണ്ടുകോടിയുണ്ടു സീതേ, നിശാചരർ;
പ്രചണ്ഡകർമ്മാക്കളിവർക്കൊക്കെയും പെരുമാളിവൻ. 14

വൃദ്ധരും ബാലകരുമാം രാത്രിഞ്ചാരികളെന്നിയെ,
ഒന്നിന്നായിരമാളുവീതമുണ്ടെൻ കാര്യം നടത്തുവാൻ.
നിൻപക്കലാണിരിപ്പെന്റെ രാജ്യതന്ത്രമിതൊക്കെയും
ദീർഘലക്ഷണേ, ജീവിതവും; നീ മേ പ്രാണനിൽ മീതെയാം! 16

വളരെപ്പെണ്മണികളുണ്ടിങ്ങു പത്നികളായ് മമ;
അവർക്കീശ്വരിയാം കോമൾസ്സീതേ, നീയെന്റെ ഭാര്യയായ്!
എന്തിനന്യവിചാരം തേ? കൈക്കൊൾകെൻ നല്ല വാക്കു നീ:
ചേരുകെങ്കൽ; പ്രണതങ്കൽ പ്രസാദിച്ചരുളേണമേ! 18

അലയാഴി ചുഴന്നുള്ളതീ ലങ്ക ശതയോജനം;
ഇതാക്രമിപ്പാൻ കഴിയാ, സേന്ദ്രദേവാസുരർക്കുമേ.
ഗീർവ്വാണഗന്ധർവ്വരിലും യക്ഷപക്ഷികുലത്തിലും
കാണ്മീല, വീര്യമെന്നോളമുള്ളോനെയുലകങ്ങളിൽ. 20

രാജ്യം പോയഴലാർന്നോനായ്, അല്പായുസ്സായ്, തപസ്വിയായ്,
തേജസ്സിടിഞ്ഞ നരനാം രാമനാലെന്തു ചെയ്യു നീ?
ചേരുകെന്നോടു താൻ സീതേ: ഞാൻ നിനക്കൊത്ത വല്ലഭൻ;
താരുണ്യമസ്ഥിരം ഭീരു; രമിയ്ക്കിങ്ങെന്നോടൊത്തു നീ. 22

രാമനെക്കാണാമെന്നാശിയ്ക്കേണ്ട നീ കോമളാനനേ:
ശേഷിയെന്തവനിങ്ങെത്താൻ സീതേ, നിനവിനാലുമേ?
കയറാൽക്കെട്ടുവാനാമോ, വാനിലൂക്കാണ്ട കാററിനെ,
കത്തും തീയിന്റെ വിമലജ്വാല കൈക്കൊണ്ടിടാനുമേ! 24

മല്ലരിലും തക്കവനെബ്ഭദ്രേ, കാണുന്നതില്ല ഞാൻ,
എന്റെ കൈ കാത്തിടും നിന്നെ വിക്രമാൽക്കൊണ്ടുപോകുവാൻ!
ലങ്കയിൽ, സ്സമഹാഭോഗമീ രാജ്യം കാത്തുവാഴ്ക നീ;
നിൻദാസരെൻതരക്കാരും വാനോരുമുലകങ്ങളും; 26

Digitized By Kerala Sahitya Akademi

തോഷിച്ചെന്നെ രമിപ്പിക്കുക, ദിഷകമലാർദ്രയായ്!
മുമ്പു ചെയ്തുള്ള ദുരിതം തീർന്നുപോയ് കാട്ടുവാഴ്ചയാൽ;
നേടിക്കൊൾകിനി, നൽധർമ്മം ചെയ്തതിൻഫലമിങ്ങു നീ!
ഇവിടത്തിങ്കൽ, മാല്യങ്ങൾ ദിവ്യഗന്ധങ്ങൾ മൈഥിലി, 18
മറ്റും മെയ്ക്കോപ്പുമെല്ലാമേ കൈക്കൊൾകെന്നോടുകൂടി നീ
എൻഭ്രാതാവാം കുബേരന്റെ വിമാനം പുഷ്പകാഹ്വയം
ബലാൽ ഞാൻ നേടിനേനല്ലോ സുശ്രോണി, രവിസന്നിഭം;
ഇടംപെട്ടഴകൊത്തുള്ളൊന്നാ വിമാനം മനോജവം: 30
അതിൽസ്സീതേ, സുഖംപോലെ വിഹരിക്കുക ഞാനുമായ്.
നിർമ്മലം സുഭഗാകാരം നീർത്താരിന്നൊത്തിരാം മുഖം
ശോകാർത്തിയാൽ വരാരോഹേ, ശോഭിപ്പീല വരാനനേ!"
എന്നവൻ ചൊല്ലവേ, വസ്ത്രത്തുമ്പുകൊണ്ടംഗനാമണി 32
ചന്ദ്രവർണ്ണത്തുമുഖം മൂടിക്കണ്ണുനീർ വാർത്തു മൈഥിലി.
അവളസ്വസ്ഥയായ് ധ്യാനം പൂണ്ടു ചിന്താവിവർണ്ണയായ്
മംഗളമൊളോതീനാൻ, പാപി രാവണൻ രാക്ഷസേശ്വരൻ
"പോരുമേ, ധർമ്മലോപത്തിലുള്ള ലജ്ജ വിദേഹജേ: 34
ആർഷം താൻ, ദേവിയെപ്പറ്റിയുണ്ടാമീ സ്നേഹബന്ധവും,
ഈ മിന്നിടും കാലിണയിൽ മുട്ടിച്ചേൻ ഞാൻ ശിരസ്സുകൾ;
വെക്കം കനിയുകെന്നരിൽ:—ക്കീഴാം, ദാസൻ നിനക്ക ഞാൻ!
ഇത്രയും താന്ന മൊഴികളുരച്ചീടാൽച്ചൊന്നതാണു ഞാൻ; 36
തല താഴ്ത്തി വണങ്ങീടില്ലൊരു പെണ്ണിനെ രാവണൻ!"
ഏവം ജാനകിയാം സീതയോടുരച്ചു ദശാനനൻ
എന്റെയാണിവളെന്നോർത്താ(ൻ),ന്തകന്നടിപെട്ടവൻ.

— ം —

## എൻപത്താറാം സർഗ്ഗം: സീതയുടെ അശോകവനികാനയനം.

— * —

അതു കേട്ടിട്ടുഴൽപ്പെട്ടാ വൈദേഹി ഭയമെന്നിയേ
പുല്ലൊന്നിടയിൽവെച്ചോതി, രാവണൻതന്നോടുത്തരം:—
"നൃപൻ ദശരഥൻ ധർമ്മസേതു പോലിളകാത്തവൻ
സത്യസന്ധൻ പുകൾപ്പെട്ടോൻ, അവിടെയുണ്ണി രാഘവൻ; 2
രാമനെന്നാസ്സുധർമ്മിഷ്ഠൻ മൂപ്പാരിൽ വിളികൊണ്ടവൻ,
കൈ നീണ്ടവൻ, നെടുംകണ്ണൻ, എന്റെ ഭർത്താവു, ദൈവതം;

Digitized By Kerala Sahitya Akademi

ഇക്ഷ്വാകുവംശ്യനദ്ദേഹം സിംഹസ്കന്ധൻ, മഹാദ്യുതി,
തമ്പി ലക്ഷ്മണനൊന്നിച്ചു കവരും നിന്റെ ജീവനെ! 4
അദ്ദേഹം കാണ്കയാണെന്നെക്കറിത്തീണ്ടിയതെങ്കിലോ,
നീ പോരിൽച്ചത്തുവീണേനേ, ജനസ്ഥാനേ ഖരോപമം!
ഇച്ചൊല്ലപ്പെട്ട കൊല്ലരും ഘോരരാക്ഷസരേവരും
രാമങ്കൽ നിർവ്വിഷന്മാരാം, നാഗർ താർക്ഷ്യങ്കലാംവിധം! 6
അവന്റെ ഞാണിന്മേൽനിന്നെയ്തുവിട്ട പൊന്നണിയമ്പുകൾ
നിന്മെയ്യുടയ്ക്കു,മാളങ്ങൾ ഗംഗാതീരം കണക്കിനേ!
ദേവാസുരക്കവധ്യൻ നീയെന്നായാൽക്കൂടി രാവണ,
അവനു വൻവൈരമണച്ചു,യിരോടെയൊഴിഞ്ഞിടാ! 8
നിൻബാക്കിജീവിതം തീർപ്പാൻ പോരു,മാഞ്ഞലി രാഘവൻ;
യൂപസ്ഥപശുവിന്നൊപ്പം ദുർല്ലഭം തവ ജീവിതം!
കോപാൽക്കത്തിയ കൺകൊണ്ടു രാമൻ നിന്നൊന്നുനോക്കിയാൽ,
അരക്ക, വെന്തടിഞ്ഞു നീ, രുദ്രനാൽക്കാമനാംവിധം! 10
അവൻ ചന്ദ്രനെ വാനത്തുനിന്നു വീഴ്ത്തും, മറച്ചിടും;
കടൽ വററിക്കു;-മെന്നിട്ടും വിടുവിക്കില്ല സീതയെ!
നീയായുസ്സും ബലം ശ്രീയുമിന്ദ്രിയങ്ങളുമററവൻ:
ലങ്ക നിന്നുടെ കർമ്മത്താൽ വൈധവ്യപ്പെട്ടുപോകുമേ! 12
നിനക്കീപ്പാപമാം കർമ്മമൊടുവിൽസ്സുഖമായ്വരാ:
കാട്ടിലെന്നെപ്പിരിച്ചല്ലോ ഭർത്തൃപാർശ്വത്തിൽനിന്നു നീ!
ആസ്സുതേജസ്വിയാമെന്റെ നാഥൻ ദേവരയുക്തനായ്
നിർഭയം വാഴ്വതുണ്ടല്ലോ വീര്യത്താൽശ്ശൂന്യദണ്ഡകേ; 14
അവൻ നിൻ ബലവും ഗർവ്വുമഹട്ടും തള്ളൽ വീര്യവും
അകററുമംഗങ്ങളിൽനിന്ന,ടരിൽശ്ശരമാരിയാൽ!
കാലത്താലുളവാം നാശം ദേഹികൾക്കെന്നു കാണ്മിതോ,
അന്നു തെററിനടക്കുന്നു കാലത്തിൻകീഴിലാം നരർ; 16
എന്നെത്തീണ്ടുകയാലെത്തീ കാലം തേ രാക്ഷസാധമ,
തനിക്കും രാക്ഷസാന്തഃപുരത്തിനും ക്ഷയം വരാൻ.
ചണ്ഡാലനു ചവുട്ടാമോ, ദ്വിജമന്ത്രവിശുദ്ധയായ്
സ്രുവസംഭാരവതിയാം യജ്ഞമധ്യസ്ഥവേദിമേൽ? 18
അമ്മട്ടു, ധർമ്മനിത്യന്റെ ധർമ്മദാരങ്ങളാം സാധ്വി ഞാൻ,
പാപിയാകും തവ തൊടാവുന്നാളല്ലാശരാധമ!

Digitized By Kerala Sahitya Akademi

രാജഹംസവുമായ് നിത്യമാർ തണ്ടാരിൽ കളിപ്പിതാ,
ആ ഹംസി പുൽക്കാട്ടിലെഴമാററകാക്കയെ നോക്കുമോ? 20
ജഡമെയ്യിതു ബന്ധിക്കുക,ല്ലെങ്കിൽത്തിന്നുകൊൾക നീ:
എനിക്കീ മെയ്യുമുയിരും രക്ഷ്യമല്ലിങ്ങു രാക്ഷസ!
മന്നിൽത്തനിക്കപഖ്യാതി ചേപ്പാനാളാകയില്ല ഞാൻ."
എന്നു തീരെപ്പരുഷമേ ചൊന്നാൾ വൈദേഹി രുഷ്ടയായ്; 22
പിന്നെ രാവണനോടൊന്നും ചൊല്ലിയില്ലങ്ങു മൈഥിലി.
സീതതൻ പരുഷച്ചൊല്ല് കേട്ടു രോമാഞ്ചമായകം
സീതയോടുത്തരം ചൊന്നാൻ, ഭീതി തോന്നിടുമാറവൻ:—
"കേൾക്കകെൻവാക്ക വൈദേഹി: മാസമീരാറു ഭാമിനി; 24
നീയിക്കാലത്തിനാലെങ്കൽച്ചേരാഞ്ഞിൽ ച്ചാരുഹാസിനി,
നിന്നെ വെട്ടിനുറുക്കീടും, പ്രാതലൂണിനു വെപ്പുകാർ!"
എവം പരുഷവാക്കോതി രാവണൻ ശത്രുരാവണൻ
പിന്നെ രാക്ഷസിമാരോടും ചൊടിച്ചിങ്ങിനെ ചൊല്ലിനാൻ:— 26
'പോക്കവിൻ രാക്ഷസികളേ, വേഗത്തിലിവൾതൻ മദം,
നീങ്ങൾ മാംസനിണം തിന്നോർ വികൃതാഗ്രസരൂപമാർ.'
അവൻ പറഞ്ഞപാഴതേ തൊഴുതാ രാക്ഷസത്തികൾ
വിദേഹപുത്രിയെച്ചുററും ചുഴന്നാരതിഘോരമാർ. 28
ആ രാജാവവരോടോതി രാവണൻ ഘോരദർശനൻ
കാൽച്ചവുട്ടാൽ നിലം വിണ്ടുപോകുമാറു നടന്നുടൻ:—
'അശോകവനിയിൽക്കൊണ്ടാക്കുകിജ്ജനകപുത്രിയെ;
കാക്കുകങ്ങിവളെ,ച്ചുററും നിന്നു നിങ്ങൾ നിഗൂഢമായ്. 30
അങ്ങിജ്ജനകിയെഗ്ഘോരം തർജ്ജിച്ചും സാന്ത്വമോതിയും
ചേർന്നോത്തു, കാട്ടുപിടിയെപ്പോലവേ പാട്ടിലാക്കുവിൻ.'
എന്നായി രാവണൻ ചൊല്ലിവിട്ട രാക്ഷസിമാരവർ
ജനകാത്മജയേയും കൊണ്ടശോകവനി പൂകിനാർ: 32
എന്നും കായ്പൂം ബഹുവിധപ്പൂകായ്ചേർന്ന മരങ്ങളും
എന്നും മദം പൂണ്ടവയാം വിഹഗങ്ങളുമുണ്ടതിൽ.
ആപ്പെട്ടുപോയ്, മാൽ പെരുകും ജനകാത്മജ മൈഥിലി,
മാൻപേട പെൺപുലികളിൽപ്പോലെ, രാക്ഷസിമാർകളിൽ! 34
വന്മാലിൽ മുങ്ങമാംബാ ഭീരു ജനകാത്മജ മൈഥിലി
സുഖം നേടില, വലയിൽപ്പെട്ട മാൻപേട പോലവേ!

Digitized By Kerala Sahitya Akademi

ഇതേവം വിരൂപാക്ഷികൾ ചെയ്ത തർജ്ജനാ-
ലണ്ണത്തീടാതായ് സുഖമറ്റു മൈഥിലി;
പ്രിയപ്പെട്ടും ദേവരനൊത്ത നാഥനെ
സ്മരിച്ചു മൂർച്ഛിച്ചു ഭയാർത്തി തേടിനാൾ. 36

—*—

## അറുപത്തേഴാം സർഗ്ഗം: രാമനിവർത്തനം.

— ० —

മാനായി മേഞ്ഞ മാരീചകാമരൂപനിശാടനെ
വഴിക്കുവെച്ചു കൊന്നാശു മടങ്ങിപ്പോന്നു രാഘവൻ.
അവൻ മൈഥിലിയെക്കാണ്മാൻ വെമ്പൽ പൂണ്ടു നടക്കവേ
ഓരിയിട്ടാൻ പിന്നിലെങ്ങു,മൊരു കുറുക്കൻ ക്രൂരനിസ്വനൻ. 2

അക്കുറുക്കന്റെ രോമാഞ്ചകരമാം ദാരുണസ്വരം
കേട്ടിട്ടവൻ വിചാരിച്ചു, സ്വരത്താൽശ്ശങ്കയുള്ളയാൾ:—
'അശുഭം ഹന്ത, കാണ്മൂ ഞാൻ, കുറുക്കൻ മുക്കിടുന്നതിൽ:
സ്വസ്തിയല്ലീ, നിശാടന്മാർ തിന്നിട്ടില്ലല്ലീ സീതയെ! 4

മാനായ മാരീചനറിഞ്ഞെ,ന്റെയൊച്ച പിടിച്ചുതാൻ
വിളിച്ചുകൊണ്ടാർത്തതിനെ ലക്ഷ്മണൻ കേട്ടുവെങ്കിലും,
ആയൊച്ച കേട്ട സൌമിത്രി വൈദേഹിയെ വെടിഞ്ഞുടൻ
പോരുന്നതുമിങ്ങെൻചാരത്തേയ്ക്കു,വൾതാൻ ചൊന്നയയ്ക്കയാൽ. 6

ചെന്നാശു സീതയെക്കൊൽവാനുറച്ചു നിശാചരർ,
പൊന്മാനാ,യാശ്രമത്തിങ്കൽനിന്നെന്നെക്കൊണ്ടുപോന്നുടൻ
അകലത്താക്കി മാരീചനമ്പേററാശരനായതും,
'ഹാ, ലക്ഷ്മണാ, കൊലപ്പെട്ടേനെ'ന്നുരച്ചതുമോർക്കുകിൽ! 8

സ്വസ്തിയല്ലീ, വനേ ഞാൻ വേർപിരിഞ്ഞാ രണ്ടുപേർക്കുമേ:
പകയുണ്ടാശരർക്കല്ലോ, ജനസ്ഥാനസ്ഥനെന്റമേൽ;
ഘോരങ്ങളാം നിമിത്തങ്ങളേറെക്കാണ്മതുമുണ്ടിഹ!'
എന്നീച്ചിന്തയെഴും രാമനോ,രിയിട്ടൊച്ച കേൾക്കയാൽ, 10

മാനാമരക്കനവനെക്കൊണ്ടുപോന്നതിനാലുമേ
ശങ്ക പൂണ്ടു ജനസ്ഥാനത്തേക്കു പോന്നിതു രാഘവൻ.
അദീനനാം മഹാത്മാവെ,ദീനരായ് മൃഗപക്ഷികൾ
ഇടംചുറ്റിച്ചെന്നണഞ്ഞാരി,ട്ടാർ ഘോരസ്വരങ്ങളും. 12

Digitized By Kerala Sahitya Akademi

അതിഘോരനിമിത്തങ്ങളവ കണ്ടിട്ടു രാഘവൻ
വെമ്പിത്തന്നാശ്രമത്തിങ്കലെയ്ക്കു വെക്കം നടന്നിനാൻ;
സുശ്രോണിയാം സീതയെയും ബലി സൌമിത്രിതന്നെയും
ഓൎത്തുകൊണ്ടു ജനസ്ഥാനത്തെയ്ക്കു പോന്നിതു രാഘവൻ. 14

അത്ര കാണായ്,നിറംകെട്ടു ലക്ഷ്മണൻ വന്നിടുന്നതും;
ഉടനാം ലക്ഷ്മണൻ ചാരെ ചെന്നണഞ്ഞിതു രാമനെ,
മാലാണ്ടോൻ മാൽമുഴുത്തോനെ,ദുഃഖിതൻ ദുഃഖയുക്തനെ.
അരക്കർ മേവുമാളററ കാട്ടിൽസ്സീതയെ വിട്ടുടൻ 16

വന്ന ലക്ഷ്മണനെപ്പാരം ശകാരിച്ചിതു പൂൎവ്വജൻ;
ഇടം കൈകൾ പിടിച്ചിട്ടു സൌമിത്രിയൊടു രാഘവൻ
കയൎത്തും മൃദുവായിട്ടും ദീനമായുമിതോതിനാൻ:—
"ആയി, ലക്ഷ്മണ, നിന്ദാൎഹം ചെയ്തു നീ: സൌമ്യ, സീതയെ 18

കൈവെടിഞ്ഞിങ്ങു പോന്നല്ലോ; സ്വസ്തിയിങ്ങു ഭവിക്കുമോ!
കില്ലില്ലെനിക്കു,മോഷ്ടിക്കപ്പെട്ടുപോയ് സീത സൎവ്വഥാ;
കാട്ടിൽത്തെണ്ടുമരക്കൎക്കു തീനായോ വീര, തീൻപോയ്:
അമംഗളങ്ങളാംതാനല്ലോ ദുഃഖാലും നേരിടുന്നു മേ! 20

കിട്ടുമോ സീതയെക്കേടെല്ലാതെ നമ്മൾ ലക്ഷ്മണ,
ജീവനോടെ നരവ്യാഘ്ര, ജനകന്റെ കുമാരിയെ
മൃഗക്കൂട്ടം, കുറുനരി, ഖഗങ്ങളിവ ഘോരമായ്
നോക്കിയാക്രന്ദനങ്ങളുണ്ടല്ലോ, സൂൎയ്യൻ നില്പുള്ള ദിക്കിനെ: 22

സ്വസ്തിയാം രാജപുത്രിക്കു ചേരുകില്ലേ മഹാബല!

മൃഗാഭരക്ഷസ്സിതു ദ്രാവ പി-
ച്ചോടിനിടുന്നെന്നെ മയക്കിയല്ലോ;
ചാരം പണിപ്പെട്ടൊരുമട്ടു കൊന്നേ-
ന;-വൻ മരിക്കുമ്പൊളരക്കനായി.
മനസ്സു മാഴ്കുന്നിതു ഹൎഷമററി-
ങ്ങു;-നില്ക്കിടംകണ്ണുമിതാ, വിറപ്പൂ;
പോയ്പ്പോയ് ദൃഢം ലക്ഷ്മണ,സീത: ചത്തോ,
കവൎന്നുപോയോ, പഥി നില്പതുണ്ടോ!"

—?—

Digitized By Kerala Sahitya Akademi

## ഐമ്പത്തെട്ടാം സർഗ്ഗം: ആശ്രമപ്രത്യാഗമനം.

ശൂന്യ സീതയെ വിട്ടാർത്തൻ ലക്ഷ്മണൻ വന്നതങ്ങിനെ
കണ്ടിട്ടു ധാർമ്മികൻ ചോദിച്ചാനദ്ദശരഥാത്മജൻ:—
“ദണ്ഡകക്കാട്ടിനാശ്വാസമെന്നെയാർ പിന്തുടർന്നിതോ,
എങ്ങസ്സീത? വെടിഞ്ഞതല്ലോ വന്നു നീയിങ്ങു ലക്ഷ്മണ! 2

രാജ്യം പോയവതില്ലാതെ ദണ്ഡകം ചുറ്റുമെന്നുടെ
ദുഃഖത്തിൽത്തുണയായുള്ളസ്സീതയെങ്ങു കൃശോദരി?
ആരെന്ന്യെ ഞാൻ ക്ഷണംപോലും വീര, ജീവിച്ചിരുന്നിടാ,
അസ്സീതയെങ്ങെ,ൻപ്രാണന്നു തുണ, ദേവസുതാഭയാം? 4

വിണ്ണോർക്കും മന്നിനോ നാഥനെന്നതുംകൂടി ലക്ഷ്മണ,
വേണ്ടാ നമുക്കാ,പ്പൊൻകാന്തി പൂണ്ട ജാനകിയെന്നിയേ!
ജീവിച്ചിരിക്കുന്നില്ലേ മൽപ്രാണാതിപ്രിയ മൈഥിലി?
സൌമ്യ, തെറ്റുകയില്ലല്ലീ മമ പ്രവ്രാജനവ്രതം? 6

സൌമിത്രേ, സീതമൂലം ഞാൻ ചത്തു, നീയങ്ങു ചെല്ലുകിൽ
കാമം നേടിസ്സുഖിപ്പാനായ്ക്കൈകേയിക്കിടയാവുമോ!
സപുത്രരാജ്യയായ്സ്സിദ്ധാർത്ഥയാം കേകയപുത്രിയെ
സേവിക്കുമോ, മകൻ ചത്ത പാവം കൌസല്യ താഴ്മയിൽ! 8

സീത ജീവിപ്പുണ്ടെങ്കിലാശ്രമത്തേക്കു പോരുവൻ;
അസ്സച്ചരിത്ര മരിച്ചെങ്കിൽ, പ്രാണൻ, ലക്ഷ്മണ, പോക്കുവൻ!
ആശ്രമേ തിരിയേ ചെന്നാലെന്നോടസ്സീത മൈഥിലി
ചിരിച്ചു സംസാരിക്കായ്കിൽ ഞാൻ ലക്ഷ്മണ, മരിച്ചുപോം! 10

ചൊല്ലു ലക്ഷ്മണ: ജീവിക്കുന്നുണ്ടോ മൈഥിലിയില്ലയോ?
നിൻനോട്ടക്കുറവാൽപ്പാവം രാക്ഷസക്കിരയായിതോ!
പൂമേനിപ്പെൺകിടാവെ,ന്നും മാൽ കാണാതെ പുലർന്നവൾ
ഉറം ചുട്ടു ദുഃഖിക്കുകയാ,മെൻ വേർപാടാലെ മൈഥിലി! 12

എല്ലാംവിധത്തിലും, ദുഷ്ടശീലനാമുള്ളരാക്ഷസൻ
ലക്ഷ്മണാ, എന്നു കേണാക്കെ നിനക്കോ പെട്ടുപോയ് ഭയം!
വൈദേഹി കേട്ടിട്ടുണ്ടാവു,മെന്റേതിന്നൊക്കുമസ്സ്വരം;
പേടിച്ചയക്കയാലെന്നെക്കാണ്മാനും പോന്നിതാണു നീ! 14



Digitized By Kerala Sahitya Akademi

സർവ്വഥാ കഷ്ടമേ ചെയ്തു സീതയെക്കാട്ടിൽ വിട്ട നീ
നൃശംസരാക്ഷസർക്കേകി പകരംവീട്ടുവാൻ തരം!
മാംസം തീനുമരക്കർക്കുണ്ടല്ലോ ഖരവധാലഴൽ;
ഘോരരാമവർ കൊന്നിട്ടുണ്ടാവും സീതയെ നിർണ്ണയം! 16
അയ്യോ, വിപത്തിൽമുങ്ങിപ്പോയ് സർവ്വഥാ ഞാനരിന്ദമ;
എന്തിനു ചെയ്യേണ്ടു?–വരാനുള്ളൊന്നാവാമിതിങ്ങിനെ!"
എന്നു സുശ്രോണി വൈദേഹിയാളെച്ചിന്തിച്ചുകൊണ്ടുതാൻ
വെമ്പിപ്പോന്നു ജനസ്ഥാനത്തേയ്ക്കു രാമൻ സലക്ഷ്മണൻ. 18

അഴൽപ്പെട്ടും സോദരനെപ്പഴിച്ചു,
തളച്ചു പൈദാഹമിവററിനാലും
കിതച്ചു, വായ് വററി, വിവർണ്ണനായി-
ട്ടണഞ്ഞു കണ്ടാൻ വിജനം നിവാസം;
തന്നാശ്രമത്തിങ്കലണഞ്ഞു വീരൻ
വിഹാരദേശം പലതിൽത്തിരഞ്ഞാൻ;
അതാണി,താണെന്നു, കളിസ്ഥലത്തിൽ
വിഷണ്ണനായ്ക്കോൾമയിർ പൂണ്ടു നിന്നാൻ! 20

— * —

## ഐമ്പത്തൊമ്പതാം സർഗ്ഗം: രാമപരുഷവചനം

— * —

ആശ്രമം വിട്ടുപോരുന്നോനാം സൌമിത്രിയോടു രാഘവൻ
ഇടയ്ക്കുവെച്ചു ചോദിച്ചു വീണ്ടും രാമൻ വ്യഥാകുലം.
അവനോടോതി:–"നീയെന്തു വിട്ടുപോന്നതു സീതയെ?
ഞാൻ നിന്നെ വിശ്വസിച്ചല്ലോ വേർപെട്ടതവളായ് വനേ. 2
നീ സീതയെ വെടിഞ്ഞിങ്ങു വന്നതീക്ഷിച്ചു ലക്ഷ്മണ,
മഹാവിപത്തു ശങ്കിച്ചെൻമനം മാഴ്കുന്നു സത്യമായ്!
വിറയ്ക്കുന്നുണ്ടിടംകണ്ണും കൈ നെഞ്ചും മമ ലക്ഷ്മണ,
സീതാരഹിതനാം നിന്നെദ്ദൂരത്തു പഥി കാൺകയാൽ." 4
ഇതു കേട്ടിട്ടു സൌമിത്രി ലക്ഷ്മണൻ ശുഭലക്ഷണൻ
വീണ്ടും മാലിലകപ്പെട്ടു മാഴ്കും രാമനൊടോതിനാൻ:–
"താൻതാനായല്ല വിട്ടിട്ടു പോന്നതുള്ളിച്ഛപോലെ ഞാൻ. 6
ഹാ, സീതേ ലക്ഷ്മണാ! എന്നും, കാത്തുരക്ഷിയ്ക്കുകെന്നുമായ്,
ജ്യേഷ്ഠനൊപ്പം വിളിച്ചാർത്തതങ്ങു വൈദേഹി കേട്ടുപോയ്.

Digitized By Kerala Sahitya Akademi

അട്ടീന [illegible] ട്ടു നിങ്ക [illegible]
എന്നോടു, 'ചെല്ല ചെല്ലെ'ന്നാം, കണ്ണു [illegible] 8
അവരം ന്യായ, ചെല്ലെന്നായ് നിർബ്ബന്ധിയ്ക്കുന്നു പാതിൽ ഞാൻ
നിങ്കൽ വിശ്വാസമോടേവം ചൊന്നേൻ സീതയോടനന്തരം:—
'ഓരരക്കനെ ഞാൻ കാണ്മീലവനു ഭയമേകുവാൻ;
സ്വാസ്ഥ്യം കൊൾക, തവ ഭർത്താവല്ലാ, രോ നിലവിളിച്ചതാം. 10

നീചവും നിന്ദിതവുമായ്, 'രക്ഷകെ'ന്നാര്യനോതുമോ?
കാക്കുമല്ലോ സുരന്മാരെപ്പോലും സീതേ, ശരിയ്ക്കവൻ!
ഏതോ രാക്ഷസനെ,ന്തിനോ, ജ്യേഷ്ഠന്റേതൊത്തൊരൊച്ചയിൽ
വിളിച്ചതാണു, രക്ഷിയ്ക്ക, രക്ഷിയ്ക്കെന്നയി ശോഭനേ. 12

'എന്നെ ലക്ഷ്മണ, രക്ഷിയ്ക്കെ'ന്നീ വാക്കൊച്ചപകന്നതാം;
പൊട്ടപ്പെണ്ണുങ്ങളാം തേടുന്നോരിണ്ടൽ കൈക്കൊണ്ടിടായ്ക നീ.
പോരും വല്ലായ്കയെല്ലാമേ; സ്വാസ്ഥ്യമാകുഴറാതെ നീ:
മൂപ്പാരിലാണായൊരുവൻ യുദ്ധം ചെയ്തിട്ടു രാമനെ 14
പോരിൽജ്ജയിപ്പോനുണ്ടായിട്ടില്ല, ന്നാകയുമില്ലിനി;
അജയ്യൻ രാഘവൻ പോരിലിന്ദ്രൻ മുമ്പാം സുരർക്കുമേ!
ഇതു കേട്ടിട്ടു വൈദേഹി മതികാലുഷ്യമേല്ക്കയാൽ
കണ്ണുനീർ വാർത്തുകൊണ്ടേവം ചൊന്നാളെന്നോടു ഘോരമായ്:— 16
'ഏററവും ചീത്തയാം മോഹം വെച്ചിട്ടെന്റെ പേരിൽ നീ
ഏട്ടൻ ചത്തിട്ടു നേടീടാനെ;—ന്നാൽക്കിട്ടില്ല മാം തവ!
ഭരതങ്കൽപ്പറഞ്ഞൊത്തു രാമാനുഗതി ചെയ്യു നീ:
ചെൽവീലയല്ലോ, പെരികെക്കേണോർത്തീടമിവങ്കൽ നീ. 18
പ്രച്ഛന്നശത്രു നീയെന്നെക്കിട്ടാൻ കൂടെനടക്കയാം
രാമങ്കൽ ശ്രദ്ധ നോക്കിക്കൊണ്ടു;—തത്ര ചെന്നിടാത്തു നീ!'
എന്നിസ്സീതോക്തിയാലല്ലോ, പുണച്ചും മിഴി ചെത്തിയും
ക്രോധാൽച്ചുണ്ടു വിറക്കൊണ്ടുമാശ്രമം വിട്ടുപോന്നു ഞാൻ!" 20

എന്നോതും ലക്ഷ്മണനോടു രാമൻ മാൽ മൂത്തുചൊല്ലിനാൻ:—
"ചീത്തയാമ്മായ, വള്ളെ വിരട്ടിച്ചു പോന്നതു സൌമ്യ, നീ:
അരക്കരെത്തടുപ്പാൻ ഞാൻ മതിയാമെന്നറിഞ്ഞുമേ,
ഈ ക്രോധവാക്കിനാൽപ്പോന്നുവല്ലോ സീതയെ വിട്ടു നീ! 22
പ്രീതി കൊൾവീല ഞാൻ നിങ്കൽ, സ്സീത കൂടാതെ പോന്നതിൽ;
ചൊടിച്ച പെണ്ണിൻ പരുഷം കേട്ടല്ലോ പോന്നതിങ്ങു നീ

Digitized By Kerala Sahitya Akademi

സ്വഥാ പററി പിഴ ചേ: സീതതൻ പ്രേരണത്തിനാൽ
ക്രോധത്തിന്നടിപ്പെട്ടു ചെയ്തില്ലല്ലോ മഹാജ്ഞ നീ! 24

ആശ്രമത്തിങ്കൽനിന്നെന്നെ മായ പൂണ്ടോരകററിയോൻ,
ആ രാക്ഷസൻ ശരിക്കെന്നമ്പേററു ചത്തുകിടക്കയാം.

ചാപം വലിച്ചമ്പതൊടുത്തുവെച്ചു ഞാൻ
സലീലമായ്ബ്ബാണമയച്ചതല്ലയാൽ,
മാനിന്റെ മെയ്‌വിട്ടനാത്തനാദവും
മൃതിത്തവൻ തൊഴുവളയിട്ടരക്കനായ്. 26
ശരം തറഞ്ഞപ്പൊഴുതാത്തമട്ടൊടെൻ—
സ്വരം പിടിച്ചേററവുമുച്ചമായവൻ
പറഞ്ഞതാണാക്കേട്ടതായ വാക്കു:—“ഭ്രാത
ശ്രവിയ്ക്കയാൽസ്സീതയെ വിട്ടുപോന്നു നീ!”

— * —

## അറുപതാം സർഗ്ഗം: രാമോന്മാദാവസ്ഥ.

— * —

പോരുമ്പൊഴുതിടംകണ്ണുതാഴത്തായിളകീ തുലോം;
കാൽവെപ്പുമിടറീ; രാമന്നുളവായ് മെയ്‌വിറയ്ക്കലും.
ദുർന്നിമിത്തങ്ങളെപ്പേർത്തും പേർത്തും കണ്ടതിനാലവൻ,
‘ക്ഷേമമല്ലെന്നുവരുമോ സീതയ്ക്കെ’ന്നുരിയാടിനാൻ. 2

സീതയെക്കാണുവാൻ വേണ്ടിപ്പോന്നാൻ വെമ്പലൊടൊത്തവൻ;
ശൂന്യമാം പാർപ്പിടം കണ്ടിട്ടാക്കമ്പിൽബ്ഭീതി തേടിനാൻ.
വേഗാൽച്ചുററിനടന്നംഗം കുഴഞ്ഞു രഘുനന്ദനൻ
അതാതിടത്തായുടജത്തിങ്കലൊട്ടുക നോക്കിനാൻ; 4

സീതയില്ലാത്തതായ്ക്കണ്ടാനന്നേരം പർണ്ണശാലയും,
ഹേമന്തേ ലക്ഷ്മി പോയ്ക്കെട്ട താമരപ്പൊയ്ക പോലവേ.
വൃക്ഷങ്ങൾക്കേഴ്വതിൻമട്ടും, പൂമാൻപക്ഷികൾ വാടിയും,
വനദേവതമാർ വിട്ടും, ശ്രീ പോയും, കെട്ട നട്ടിയും,

പായും പലകയും മാററിവെച്ചും, തോൽ ദർഭ ചിന്നിയും,
ശൂന്യം തൻപാർപ്പിടം കണ്ടു വിലപിച്ചിതു മേല്ക്കുമേൽ:—
‘ഏതായാളോ? മൃതിപ്പെട്ടോ? തിന്നായ്പ്പോയോ? മറഞ്ഞിതോ?
ഒളിച്ചുനില്ക്കയോ? ഭീരു കാട്ടു പൂകിയിരിക്കയോ? 8

Digitized By Kerala Sahitya Akademi

പൂക്കളേകം കാട്ടുപൂവും വീണ്ടും പറിപ്പാൻ പോയിരിക്കുമോ?
താമരപ്പൊയ്കയിൽപ്പോയോ? തണ്ണീർക്കായ് പ്പുഴ പൂകിയോ?"
യത്നിച്ചാരാസ്ഥയിലും കാട്ടിൽക്കണ്ടുകിട്ടീല കാന്തയെ;
കരഞ്ഞായ് മാൽകൊണ്ടു കൺ ചെഞ്ഞു, മാലാൽ ഭ്രാന്തനെപ്പോലവൻ!

വൃക്ഷാൽ വൃക്ഷം, നഗാൽ ശൈലം, നദാൽ നദിയിവറ്റിലായ്
മണ്ടി മാൽച്ചേർക്കടലിലാണ്ടു രാമൻ വിലപിച്ചുയായ്:—
"കദംബ കാണുകയുണ്ടായോ? കടമ്പിൽപ്രിയയാം പ്രിയ;
കദംബേ, ചൊല്ലുക,റിവുണ്ടെങ്കിൽ സ്സുമുഖി സീതയെ।

മിനുസത്തളിർ പോലുള്ളോളാം, മഞ്ഞപ്പട്ടുടുത്തവളാം,
ചൊല്ലു, കാണായിവളെങ്കിൽ വില്വമേ! നീ വില്വമേ!
അല്ലെങ്കിൽ നീ ചൊൽ മരുതേ: മരുതിൽപ്രിയയാം പ്രിയ;
തനിച്ചു ജീവിച്ചിരിപ്പുണ്ടോ, ഇല്ലയോ ജനകാത്മജ? 14

കകുഭം നോക്കറിയും, മാകന്ദത്തോടുടഞ്ഞു സീതയെ;
ശോഭിപ്പിതല്ലോ, തളിരും പൂവുമൊത്തീ വനസ്പതി.
വണ്ടിന്റെ പാട്ടുണ്ടല്ലോ ഈ നൽത്തരുവിനന്തികേ;
മൈലെള്ളിൽ പ്രിയയുള്ളോളെയീ മൈലെള്ളറിയും ദൃഢം! 16

ശോകാകുലിതനാമെന്നെ, ശ്ലോകം പോക്കുമശോകമേ,
ഓമലാളെ ദ്രുതം കാട്ടി, നിൻപേരൊത്തവനാക്കണേ!
പനമ്പഴക്കൊങ്കയാളെക്കണ്ടുവോ പനയേ,ചൊൽക
ചൊല്ലു സുശ്രോണിയെ, നിനക്കെങ്കൽക്കനിവിരിക്കുകിൽ! 18

നീ കണ്ടോ ഞാവലേ, ഞാവൽപ്പഴം പോലുള്ള സീതയെ?
അറിയാമെങ്കിൽ, നിശ്ശങ്കം ചൊല്ലിത്തരിക കാന്തയെ।
അയ്യോ, ലസിപ്പു നൽപ്പൂവാൽ നീയുമാറാം കർണ്ണികാരമേ കാന്തയെ!20

കടമ്പു, വമ്പയൻ, മാവു, പുലാവു, ബകുളം, ഞമ,
മുല്ല, കൈത, കുരുക്കുത്തിമുല്ല, ചമ്പക—മാതളം,
വേങ്ങയെന്നിവയെച്ചെന്നു കണ്ടു ചോദിച്ചു കാനനേ
അലഞ്ഞുന്മത്തനെപ്പോലെ കാണായ് രാമൻ പുകഴ്ന്നവൻ. 22

'ആട്ടേ, നീയറിയും മാനേ, കൊച്ചുമാൻമിഴി സീതയെ;
മാനുമൊത്തമരായ്ച്ചേർന്നിരിക്കാം മാൻനോട്ടം ചേരുമോമലാൾ!
ഗജനാസോരുവാമവളെ ഗജമേ, കണ്ടുവോ ഭവാൻ?
അവളെ നീയറിവോളമാവാം; കഥിക്കു കരിസത്തമ! 24

Digitized By Kerala Sahitya Akademi

വ്യാഘ്രമേ, മത്തയിതയാം ചന്ദ്രമുഖി സീതയെ
കണ്ടെങ്കിൽച്ചൊല്ക നിശ്ശങ്കഃ—മല്പ്രിയയല്പാ ഭയം തവ!
എന്തിന്നോടുന്നു നീ കാന്തേ? കണ്ടെത്തി കമലാക്ഷി, ഞാൻ;
വൃക്ഷങ്ങളിലൊളിച്ചോന്നോടെന്തു മിണ്ടാതെ നില്പു നീ? 26

നില്ക്കു, നില്ക്കു വരാരോഹേ, നിനക്കില്ലലിവെന്റെ മേൽ;
നേരംപോക്കേറെയുള്ളോളല്ലേ;—ഉപേക്ഷിപ്പതെന്നെ നീ
ഇതാ, സൂചിതയായ് മഞ്ഞപ്പട്ടാൽ നീ വരവർണ്ണിനി;
പാഞ്ഞെങ്കിലും, ഞാൻ കണ്ടെത്തി; സ്നേഹമുണ്ടെങ്കിൽ നില്ക്ക നീ! 28

അല്ലെങ്കിലവളില്ലിങ്ങു; കൊലപ്പെട്ടു ശുചിസ്മിത:
കഴക്കിൽപ്പെട്ടൊരിയെന്നെയുപേക്ഷിക്കില്ല നിശ്ചയം!
തീർച്ചയായ്, ഞാൻ പിരികയാൽത്തിന്നിതക്കൊച്ചുകാന്തയെ,
അംഗങ്ങളെല്ലാം വീതിച്ചു, മാംസം തിന്നുന്ന രാക്ഷസർ! 30

നൽപ്പല്ലുചുണ്ടുമൂക്കാമൽത്താടയും ചേരുമാമുഖം,
ഗ്രസിക്കപ്പെട്ടു, വാർതിങ്കൾ പോലെ നിഷ്പ്രഭമായ് ദൃഢം!
ചമ്പകപ്രഭയുള്ളൊന്നു, കണ്ഠാഭരണശോഭിതം,
വിലപിക്കും ദയിതതൻ പൂംകഴുത്തതു തിന്നുപോയ്! 32

വളതോറുംവളയിട്ടുള്ളാത്തളിരിനൊത്ത കൈകളും,
കടഞ്ഞഗ്രം വിറച്ചീടുമാറു സാപ്പെട്ടുപോയ് ദൃഢം!
വേർപെട്ടു ഞാനുമായ്പ്പെൺതയ്യൽ, രക്ഷക്കിരയാകുവാൻ;
കൂററാർചെടിഞ്ഞതവളൊക്കൊപ്പം തീനായ് ബന്ധുക്കളെറിയാറു! 34

ഹാ ലക്ഷ്മണ, പ്രിയയെ നീയെങ്ങാൻ കണ്ടോ മഹാഭുജ?
'ഹാ, പ്രിയേ, എങ്ങു നീ ഭദ്രേ! ഹാ! സീതേ!' എന്നു മേല്ക്കുമേൽ
വിലാപം പൂണ്ടു വിപിനാൽ വിപിനേ പാഞ്ഞു രാഘവൻ:
ചിലേടമുഴറി വേഗാൽ; ചിലേടം ഭ്രാന്തനായ് ബലാൽ; 36

ചിലേടം മത്തനെപ്പോലായ് കാന്താന്വേഷണതൽപരൻ!
വനശൈലങ്ങളും, നദികളും, വങ്കാടു,തവിയാറുകളും
നില്ക്കാതെയിവയിൽച്ചുററിയലഞ്ഞാനവനഞ്ജസാ.

പരന്ന വങ്കാട്ടിലണഞ്ഞു നീളവേ
നടന്നു വൈദേഹിയെ നേടിടുന്നതിൽ
ഹതാശനായിട്ടു,വനഗ്ര്യമാം ശ്രമം
തുടർന്നു വീണ്ടും, പ്രിയയെത്തിരഞ്ഞിടാൻ. 38

— * —

Digitized By Kerala Sahitya Akademi

## അറുപത്തൊന്നാം സർഗ്ഗം: രാമമൂർച്ഛാവസ്ഥ

— * —

വിവിക്തമാമാശ്രമവും ശൂന്യമാം പർണ്ണശാലയും
ധ്വസ്താസനങ്ങളും കണ്ടു രാമൻ ദശരഥാത്മജൻ
അതിങ്കലെങ്ങുമേ നോക്കിസ്സീതയെക്കണ്ടിടായ്കയാൽ
വിളിച്ചുംത്തു വിളങ്ങുന്ന കൈ രണ്ടും പൊക്കിയോതിനാൻ; 2
"എങ്ങു വൈദേഹി സൗമിത്രേ? ഇങ്ങുനിന്നെവിടെയ്ക്കുപോയ്?
ആരാൻ കവർന്നോ പ്രിയയെ?-യാരാൻ ലക്ഷ്മണ, തിന്നുവോ?
സീതേ, മരംമറഞ്ഞെന്നെക്കളിയാക്കുന്നതെങ്കിലോ,
പോരും നിൻകളിമട്ടിപ്പോൾ;-ദ്ദുഃഖം ചുറ്റുമെങ്കൽ നീ! 4
സീതേ, നീ ചേർന്നു കൂത്താടും വിശ്വസ്തച്ചെറുമാൻകൾ
സൗമ്യേ, നീ വിട്ടിതാ, ചിന്ത കൊൾവൂ ബാഷ്പാവിലാക്ഷരായ്.
സീത വേർപെട്ടു ഞാൻ ജീവിച്ചിരുന്നീടില്ല ലക്ഷ്മണ!
സീത പോയോരു വന്മാലാൽ മൃതനാമെന്നെ നിർണ്ണയം, 6
പരലോകത്തിലെന്നച്ഛൻ മഹാരാജാവു കാണുമേ;
'എന്തേ, പ്രതിജ്ഞയേററിട്ടു, ഞാൻ നിയോഗിച്ചയച്ച നീ
അക്കാലം മുഴുമിപ്പിക്കാതെൻചാരെ വന്നുചേരുവാൻ?
നിന്ദ്യൻ നീ'യെന്നു പരലോകത്തെന്നച്ഛനുരച്ചിടും, 8
താന്തോന്നിയായിപ്പോഴ് ചെന്ന ദുഷ്ടനാമെന്നൊടായ് ദൃഢം।
മാലിൽവെന്താശ കെട്ടാവതില്ലാതുഴലുമെന്നെ നീ,
കള്ളനെക്കീർത്തി പോലിങ്ങു കഷ്ടമായി വെടിഞ്ഞുടൻ
പോവതെങ്ങു വരാരോഹേ! വിടൊല്ലെന്നെസ്സുമധ്യമേ; 10
നീ വേർപിരികിലോ, ഞാനെൻപ്രാണനെക്കൈവെടിഞ്ഞിടും।"
എന്നൊക്കെ വിലപിക്കുന്നാ രാമൻ സീതേക്ഷണോത്സുകൻ
കണ്ടതില്ല,തിദുഃഖാർത്തൻ വിദേഹജയെ രാഘവൻ,
സീതയെക്കണ്ടുകിട്ടായ്കയാലദ്ദശരഥാത്മജൻ 12
പാരിച്ച ചേറിലാഴ്പ്പെട്ടൊരാന പോലെ കുഴങ്ങവേ,
ലക്ഷ്മണൻ രാമനോടേററം ഹിതമാത്തുരിയാടിനാൻ:-
"മാലേല്ക്കൊല്ലാ മഹാബാഹോ; യത്നം ചെയ്കെന്നോടൊത്തു നീ:
വള്ളിക്കുടകൾ ധാരാളമുണ്ടല്ലോ ശൂര, കാട്ടിതിൽ. 14
കാടു ചുററാൻ രസം പൂണ്ടോൾ, നീർഭ്രാന്തുള്ളവൾ മൈഥിലി;
അവൾ കാട്ടിൽക്കേറിപ്പോയിരിക്കും, പൂവനിപ്പൊയ്കതന്നിലോ!

Digitized By Kerala Sahitya Akademi

മീൻനീർപക്ഷികളുള്ളോരാ പുഷ്കരിണിയിലും കളിക്കുവാൻ;
കളിയാക്കാൻ കാട്ടിലെങ്ങാനൊളിച്ചമരുകെന്നുമാം! 16

ഭയപ്പെടുത്താനെങ്ങാനുമൊളിച്ചിരിപ്പെന്നും വരാം വനേ,
നമ്മെപ്പരീക്ഷിച്ചറിവാൻ വൈദേഹി പുരുഷർഷഭ!
അവളെത്തേടുവാൻ വെക്കം ശ്രീമാനേ, വേലചെയ്ക നാം.
കാട്ടിലെങ്ങും തിരക നാം,മസ്സീതയമരുന്നിടം, 18

വേണമെന്നാകിലെലക്ഷ്യമാക; ദുഃഖമുൾക്കൊള്ളൊല്ല ഭവാൻ.''
എന്നു ലക്ഷ്മണനപ്പോഴേ ചൊന്നാശ്വാസമന്വയാൽ
രാമൻ സൗമിത്രിയോടൊന്നിച്ചന്വേഷിപ്പാൻതുടങ്ങിനാൻ.
വനാചലങ്ങളും, നദികളും, സരസ്സിവയിലെങ്ങുമേ 20

തേടിനോക്കീ ദശരഥാത്മജന്മാരവർ സീതയെ;
അശ്ശൈലത്തിൻ ഗുഹാശൃംഗസാനുക്കളിലുമേതിലും,
തേടിനോക്കീടിനാരെ;—ന്നാൽക്കാണായ്വന്നീലവർക്കവൾ:
ശൈലേ നീളെത്തിരഞ്ഞാതി സൗമിത്രിയോടു രാഘവൻ:— 22

'കാണ്മീല ഞാനീ മലയിൽസ്സൗമിത്രേ; സാധ്വി സീതയെ!'
ഉടനേ, ദണ്ഡകക്കാട്ടിൽച്ചുറ്റിനോക്കുന്ന ലക്ഷ്മണൻ,
തേജസ്സുകളും ഭ്രാതാവോടഴലാൽ വെന്തു ചൊല്ലിനാൻ:—
'നേടും ഭവാൻ മഹാപ്രാജ്ഞ, ജനകാത്മജസീതയെ, 24

ദോഷ്മാനാം വിഷ്ണു ബലിയെബ്ബന്ധിച്ചവിയെയാംവിധം!'
എന്നു ലക്ഷ്മണനപ്പോഴേ ചൊന്നനേരത്തു രാഘവൻ
ചൊല്ലിനാൻ ദീനമാംവണ്ണ,മല്ലൽത്തള്ളേറ്റ നെഞ്ചുമായ്:—
'തേടിനേൻ കാട്ടിലും പാരേ ഫുല്ലാംബുജസരസ്സിലും, 26

സന്മതേ, ചോലഗുഹകളേറമിപ്പർവതത്തിലും;
കണ്ടെത്തുന്നില്ല,യിരിലും മികവേറിയ സീതയെ!'
ഈവ വിലാപത്തോടാ രാമൻ സീതാഹരണകർശിതൻ
മാലേറ്റ ദീനനായ്ത്തീർന്നു വശംകെട്ടാൻ കുറച്ചിട; 28

ഉളം വെന്തു മെയ് വാടിയനങ്ങാതായവൻ വെമ്പിയൊന്നിയേ;
ഇരുന്നാൻ, ചുട്ട നെടുവീർപ്പിട്ടു ചാൽ മുറ്റു ദീനനായ്.
പാരം വീർപ്പിട്ട പത്മാക്ഷൻ രാമൻ കണ്ണീരിടച്ചയിൽ,
ഹാ, പ്രിയേ! എന്നു, വളരെപ്പാവശ്യം വിളികൂട്ടിനാൻ— 30

Digitized By Kerala Sahitya Akademi

അപ്പോഴുമ്പലതരം സാന്ത്വം ലക്ഷ്മണൻ ബന്ധുവത്സലൻ,
പറഞ്ഞുനോക്കി ധർമ്മജ്ഞൻ, താഴ്മയിൽത്തൊഴുകയ്യുമായ്;
എന്നാൽസ്സൌമിത്രിയുടെയാ വചനം ഗണിയാതവൻ
വീണ്ടും വീണ്ടും വിളിച്ചാൻ, കണ്ണെത്താത്താ പ്രിയസീതയെ! 32

— ം —

## അറുപത്തിരണ്ടാം സർഗ്ഗം: രാമന്റെ അരതി

—*—

ധാർമ്മികൻ സീതയെക്കാണാഞ്ഞേററം കാമാന്ധചിത്തനായ്
വിലപിച്ചാൻ മഹാബാഹു രാമൻ താമരസേക്ഷണൻ;
കാണാതെതൻ ജാനകിയെക്കണ്ടവൻപോലംഗജാർത്തനായ്
ചൊന്നാൻ ചൊല്ലുവതല്ലാത്ത വിലാപമൊഴി രാഘവൻ:— 2
“അശോകശാഖാനിരയാൽ, ശ്ശോകം മമ വളർത്തി നീ
സ്വശരീരം മറയ്ക്കുന്നു പുഷ്പപ്രിയതയാൽ പ്രിയേ!
രംഭകൊണ്ടു മറഞ്ഞാലും, രംഭത്തണ്ടൊത്ത നിൻതുട
കാണുന്നുണ്ടു ഞാൻ ദേവി; മറയ്ക്കാൻ ശക്തയല്ല നീ! 4
കൊന്നത്തോപ്പിങ്കൽ നില്പൂ നീ കല്യാണി, കളിയാക്കുവാൻ;
ദേവി, പോരു,മെനിക്കല്ലലേററം നിൻകളിത്തരം.
കളികൊണ്ടെന്തുവാൻ സീതേ? തളർന്നിവനോമലേ;
അക്കളിമ്പമിതും നന്നായ് രുചിക്കുന്നീല ദേവി, മേ; 6
വിശേഷിച്ചാശ്രമസ്ഥാനേ ചിതമല്ലിക്കളിത്തരം.
കളിമ്പക്കാരി പണ്ടു നീയെന്നെനിക്കറിയാം പ്രിയേ;
വന്നാലും നീ വിശാലാക്ഷി; ശൂന്യമീ നിന്റെയാശ്രമം!
അരക്കർ തിന്നോ കട്ടോപോയ് സീത, കില്ലില്ല ലക്ഷ്മണ: 8
അവളും ചാരേ വരുന്നില്ലയല്ലോ ഞാൻ വിലപിക്കവേ!
കണ്ണിൽക്കണ്ണീരു ചേരും മാൻകുട്ടങ്ങളിവ ലക്ഷ്മണ,
ചൊല്ലുന്നിതാം, മൈഥിലിയെ ക്ഷണദാചരർ തിന്നതായ്!
ഹാ, പോയതെങ്ങന്നാര്യേ, നീ? ഹാ, സാധ്വി, വരവർണ്ണിനി! 10
ഹാ, നീ നിമിത്തമാദ്ദേവി കൈകേയി കൃതകൃത്യയാം!
സീതയോടൊത്തു പോന്നിട്ടു, സീത കൂടാതെകണ്ടു ഞാൻ
തിരിയെച്ചെന്നു, ശൂന്യാന്തഃപുരമെങ്ങിനെ പൂകിടും?
എന്നെ നിർവീര്യനെന്നോതും ലോകം, നിർദ്ദയനെന്നുമേ: 12



Digitized By Kerala Sahitya Akademi

എൻ ഭീരുത്വം വെളിപ്പെട്ടുവല്ലോ വൈദേഹി പോകയാൽ!
വനവാസം കഴിഞ്ഞാൽ ഞാൻ നോക്കാനെങ്ങിനെ ശക്തനാം,
കുശലപ്രശ്നമതുളും ജനകൻ മിഥിലേശനെ?
അവളില്ലാതെയെന്നെക്കണ്ടിട്ടു, വൈദേഹമന്നവൻ 14

പുത്രീസ്നേഹാൽ മനം വെന്തു മോഹാലസ്യപ്പെടും ദൃഢം!
അല്ലെങ്കിൽ, ബ്ഭരതൻ കാത്ത പുരിയിൽപ്പോകയില്ല ഞാൻ:
സ്വർഗ്ഗവും സീതയില്ലാഞ്ഞിൽശ്ശൂന്യന്താനെന്നു മന്മതം!
പോയ്ക്കൊൾകെ,ന്നെ വനേ കൈവിട്ടയോദ്ധ്യാസൽപുരിക്കു നീ: 16

അസ്സീതയെന്യേ ജീവിക്കയില്ല ഞാനൊരുമട്ടിലും!
മുറുകെത്തഴുകിച്ചൊല്ലേൺവാക്കാൽബ്ഭരതനോടു നീ,
'അനുജ്ഞ നല്കി രാമൻ തേ; ഭൂമി രക്ഷിക്കുകെ'ന്നു താൻ.
എന്നമ്മ കൈകേയിയെയും നീ സുമിത്രയെയും വിഭോ, 18

കൗസല്യയെയും വിധിപോലെൻ വാല്ലാൽക്കൈക്കൂവണങ്ങണം;
നോക്കി രക്ഷിക്കണം, ചൊന്നപോലെ ചെയ്തവളെ ബ്ഭവാൻ.
സീതയെന്റേയുമെന്റേയുമിന്നാശമരിനാശന,
വിസ്തരിച്ചങ്ങുണർത്തിക്കവേണമെന്നമ്മയോടു നീ" 20

ഇതി രഘുസുതനെ, സ്സുകേശിയില്ലാ-
ഞ്ഞുടവിയിലല്ലലൊടാവലാതി ചൊല്ലേ,
ഭയമലിനമുഖൻ മനസ്സിലേറ്റും
വ്യഥയൊടു ലക്ഷ്മണനും വലഞ്ഞിതേറ്റം.

—o—

## അറുപത്തിമൂന്നാം സർഗ്ഗം: രാമന്റെ താപാവസ്ഥ

— * —

ആ രാജപുത്രൻ ദയിതാവിയോഗാ-
ലാതങ്കവും കാമവുമുൾക്കയാലേ,
വീണ്ടും സഗദ്ഗന്നഴൽചേരുമാറു
സുദീനനായ് തീവ്രവിഷാദമാണ്ടാൻ.
മാൽക്കിഴിലാം ലക്ഷ്മണനോടു, പിന്നീ-
ടാ രാമനുല്ലതരമാലിൽ മുങ്ങി
ചുടുന്ന വീർപ്പിട്ടു കരഞ്ഞുരച്ചാൻ,
മാലൊത്ത വാക്കും വ്യസനാനുരൂപം:— 2

Digitized By Kerala Sahitya Akademi

“മന്നിങ്കലെന്മട്ടോർ പാപകാരി
രണ്ടാമതില്ലെന്നു നിനച്ചിടുന്നേൻ:
മൽകൊണ്ടു മാലിങ്ങിനെ നെഞ്ചുമുള്ളം
പിളർത്തലയ്ക്കുന്നിതിവങ്കലല്ലോ!
മുന്നാടു ഞാൻ തോന്നിയപോലെ ചെയ്തി-
ട്ടുണ്ടായിരിക്കും ദുരിതങ്ങൾ മേന്മേൽ;
ഇപ്പോളിതാ, മൂപ്പെത്തുകയാലവ വന്നു:
മൽകൊണ്ടു മാലിങ്ങണയുന്നുവല്ലോ! 4

രാജ്യക്ഷയം, ബാന്ധവരോടു വേർപാ-
ടച്ഛന്റെ നാശം, ജനനീവിയോഗം
ഇതൊക്കെയും ചിന്തയിൽ വന്നു കുന്നു-
ക്കൂട്ടുന്നു മേ ലക്ഷ്മണ, സങ്കടത്തെ!
ശൂന്യാടവിപ്രാപ്തനെനിക്കു മെയ്യിൽ
ശ്ശമിച്ചിരുന്നീടിന മാലിതെല്ലാം
സീതാവിയോഗാൽപ്പെരുകുന്നു വീണ്ടും,
പെട്ടെന്നു ചെന്തീ വിറകാൽക്കണക്കെ! 6

ഒരാശരൻ വന്നു ബലാൽക്കവർന്നോ-
ളാമ്പൽമിഴിയെന്നാൾ നഭസ്സിലെത്തി,
ഉച്ചപ്രലാപങ്ങളൊട്ടൊച്ച മാറി-
ക്കരഞ്ഞിരിക്കും, ഭയമോടു മേന്മേൽ!
മനോജ്ഞമാകും ഹരിചന്ദനത്തെ-
പ്പൂശുന്നതെന്നുമവൾക്കു യോഗ്യം,
ആ വട്ടമൊത്തെൻ ദയിതാകുചങ്ങൾ
പാഴ്ച്ചൂര പറ്റി പ്രകെട്ടിരിക്കും! 8

ആകമ്രസുവ്യക്തമൃദുപ്രലാപ-
മതന്മുഖം കുഞ്ചിതകേശപാശം
രക്ഷോവശം പുക്കിഹ, രാഹുവായിൽ-
പ്പൂംതിങ്കളെപ്പോലൊളികെട്ടിരിക്കും!
അനാരതം ഹാരമണിഞ്ഞീടേണ്ടു-
മാസ്സാധ്വിയാമെൻപ്രിയതന്റെ കണ്ഠം
രഹസ്സിൽവെച്ചാശു പിളർത്തു, രക്തം
കുടിച്ചിരിക്കും രജനീചരന്മാർ! 10

Digitized By Kerala Sahitya Akademi

വിവിക്തമാം കാടിതിൽ ഞാൻ പിരിഞ്ഞി-
ട്ടു,രക്കർ കയ്യേറി വലിച്ചിഴയ്ക്കേ
ഭക്ഷണാത്തിരിക്കും, കരുകിൽപ്പിടയ്ക്കോ-
യത്ത,ററം വലഞ്ഞസ്സുഭഗായതാക്ഷി!
ഇപ്പാററമലെന്നോടു ചേർന്നിരുന്നി-
ട്ടാരതാശാലിനി സീത മുന്നം,
ചിരിച്ചു ചാരുസ്മിത,നിന്നോടായി-
ച്ചൊല്ലീലയോ ലക്ഷ്മണ, നൂറു കൂട്ടം! 12

ഈ നല്ല ഗോദാവരിയാം സരിത്തിൻ-
പ്രിയസ്സജസ്രം പ്രിയമായതല്ലോ:
ഗമിച്ചിരിക്കാമിതിലി;-ല്ല, താനേ
പോയീടുമാറില്ലവളതുപോലും!
പദ്മാസ്യയാം പദ്മപലാശനേത്ര
പദ്മങ്ങളെക്കൊണ്ടുവരാൻ ഗമിച്ചോ?
അതും വരില്ലി,പ്പൊഴുമെന്നെ വിട്ടു
ഗമിക്കുമാറില്ലവളാ താമരസ്യായ്! 14

എന്നാൽ,ത്തരുത്തോപ്പുകളും പൂത്തു നാനാ-
പക്ഷിവ്രജം മേവിന കാടിതിങ്കൽ
ഗമിച്ചിരിക്കാം;-മല്ലൊക്കയില്ലി,-
അബ്ജാക്ഷിയൊററയ്ക്കതിഭീതി തേടും!
ഹേ സൂര്യ, പാരിന്റെ കൃതാകൃതജ്ഞ,
പാരിന്റെ സത്യാനൃതകർമ്മസാക്ഷിൻ;
ഗമിച്ചതെങ്ങെൻപ്രിയ, കട്ടുപോയോ?
മാലേറുമെന്നോടുരചെയ്ക സത്യം!
അജസ്രമങ്ങുന്നറിയാത്തതായി- 16

ട്ടൊന്നില്ല ലോകത്തിലെങ്ങുമല്ലോ;
കാററേ, കഥിക്കൂ,കല്യാങ്ക കക്ക-
പ്പെട്ടോ, മരിച്ചോ, പഥി നില്പതുണ്ടോ?"
എന്നൊക്കെയും, ബോധമകന്നു, മാലാൽ
മൈ വാടി രാമൻ വിലപിച്ചിടുമ്പോൾ,
ന്യായസ്ഥിതൻ ലക്ഷ്മണനാക്കരുത്തു
വിടാതെ കാലോചിതമൊന്നുരച്ചാൻ:- 18

Digitized By Kerala Sahitya Akademi

'മൽ പോക്കകംശ്ശൻ, ധൃതധൈൎയ്യനാവു-
കൃത്സാഹവും കൈക്കൊണ്ടവളെത്തിരക്കാൻ;
ഉത്സാഹയുക്തൎക്കുലകിൽത്തളൎച്ചാ-
ദ്ദുസ്സാധ്യകൎമ്മത്തിലുമില്ലയല്ലോ.'
ഇവണ്ണമാപ്പൌരുഷശാലി ലക്ഷ്മണൻ
കഥിപ്പതാൎത്തൻ രഘുവംശവൎദ്ധനൻ
ഗണിച്ചതില്ലാ; മതിധൈൎയ്യമററുപോയ്-
ക്കനത്ത ദുഃഖത്തെയണഞ്ഞു വീണ്ടുമേ. 20

---

## അറുപത്തിനാലാം സൎഗ്ഗം: സീതാഹരണനിശ്ചയം.

—*—

അവൻ ലക്ഷ്മണനോടോതീ ദീനനായ്ദ്ദീനമാംവിധം:—
'ചിക്കെന്നു ഗോദാവരിയാററണഞ്ഞറിക ലക്ഷ്മണ:
തണ്ണീർ കൊണ്ടുവരാൻ സീത ഗോദാവരിയണഞ്ഞിതോ?'
രാമനേവം പറകയാൽ വീരാരിമൎദ്ദി ലക്ഷ്മണൻ 2

മനോജ്ഞഗോദാവരിയാററണഞ്ഞാൻ ലഘുവിക്രമൻ.
അതിൻ കടവിലാരാഞ്ഞു രാമനോടോതി ലക്ഷ്മണൻ:—
'അവളെക്കടവിൽക്കാണ്മാനില്ല, കേൾപ്പീലയെൻവിളി;
എങ്ങോട്ടു പോയിരിയ്ക്കും,മാ ക്ലേശനാശിനി ജാനകി? 4

അറിയുന്നീലെ,വിടെയാണാ വിദേഹജയെന്നു ഞാൻ.'
സൌമിത്രിയുടെ ചൊൽ കേട്ടു മാലാൽ മോഹിച്ചു ദീനനായ്
താൻതാൻ ഗോദാവരിയിലെഴുന്നള്ളീ രഘൂദ്വഹൻ
അതിങ്കൽച്ചെന്നാരാഞ്ഞെ,ങ്ങു സീതയെന്നാൻ രഘൂദ്വഹൻ. 6

എന്നാൽ,ക്കട്ടു നിശാടേന്ദ്രൻ വധ്യയെന്നോ,ദ്ദേഹിയും
രാമനോടോതിയില്ലല്ലോ; ഗോദാവരിയുമങ്ങിനെ!
'ചൊല്ലും പ്രിയയെ ഞങ്ങൾക്കാ'യെന്നാ ദേഹികൾ ചൊല്കിലും,
മാഴ്കിച്ചോദിച്ച രാമങ്കലുണൎത്തീലവൾ സീതയെ: 8

ദുരാത്മാവാം ദശാസ്യന്റെയാ മെയ്യും ചരിതങ്ങളും
നിനച്ചു പേടിയാലത്രേ, ചൊല്ലാഞ്ഞൂ നദി സീതയെ!
മൈഥിലീദൎശനാശയ്ക്കാ നദി ഭംഗമണയ്ക്കയാൽ,
രാമൻ സൌമിത്രിയോടോതീ സീതാനാശാകുലാത്മകൻ:— 10

Digitized By Kerala Sahitya Akademi

"ഇങ്ങോട്ടാവരിയും, സൌമ്യ, ചൊല്ലുന്നീലൊന്നുമുത്തരം;
എന്തോതും ഞാൻ ജനകനോട,ങ്ങു ചെന്നിട്ടു ലക്ഷ്മണ,
വൈദേഹിതന്നമ്മയോടുമപ്രിയം തദ്വിയുക്തിയാൽ?
നാടു വിട്ടു വനേ വന്യവൃത്തിയാകുമെന്നിയ്യേവം 12
അകററിപ്പോന്നുമാലെല്ലാം,മാ വിദേഹജയെങ്ങു പോയ്?
തുണപ്പാനില്ല ബന്ധുക്കൾ; കാണ്മീലാ രാജപുത്രിയെ;
നീണ്ടേയ്ക്കുമിരവെല്ലാമേ മമ, നിദ്ര വരായ്കയാൽ!
മന്ദാകിനി, ജനസ്ഥാന,മിപ്രസ്രവണശൈലവും 14
ഒട്ടുക്ക ചുററിനോക്കാം ഞാൻ; സീതയെക്കണ്ടുവെങ്കിലോ!
ഈ മൃഗങ്ങൾ സുവീര്യങ്ങളെന്നെ നോക്കുന്നു മേല്ക്കുമേൽ;
ചൊൽവാൻ ഭാവിപ്പതായ്ത്തോന്നുന്നുണ്ടെനിയ്ക്കിംഗിതങ്ങളാൽ."
അവയെക്കണ്ടു ചോദിച്ചാൻ നരകേസരി രാഘവൻ. 16
സീതയെങ്ങെന്നു, കണ്ണീരാൽ മുട്ടും കൺകൊണ്ടു പാർത്തുതാൻ.
നരേന്ദ്രനിതു ചോദിക്കെ, മൃഗങ്ങളവയൊക്കയും
ചിക്കെന്നു തെക്കോട്ടു നടന്നാകാശസ്ഥലി കാട്ടിനാർ;
ഹരിക്കപ്പെട്ടിടും സീതയേതിടത്തേയ്ക്കു പോയിതോ, 18
അദ്ദിക്കിലേയ്ക്കു പാഞ്ഞിട്ടു നോക്കിനാർ നരനാഥനെ.
മാർഗ്ഗത്തെയും ഭൂമിയെയും നോക്കിയിട്ടാ മൃഗവ്രജം
വീണ്ടും പോവാൻ തുനികയാൽ കണ്ടറിഞ്ഞിതു ലക്ഷ്മണൻ;
അവതൻ വാക്കു പോലുള്ളോരിംഗിതം കണ്ടു ബുദ്ധിമാൻ 20
ദീനമായ്ച്ചൊല്ലിനാൻ, ജ്യേഷ്ഠഭ്രാതാവിനോടു ലക്ഷ്മണൻ:—
'സീതയെങ്ങെന്നു നീ ചോദിച്ചപ്പോളിം,ങ്ങു നടന്നിതാ,
മൃഗങ്ങൾ കാട്ടുന്നുണ്ടല്ലോ തെക്കോട്ടേക്കും ധരിത്രിയും;
കൊള്ളാം, ഗമിക്കുകിത്തെക്കു പടിഞ്ഞാറോട്ടു ദേവ, നാം; 22
ഉണ്ടായേയ്ക്കാമൊരു വഴി; കണ്ടേയ്ക്കാമയ്യയാളെയും.'
ആമെന്നു താനെഴുന്നള്ളി തെക്കോട്ടേക്കിന്നു രാഘവൻ,
ലക്ഷ്മണാനുഗതൻ ശ്രീമാനൂഴിയെപ്പാർത്തുകൊണ്ടുതാൻ.

ഇമ്മട്ടു തമ്മിൽസ്സല്ലാപം ചെയ്യുമപ്പൂർവ്വജാനുജർ, 24
പൂ കൊഴിഞ്ഞുകിടപ്പോരു വഴി കണ്ടിതു ഭൂമിയിൽ.
ആക്കൊഴിഞ്ഞോരു പൂമാരി പാർത്തിട്ടിൽക്കണ്ടു രാഘവൻ,
വീരൻ ലക്ഷ്മണനോടോതി ദുഃഖിതൻ ദുഃഖിതോക്തിയെ:—
'പുനരേ കണ്ടറിയുന്നേൻ ഞാൻ: പൂച്ചേർത്തലമിതു ലക്ഷ്മണ, 26

Digitized By Kerala Sahitya Akademi

ഞാനീവനത്തിൽവെച്ചേകിസ്സീത ചൂടിയിരുന്നതാം.
സൂര്യനും വായുവും പാരം കീർത്തിപ്പെട്ട ധരിത്രിയും
പ്രിയം മേ ചെയ്യുവാനാവാം, സൂക്ഷിച്ചീടുന്നു പൂക്കളെ!'
മഹാഭുജൻ ലക്ഷ്മണനോടേവം ചൊല്ലി നരർഷഭൻ 28

ചോദിച്ചാൻ, നീരൊഴുക്കാകും മലയോടു സുധാർമ്മികൻ:–
'ക്ഷോണീധരേന്ദ്ര, കാണാവുന്നിതോ സർവ്വാംഗസുന്ദരി,
രമ്യമാം കാട്ടിലങ്ങുള്ള ഞാൻ പിരിഞ്ഞോരു കാമിനി?'
ചൊടിച്ചാൻ മലയോടങ്ങു, സിംഹം മുയലൊടാംവിധം:– 30

'കുന്നേ; കാണിച്ചുകൊൾക,പ്പൊന്നൊളി മിന്നുന്ന സീതയെ,
നിൻതാഴ്വരകളെല്ലാം ഞാനുടപ്പതിന്നുമുന്നമേ!'
എന്നു മൈഥിലിയെപ്പററി രാമൻ പറകെയഗ്ഗിരി
അതുതാനോതിനാൻ! രാമന്നങ്ങു കാട്ടീല സീതയെ. 32

അതിനാൽദ്ദാശരഥിയാം രാമനദ്രിയൊടോതിനാൻ:–
'നീയെൻറ ബാണവഹ്നിയിൽ വെന്തു വെണ്ണീറടിച്ചുപോം,
പുല്ലുവൃക്ഷംതളിർ മുടിഞ്ഞെന്നെന്നേയ്ക്കുമസേവ്യമായ്!'
'ഞാനിപ്പോളിപ്പുഴയെയും വററിക്കുന്നുണ്ടു ലക്ഷ്മണ, 34
ആര്യയാം ചന്ദ്രമുഖിയാം സീതയെച്ചൊല്ലിടായ്കിൽ മേ!'

എന്നു, കണ്ണാലെരിപ്പോൻ പോലരിശം കൊണ്ടു രാഘവൻ
കണ്ടു നിലത്തരക്കൻെറ വൻകാലടി പതിഞ്ഞതും,
അരക്കൻ പിന്തുടർന്നിട്ടു ഭയപ്പെട്ടങ്ങുമിങ്ങുമേ 36
രാമകാംക്ഷിണിയായ്പ്പാഞ്ഞ സീതതൻെറ പാദങ്ങളും.
അമ്മട്ടു,രക്കൻ വൈദേഹിയിവർ പാറിനടന്നതും,
മുറിഞ്ഞ വിൽത്തൂണികളും നൂറായ്ച്ചിന്നിയ തേരതും,
കണ്ടിട്ടു സംഭ്രമം പൂണ്ടു തമ്പിയോടോതി രാഘവൻ:– 38
"കാണ്ക ലക്ഷ്മണ, വൈദേഹീഭൂഷണപ്പൊന്നലുക്കുകൾ
കൊഴിഞ്ഞിരിപ്പൂ സൗമിത്രേ, പലമാതിരി മാല്യവും;
തങ്കപ്പുള്ളികൾ പോലുള്ള ചിത്രരക്തകണങ്ങളും
ചിന്നിയിട്ടുണ്ടു മന്നിങ്കലെങ്ങുമേ, കാണ്ക ലക്ഷ്മണ. 40
വൈദേഹിയാളെസ്സൗമിത്രേ, കാമരൂപികളാശരർ
അരിഞ്ഞരിഞ്ഞു വീതിച്ചാര,ല്ലെങ്കിൽത്തിന്നിരിക്കുമേ!
സീതയെപ്പററി വാദിക്കും രണ്ടു രാക്ഷസർ തങ്ങളിൽ
നടന്നിരിക്കുന്നു കൊടുംപോരൊന്നിവിടെ ലക്ഷ്മണ! 42

Digitized By Kerala Sahitya Akademi

പൊന്നാൽപ്പൊതിഞ്ഞതായ്, സൗമ്യ, വെണ്മുത്തുകൾ പതിച്ചതായ്,
മുറിഞ്ഞു മന്നിൽ വീണോരിപ്പെരുംവില്ലാരുടേതുവാൻ?
ബാലാർക്കവർണ്ണമായേററം വൈഡൂര്യങ്ങൾ പതിച്ചതായ്,
തകർന്നു മന്നിൽ വീണോരു പൊഞ്ചട്ടയെവനുള്ളതാം? 44
ഒരുനൂറലകളൊന്നായ് ദിവ്യമാല്യോപശോഭിയായ്
കാൽ മുറിഞ്ഞൂഴിയിൽ സൗമ്യ, വീണൊരീക്കുടയാരുടെ?
പിശാചാസ്യക്കഴുതകളിവ, പൊഞ്ചട്ടയിട്ടവ,
ഘോരരൂപങ്ങൾ, ക്രൂരന്മാർ, പോരിൽച്ചത്തവയാരുടെ? 46
ധ്വജക്കൊടിമരം, കാന്തികൊണ്ടു ദീപ്താനലോപമം,
മുറിഞ്ഞതീയാരുടെയാണീ, പ്പടത്തേരുടഞ്ഞതും?
ഇതാ, തേരശ്വമണ്ടാളം പോന്ന പൊന്നണിയമ്പുകൾ
മൂന്നു പോയററതിന്നുള്ളതുഗ്രചരിതന്റെയാം? 48
കാൺകെ, ശരപൂർണ്ണങ്ങളുടഞ്ഞോരാവനാഴികൾ ലക്ഷ്മണ;
ചമ്മട്ടികടിഞ്ഞാൺപൂണ്ടു ചത്തോരീസ്സൂതനാരുടെ?
ഇതാ, ചാമരംവീശും രണ്ടാൾ സൗമ്യ, നരേഷ്ട,
പോരിൽച്ചത്തുകിടക്കുന്നു സ്വർണ്ണോഷ്ണീഷമണികുണ്ഡലർ? 50
നൂനം കാല്പാടിതാണിതന്റെയാണേതോ രാക്ഷസന്റെയാം.
നൂറിരട്ടിച്ചതായ്ക്കാൺകി, യെൻ വൈരം പ്രാണനാശനം!
സൗമ്യ, ഘോരാശയന്മാരാം കാമരൂപികളാശരർ
കട്ടോ വധിച്ചോ തിന്നോ പോയ്, പാവമാകിയ മൈഥിലി; 52
കാത്തീല ധർമ്മം, വങ്കാട്ടിൽക്കഷ്ടേറപ്പെട്ട സീതയെ!
സീതയെത്തീങ്കിലും കൊണ്ടുപോകിലും ശരി ലക്ഷ്മണ,
ലോകത്തിൽ മേ പ്രിയം സൗമ്യ, ചെയ്യാനേതീശർ ശക്തരാം?
ശൂരനാം ലോകകർത്താവുമാണെന്നാലും ദയാലുവെ 54
ജന്തുക്കളാരും മാനിക്കില്ലജ്ഞാനംകൊണ്ടു ലക്ഷ്മണ!
മൃദു, ലോകഹിതോദ്യുക്തൻ, ദമശീലൻ, ദയാലു ഞാൻ
ഉശിരററവനെന്നാവാം നിനപ്പതമരേശ്വരർ;
എങ്കിലെൻ ഗുണം ദോഷമായ്ത്തീർന്നു! കാൺക ലക്ഷ്മണ: 56
ഇതാ, ഭൂതങ്ങൾക്കെല്ലാർക്കും രാക്ഷസർക്കും ക്ഷയത്തിനായ്,
നിലാവിനെപ്പോക്കിയുദിക്കുന്ന ചണ്ഡാംശുപോലവേ,
എല്ലാഗ്ഗുണത്തെയും പോക്കിത്തേജസ്സു തെളിയുന്നു മേ!
യക്ഷന്മാരഥ ഗന്ധർവ്വർ, പിശാചുക്കളരക്കരും, 58

Digitized By Kerala Sahitya Akademi

കിന്നരന്മാർ, നരന്മാരും സുഖം നേടില്ല ലക്ഷ്മണ!
എന്നസ്ത്രബാണങ്ങൾ നിറഞ്ഞാകാശം, കാണ്ക ലക്ഷ്മണ,
ത്രൈലോക്യചാരികൾക്കിന്നു കേറാവല്ലാത്തതാക്കുവൻ!
ഗ്രഹചക്രം നിവൃത്തമാപ്പെട്ടതായ്, ചന്ദ്രനൊളിഞ്ഞതായ്, 60
അഗ്നിയും വായുവും നാശപ്പെട്ട, ർക്കാംശു മറഞ്ഞതായ്,
ജലാശയം വററിയതായ്, ശൈലശൃംഗങ്ങളുടഞ്ഞതായ്
മരംവള്ളിക്കൂട്ടിൽ തകർന്ന്, ഗുല്മങ്ങൾ മുടിഞ്ഞതായ്,
കാലധർമ്മമകപ്പെട്ടതാക്കുവൻ മൂന്നുലോകവും! 62
അസ്സീതയെക്കേടു പെടാതേകുകില്ലെങ്കിലീശ്വരർ,
ഇക്ഷണംതന്നെ സൌമിത്രേ, കാണുമെന്നുടെ വിക്രമം!
വാനിലേയ്ക്കുയരാതാകും ഭൂതമൊട്ടുക്ക ലക്ഷ്മണ,
എൻവില്ലിൽഞാൻ വിട്ട കണകളിടതിങ്ങിയിരിയ്ക്കയാൽ! 64
എൻബാണമേററിട്ടു തകർന്നു, ദിഗ്ഭ്രാന്തമൃഗപക്ഷിയായ്,
നിലയം വിട്ടു വല്ലാതാം പാരിപ്പോൾ; കാൺക ലക്ഷ്മണ!
സീതമൂലം, ജഗത്തസ്തപിശാചാശരമാക്കുവൻ,
ചെവിയോളം വലിച്ചെയ്തു ദിവ്യാസ്ത്രങ്ങൾകൊണ്ടു ഞാൻ! 66
അത്യന്തമകലത്തെയ്ക്കു പാഞ്ഞുചെന്നീടുമാറു ഞാൻ
ചൊടിച്ചെയ്തു ശരവ്രാതത്തിൻ കരുത്തിന്നവർ കാണുമേ!
ദേവന്മാരും ദനുജരും പിശാചരുമരക്കരും
ഇല്ലാതായ്പ്പോം, മമ ക്രോധം മുപ്പാരിനെ മുടിയ്ക്കയാൽ! 68
ദേവദാനവലോകങ്ങൾ യക്ഷരാക്ഷസലോകവും
ഇല്ലെന്നാമല്ലോ, കണകളാൽപ്പലപാടായ് മുറിയ്ക്കയാൽ;
നിലവിട്ടവയാക്കുന്നുണ്ടിന്നിപ്പാർകൾ ശരങ്ങളാൽ,
കട്ടാലും, കൊല്ലിലും, വാനോർ സൌമിത്രേ, തന്നീടായ്കിൽ ഞാൻ! 70
ആമട്ടിലേ മൈഥിലിയാമോമലാളെത്തരായ്കിലോ,
മുടിപ്പനെല്ലാവരെയും, മുപ്പാരും സചരാചരം!"
എന്നാർത്തി ക്രോധതാമ്രാക്ഷൻ വിറക്കൊള്ളുന്ന ചുണ്ടുമായ്
ചീരാജിനമുറപ്പിച്ചു ജടകെട്ടിമുറുക്കിനാൻ. 72
അമ്മട്ടിലരിശംകൊണ്ടു ധീമാൻ രാമന്റെ രൂപമോ,
വിളങ്ങി, പണ്ടു ത്രിപുരം ചുട്ട രുദ്രന്റെ പോലവേ!
സൌമിത്രിയോടു മേടിച്ചു വില്ലമർത്തിപ്പിടിച്ചുടൻ
ജ്വലിയ്ക്കുമൊരു ഘോരാസ്ത്രമെടുത്തുരഗസന്നിഭം 74



Digitized By Kerala Sahitya Akademi

ശ്രീമാൻ വിൽമേൽത്തൊടുത്തിട്ടു, രാമൻ പരപുരഞ്ജയൻ
ക്രുദ്ധനായ് പ്രളയത്തീ പോലായിട്ടിങ്ങിനെ ചൊല്ലിനാൻ:—
'എവ്വണ്ണം ജരയും, ചാക്കും, കാലവും, ദൈവയോഗവും
ലോകത്തിലെങ്ങുമെപ്പോഴും തടവേല്ക്കില ലക്ഷ്മണ, 76
അവ്വണ്ണം ക്രോധമേന്തും ഞാനതുമട്ടമവാര്യനാം!
എനിക്കു മുന്നട്ടിഹ, നല്ല പല്ലൊടൊ—
ത്തനിന്ദ്യയാം മൈഥിലിയെത്തരാഞ്ഞിടലോ,
സുരാഹിഗന്ധർവ്വനരാദ്രിയുക്തമാം 78
ജഗത്തുടൻ ഞാൻ കീഴ്മേൽ മറിക്കുവൻ!'

— * —

## അറുപത്തഞ്ചാം സർഗ്ഗം: രാമാശ്വാസനം

— • —

അത്രയ്ക്കു തപ്തനായ് രാമൻ സീതാഹരണകർശിതൻ
പാർ മുടിപ്പാനൊരുമ്പെട്ടാൻ, കല്പാന്താഗ്നി കണക്കിനേ;
കുലവിൽനോക്കി വീർപ്പിട്ടാൻ വീണ്ടും വീണ്ടും സുദീർഘമായ്;
ജഗത്തെല്ലാം ചുടാൻ നോക്കും കല്പരുദ്രനെയാംവിധം, 2
മുമ്പാടു കണ്ടിട്ടില്ലാത്തമട്ടിൽ ക്രോധിച്ച രാമനെ
കണ്ടു വായ് വററിയുംകൊണ്ടു ചൊന്നാൻ തൊഴുതു ലക്ഷ്മണൻ:—
"മുന്നാളും മൃദുലൻ, ദാന്തൻ, സർവ്വഭൂതഹിതൈഷി, നീ
ക്രോധത്തിന്നടിപെട്ടിട്ടാ സ്വഭാവത്തെ ത്യജിക്കൊലാ. 4
ചന്ദ്രൻ ശ്രീ, സൂര്യനിൽക്കാന്തി, കാററിൽപ്പോക്കു, ഭൂമിയിൽ ക്ഷമ,
ഇതൊക്കെയെന്നുമുണ്ടല്ലോ, ഭവാങ്കൽ ശ്രേഷ്ഠകീർത്തിയും?
ഒരാൾതൻ പിഴയാലങ്ങുന്നുലകാകെ മുടിക്കൊലാ.
എന്നാൽ ഞാനറിയുന്നീലീ, പ്പടത്തേരാരുടേതുവാൻ? 6
ആരെന്തിന്നായുടച്ചിട്ടു, ശസ്ത്രോപകരണാന്വിതം?
ഘോരം കുളമ്പുരാഞ്ചുററാൽച്ചതഞ്ഞു നൃപനന്ദന,
ചോര ചിന്നി നനഞ്ഞുള്ളോരിസ്ഥലം, പോർ നടന്നതാം.
ഇതൊരാളും ചെയ്ത സമ്മർദ്ദം, രണ്ടാളില്ല വദദ്വര: 8
പതിഞ്ഞുകാണ്മതില്ലല്ലോ, വമ്പട്ടുള്ള കാലടി.
ഒരാൾനിമിത്തം ലോകങ്ങൾ നശിപ്പിക്കരുതേ ഭവാൻ:
തക്ക ദണ്ഡനമേ ചെയ്യൂ, മൃദുശാന്തർ നരാധിപർ;
നീ സദാ ദേഹികൾക്കെല്ലാം ശരണ്യൻ, മുഖ്യമാശ്രയം! 10

Digitized By Kerala Sahitya Akademi

നല്ലതെന്നാർ നിനക്കും, നിൻഭാര്യാനാശത്തെ രാഘവ?
പുഴയാഴികളും, ശൈലങ്ങളും, ദേവഗന്ധർവ്വദൈത്യരും
പോരാ തവാപ്രിയം ചെയ്യാൻ, ദീക്ഷിതന്മാർ പോലവേ.
സീതയെക്കട്ടതാരാണെന്നന്വേഷിക്കുക മന്നവ,

വില്ലേന്തി, ഞാനൊന്നിച്ചു, തുണക്കാർ മുനിമാരുമായ്.
അണഞ്ഞാരായ്ക നാം, ആഴിപർവ്വതങ്ങളും വനങ്ങളും
ഘോരനാനാഗുഹകളും പുഴതണ്ടാർക്കുളങ്ങളും;
ദേവഗന്ധർവ്വലോകത്തുമാരായ്ക മതി വെച്ചു നാം, 14

നിൻഭാര്യയെക്കട്ടവനെക്കണ്ടുകിട്ടുംവരെയ്ക്കുമേ.
നിൻപത്നിയെസ്സുരാധീശർ സാമംകൊണ്ടു തരായ്കിലോ,
പിന്നീട് കാലോചിതമായ് ചെയ്തിടാം കോസലേശ്വര.
മര്യാദ, സാമോക്തി, നയം, വണക്ക-
മിവറ്റിനാൽസ്സീതയെ നേടിടായ്കിൽ,
നരേന്ദ്ര, പൊൻകെട്ടിയ ശക്രവജ്ര-
മട്ടാകുമമ്പിൻനിരകൊണ്ടു നേടാം." 16

— * —

## അറുപത്താറാം സർഗ്ഗം: രാമാനുനയം.

— * —

മാലാൽ വെന്തൊ,രനാഥൻ പോലവ്വണ്ണം വിലപിച്ചവൻ
മനസ്സിടിഞ്ഞുഴന്നോരം മോഹാലസ്യത്തിലാഴ്കവേ,
രാമനെയത്തല്ലനേരത്താശ്വസിപ്പിച്ചതിന്നുമേൽ
തൃക്കാൽ പിടിച്ചുണർത്തിച്ചുകൊണ്ടാൻ സൌമിത്രി ലക്ഷ്മണൻ:— 2

'വൻകർമ്മവും വൻതപവും കൊണ്ടല്ലാ, നിന്നെ രാഘവ,
നേടീ, വാനോരമൃതിനെപ്പോലെ ദശരഥൻ നൃപൻ.
നിൻഗുണക്കെട്ടുപെട്ടിട്ടേ, നിൻവേർപാടാലിളേശ്വരൻ
പൂകി വിൺനാടമരചൻ; കേട്ടല്ലോ ഭരതോക്തിയാൽ. 4

ഈ വന്ന ദുഃഖം കാകുത്സ്ഥ, നീ സഹിക്കില്ലയെങ്കിലോ,
ധൈര്യം കുറഞ്ഞവൻ സാധു മറ്റാരിഹ സഹിച്ചിടും?
മാൽമൂലം നീയുലകിനെത്തേജസ്സാൽച്ചുട്ടെരിക്കുകിൽ,
ദീനരാം നാട്ടുകാരെങ്ങു നിലക്കൊള്ളും നരർഷഭ? 6

ആശ്വസിക്കൂ: വിപത്തെത്തു ദേഹിക്കില്ല നരോത്തമ?
തീപോലെ പിടികൂടുന്നു, പിൻവാങ്ങുന്നു ക്ഷണാൽ പ്രഭോ!

Digitized By Kerala Sahitya Akademi

ഇതു ലോകസ്വഭാവംതാൻ: യയാതി നഹുഷാത്മജൻ
ഇന്ദ്രലോകത്തണഞ്ഞിട്ടു,മനത്ഥം പററിയില്ലയോ? 8
വാദ്ധ്യാൻ നമ്മുടെയച്ഛനു, വസിഷ്ഠനൃഷിസത്തമൻ;
തൽപുത്രർ നൂറും കൊല്ലപ്പെട്ടല്ലോ നാളൊന്നിനാൽസ്സമം.
ജഗത്തിന്നമ്മയിദ്ദേവി ഭുവനങ്ങൾ പണിഞ്ഞവൾ;
ഈ മേദിനിയ്ക്കുമുണ്ടല്ലോ ചലനം സത്യസംശ്രവ. 10
പാരിൻകണ്ണുകൾ, ധർമ്മങ്ങ,ളഖിലത്തിന്നുമൂന്നുകൾ,
ഗ്രസ്തരായ്പ്പോവതുണ്ടല്ലോ സൂര്യചന്ദ്രർ, മഹാബലർ.
ഒഴിയാറില്ല പെരുമപ്പെട്ടോരും, സുരർപോലുമേ,
സർവ്വാന്തര്യാമിയാം ദൈവത്തിങ്കൽനിന്നു നരർഷഭ! 12
ഇന്ദ്രാദിസുരരിൽപ്പോലും സുഖദുഃഖമിരിപ്പതായ്
കേൾപ്പുണ്ടല്ലോ നരവ്യാഘ്ര; ദുഃഖിച്ചീടരുതേ ഭവാൻ!
മരിച്ചുപോകിലും, സീത മോഷ്ടിയ്ക്കപ്പെട്ടുപോകിലും,
മാഴ്കായ്കേതും,ഒ വെറും സാധു പോലിങ്ങനെ, വീര, നീ 14
മാഴ്കില്ലയല്ലോ, സതതം സത്യം കണ്ട ഭവാദൃശർ,
വൻകഷ്ടപ്പാടുകളിലും രാമ, ബുദ്ധികെട്ടാത്തവർ.
ശരിയാം, പുരുഷശ്രേഷ്ഠ, ബുദ്ധിയാൽച്ചിന്തചെയ്ക നീ:
ബുദ്ധികൊണ്ടു മഹാപ്രാജ്ഞർ കാണുന്നു നന്മതിന്മകൾ. 16
ഉണ്ടാവാം സദസൽക്കർമ്മ,മറിയാതാചരിച്ചതായ്;
ഇല്ലാതെ കണ്ടു,തിന്നൊത്ത ഫലമിങ്ങുളവാസ്വരം.
നീതാനരുളിയല്ലോ, മുമ്പേവമെന്നോടു നൂറുരു;
ആരങ്ങയെപ്പഠിപ്പിയ്ക്കാൻ, സാക്ഷാൽ ഗീഷ്പതിയാകിലും? 18
നിൻബുദ്ധിയോ, മഹാപ്രാജ്ഞ, വാനോർക്കും കിട്ടുവാൻ പണി;
മാൽകൊണ്ടുറങ്ങും നിൻബോധമുണർത്തീടുകയാണു ഞാൻ.
ദിവ്യവും, മാനുഷവു,മായുള്ള തന്റെ പരാക്രമം
നീനച്ചു,രികളെക്കൊൽവാൻ യത്നിയ്ക്ക രഘുപുംഗവ, 20
എന്താണെല്ലാം നശിപ്പിച്ചിട്ടങ്ങയ്ക്കു പുരുഷർഷഭ?
അറിഞ്ഞാ,പ്പാപിമാററാനെമാത്രം തീരെ മുടിയ്ക്ക നീ.

—?—

Digitized By Kerala Sahitya Akademi

## അറുപത്തേഴാം സർഗ്ഗം: പതിതജടായുദർശനം.

— ० —

ലക്ഷ്മണൻ ചൊന്നപൊഴുതേ നൽച്ചൊല്ല,ഗ്രജനാകിലും,
സ്വീകരിച്ചു മഹാസാരം സാരഗ്രാഹി രഘൂദ്വഹൻ.
തനിച്ചുണ്ടായ കോപത്തെപ്പേർത്തടക്കി മഹാഭുജൻ
ചിത്രവില്ലൂന്നിനിന്നോതീ, രാമൻ ലക്ഷ്മണനോടുടൻ:— 2

'എന്തു ചെയ്യേണ്ടു നാമിന്നീ? എങ്ങു പോകേണ്ടു ലക്ഷ്മണ?
സീതയെക്കാണുവാനെന്തുമാർഗ്ഗമെന്നു നിനയ്ക്ക നീ.'
അത്യന്തതാപാതുരനാം രാമനോടോതി ലക്ഷ്മണൻ:—
'ഇജ്ജനസ്ഥാനമേ തൃക്കൺപാർത്തന്വേഷിക്കണം ഭവാൻ, 4

ഭൂരിരാക്ഷസരുള്ളൊന്നു, നാനാതരുലതാവൃതം.
ഇങ്ങുണ്ടല്ലോ, ദരികളും കല്ലിളപ്പുറ്റുവർഗ്ഗവും,
നാനാമൃഗങ്ങളമരും നാനാഘോരബിലങ്ങളും,
കിന്നരാവാസനിരയും, ഗന്ധർവ്വഭവനങ്ങളും; 6

അവയിൽ ശ്രദ്ധവെച്ചന്വേഷിക്കണം ഞാനുമായ്പ്പ്ര ഭവാൻ.
അങ്ങയ്ക്കൊത്തുള്ള ധീമാന്മാർ മഹാത്മാക്കൾ നരർഷഭ,
ആപത്തിങ്കൽക്കുലുങ്ങില്ലാ, കാറ്റത്തദ്രികൾപോലവേ.'
എന്നു കേട്ടെ,ങ്ങുമക്കാട്ടിൽച്ചുറ്റിനാൻ ലക്ഷ്മണാന്വിതൻ, 8

ക്രുദ്ധൻ രാമൻ കൊടുംകത്തിയമ്പു വില്ലിൽത്തൊടുത്തുതാൻ.
അപ്പോൾക്കാണായ്, മഹാഭാഗൻ, മഹീധ്രശിഖരോപമൻ,
ചോര വാർന്നൂഴിമേൽ വീണ ജടായുസ്സാം ഖഗോത്തമൻ
അശ്ശൈലശൃംഗോപമനെക്കണ്ടു ലക്ഷ്മണനോടുടൻ 10

ചൊല്ലീ രാമനി,'വൻ തിന്നു സീതയെത്തക്കമില്ലിതിൽ:
ഇതു,നൂനം വനേ ഗൃധ്രരൂപം പൂണ്ടോരരക്കനാം;
കൺ നീണ്ട സീതയെത്തിന്നു സുഖമായിക്കിടക്കയാം!
ഇവനെക്കൊൽവനെരിയും ഘോരാജിഹ്മഗശരങ്ങളാൽ. 12

എന്നു ചൊല്ലി, ക്ഷുരം വില്ലിൽച്ചേർത്തു പാഞ്ഞേറ്റു ഗൃധ്രനെ,
രാമൻ ചൊടിച്ചാ,ഴിവരെയ്ക്കൂഴിയൊന്നുലയുംപടി.
പക്ഷിയോ, ദാശരഥിയാം രാമനോടുരിയാടിനാൻ,
പതഞ്ഞ രക്തം ഛർദ്ദിച്ചുംകൊണ്ടേറെദ്ദീനമാംവിധം:– 14
"മരുന്നിനെപ്പോലായുഷ്മാനാരെത്തേടുന്നു കാനനേ,
ആദ്ദേവി,യെൻപ്രാണനിവ, രണ്ടും കട്ടിതു രാവണൻ,

Digitized By Kerala Sahitya Akademi

അങ്ങും ലക്ഷ്മണനും വേർപെട്ടപ്പോഴാദ്ദേവിയെ രാഘവ,
കരുത്തരാം ദശഗ്രീവൻ കൊണ്ടുപോവതു കണ്ടു ഞാൻ. 16

സീതയെച്ചെന്നണഞ്ഞെതൻ ഞാനെ,ന്നിട്ടദ്ദശകണ്ഠനെ
പോരിങ്കൽത്തേരുടച്ചിട്ടിപ്പാരിടത്തിങ്കൽ വീഴ്ത്തിനേൻ.
ഇതവന്റെ മുറിഞ്ഞൊരു വില്ലി;-തവനുള്ള ചട്ടയാം;
ഇതവന്റെ പടത്തേരു, ഞാനുടച്ചതു രാഘവ; 18

ഇതായവന്റെ സൂതൻ, മേ ചിറകാൽ യുധി കൊന്നവൻ.
ക്ലാന്തനാമെൻ ചിറകുകൾ വാളാൽ വെട്ടിദ്ദശാനനൻ
വൈദേഹി സീതയേയും കൊണ്ടാകാശത്തേക്കു പൊങ്ങിനാൻ.
മുമ്പാടു രാക്ഷസൻ കൊന്നോരെന്നെക്കൊന്നീടൊലാ ഭവാൻ!" 20

അവന്റെ സീതയെപ്പററിയുള്ളാമമ്മൊഴി കേൾക്കയാൽ
രാമൻ കണ്ണീരു വാർത്തങ്ങാച്ചൂടിരട്ടിച്ചുഴന്നുപോയ്.
വൻവില്ലു കൈവിട്ടു ഖഗരപ്പുരമാളെപ്പുണർന്നവൻ
വശംകെട്ടൂഴിമേൽ വീണാൻ, കരഞ്ഞാൻ ലക്ഷ്മണാന്വിതൻ. 22

ഒററയ്ക്കായുന്ന ദുർഗ്ഗേ കൃച്ഛ്റാൽ ശ്വാസംവലിപ്പതായ്
കണ്ടേററം ദുഃഖിതൻ രാമൻ സൌമിത്രിയോടു ചൊല്ലിനാൻ:-
'നാടു വിട്ടു; വനേ പാർപ്പായ്; സീത പോയ്; പക്ഷി ചാകയായ്—
ഈമട്ടീയെന്റെ ഭാഗ്യക്കേടഗ്നിയെയുമെരിച്ചുമേ! 24

നീറവങ്കടലിൽപ്പോലുമിന്നു ഞാൻ ചെന്നിറങ്ങുകിൽ,
എൻഭാഗ്യക്കേടിനാൽ നൂനം വററിപ്പോമാ നദീശനും!
ഇല്ലിച്ചരാചരപ്പാരിലെന്നെക്കാളോരഭാഗ്യവാൻ;
പെട്ടുവല്ലോ, പെരിയൊരീയനർത്ഥാവലിതന്നിൽ ഞാൻ! 26

ഇതാ, ഗൃധ്രാധിപൻ, വൃദ്ധനെന്നച്ഛന്റെ സുഹൃത്തമൻ
കൊലപ്പെട്ടു കിടക്കുന്നു മന്നിലെ,ൻ ഭാഗ്യഹാനിയാൽ!"
എന്നു ചൊല്ലിപ്പലവുരു തൊട്ടുഴിഞ്ഞാൻ ജടായുവെ,
പിതൃസ്നേഹത്തെയും കാട്ടി രാഘവൻ ലക്ഷ്മണാന്വിതൻ. 28

നിണത്തിൽ മുങ്ങിച്ചിറകററിരുന്ന
ഖഗേന്ദ്രനെച്ചേർത്തുപുണർന്നു രാമൻ
'എനിക്കുയിർക്കൊത്തവളാം സീതയെങ്ങേ'-
ന്നരച്ചു മന്നിങ്കൽ മറിഞ്ഞുവീണാൻ!

— * —

Digitized By Kerala Sahitya Akademi

## അറുപത്തെട്ടാം സർഗ്ഗം: ജടായുസദ്ഗതി.

— ം —

ക്രൂരൻ നിലത്തു വീഴിച്ച ഗൃധ്രനെക്കണ്ടു രാഘവൻ,
മഹത്താം മൈത്രിയുടയ സൌമിത്രിയോടിതോതിനാൻ:—
"എനിക്കുവേണ്ടി യത്നിച്ചു,യരക്കൻ യുധി കൊല്കയാൽ
ത്യജിക്കയായ് ദുസ്ത്യജമാമുയിരിപ്പക്ഷി നിർണ്ണയം 2

ഹതം, മെയ്യിൽക്കിതപ്പൊന്നു നില്പുണ്ടിവനു ലക്ഷ്മണ:
നേരേ നോക്കുന്നതുണ്ടല്ലോ വയ്യാഞ്ഞോ, വായടഞ്ഞിവൻ.
സംസാരിപ്പാൻ ജടായുസ്സേ, ശക്തിയുണ്ടെങ്കിൽ വീണ്ടുമേ
സീതയെച്ചൊല്ലു, ഭദ്രം തേ! ചൊല്ലു നിൻ നിധനത്തെയും: 4

രാവണൻ സീതയെക്കക്കാൻ ബന്ധമെന്തോ? താതനാ ഞാൻ
ചെയ്തു തെറ്റെന്തു? കണ്ടാമലഞ്ഞെക്കട്ടിതു രാവണൻ?
എങ്ങിരുന്നു ചന്ദ്രൻ പോലുള്ളം കമ്രമാ മുഖം?
സീതയപ്പൊഴുതെന്തെല്ലാം പറഞ്ഞു പതഗോത്തമ? 6
മെയ്യെത്ര, ശിരമെത്രം, രാക്ഷസൻ ചെയ്തതെന്തവൻ?
എങ്ങവന്റെ ഗൃഹം? താത, ചൊല്ലിത്തരികവേണമേ!"
ഒരനാഥൻ കണക്കേവം വിലപിക്കുന്ന രാമനെ
പാർത്താർത്തനാം ജടായുസ്സു ചൊന്നാൻ നേരിയൊരൊച്ചയിൽ:— 8

"അവളെക്കൊണ്ടുപോയ്, വാനാണ്ടരക്കപ്രഭു രാവണൻ,
കാറ്റും ദുർദ്ദിനവും ചേർന്നൊരാത്തൊരു വന്മായ പൂണ്ടവൻ.
ക്ലാന്തനാമെൻ ചിറകുകൾ വെട്ടിയിട്ടാ നിശാചരൻ
വൈദേഹി സീതയെയും കൊണ്ടുണ്ണി, തെക്കോട്ടു പോയിനാൻ. 10
വീർപ്പു മുട്ടുന്നു മേ; കണ്ണു വട്ടം ചുറ്റുന്നു രാഘവ;
രാമച്ചമുടി വെച്ചുള്ള പൊന്നിൻവൃക്ഷങ്ങൾ കണ്ടു ഞാൻ
രാവണൻ സീതയെക്കൊണ്ടുപോയൊരു പൊഴുതോർക്കുകിൽ,
പോയ്പ്പോയ മുതൽ വേഗത്തിലുടമസ്ഥനു കിട്ടുമേ: 12
വിന്ദമെന്നുള്ള പൊഴുതിതു;—വന്നോർത്തില രാഘവ;
നിന്നോമൽസ്സീതയെക്കട്ട രാവണൻ രാക്ഷസാധിപൻ,
ചൂണ്ട കൊത്തിയ മത്സ്യം പോലുടൻതന്നെ മുടിഞ്ഞുപോം!
ജനകാത്മജയെപ്പറ്റിയഴലുൾക്കൊള്ളൊലാ ഭവാൻ; 14
സീതയൊത്തു രമിക്കുമാമിയരക്കനെ വധിച്ചുടൻ."
രാമനോടങ്ങു തന്റേടം കെടാതുത്തരമോതവേ,

Digitized By Kerala Sahitya Akademi

വായിൽനിന്നൊഴുകി രക്തം, ചാകും ഗൃധ്രന്നു മാംസവും.
'വിശ്രവസ്സിൻമകൻ സാക്ഷാൽ വിത്തേശന്റെ സഹോദരൻ:—' 16
എന്നുരച്ചു,യിർ ദുഷ്പ്രാപം വെടിഞ്ഞാൻ വിഹഗേശ്വരൻ.
'ചൊല്ലു, ചൊല്ലെ'ന്നു തൊഴുകൈപൂണ്ടു രാമൻ കഥിക്കവേ,
ഗൃധ്രന്റെയുയിർ ദേഹത്തെ ത്യജിച്ചാകാശമാണ്ടുപോയ്;
ശിരസ്സു ഭൂമിയിൽച്ചായ്ച്ചങ്ങി,ക്കാൽ നീട്ടിയിട്ടവൻ, 18
തൻമെയ്യൊന്നു പിടപ്പിച്ചു മന്നിടത്തിൽ മലച്ചുപോയ്!
കൺ ചുകന്നു മലച്ചോരാഗ്ഗൃധ്രൻ ചത്തതു കാൺകയാൽ
പുത്രദുഃഖാർത്തനായ് രാമൻ സൌമിത്രിയോടു ചൊല്ലിനാൻ:—
"അനേകമാണ്ടു,രക്കന്മാരമരും ദണ്ഡകാവനേ 20
സുഖേന പാർത്തീട്ടിപ്പക്ഷിയിങ്ങുവെച്ചു മരിച്ചുപോയ്!
വയസ്സു വളരെച്ചെന്നോൻ, നീണ്ടാൾമുമ്പു പിറന്നവൻ
മരിച്ചിതാ, കിടക്കുന്നു: കാലം നീക്കാവതല്ലതാൻ.
സൌമിത്രേ, നോക്കുകി,ഗ്ഗൃധ്രനെനിക്കൊരുപകാരിയായ് 22
സീതയെച്ചെന്നണഞ്ഞാരേ, കൊന്നാനൂർജ്ജസ്വി രാവണൻ.
അച്ഛനുത്തച്ഛരുടെ വൻഗൃധ്രരാജ്യം വെടിഞ്ഞിതാ,
എനിക്കുവേണ്ടിക്കൈവിട്ടാൻ പ്രാണനെപ്പതഗേശ്വരൻ!
ഏതിലും ഹന്ത, കാണാകും, ശിഷ്ടന്മാർ ധർമ്മചാരികൾ 24
ശരണ്യർ ശൂരർ സൌമിത്രേ, നാനാതിര്യക്കുലത്തിലും!
സീതയെക്കട്ടതിലുമില്ലിത്രയ്ക്കൊരഴൽ സൌമ്യ,മേ:
കൊലപ്പെട്ടതെനിക്കായിട്ടല്ലോ ഗൃധ്രൻ പരന്തപ!
ശ്രീമാൻ ദശരഥൻ രാജാവെമ്മട്ടു പുകഴുളയോൻ 26
പൂജ്യനും മാന്യനുമെനിക്കു,മ്മട്ടിപ്പതഗേശനും!
സൌമിത്രേ, വിറകെത്തിയ്ക്കു: കടഞ്ഞീടുവനഗ്നിയെ;
ദഹിപ്പിപ്പനെ,നിക്കായിക്കൊലപ്പെട്ട ഖഗേശനെ.
ക്രൂരാശരൻ കൊന്നവനാമിഗ്ഗൃധ്രേശനെ രാഘവ, 28
ചിതമേൽ വെച്ചു സൌമിത്രേ, ദഹിപ്പിക്കുന്നുണ്ടു ഞാൻ.
യജ്ഞശീലന്റെ ഗതിയു,മാഹിതാഗ്നിക്കു ചേർന്നതും,
പിന്തിരിക്കാത്തവന്റേതും, ഭൂമിദാതാവിനുള്ളതും
പ്രാപിക്ക ഗൃധ്രര, മഹാസത്വ, ഞാൻ സംസ്കരിച്ച നീ; 30
ശ്രേഷ്ഠലോകങ്ങളിൽപ്പോയ്ക്കൊള്ളുക, ഞാൻ വിടതന്ന നീ."
എന്നോതി രാമനെരിയും ചിതയേറ്റി ദ്വിജേന്ദ്രനെ,

Digitized By Kerala Sahitya Akademi

മാംസ്ഥിതൻബന്ധുവെപ്പോലെ ദഹിപ്പിച്ചിതു ധാർമ്മികൻ.
പിന്നെസ്സൗമിത്രിയൊന്നിച്ചു രാമൻ കാടാണ്ടു വീഴ്ത്തുവാൻ 32
സ്ഥൂലരോഹികളെക്കൊന്നു,പ്പക്ഷിക്കായ്പ്പുൽ വിരിത്തിനാൻ;
അരിഞ്ഞെടുത്തു മാന്മാംസം പിണ്ഡമാക്കിപ്പൃഥുപ്രഭൻ
വെച്ചാൻ ഖഗത്തിനായ് രാമൻ നൽപ്പച്ചപ്പുൽവിരിപ്പതിൽ.
മരിച്ചവന്നു യാതൊന്നാണന്നം ചെയ്യുന്നതാരണർ, 34
ജപിച്ചാൻ രാമനവ്വണ്ണമായം, വിണ്ണേറുന്ന പിത്ര്യവും,
എന്നിട്ടു ഗോദാവരിയാറണഞ്ഞപ്പാർത്ഥിവാത്മജർ
അഗ്ഗൃധ്രരാജന്നുദകം നല്കിനാരിരുപേരുമേ:
ആ രാഘവന്മാർ ഗൃധ്രന്നായ്,ശ്ശാസ്ത്രത്തിൽ കണ്ടവണ്ണമേ 36
നീരാടി,ഗ്ഗൃധ്രരാജന്നുദകം നല്കിനാരുടൻ.

യശസ്കരം ദുഷ്കരമായ വേല ചെ-
യ്തടർസ്ഥലേ പാതിതനക്ഖഗേശ്വരൻ,
മഹർഷിതുല്യം ചരിതൌർദ്ധ്വദൈഹികൻ
സുഖം തരും സദ്ഗതി പൂകിനാനുടൻ.
കൃതോദകന്മാരവരും, വിശങ്കമായ്
വിഹംഗമശ്രേഷ്ഠനെ വിശ്വസിക്കയാൽ
മനസ്സു സീതാപ്തിയിൽ വെച്ചു, പൂകിനാർ
വനം, സുരേന്ദ്രാച്യുതവാസവോപമർ. 38

— * —

## അറുപത്തൊമ്പതാം സർഗ്ഗം: കബന്ധദർശനം.

— * —

അവന്നുദകം നല്കി,പ്പോന്നിട്ടാ രാമലക്ഷ്മണർ
വനത്തിൽസ്സീതയെത്തേടിപ്പടിഞ്ഞാറോട്ടെഴുന്നള്ളിനാർ.
വാൾവില്ലമ്പേന്തിയോർ തെക്കുപടിഞ്ഞാട്ടു ഗമിച്ചവർ
പുക്കാർ, കാൽ തട്ടിയിട്ടില്ലാത്തൊരു മാർഗ്ഗം കാകുത്സ്ഥജർ. 2
വളരെപ്പൊന്തകളും മരം വള്ളി ചൂഴെച്ചുഴന്നതായ്,
എങ്ങുമേ ദുർഗ്ഗമായ്,ഘോരരൂപമായ്,ദുഷ്പ്രവേശമായ്,
വ്യാളസിംഹങ്ങളും വാഴുമാ വങ്കാടതിഭീഷണം
ചിക്കെന്നു പിന്നിട്ടു നടന്നീടിനാരാ മഹാബലർ. 4
ജനസ്ഥാനത്തിൽനിന്നിട്ടു മൂവ്വിച്ചിപ്പാടു പോയവർ
ക്രൌഞ്ചാരണ്യവനം പുക്കാരോ,ജസ്സേറിയ രാഘവർ.



Digitized By Kerala Sahitya Akademi

നാനാമൃഗകീർണ്ണനിരന്നോത്തു, ഘോരം ഹർഷിച്ചമട്ടിലായ്,
നാനാപക്ഷികളുള്ളൊന്നു, നാനാവ്യാളമൃഗാവൃതം.. 6
അക്കാടെങ്ങണഞ്ഞിട്ടാരാഞ്ഞാർ സീതയെക്കാണ്മതിന്നവർ
അതാതിടം നിന്നുകൊണ്ടു സീതാഹരണകർശിതർ.
ക്രൌഞ്ചാരണ്യം കടന്നിട്ടു കിഴക്കോട്ടുസ്സഹോദരർ
മൂവിളിപ്പാടു പോയ്‌മധ്യേ മതംഗാശ്രമഭൂമിയിൽ 8
കണ്ടാരെ,ങ്ങും മരം തിങ്ങിനില്പോരു കൊടുതാം വനം,
ഘോരപക്ഷിമൃഗാകീർണ്ണം, നാനാജന്തുസമന്വിതം;
കണ്ടെത്തിനാരൊരു ഗുഹയദ്ദശരഥാത്മജർ,
പാതാളംപോലെയാഴം പൂണ്ടെപ്പോഴുമിരുളാണ്ടതായ്. 10
അഗ്ഗുഹയ്ക്കരികിലായ്ച്ചെന്നാപ്പോഴ നരർഷഭർ
കണ്ടു, കുറത്തിയായോരു വികൃതാസ്യനിശാടിയെ:
അധീരർക്കു ഭയം ചേർപ്പോള,റ്റം രൌദ്രരൂപിണി,
വയർ തൂങ്ങിദ്ദംഷ്ട്ര കൂർത്തോള,യുന്നോൾ, മുടി ചിന്നിയോൾ—
ഈമട്ടിലൊന്നിനെക്കണ്ടു രാമലക്ഷ്മണർ സോദരർ.
ആ വീരരെക്കണ്ടു, 'വരൂ, രമിക്കാ'മെന്നുരച്ചവൾ
പിടിച്ചാള,ഗ്രജാഗ്രത്തിൽ നടക്കും ലക്ഷ്മണന്റെമേൽ. 14
അവൾ സൌമിത്രിയെപ്പുൽകിപ്പിടിച്ചിട്ടിങ്ങുമോതിനാൾ:—
'ഞാനയോമുഖി,യങ്ങേക്കു ലാഭ;—മങ്ങും മമ പ്രിയൻ:
നാഥ, കുന്നിൻമുടിയിലും പുഴതൻപുളിനത്തിലും
ബാക്കിയായുസ്സുമുഴുവൻ രമിക്കാം വീര, ഞാനുമായ്!' 16
ഇവ്വാക്കു കേട്ടിട്ടരിശം കൊണ്ടു വാളൂരി ലക്ഷ്മണൻ
അവൾതൻ മൂക്കുമുലകളരിഞ്ഞാനരിമർദ്ദനൻ.
കാതും മൂക്കുമരിഞ്ഞാറെ വല്ലാതെ മുറയിട്ടുടൻ
വന്നപാടെ കുതികൊണ്ടാള,ഘോരാകാര രാക്ഷസി. 18
അവൾ പോയളവിൽത്തുംഗവിപിനം ചെന്നു പൂകിനാർ
ഓജസ്സാൽപ്പുരരെക്കൊല്ലും രാമലക്ഷ്മണർ സോദരർ.
തേജസ്സേറിയ സൌമിത്രി സാത്വികൻ, ശുചി, ശീലവാൻ,
തേജസ്സാളും സഹജനോടുരച്ചാൻ തൊഴുകയ്യുമായ്:— 20
'വിറയ്ക്കുന്നു ഇളകോമെൻകൈ; ഉഴറ്റീടുന്നിതെന്മനം;
കാണുന്നുണ്ടു, നിമിത്തങ്ങൾ മിക്കാലുമശുഭങ്ങൾ ഞാൻ.
ഒരുങ്ങിക്കൊള്ളുകങ്ങ്; ചെയ്യുകെൻ ഹിതഭാഷിതം:
നിമിത്തങ്ങൾ കഥിക്കുന്നുണ്ടല്ലോ ഭയമടുത്തതായ്. 22

Digitized By Kerala Sahitya Akademi

ഇതാ, വഞ്ജുലമെന്നുള്ള പക്ഷി കൂകുന്നു കേമമായ്,
നമുക്കു പോരിൽ വിജയം ചൊല്ലുംപോലതിഭീഷണൻ.'
ഏവമക്കാട്ടിലെമ്പാടുമോജസ്സോടവർ തേടവേ,
അക്കാടു ച്ഛിദ്രമട്ടൊരൊച്ചയുണ്ടായിതുൽക്കടം. 24

കാററാലതിവ ചുററപ്പെട്ടതു പോലായി കാനനം.,
അക്കാട്ടിൻവാനിൽ നിറയുംമട്ടിലായ്ച്ചിന്നിതൊച്ചയും.
അശ്ശബ്ദം നോക്കിടും രാമൻ ഭ്രാതാവൊത്തൊ,രു പൊന്തയിൽ
കണ്ടു, നെഞ്ചു വിരിഞ്ഞേററം ക്രൂരനാമൊരരക്കനെ. 26

രണ്ടാളുമങ്ങു കണ്ടെത്തി മുന്നിൽ നില്ക്കും കരാളനെ,
കഴുത്തുതലയെന്യേ വായ് വയററത്താം കബന്ധനെ:
ക്ഷുത്തരോമം നിറഞ്ഞുള്ളോൻ, മാമലയ്ക്കൊപ്പമുന്നതൻ,
കാളമേഘോപമൻ, രൗദ്രൻ, ഭീമവക്ത്രാക്ഷയുള്ളവൻ, 28

അഗ്നിജ്വാലയ്ക്കുശരിയായ് നെററിമേലെരിയുന്നതായ്
വൻചോലയൊത്തു മഞ്ഞച്ചു നീണ്ടു വട്ടച്ചു ഘോരമായ്
കൺപീലിശ്ശ വേഗവും കൂടുമൊററക്കണ്ണ് മാറിലുള്ളവൻ,
മഹാദംഷ്ട്രൻ, പെരുംവായനവൻ നാവിട്ടുനക്കുവോൻ 30

സുഘോരസിംഹർക്ഷമൃഗദ്വിപങ്ങളെയശിപ്പവൻ,
ഘോരം യോജന നീണ്ടുള്ള കൈ രണ്ടും നീളെ നീട്ടുവോൻ,
ഭൂരിനാനാവിഹംഗർക്ഷമൃഗമുഖ്യമൃഗങ്ങളെ
കൈകൾകൊണ്ടു പിടിച്ചാഞ്ഞുവലിച്ചൊന്നെറിയുന്നവൻ, 32

ആച്ചെന്ന സോദരന്മാർക്കു വഴി മുട്ടിച്ചു നില്ക്കയായ്;
നേരേ ചെന്നു വിളിപ്പാടുദൂരേ കണ്ടീടിനാരവർ
കൈകളാൽത്തപ്പുമത്യുഗ്രക്കുററനായ കബന്ധനെ,
കാണ്മോർ ഭയപ്പെട്ടഞ്ചിപ്പോം കബന്ധസമരൂപനെ. 34

അപ്പെരുംകയ്യനാം, ചീർത്ത കൈകൾ നീട്ടീട്ടുലോം ബലാൽ
പിടിച്ചുകൊണ്ടാൻ മുറുകെക്കാകുത്സ്ഥന്മാരെയൊപ്പമേ.
വാളുള്ളോർ കട്ടിവില്ലുള്ളോർ തീവ്രതേജഃകളേബരർ
വലിക്കപ്പെട്ടവശരായ്പ്പോയി ഭ്രാതാക്കളൂർജ്ജിതർ। 36

അതിൽ മാഴ്കീല ധൈര്യത്താൽ, ശ്ശൂരനാം രാമനേതുമേ;
ബാല്യാൽശ്ശരണഹീനതയാൽ മാഴ്കിപ്പോയ് ലക്ഷ്മണൻ തുലോം.
വിഷണ്ണനായ് രാഘവനോടോതിനാൻ രാഘവാനുജൻ;—
'കാണ്ക വീര, നിശാടനു കീഴ്പ്പെട്ടുഴലുമെന്നെ നീ. 38

Digitized By Kerala Sahitya Akademi

ഞാനൊരാളായ്പ്പിരിഞ്ഞങ്ങു വിട്ടുപോവുക രാഘവ;
എന്നെബ്ഭൂതബലിക്കേകിപ്പാഞ്ഞുകൊൾക യഥാസുഖം.
കണ്ടെത്തും മൈഥിലിയെ നീ വൈകാതെന്നു നിനപ്പു ഞാൻ;
അച്ഛനപ്പൂപ്പർവഴിയാം മന്നും വീണ്ടേറുക രാഘവ, 40
നാടു വാഴ്കയെപ്പോഴുമെന്നെയോർക്കേണ രാമ, നീ സദാ!'
ഈ ലക്ഷ്മണോക്തി കേട്ടാർത്തി സൗമിത്രിയോടു രാഘവൻ:—
'ഭയപ്പെടായ്ക നീ വീര: മാദൃക്കില്ലല്ലോ ഖേദഭാഗർ.'
അപ്പോൾ ക്രൂരൻ സഹജരാം രാമലക്ഷ്മണർതമ്മോടായ് 42
ചോദിച്ചാൻ കാറിരമ്പത്തിൽ, കബന്ധൻ ദാനവോത്തമൻ:—
'ആർ, നിങ്ങൾ, വൃഷഭസ്കന്ധർ, വൻവാളും വില്ലുമേന്തിയോർ,
ഘോരമീദ്ദേശമാൾപ്പുക്കെൻതീററിയായ്‌വന്നണഞ്ഞവർ?
ചൊല്ലീങ്ങു നിങ്ങൾതൻ കാര്യം: നിങ്ങളെന്തിന്നു വന്നവർ? 44
ഇവിടെച്ചാടിവീണല്ലോ, ഞാൻ പൈ മൂത്തിങ്ങിരിക്കവേ!
വാൾവില്ലമ്പുമായ്, ക്കൊമ്പു കൂർത്ത കാളകൾ പോലവേ
എൻവായിൽപ്പെട്ടുപോയല്ലോ; പ്രാണൻ കിട്ടുന്നതല്ലിനി!'
ആദ്ദുഷ്ടനാം കബന്ധൻെറ വാക്കതിന്മട്ടു കേൾക്കയാൽ 46
വായ് വററിവരളും രാമൻ സൗമിത്രിയോടു ചൊല്ലിനാൻ:—
'കുഴക്കിലും മൂത്ത കുഴക്കണഞ്ഞതവ്യാജവിക്രമ,
അക്കാന്തയെ ലഭിക്കാതെ ചാവാറായ് കടുത്തഴൽ!
സർവ്വഭൂതത്തിലും കേമം കാലത്തിൻ ശക്തി ലക്ഷ്മണ: 48
നീയും ഞാനും നരവ്യാഘ്ര, മാലിലാണ്ടു കാൺക നീ!
ഭൂതത്തിലെങ്ങുമേ ഭാരം ദൈവത്തിന്നില്ല ലക്ഷ്മണ:
ശൂരരും ബലവാന്മാരും പോർക്കളത്തിൽക്കൃതാസ്ത്രരും
കാലത്താലിടിവേല്ക്കുന്നു, മണൽച്ചിറകൾ പോലവേ!' 50

ഇവണ്ണമോതി, ദൃഢസത്യവിക്രമൻ
പുകൾപ്പെടും ദാശരഥി പ്രതാപവാൻ
ബലിഷ്ഠസൗമിത്രിയെയങ്ങു പാർത്തു, തൻ—
മനസ്സിനെസ്സുസ്ഥിരമാക്കിനാൻ സ്വയം.

—*—

## എഴുപതാം സർഗ്ഗം: കബന്ധബാഹുച്ഛേദനം.

— ० —

ബാഹുപാശത്തിലാപ്പെട്ടോ രാമലക്ഷ്മണർ സോദരർ
അതിങ്കൽ നില്പായതു കണ്ടുരചെയ്തു കബന്ധനും:—

Digitized By Kerala Sahitya Akademi

‘ഹൈ മൂത്തോരെന്നെപ്പാർത്തെന്തേ നില്ക്കുന്നു ക്ഷത്രിയേന്ദ്രരേ?
ഉള്ളിടിഞ്ഞ മഹാന്മാർ മേ തീനായ്‌ദൈവമയച്ചവർ!’ 2

ആ വാക്കു കേട്ടിട്ടുലോമഴൽ തേടിയ ലക്ഷ്മണൻ
കാലോചിതം ഹിതം ചൊന്നാൻ വിക്രമിപ്പാൻ മുതിർന്നവൻ:—
“എന്നെയും നിന്നെയും ചിക്കെന്നെടുക്കും രാക്ഷസാധമൻ;
നാമിവന്റെ പെരുംകൈകളാശു വെട്ടുക വാളുകളാൽ. 4

ക്രൂരനീ രാക്ഷസൻ ഘോരൻ കൈക്കതാൻ ചെല്ലിയന്നവൻ
ലോകത്തെത്തീരെ വെന്നിട്ടു നമ്മെക്കൊൽവാൻ നിനയ്ക്കയാം.
നിശ്ചേഷ്ടനെക്കൊൽവതു നന്നല്ല ഭൂപനു മന്നവ,
ക്രതുമദ്ധ്യത്തിലെത്തിച്ച പശുവെപ്പോലെ രാഘവ:” 6

അവരിച്ചൊല്ലിയതു കേട്ടരിശംകൊണ്ടു രാക്ഷസൻ
വാ പിളർത്തവരെത്തിന്മാനൊരുമ്പെട്ടിതു നിഷ്ഠുരൻ!
അപ്പോഴുദ്ദേശകാലജ്ഞർ വാളുകളാൽത്തന്നെ രാഘവർ
ഹർഷിച്ചു,വന്റെ കൈ രണ്ടും തോളിൽനിന്നങ്ങുവെട്ടിനാർ: 8

വലത്തേക്കയ്യു വീരതൻ വാൾകൊണ്ടു തടവെന്നിയേ
വെട്ടി രാമനി;—ടത്തേതും, തരസാ വീരലക്ഷ്മണൻ.
കൈകളററപ്പെരുംകയ്യൻ വീണു, വമ്പിച്ചൊരാക്രോശാൽ
വാനൂഴിയും ദിക്കുകളും മുഴക്കി മുകിൽ പോലവേ. 10

മുറിഞ്ഞ കൈകൾ കണ്ടേ,ററം ചോരയും വാർന്നു ദീനനായ്
ആ വീരരോടു ചോദിച്ചാൻ, നിങ്ങളാരെന്നു ദാനവൻ.
എന്നു ചോദിച്ച നേരത്തു, ലക്ഷ്മണൻ ശുഭലക്ഷണൻ
ചൊന്നാൻ കാകുത്സ്ഥനെപ്പററിയക്കബന്ധനൊടൂർജ്ജിതൻ:— 12

‘ഇദ്ദേഹ,മിക്ഷ്വാകുസുതൻ രാമനെന്നു പുകഴ്ന്നവൻ;
ഇദ്ദേഹത്തിന്റെയനുജൻ, ലക്ഷ്മണൻ ഞാൻ ധരിക്ക നീ.
നിർജ്ജനക്കാട്ടിൽ വാഴുമ്പോളിദ്ദേവാഭന്റെ ഭാര്യയെ
കട്ടാനരക്കനെ;—വളെത്തേടിയിങ്ങെത്തി ഞങ്ങളും,
നീയാരാണെന്തിനായിട്ടു കബന്ധാകൃതിയാണ്ടതേ 14
ഉഴയുന്നു കണ്ണുംകാലററ,രസ്സിലെരിവായുമായ്?’
ഈ ലക്ഷ്മണോക്തി കേട്ടിട്ടു കബന്ധനതിതുഷ്ടനായ്,
ഇന്ദ്രന്റെയാ വചസ്സോർത്തുംകൊണ്ടങ്ങുത്തരമോതിനാൻ:— 16
“നിങ്ങൾക്കായ് സ്വാഗതം; ഭാഗ്യാൽക്കണ്ടെത്തി ഞാൻ നരേന്ദ്രരേ;
ഭാഗ്യാൽച്ഛേദിക്കയും ചെയ്തു നിങ്ങളീയെന്റെ തോളുകൾ!

Digitized By Kerala Sahitya Akademi

വൈരൂപ്യം താഴ്മകേടാലെൻമെയ്ക്കെട്ടുറ്റവന്നതും
നേരായ് ഞാനങ്ങയോടോതാം; കേട്ടാലും നരപുംഗവ: 18

—*—

## എഴുപത്തൊന്നാം സർഗ്ഗം: കബന്ധവാക്യം.

—*—

പണ്ടു, രാമ, മഹാബാഹോ, മഹാബലപരാക്രമ,
എന്മെയ്യചിന്ത്യം പേർകേട്ടതായിരുന്നു ജഗത്ത്രയേ,
ചന്ദ്രനിന്ദ്രൻകതിരവനിവർതന്നുടൽപോലവേ.
എന്നിട്ടും,ഉൾക്കടം പേടിപ്പിക്കുമീ വടിവൊന്നു പൂണ്ടു രാമ, ഞാൻ 2
കാട്ടിൽത്താപസരെപ്പേടിപ്പിച്ചുപോന്നേനതാതിടം,
പിന്നെസ്ഥൂലശിരസ്സെന്ന മുനിയെ ക്രുദ്ധനാക്കിനാൻ
നാനാവന്യം പറിക്കുമ്പോളീ, മെയ്യൊന്നാക്രമിച്ചു ഞാൻ
ഈമട്ടു കണ്ടെന്നോടവൻ ചൊല്ലിനാൻ ഘോരശാപമായ്:— 4
ഇക്രൂരനിന്ദ്യമെയ്തന്നെ നിലനില്ക്ക നിനക്കിനി!'
'ഉപദ്രവിക്കയാൽത്തന്ന ശാപം നീങ്ങേണ'മെന്നു ഞാൻ
ആ രുഷ്ടനോടപേക്ഷിച്ചേൻ;-തല്ലോ ചൊല്ലിനാനവൻ:-
'രാമൻ കൈകൾ മുറിച്ചെന്നു നിന്നെശ്ശൂന്യവനേ ചുട്ടും, 6
അന്നു നീ നല്ല വലുതാം സ്വന്തംമെയ് തന്നെ നേടുമേ.'
ശ്രീയെന്നവനുണ്ണി ദനു ഞാനെന്നറിക ലക്ഷ്മണ;
പോർനിലത്തിന്ദ്രകോപത്താലത്രേ, മെയ്യേവമായി മേ:
ഞാനുഗ്രതപസാ തോഷിപ്പിച്ചിതല്ലോ വിരിഞ്ചനെ; 8
ദീർഘായുസ്സേകിയവിടുന്നു;—തിൽ ഞാൻ നിലവിട്ടുപോയ്.
ദീർഘായുസ്സായി ഞാനി;—ന്ദ്രനെന്നോടെന്തൊന്നെടുത്തിടും'
എന്നീയഹന്തയോടേ ഞാനെതിർത്തേൻ പോരിലിന്ദ്രനെ.
അവനാഞ്ഞെയ്ത മുന നൂറിയലും വജ്രമേല്ക്കയാൽ 10
തുട രണ്ടും തലയുമെന്നുടൽ പുക്കു ലയിച്ചുപോയ്!
ഞാനപേക്ഷിക്കിലും, കാലഗേഹം പൂകിച്ചതില്ലവൻ;
'നേരാകിലജവാക്കെ'ന്നു ചൊല്ലുകയേ ചെയ്തുള്ളു മാം!
'വജ്രം തട്ടിത്തുടകളും വായും തലയുമറ്റവൻ 12
കൊററില്ലാതധികം കാലം ജീവിപ്പാൻ ശക്തനാകുമോ?'
എന്നു കേട്ടപ്പോഴോ, തന്നാൻ കൈകൾ യോജനനീണ്ടവ;
വെച്ചാൻ വയററത്തെ,ക്കീർ കൂർത്തുള്ള വായും വലാരി മേ.
ആ ഞാനിക്കാട്ടിലെസ്സിംഹവ്യാഘ്രദ്വീപിമൃഗങ്ങളെ 41

Digitized By Kerala Sahitya Akademi

നീണ്ട കയ്യുകളാലെന്നും പിടിച്ചഷ്ടികഴിക്കയായ്.
അന്നെന്നോടിന്ദ്രനും ചൊന്നാനെ,ന്ന രാമൻ സലക്ഷ്മണൻ
കൈ രണ്ടും വെട്ടുമേ പോരില,ന്നു നീ വിണ്ണണഞ്ഞിടും.'
ഈ രൂപം പൂണ്ട ഞാൻ രാമ, കാടിതിൽപ്പാർത്ഥിവോത്തമ, 16
കണ്ടെത്തീടുന്നതെല്ലാമേ കൊണ്ടാടിപ്പിടികൂടുമേ:
പിടിയിൽപ്പെടുമേ രാമൻ ശരിയ്ക്കെന്നോർത്തു ചൊന്ന ഞാൻ;
ഈ വിചാരത്തെ മുന്നിർത്തിട്ടേഹം പോക്കാനൊരുങ്ങിനേൻ.
ആ രാമൻ നീ: തവ ശുഭ,മന്യനാളല്ല രാഘവ, 18
എന്നെക്കൊൽവതിനെന്നല്ലോ, സത്യമായ്ച്ചൊല്ലി മാമുനി.
ബുദ്ധ്യാ ചെയ്യാം തുണ;-യൊരു മിത്രത്തെയും നരർഷഭ,
ചൊല്ലിത്തരാം, ഭവാന്മാരിങ്ങഗ്നിയാൽസ്സംസ്കരിക്കിൽ ഞാൻ."
എന്നിട്ടന്ന പറഞ്ഞാറേ, ധർമ്മാത്മാവായ രാഘവൻ 20
ചൊല്ലിനാനീവിധം, ചാരേ ലക്ഷ്മണൻ കേട്ടുനില്ക്കവേ:
"കട്ടു രാവണനെൻഭാര്യയാകും പേരാണ്ട സീതയെ,
സാനുജൻ ഞാൻ ജനസ്ഥാനാൽപ്പോയിരിക്കെ യഥാസുഖം.
പേർമാത്രമറിയുന്നേനി,ല്ലാ രക്ഷസ്സിൻറയാകൃതി; 22
അവന്റെ വാസവും ഞങ്ങൾക്കറിവില്ലന്തഭാവവും."
അനാഥരായ് മാലിൽ വലഞ്ഞീമട്ടലയുവോർകളിൽ,
ഉപകാരം ഭൃതന്മാരിൽ,ദ്ദയചെയ്യുതു യുക്തമാം.
വീര, കാട്ടിലെ ഗജമൊടിച്ചിട്ടുണങ്ങിയ മുട്ടികൾ 24
കൊണ്ടുവന്നു ദഹിപ്പിയ്ക്കാം നിന്നെ, വൻകുഴി തീർത്തതിൽ.
എന്നാൽസ്സീതയെയാരെന്നു കൊണ്ടുപോയെന്നു ചൊല്ക നീ;
ശരിയായറിയാമെങ്കിൽച്ചെയ്യുകുറ്റൊരു നന്മയെ."
ഏവം രാമൻ പറഞ്ഞപ്പോൾ, ശ്രേഷ്ഠവാക്കെന്ന ദാനവൻ 26
വാഗ്മിയാം രാഘവനൊടും ചൊന്നാൻ ചൊൽവിരുതുള്ളവൻ:—
'ദിവ്യജ്ഞാനമെനിക്കില്ലി,ങ്ങറിയുന്നില സീതയെ;
ദഗ്ധനായ് സ്വാംഗമാർന്നോതാ,മവളെത്തേടുവോനെ ഞാൻ.
ദഹിപ്പിക്കുന്നതിൻമുമ്പേ ഞാനുളല്ലറിവാൻ പ്രഭോ, 28
നിൻസീതയെക്കവന്നോനാം വീര്യമേറുമരക്കനെ:
ജ്ഞാനം മമ നശിച്ചല്ലോ ശാപത്താലെ രാഘവ;
സ്വകർമ്മംകൊണ്ടു ഞാൻ, ലോകം നിന്ദിച്ച വടിവാണ്ടുപോയ്।
എന്നാല,ശ്വം തളർന്നസ്തമിപ്പതിൽമുന്നമേ
30

Digitized By Kerala Sahitya Akademi

എന്നെ രാമ, ദഹിപ്പിയ്ക്കു നന്നായ്ക്കുഴിയിലിട്ടു നീ.
നീയെന്നെക്കുഴിയിൽച്ചെമ്മേ ദഹിപ്പിച്ചാൽക്കകുത്സ്ഥജ,
കഥിപ്പനാ, രാക്ഷസനെയറിവോനെ പ്രവീര, ഞാൻ.
സഖ്യവും ചെയ്തിടണമാ നീതിമാനോടു രാഘവ; 32
നന്ദിച്ചങ്ങേക്കു സാഹായ്യം ചെയ്യുമേ ലഘുവിക്രമൻ.
അയാൾക്കൊന്നില്ല, മൂപ്പാരിലറിവില്ലാതെ രാഘവ:
പാരിലൊക്കെ നടന്നോനാണയാൾ പണ്ടൊരു ഹേതുവാൽ."

—*—

## എഴുപത്തിരണ്ടാം സർഗ്ഗം: കബന്ധദഹനം

—*—

കബന്ധനിച്ചൊന്നതു കേട്ടാ വീരമനുജേശ്വരർ
കുന്നിൻമടയിലിട്ടിട്ടു ചെന്തീ വെച്ചിതിനന്തരം:
കത്തിച്ച വൻകൊള്ളികളാലെങ്ങുമമ്മാറു ലക്ഷ്മണൻ
കൊളുത്തിനാൻ ചിതയെ; ജ്വലിച്ചിതതു നീളവേ. 2
തടിച്ചിടും കബന്ധന്റെയാ വമ്മെയ്യിനെ മെല്ലവേ,
നെയ്യുക്കട്ടയെപ്പോലെയങ്ങുരുക്കീ ഹുതാശനൻ.
എണീററാൻ ചിത വിട്ടാശു, പുകയററഗ്നി പോലവൻ
ശുഭവസ്ത്രങ്ങളോടും ദിവ്യമാല പൂണ്ടു മഹാബലൻ: 4
ഉടക്കൊടെച്ചിതമേൽനിന്നു പൊങ്ങിനാനാശു ഹൃഷ്ടനായ്,
സർവ്വാംഗഭൂഷകളോടും വിളങ്ങി വിമലാംബരൻ;
ഹംസം ചേർന്ന യശസ്സ്കം വിമാനം ദീപ്തമാണ്ടവൻ
പ്രഭകൊണ്ടതിതേജസ്വി മിന്നിച്ചാൻ പത്തുദിക്കുമേ. 6
അക്കബന്ധൻ നഭസ്സിങ്കൽ നിന്നു രാമനൊടോതിനാൻ:-
"കേൾ നേരായ്,സ്സീതയെക്കിട്ടുമിന്നമട്ടെന്നു രാഘവ:
യുക്തിയാറുണ്ടു ലോകത്തിലെ,ന്തും രാമ, നിനയ്ക്കുവാൻ;
ശോത്രമററവനോടു ദശാംശസ്ഥനിണങ്ങിടും. 8
ദശാംശസ്ഥനി,ളപ്പെട്ടോൻ, രാമ, ലക്ഷ്മണനൊത്ത നീ:
പെട്ടിരിപ്പൂ ഭവാനല്ലോ ദാരാധർഷണസങ്കടം.
സുഹൃത്താക്കേണമവനെത്തീർച്ചയായ് നീ സുഹൃദ്വര;
ആക്കാതെ സിദ്ധി കാണ്മീലാ ചിന്തിച്ചിട്ടു ഭവാനു ഞാൻ. 10
കേൾ, ചൊല്ലാം രാമ: സുഗ്രീവനെന്നായിട്ടൊരു വാനരൻ,
ഭ്രാതാവിന്ദ്രസുതൻ ബാലി കോപാൽ നാടുകടത്തിയോൻ

Digitized By Kerala Sahitya Akademi

പമ്പയ്ക്കടുക്കൽശ്ശോഭിയ്ക്കുമൃശ്യമൂകമഹാദ്രിമേൽ
പാർക്കുന്നുണ്ടു,ത്മവാൻ വീരൻ നാലു വാനരർതമ്മൊടും; 12
വാനരേന്ദ്രൻ മഹാവീര്യൻ തേജസ്വിയമിതപ്രഭൻ
സത്യസന്ധൻ വിനയവാൻ ധൈര്യവാൻ ബുദ്ധിമാൻ മഹാൻ
സമർത്ഥൻ കാന്തിമാൻ പ്രൌഢൻ മഹാബലപരാക്രമൻ;
രാജ്യാർത്ഥം രാമ, വൈരിയാം ഭ്രാതാവാട്ടിക്കളഞ്ഞവൻ; 14
അവൻ സുഹൃത്തും തുണയുമായ്ത്തീരും തവ രാഘവ,
ഭവാന്റെ സീതയെത്തേടാൻ; ദുഃഖംകൊള്ളൊലാ ഭവാൻ.
വരാനിരിപ്പതെന്തൊന്നും പററാ മാററിമറിയ്ക്കുവാൻ:
തട്ടിനീക്കാവതല്ലല്ലോ, കാലമിക്ഷ്വാകുപുംഗവ. 16
വെക്കം പോക കരുത്തേറുമസ്സുഗ്രീവന്നടുക്കൽ നീ;
ഇങ്ങുനിന്നാശു പോയ്ത്തോഴനാക്കുകായാളെ രാഘവ,
ചെന്നൊത്തു തങ്ങളിൽ ദ്രോഹിയ്ക്കായ്കതിന്നഗ്നിസാക്ഷിയായ്.
നിസ്സാരനെന്നും കരുതായ്ക,സ്സുഗ്രീവൻ കപീശ്വരൻ 18
കൃതജ്ഞൻ, തുണ തേടുന്നോൻ, വീര്യവാൻ, കാമരൂപവാൻ.
ഇന്നവൻ കരുതും കാര്യം ചെയ്വാൻ നിങ്ങൾ കരുത്തരാം;
കൃതാർത്ഥന,കൃതാർത്ഥൻതാൻ, നിൻകാര്യം ചെയ്തുകൊള്ളുമേ.
അവനൃക്ഷരജഃപുത്രൻ പമ്പ ചുററും ഭീതനായ്, 20
സൂര്യന്റെയൌരസസുതൻ, ബാലിയായ് വൈരമേല്ക്കയാൽ.
ആയുധം മുന്നിൽ വെച്ചാണയിട്ടുടൻ തോഴനാക്കുക,
ഋശ്യമൂകസ്ഥനായ്ക്കാട്ടിൽത്തെണ്ടും കപിയെ രാഘവ.
നരാശലോകങ്ങളിലൊട്ടൊഴിയാതുള്ളിടങ്ങളെ 22
തികച്ചുമറിവോനല്ലോ മിടുക്കാലക്കപീശ്വരൻ.
അവനറിഞ്ഞുകൂടാതൊന്നില്ല രാമ, പരന്തപ,
സഹസ്രരശ്മിയാം സൂര്യൻ ചൂടേകും പാരിലെങ്ങുമേ.
അവൻ നദീഗുഹാശൈലദുർഗ്ഗവൻപർവതങ്ങളിൽ 24
വാനരാന്വിതനായ്ത്തേടിക്കണ്ടെത്തും തവ പത്നിയെ.
കൂററൻകുരങ്ങുകളെയുമയയ്ക്കും നീളെ രാഘവ,
നിൻവേർപാടേററു മാഴ്കുന്ന സീതയെത്തിരയാനവൻ;
സുശ്രോണിയാം ജാനകിയെക്കണ്ടെത്തും രാവണാലയേ. 26

സുമേരുശൃംഗാഗ്രമണഞ്ഞിരിയ്ക്കിലും
രസാതലം പുക്കു വസിയ്ക്കയാകിലും
അനിന്ദ്യ നിൻകാന്തയെ വീണ്ടു തന്നിടും
നിശാചരെക്കൊന്നു വധിച്ചു കീശപൻ.”

21

— * —

Digitized By Kerala Sahitya Akademi

## ഏഴുപത്തിമൂന്നാം സൎഗ്ഗം: കബന്ധസദ്ഗതി.

—o—

രാമന്നു സീതയെക്കിട്ടും വഴി കാട്ടിക്കൊടുത്തുടൻ
അൎത്ഥ്യമാം വാക്യമൎത്ഥജ്ഞൻ കബന്ധൻ വീണ്ടുമോതിനാൻ:—
"ഇതത്രേ രാമ, നന്മാൎഗ്ഗം; പൂത്ത വൃക്ഷങ്ങളങ്ങിതാ,
പടിഞ്ഞാറുവശത്തായിക്കാണ്മായീടുന്ന ഭംഗിയിൽ: 2

പുലാവുഞാവൽമുറികളിത്തിപ്പേരാൽ പനച്ചിയും
അരയാൽ കൊന്നമരവും മാവും മറ്റുമരങ്ങളും;
ഞമയും നാഗവൃക്ഷങ്ങൾ മയിലെള്ളകളങ്ങുകൾ
നീലാശോകങ്ങൾ പൂത്തുള്ള കണവീരം കടമ്പുകൾ 4

ചെരശോകങ്ങളും വേപ്പും രക്തചന്ദനമെന്നതും.
അവയിൽക്കേറിയോ, കെല്പിലവയെബ്‌ഭുവി താഴ്ത്തിയോ
അമൃതിന്നെതിരാം കായ്കൾ തിന്നുംകൊണ്ടു ഗമിച്ചിടാം.
അപ്പൂമരവനത്തിന്നപ്പുറം മറ്റൊന്നു രാഘവ, 6

വടക്കേക്കുരുനാടിന്നു സദൃശം, നന്ദനോപമം:
എന്നും കായ്ക്കുന്ന വൃക്ഷങ്ങൾ, തേൻ തൂകുന്ന മരങ്ങളും
അങ്ങു, ചൈത്രരഥക്കാവിൽപ്പോലുണ്ടൊട്ടുക്കൃതുക്കളും;
കായ്കൾ ചേറിക്കുനിഞ്ഞങ്ങു, മുറ്റക്കൊമ്പുകളോടുമേ 8

സൎവ്വ വിലസുന്നുണ്ടു, കൊണ്ടൽക്കുന്നുകൾ പോലവേ.
അവയിൽക്കേറിയോ, സ്വൈരമവയെ താഴ്ത്തിയോ,
അമൃതിന്നെതിരാം കായ്കൾ തരുമങ്ങേയ്ക്കു ലക്ഷ്മണൻ.
മറ്റിടങ്ങളിലും പിന്നെശ്ശൈലാൽ ശൈലേ വനാൽ വനേ 10

നടന്നണയണം നിങ്ങൾ പമ്പയാം പൊയ്ക വീരര,
ചരലും ചണ്ടിയിടിവും പെടാതെ കടവൊപ്പമായ്
രാമ, വെണ്മണലുള്ളൊന്നു, കമലോൽപലസംയുതം.
അന്നങ്ങൾ കുളക്കോഴിക്രൗഞ്ചങ്ങൾ കുരരങ്ങളും 12

മഞ്ജുസ്വനത്തിൽക്കൂകുന്നു രാമ, പമ്പാംബുചാരികൾ.
പേടിക്കാ നരരെക്കണ്ടാൽ വധാജ്ഞർ വടിവൊത്തവ;
നെയ്ക്കട്ടി പോലുരുണ്ടുള്ളാ ദ്വിജങ്ങളെയശിച്ചിടാം.
രോഹിതം, വക്രതുണ്ഡങ്ങൾ, നളമീനങ്ങൾ രാഘവ, 14

മുൾ ചുരുങ്ങിത്തടിച്ചുള്ളീപ്പമ്പാമത്സ്യോത്തമങ്ങളെ
ശരത്താൽക്കൊന്നു ചിറകും തോലും നീക്കിയിരിമ്പുമേൽ
ചുട്ടിങ്ങു തരുമങ്ങേയ്ക്കു രാമ, മുറ്റ ലക്ഷ്മണൻ;
ആ മീനേറ്റം ഭുജിച്ചേ,പ്പൂവണിപ്പമ്പയിൽനിന്നു താൻ, 16

Digitized By Kerala Sahitya Akademi

കേടററ പൊയ്കയാർമനസ്സുള്ളോർക്കുളിർത്തൊരംബുവും
എന്നും കലങ്ങാതുള്ളോന്നു വെള്ളിസ്ഫടികസന്നിഭം
നീരിതാരിലയിൽക്കോരിത്തരുമങ്ങയ്ക്കു ലക്ഷ്മണൻ
കുന്നിൻമടയിലെപ്പന്നിത്തടിയന്മാർ സ്വരൂപികൾ 18
വനാന്തരേ മേഞ്ഞു, മുക്രയിട്ടും കാളകൾപോലവേ
നീർ കുടിപ്പാൻവരും, കാണാം പമ്പയിൽത്തേ നരോത്തമ.
സായാഹ്നേ രാമ, ലാത്തുമ്പോൾ,പ്പൂ ചൂടിയ മരങ്ങളും
പമ്പതൻ കുളിർത്തണ്ണീരും കണ്ടു മാൽ വെടിയും ഭവാൻ; 20
അവിടെപ്പൂ നിറഞ്ഞുള്ള മയിലെള്ളുകളങ്ങുകൾ,
വിരിഞ്ഞൊരുൽപലം, തണ്ടാരിവയും രഘുനന്ദന.
അപ്പുഷ്പങ്ങൾ പറിച്ചങ്ങു ചൂടുമാറില്ലൊരാളുമേ;
വാടുമാറില്ല, കൊഴിയുമാറുമില്ലവ രാഘവ: 22
മതംഗശിഷ്യരങ്ങുണ്ടായിരുന്നു മുനിയോഗികൾ;
വന്യം ഗുരുവിനെത്തിച്ചുമടാലേ തളർന്നതിൽ,
വീണു നിലത്തവരിൽനിന്നേതാനും വേർപ്പുതുള്ളികൾ;
അവ പുഷ്പങ്ങളായ്ത്തീർന്നു തദാ മുനിതപസ്സിനാൽ; 24
സ്വേദബിന്ദുസമുത്ഥങ്ങൾ നശിക്കില്ലവ രാഘവ!
ഇന്നും കാണപ്പെടുന്നങ്ങവർതൻ പരിചാരിണി,
സന്ന്യസിച്ചൊരു ശബരി, ചിരംജീവിനി രാഘവ,
രാമ, ദേവപ്രതിമനാം സർവ്വവന്ദിതനങ്ങയെ 26
കണ്ടിട്ടു വിണ്ടലം പൂകും സദാധർമ്മസ്ഥയാമവൾ.
പമ്പതന്റെ പടിഞ്ഞാറേത്തീരത്തായിട്ടു രാഘവ,
ആ നിസ്തുല്യാശ്രമം ഗൂഢം കാണാം തവ കകുത്സ്ഥജ.
കഴിവില്ലാനകൾക്കങ്ങാശ്രമത്തിൽക്കടക്കുവാൻ; 28
ഉണ്ടാനകൾ പലമട്ടാക്കാട്ടിലും മലതന്നിലും.
ആ മതംഗർഷിയാൽക്കല്പിച്ചുണ്ടാക്കപ്പെട്ട കാടതു,
മതംഗവനമെന്നായ്ഞാൻ വിളിപ്പെട്ടിതു രാഘവ.
ആ നന്ദനാഭമാം കാട്ടിൽ,ദേവാരണ്യത്തിനൊത്തതിൽ, 30
സ്വൈരം രാമ, രമിക്കാം തേ, നാനാപക്ഷികൾ ചേർന്നതിൽ.
ഋശ്യമൂകാദ്രി പമ്പയ്ക്കു കിഴക്കായ് പുഷ്പിതദ്രുമം,
കേറാൻ പ്രയാസമുള്ളോന്നു, കൊച്ചാനകൾ ചുഴന്നതാം,
ബ്രഹ്മാവുതാൻ പണ്ടതൊട്ടുയുക്തമാക്കിച്ചമച്ചതാം: 32
അശ്ശൈലശിഖരേ, രാമ, നിദ്ര ചെയ്യുന്ന പൂരുഷൻ
കിനാവിൽ നേടുന്ന ധനമുണർന്നിട്ടു ലഭിക്കുമേ!

Digitized By Kerala Sahitya Akademi

വിഷമമാചാരനാം പാപിയതിന്മേൽക്കേറുമെങ്കിലോ,
അണയാമെയുറക്കത്തിൽക്കണ്ടുപോയ്ത്തല്ലുമാശരർ! 34
മതംഗക്കാട്ടിലമരുമാനക്കുട്ടികൾ പമ്പയിൽ
കളിയ്ക്കേയലറും ശബ്ദം രാമ, കേൾക്കാമക്കമങ്ങുമേ.
തമ്മിൽക്കുത്തി നിണംതന്നിലാറാടിക്കൊമ്പനാനകൾ
ചിന്നിപ്പിരിഞ്ഞു മേയുന്നു, കാർവർണ്ണങ്ങൾ തരസ്വികൾ; 36
അങ്ങീടാൻ തെളിഞ്ഞുള്ള കുളിർവെള്ളം കുടിച്ചുടൻ
സുഖമായ്ക്കാടു പൂകുന്നു കാട്ടിൽ വാഴ്പവയാമവ.
വ്യാഘ്രങ്ങളാം കാരണന്മാർ നീലകോമളരൂപികൾ,
പായും തരുക്കളിലായെ കണ്ടു മാൽ കൈവിടും ഭവാൻ. 38
രാമ, ശോഭിച്ചിടുന്നങ്ങു ഗിരിയ്ക്കൊരു പെരുംഗുഹ;
കൽകൊണ്ടടപ്പൊക്കമതിൽക്കടപ്പാൻ പണി രാഘവ.
അഗ്ഗുഹയ്ക്കു കിഴക്കുണ്ടൊരൂക്കൻ കുളിർജലക്കയം,
ഫലമൂലാന്വിതം, രമ്യം, നാനാമൃഗസമാവൃതം; 40
മേവുന്നതഗ്ഗുഹയിലാം സുഗ്രീവൻ, നാലുകീശരും;
ചിലപ്പോളാ മലയുടെ മുടിമേലുമിരുന്നിടും."
രാമലക്ഷ്മണരോടേവമുപദേശിച്ചു വീര്യവാൻ
കബന്ധൻ വാനിൽ വിലസീ, മാലയിട്ട രവിപ്രഭൻ. 42
വാനിൽ നില്ക്കും മഹാഭാഗകബന്ധനൊടു ചാരവേ,
'പോയ്ക്കൊൾകെ'ന്നും,പ്പുറപ്പെട്ട രാമലക്ഷ്മണർ ചൊല്ലിനാർ.
'പോകുവിൻ കാര്യസിദ്ധിയ്ക്കെ'ന്നരചെയ്തകബന്ധനും
ആ പ്രീതരോടു വിടയും വാങ്ങിപ്പോകാനൊരുങ്ങിനാൻ. 44

കബന്ധനത്തനുടൽ പൂണ്ടു, കാട്ടി,
ശ്രീതിങ്ങിയക്കോപമഗാത്രനായി,
നഭസ്ഥലേ നിന്നഥ രാമനെപ്പാ-
ർത്തോതീടിനാൻ, 'ചെയ്യുക സഖ്യ'മെന്നായ്.

— • —

## എഴുപത്തിനാലാം സർഗ്ഗം: ശബരീദർശനം.

— ० —

കാട്ടിൽ കബന്ധൻ കാണിച്ച പമ്പയ്ക്കുള്ള വഴിയ്ക്കവർ
പുറപ്പെട്ടാർ, പടിഞ്ഞാറെദിക്കു നോക്കി നൃപാത്മജർ.
പർവതങ്ങളിലൊട്ടേറെത്തേൻനറുംകായ്മരങ്ങളെ
പാർത്തു, സുഗ്രീവനെക്കാണ്മാൻ പോയാരാ രാമലക്ഷ്മണർ. 2
അന്നു കുന്നിന്റെ മുകളിൽപ്പാർത്തിട്ടാ രാമലക്ഷ്മണർ
പമ്പതന്റെ പടിഞ്ഞാറേ വക്കിൽ വെച്ചന്നെത്തി രാഘവർ,

Digitized By Kerala Sahitya Akademi

പമ്പാസരസ്സിന്റെ പടിഞ്ഞാറേത്തീരത്തു ചെന്നവർ
കണ്ടെത്തിനാർ ശബരിതന്നാശ്രമം അത്ര ശോഭനം. 4
ബഹുവൃക്ഷങ്ങൾ ചുഴ്‌ന്ന രമ്യാശ്രമമണഞ്ഞവർ
നോക്കിക്കൊണ്ടു,ശ്ശബരിതൻ സന്നിധാനത്തിലെത്തിനാർ.

അവരെക്കണ്ടെഴുന്നേറ്റു തൊഴുകൈ പൂണ്ടു സിദ്ധയും
രാമന്റെ കാൽ പിടിച്ചാളാ,ധീമാനാം ലക്ഷ്മണന്റെയും; 6
നല്കിനാൾ വിധിപോലെല്ലാം പാദ്യമാചമനീയവും.
അസ്സദ്വ്രതശ്രമണിയോടഥ ചോദിച്ചു രാഘവൻ:–
"വെന്നിലേ നിൻതടസ്സങ്ങൾ? വർദ്ധിപ്പൂതന്നല്ലി നിൻതപം?
അടക്കിവെച്ചിട്ടില്ലേ നിൻക്രോധമൂണിവ താപസി? 8
വ്രതങ്ങൾ നേടിയില്ലേ നീ? നിനക്കില്ലേ മനസ്സുഖം?
നിനക്കു ഗുരുശുശ്രൂഷ ഫലിച്ചില്ലേ സുഭാഷിണി?"
രാമൻ ചോദിച്ചപോതേതി സിദ്ധർ മാനിച്ച താപസി,
സിദ്ധയാം വൃദ്ധശബരി, രാമനെക്കാത്തിരുന്നവൾ:– . 10
"ഇന്നെനിക്കു തപസ്സിദ്ധി വന്നു നിൻദർശനത്തിനാൽ;
ഇന്നെൻതപം സഫലമായ് സാധിച്ചു ഗുരുപൂജയും;
ഇന്നെൻജന്മം സഫലമായ്; സ്വർഗ്ഗവും ലബ്ധമാകുമേ
രാമ, ദേവേശനാകും നിൻ പൂജയാൽപ്പുരുഷർഷഭ! 12
സൌമ്യമാം നിൻകടാക്ഷത്താൽശ്ശുദ്ധയായ് ഞാൻ രാഘവ,
പൂകുന്നേൻ നിത്യലോകങ്ങൾ നിൻപ്രസാദാലരിന്ദമ.
നീ ചിത്രകൂടം പൂകവേ, ഞാൻ ശുശ്രൂഷിച്ചിരുന്നവർ
നിസ്തുലശ്രീവിമാനത്തിൽ വിണ്ണിലേയ്ക്കെഴുന്നള്ളിനാർ. 14
എന്നോടുരച്ചാർ ധർമ്മജ്ഞർ ധന്യന്മാരമ്മഹർഷിമാർ:–
'വന്നെത്തും രാമനിപ്പുണ്യതരമാം താവകാശ്രമേ.
സൌമിത്രിയൊത്തതിഥിയാമവനെ സ്വീകരിക്കു നീ;
അവനെക്കണ്ടഖണ്ഡാഗ്ര്യലോകങ്ങൾ തവ പൂകിടാം.' 16
ഞാനോ, പലതരം വന്യം നേടിവെച്ചേൻ നരർഷഭ,
പമ്പക്കരയിൽനിന്നങ്ങേയ്ക്കാനായ് നരകുഞ്ജര!"

ഏവം ശബരി ചൊന്നാറേ, ധാർമ്മികൻ ചൊല്ലി രാഘവൻ,
ജ്ഞാനത്തിലെന്നും കുറവില്ലാത്ത'ശ്ശബരിയോടിദം:– 18
'നിന്മഹാത്മ്യക്കാരംതൻ മേന്മ കേട്ടേൻ, ദേവിൽനിന്നു ഞാൻ;
നേരേ കാണുകയുംവേണം തവ സമ്മതമെങ്കിൽ മേ.'
രാമന്റെ വായിൽനിന്നേവം വീണൊരു മൊഴി കേട്ടടൻ
കാട്ടിക്കൊടുത്താൾ ശബരിയാ വങ്കാടിതുപോക്കുമേ:– 20

Digitized By Kerala Sahitya Akademi

''കാണ്ക, കാറിൻനിറമുള്ളോരത്തും മൃഗപക്ഷികൾ നിറഞ്ഞിയും
മതംഗവനമെന്നായ്ത്താൻ വിളിപ്പെട്ടതു രാഘവ.
ഇങ്ങെൻറയഗ്ഗുരുക്കന്മാർ കൃതാത്മാക്കളാം മഹാദ്യുതേ,
ആവാഹിച്ചിട്ടിനാർ തീർത്ഥം മന്ത്രവന്മന്ത്രപൂജിതം. 22

ഇതാം, പ്രത്യക്സ്ഥലീവേദി;-യിതിന്മേൽ ശുശ്രൂഷയേററവർ
ക്ഷീണത്താൽ കൈവിറയോടെ പുഷ്പാഞ്ജലി കഴിച്ചിതും.
അവർക്കുള്ള തപശ്ശക്ത്യാ കാണ്കിപ്പൊഴും രഘൂദ്വഹ,
ശ്രീയാർന്നിക്കൊക്കെ മിന്നിപ്പൂ ദിക്തലാഭകം വേദികൾ! 24
നോൽമ്പാൽ വാട്ടത്തളർന്നിട്ടു പോകാൻ വയ്യാഞ്ഞയാലവർ
നിനച്ചനേരമൊന്നിച്ചു വന്നേഴാഴികൾ കാൺക നീ!
ഇപ്രദേശത്തു, നീരാട്ടു കഴിച്ചവർ മരങ്ങളിൽ
ചേർത്ത വല്ക്കലമിപ്പോഴുമുണങ്ങുന്നില രാഘവ! 26
ദേവപൂജാവിധികളിലി,ന്ദീവരഗണത്തോടെ
അപ്പിക്കപ്പെട്ട പുഷ്പങ്ങളിവയ്ക്കില്ലൊരു വാട്ടവും!
ഇക്കാടു മുഴുവൻ കണ്ടു; കേട്ടു കേൾക്കേണ്ടതും ഭവാൻ;
അതിനാൽ, വിട വാങ്ങിച്ചീയുടൽ കൈവെടിയാവു ഞാൻ! 28
ഏവർ തന്നാശ്രമമിതു, പരിചാരിണി ഞാനമേ,
ആ കൃതാത്മാക്കളാം മുനിമാർക്കരികെ പോയിടാവു ഞാൻ!
ധർമ്മം വളർന്ന ചൊൽ കേട്ടു രാഘവൻ ലക്ഷ്മണാന്വിതൻ
പൂണ്ടാനതുലമാം ഹർഷം, ചൊന്നാനാശ്ചര്യമെന്നുമേ. 30
അസ്സദ്വ്രതശ്രമണിയോടഥ രാമനിതോതിനാൻ:—
'ഭദ്രേ, പൂജിച്ചു നീയെന്നെ;-പ്പോൾപ്പോകിനി യഥാസുഖം'
എന്നു കേട്ടാജ്ജടിലയാം ചീരംമാൻതോലുടുത്തവൾ
അപ്പോഴേ വൃദ്ധശബരി ജീർണ്ണദേഹം ത്യജിക്കുവാൻ 32
രാമനാൽ വിട നല്കപ്പെട്ട,ഗ്നിക്ഷിപ്താത്മദേഹയായ്,
കത്തും തീ പോലെയായ്ത്തീർന്നു, ഗമിച്ചാൾ വിണ്ണിലെയ്ക്കുതാൻ:
ദിവ്യമാല്യം കുറിക്കൂട്ടും ദ്യുതിമൈക്കാപ്പുമൊത്തവൾ
ദിവ്യവസ്ത്രങ്ങളും ചാർത്തിബ്ഭവ്യദർശനയായ്ത്തദാ 34

അപ്പ്രദേശം വിളങ്ങിച്ചാൾ, മിന്നും മിന്നൽ കണക്കിനെ
എങ്ങാം രമിപ്പൂ സുകൃതാത്മാക്കളാമമ്മഹർഷിമാർ,
അപ്പുണ്യധാമം ശബരി പുക്കാളാത്മസമാധിയാൽ.

— * —

Digitized By Kerala Sahitya Akademi

## എഴുപത്തഞ്ചാം സർഗ്ഗം: പമ്പാഗമനം

തേജസ്വിയന്നാശ്ശബരി വിണ്ണു പൂകിയനന്തരമ്,
തമ്പിയാം ലക്ഷ്മണനൊടൊത്തോർത്തുകൊണ്ടിതു രാഘവൻ.
ആ മഹാത്മാക്കൾതൻ ധർമ്മമോർത്താ രാമൻ സുധാർമ്മികൻ
ഏകാഗ്രനായ്ഹിതം ചെയ്യും ലക്ഷ്മണൻതന്നോടോതിനാൻ:— 2
"കണ്ടു മഹാത്മാക്കളുടെയീബ്ബഹ്വാശ്ചര്യമാശ്രമം,
നിർവ്വൈരമൃഗശാർദ്ദൂലം സൌമ്യ, നാനാഖഗാന്വിതം;
എന്നല്ലേഴാഴിതീർത്ഥങ്ങളിവയിൽച്ചെന്നു ലക്ഷ്മണ,
കുളിച്ചു വേണ്ടതിൻവണ്ണം; കഴിച്ചു പിതൃതർപ്പണം. 4
അതാലമംഗളം നീങ്ങി; വന്നുചേർന്നിതു നന്മയും;
അതിനാലെന്മനം ശമിതാ, ണത്തിതിഹ ലക്ഷ്മണ:
മനസ്സിലല്ലോ മംഗല്യമുദിപ്പൂ പുരുഷർഷഭ!
അതിനാൽ വരികാ,ബ്ഭംഗിയിണ്ടും പമ്പയ്ക്കുപാകനാം; 6
അതിന്നൊട്ടരികത്തല്ലോ, ഋശ്യമൂകമഹീധരം.
സുഗ്രീവൻ വാഴ്‌വതങ്ങല്ലോ, നാലു വാനരർ തമ്മൊടും
സദാപി ബാലിയെപ്പേടിച്ചർക്കപുത്രൻ സുധാർമ്മികൻ.
കാണ്മാൻ വെമ്പൽപ്പെടുന്നേൻ ഞാനസ്സുഗ്രീവകപീന്ദ്രനെ; 8
എന്നിസ്സുവൻവശത്തല്ലോ സൌമ്യ, സീതാഭിമാർഗ്ഗണം.'
ഏവം പറയുമധീരരാമനോടോതി ലക്ഷ്മണൻ:—
'വേഗത്തിൽപ്പോവുകങ്ങോട്ടു; വെമ്പുന്നുണ്ടെന്റെ ചിത്തവും!'
പിന്നീടായാശ്രമം വിട്ടു പുറപ്പെട്ടാ നരാധിപൻ 10
ചെന്നെത്തി പമ്പയ്ക്കരികെ, ലക്ഷ്മണാനുഗതനായ് പ്രഭു.
'കണ്ടാനവൻ, പാവനമായ്, നല്ലാളുകൾ ഭജിപ്പതായ്,
നാനാവൃക്ഷംവള്ളി തിങ്ങി, നൽത്തണ്ണീരെഴുന്ന പമ്പയെ:
കൽഹാരാബ്ജച്ചുകപ്പാർന്നാമ്പൽച്ചാർത്താൽ വെളുത്തുമേ 12
ഇന്ദീവരക്കറുപ്പൊത്തും, ചിത്രക്കമ്പിളി പോലെയായ്
നീരൊഴുക്കുള്ളതിനെയാരാമൻ ദൂരാലണഞ്ഞുടൻ
ശ്രീമതംഗസരസ്സെന്ന തീർത്ഥത്തിൽ സ്നാനമാടിനാൻ.
ചെന്തണ്ടാരുകൾ പലം പദ്മകൽഹാരങ്ങളിണങ്ങിയും, 14
പൂത്ത മാന്തോപ്പിയന്നേ,ററം മയിൽ കുയിൽ മുഴങ്ങിയും,
താളിമാതളവും മൈലെള്ളുകൾ നീർമരുതും ഞാവ
ൽപ്പൂത്തുള്ള കണവീരങ്ങൾ നന്നായ്പ്പൂത്തുള്ള പുന്നകൾ
പിച്ചകംമുല്ലവള്ളിക്കെട്ടിട പേരാല്വഞ്ഞികൾ 16

Digitized By Kerala Sahitya Akademi

അശോകമേഴിലപ്പാല തൊടുകാരകൾ കൈതകൾ,
മററും നാനാമരം ചാർത്തിശ്ശോഭിച്ച മങ്കപോലവേ;
കാണായി, വളരെപ്പൂവൊത്തെങ്ങും വന്മരമുള്ളതായ്,
നീർക്കോഴിയോടുജ്ജൂനകം മരംകൊത്തികൾ തത്തകൾ 18
ഇവയും മററു വിഹഗങ്ങളും: കൂകിന വൻവനം;
ചെന്നണഞ്ഞാർ പ്രമോദം വിട്ടു രാഘവരനാകുലർ
ചൊല്ലുതൻ പക്ഷിയുതമാമാ വനം കണ്ടുകൊണ്ടുതാൻ.
അഥ കാണായി, നൽപ്പമ്പ തണുത്ത ജലമേന്തിയും 20
നാനാപക്ഷികൾ ഹർഷിച്ചും വൃക്ഷൌഘത്താൽ വിളങ്ങിയും.
ആ രാമൻ പലവൃക്ഷങ്ങൾ പലമട്ടായ പൊയ്കയും
കണ്ടുംകൊണ്ടംഗജച്ചൂടാണ്ടന്നീ പെരിയ പൊയ്കയിൽ.
പൂത്ത പൂങ്കാവൊട്ടും സാലചമ്പകങ്ങളിയന്നതായ് 22
വണ്ടിണ്ടയാണ്ടതായ് ശ്രീയൊത്തതുല്യപ്രഭയുള്ളതായ്
പളുങ്കൊളിജ്ജലം പൂണ്ട മിനുത്ത മണൽ ചേർന്നതായ്
പത്മകൽഹാരമൊത്തുള്ളാപ്പമ്പയെപ്പാർത്തുകണ്ടവൻ
ഒന്നീവിധം ലക്ഷ്മണനോടോതിനാൻ സത്യവിക്രമൻ:— 24
'ഇതിന്റെ തീരത്തുള്ളാ മുൻചൊന്ന പാവനപർവതം,
ഋശ്യമൂകാഹ്വയം ധാതുമണ്ഡിതം, പുഷ്പിതദ്രുമം.
ആ വമ്പനാമൃക്ഷരജസ്സെന്നുള്ള കപിതൻ സുതൻ
അങ്ങല്ലോ വാഴ്വു, സുഗ്രീവനെന്നു പേരാണ്ട വീര്യവാൻ.' 26
'നീ ചെന്നു കാൺക സുഗ്രീവകപീന്ദ്രനെ നരർഷഭ.'
എന്നു ലക്ഷ്മണനോടോതി വീണ്ടുമേ സത്യവിക്രമൻ:—
'രാജ്യഭ്രഷ്ടൻ, വശംകെട്ടോന,വളിൽക്കരൾ ചേർന്നവൻ,
ജീവിപ്പാൻ ശക്തനാകുമോ ഞാൻ സീതയില്ലാതെ ലക്ഷ്മണ!' 28

എന്നംഗജച്ചൂടാടനന്യചിത്തനായ്—
ച്ചമഞ്ഞു സൌമിത്രിയോടോതിയിട്ടവൻ
രാഘൂത്തമൻ മഞ്ജുളമായ പമ്പയാം
സരസ്സു പുക്കാനഴലിൽത്തളർന്നവൻ.
ഇതപ്പെരാപ്പാർദ്ദവമാം മഹാപഥം
ക്രമാൽക്കടന്നിട്ടതിദൂരചംക്രമൻ
അണഞ്ഞു കണ്ടാന,ഴകേററ കാട്ടുമൊ—
ത്തനേകനാനാഖഗയായ പമ്പയെ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi